


THE MALANKARA SABHA

# മലങ്കരസഭ

ജൂലൈ 2016

The Official Media of Malankara Orthodox Syrian Church

Rs : 15

ഓഗസ്റ്റ് 15



ദൈവമാതാവിന്റെ വാങ്ങിപ്പ്

# പൗരസ്ത്യ സെന്റ് മേരീസ് തീർത്ഥാടന കേന്ദ്രമായ

# കല്ലൂപ്പാറ വലിയ പള്ളിയിൽ



# പതിനഞ്ചു നോമ്പാചരണവും

## വിശുദ്ധ ദൈവമാതാവിന്റെ

# വാങ്ങിപ്പു പെരുന്നാളും

**2016 ആഗസ്റ്റ് 1 മുതൽ 15 വരെ**

അഭി. ഡോ. മാത്യൂസ് മാർ സേവേറിയോസ്, അഭി. ജോഷ്വാ മാർ നിക്കോദിമോസ്,
അഭി. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് എന്നീ മെത്രാപ്പോലീത്താമാരുടേയും
വന്ദ്യ റമ്പാന്മാരുടേയും മഹനീയ നേതൃത്വത്തിൽ.

- സന്ധ്യാ നമസ്ക്കാരം
- ഗാനശുശ്രൂഷ
- തിരുവചന ശുശ്രൂഷ
- മദ്ധ്യസ്ഥ പ്രാർത്ഥന
- നിരണം ഭദ്രാസന സുവിശേഷ സംഘം ധ്യാനം
- അഭയം പ്രാർത്ഥനാ സംഗമം
- നിരണം ഭദ്രാസന മർത്തമറിയം സമ്മേളനം
- മരിയൻ പുരസ്ക്കാര വിതരണം
- ഭക്തിനിർഭരമായ പ്രദക്ഷിണം
- വി. മൂന്നിന്മേൽ കുർബ്ബാന
- പുഴുക്കുനേർച്ച


Kallooppara Valiyapally, St. Mary's Pilgrim Centre, Kallooppara P.O.
Tiruvalla, Pathanamthitta, Ph: 0469-2677211, www.kalloopparachurch.com

# മലങ്കരസഭ

ഏറ്റവും പ്രചാരമുള്ള സഭാ പ്രസിദ്ധീകരണം

www.malankarasabhaonline.in
malankarasabha1946@gmail.com
sabhamasika@yahoo.com

ലക്കം 7, പുസ്തകം 70, ജൂലൈ 2016





**5** മഹാപുരോഹിത സന്ദേശം

**6** എഡിറ്റോറിയൽ
ബഹുസ്വരതയും ദേശീയതയും
- ഫാ.ഡോ.ജോൺ തോമസ് കരിങ്ങാട്ടിൽ

**8** വിശുദ്ധ രഹസ്യങ്ങൾ
ലിറ്റർജി
- ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ്

**12** എന്താണ് ആരോഗ്യം
പഠനം
- ഡോ. വർഗീസ് പുന്നൂസ്

**16** കുടുംബ ജീവിതത്തിലെ...
അനുഭവം
- ഫാ. ഡോ. ഒ. തോമസ്

**18** വിവാഹ ദർശനങ്ങൾ
പഠനം
- പ്രൊഫ. ഡി. മാത്യു

**20** വർദ്ധിച്ചു വരുന്ന വിവാഹ....
പ്രഭാഷണം
- ഡോ. ജെയ്സി കരിങ്ങാട്ടിൽ

**32** ആദിമ സഭയുടെ മഹത്വം
പഠനം
- ഡോ. പുന്നൂസ് യു. പാണൂർ

**35** ആദിമ സഭയിൽ വിധവകളുടെ...
പഠനം
- ഫാ. ഡോ. റെജി മാത്യു

**40** ദൈവ മാതാവ്
വാങ്ങിപ്പ്
- ഫാ. വർഗീസ് ജോസഫ്, നിരണം




അന്ത്യോഖ്യയുടെ മാർ ഇഗ്നാത്തിയോസ് അബ്ദേദ് മശിഹാ പാത്രിയർക്കീസ് ബാവായുടെ

101–ാം ഓർമ്മ (കുർക്കുമ ദയറായിൽ) ഓഗസ്റ്റ് 15 : ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാൾ, ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പൽ പെരുന്നാൾ

President
Dr. Zacharias Mar Aprem
Chief Editor
Fr. Dr. John Thomas Karingattil

Printed and Published by
Fr. Deepu Philip for Orthodox Viswasa Paripalana Samithy, Kottayam.
Sub Editor
Fr. Shalu Lukose Thirumangalam

Printed at
Catholicate press, Devalokam Kottayam-04;

Malankara Sabha
For Subscription queries
sabhamasika@yahoo.com
For Editorial queries
malankarasabha1946@gmail.com

www.malankarasabhaonline.in

Devalokam Kottayam-04;
Ph:0481-2573234

Rs. 15/-

## BRIEFLY

ബാഹ്യ കേരള ഭദ്രാസന വൈദിക കോൺഫ്രൻസ് ഓഗസ്റ്റ് 23 മുതൽ 25 വരെ ബാംഗ്ലൂർ ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ ബാംഗ്ലൂർ സെന്റ് ജോൺസ് മെഡിക്കൽ കോളജ് കോൺഫ്രൻസ് ഹാളിൽ നടത്തും. പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ മുഖ്യ നേതൃത്വം നൽകും.

ബ്രഹ്മവാർ കൊങ്കിണി സമൂഹത്തിന്റെ ആദ്യവികാരി ജനറലായിരുന്ന പരിശുദ്ധ നൊറോണാ പിതാവിന്റെ ഓർമ്മപ്പെരുന്നാൾ ജൂലൈ 22, 23 തീയതികളിൽ ബ്രഹ്മവാർ സെ. മേരീസ് കത്തീഡ്രലിൽ നടത്തും.

ഏഴാമത് ഗൾഫ് ഓർത്തഡോക്സ് യൂത്ത് കോൺഫ്രൻസ് ജൂലൈ 29, 30 തീയതികളിൽ പീരുമേട് മാർ ബസേലിയോസ് എഞ്ചിനീയറിംഗ് കോളജിൽ നടത്തും

ഓഗസ്റ്റ് 6 – കൂടാരപ്പെരുന്നാൾ, ശൂനോയോ നോമ്പ് (ഓഗസ്റ്റ് 1–15). മർത്തമറിയം വനിതാ സമാജം, വനിതാ ദിനം ഓഗസ്റ്റ് 15–ന് ആഘോഷിക്കും.

'മലങ്കരസഭാ വാർത്തകൾ' സഭയുടെ ഔദ്യോഗിക വെബ്സൈറ്റായ കാതോലിക്കേറ്റ് ന്യൂസിലേക്ക് അയച്ചു തരണം. വിലാസം : **www.catholicatenews.in**

www.facebook.com/malankarasabha
(മലങ്കരസഭ മാസികയുടെ ഫെയ്സ് ബുക്ക് അക്കൗണ്ട്)

വായിക്കുക പ്രചരിപ്പിക്കുക വരിക്കാരാവുക

**മലങ്കരസഭ മാസിക**

**70 വർഷത്തെ അക്ഷര വെളിച്ചം**

www.malankarasabhaonline.in

മലങ്കരസഭ

10 ജൂലൈ 2016

എല്ലാ മാസവും മലങ്കരസഭയുടെ
അക്ഷര പ്രകാശം

# ഗുരുമൊഴി



**ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്താ**

ദൈവം മനുഷ്യനേയും പ്രകൃതിയേയും സൃഷ്ടിച്ച് ഉത്തരവാദിത്വപരമായ സ്വാതന്ത്ര്യത്തോടുകൂടി അതിൽ ചുമതലപ്പെടുത്തിയതുവഴി ഒരു സന്തുലിത സമൂഹത്തെ സൃഷ്ടിക്കുകയായിരുന്നു. ഈ സന്തുലിത സമൂഹത്തിൽ ത്രിമാന ബന്ധമാണുള്ളത്. മനുഷ്യനും ദൈവവും തമ്മിലും, മനുഷ്യനും മനുഷ്യനും തമ്മിലും, മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ആരോഗ്യപരമായ ബന്ധം.

ആദിയിലെ ഈ സന്തുലിതാവസ്ഥക്ക് ഭംഗം സംഭവിച്ചത് മനുഷ്യന്റെ സ്വേച്ഛാപരവും സ്വാർത്ഥപരവുമായ പ്രവർത്തന ശൈലികൊണ്ടായിരുന്നു. തന്റെ മാത്രം ജ്ഞാനാർജ്ജനമോ വളർച്ചയോ, വികസനമോ, ആഗ്രഹിച്ച ആദി മനുഷ്യൻ സന്തുലിതമായ സമൂഹ വ്യവസ്ഥിതിയെ തകർക്കുകയായിരുന്നു. ത്രിവിധ ബന്ധങ്ങളിലൂടെ അസ്ഥിത്വപൂർണ്ണത ദർശിക്കേണ്ടിയിരുന്ന മനുഷ്യൻ അതിന്റെ തകർച്ചയിലൂടെ സ്വയം ഒറ്റപ്പെടുകയോ ക്രമരഹിതവും ക്ലേശപൂർണ്ണവുമായ മുള്ളും പറക്കാരയും, വളരുന്ന ഒരു അന്യവൽക്കരണത്തിനോ, പാർശ്വവൽക്കരണത്തിനോ കാരണമായി. സമൂഹത്തെ വിസ്മരിച്ചു കൊണ്ടുള്ള ആളത്വ വികസന ശ്രമങ്ങൾ വികലമായ ആളത്വങ്ങളെ സൃഷ്ടിച്ചെടുക്കുകയാണ്. ആളത്വം സമ്പൂർണ്ണമാകേണ്ടത് സാമൂഹിക അവബോധത്തോടുകൂടിയാണ്.

ബഹുലതകൾ അരുവികൾ പോലെയാണ്. വലിയ പ്രവാഹങ്ങൾ അരുവികളെ തകർക്കും. പ്രവാഹങ്ങളുടെ കുത്തൊഴുക്കിൽ പലതും തകരും. കടപുഴകും. എന്നാൽ അരുവികളുടെ അരികിൽ കൊച്ചുകൊച്ചു നാമ്പുകൾ മുളച്ചുവരും. വേദപുസ്തകത്തിൽ 'ഭൂമിയുടെ അറ്റത്തോളം' പോക എന്നു പറയമ്പോൾ *ചിതറുക* എന്ന അർത്ഥം കൂടിയുണ്ട്. ചിതറുമ്പോൾ, വളരുവാനും അതിജീവിക്കുവാനും കഴിയുന്നു.

സംഗീതത്തിന് ഒരുസ്വരം മാത്രമല്ല. ഏഴു സ്വരങ്ങൾ ചേർന്നപ്പോൾ, അവ ഹൃദ്യമാകുന്നു. വൈവിധ്യമാർന്ന സ്വരങ്ങൾ സമന്വയിക്കുമ്പോൾ സമഗ്രമായ സംഗീതം ലഭ്യമാകുന്നു. വ്യത്യസ്തയും വൈവിധ്യതയും ആവശ്യമാണ്. എന്നാൽ സമഗ്രത നിലനിർത്തുവാനും സംരക്ഷിക്കുവാനും കഴിയണം.

ഗിത്താറിൽ ആറു കമ്പികൾസ്വരം മീട്ടുമെങ്കിലും അവ സംഗീതത്തെ സമഗ്രതയിലേക്ക് നയിക്കുന്നു. എല്ലാ നിലകളിലും ബഹുലത നല്ലതാണ്. അവ സമഗ്രതയിലേക്ക് നയിക്കപ്പെടണം. ബഹുലത ഒരു സൗന്ദര്യമായിതീരുന്നു.

സന്തുലിത സമൂഹത്തിലേയ്ക്കുള്ള ചുവടുവയ്പിൽ ഏറെ ശ്രദ്ധ ചെലുത്തേണ്ട ഒന്നാണ് ബഹുലതകളുടെ സാന്നിദ്ധ്യം. വൈവിധ്യതകളെ നിരാകരിക്കുന്ന വികസനം നിലനിൽക്കത്തില്ല. വികസനത്തിന്റെ പാതകളിൽ സമൂഹത്തെ ഏകജാതീയവൽക്കരണത്തിന്റെ പിടിയിൽ നിന്ന് രക്ഷിക്കേണ്ടതുണ്ട്. വൈവിധ്യതകളെ ഉൾക്കൊള്ളിക്കുംവിധം വികസനത്തിന് കരുത്തും വഴക്കവും ഉണ്ടാകേണ്ടതാണ്. ആഗോളവൽക്കരണത്തിന്റെ മുൻകാല പതിപ്പായ കോളനിവൽക്കരണ രീതി ശാസ്ത്രം ലക്ഷ്യമിട്ടിരുന്നത് വൈവിധ്യതകളെ നിരാകരിച്ചോ സാംശീകരിച്ചോ ആധിപത്യം ഉറപ്പിക്കും വിധമുള്ളതായിരുന്നു. ക്രൈസ്തവ സഭകൾ കാലാകാലങ്ങളിൽ മുറുകെ പിടിച്ച രക്ഷാസിദ്ധാന്തങ്ങൾ ഈ മനഃസ്ഥിതിയെ ഊട്ടി ഉറപ്പിച്ചു. സന്തുലിത സമൂഹ നിർമ്മാണ പ്രക്രിയയിൽ വേദശാസ്ത്ര പരമമായ പുനരാവിഷ്കരണം വേണ്ടിയിരിക്കുന്നു.

ഭാരതം ബഹുലത നിറഞ്ഞതാണ്. ബഹുലതയും ബഹുസ്വരതയും ഭാരതത്തിന്റെ സൗന്ദര്യമാണ്. സൗന്ദര്യത്തെ ശ്രദ്ധാപൂർവ്വം ആസ്വദിക്കുവാനും നിലനിർത്തുവാനും കഴിയണം. വൈവിധ്യം നിഷേധിക്കുന്നതിനേക്കാൾ അതിന്റെ സൗന്ദര്യം ഉൾക്കൊള്ളുവാനും അംഗീകരിക്കുവാനും കഴിയണം. സ്വാതന്ത്ര്യത്തിന്റെ എഴുപതാം വാർഷികത്തിൽ ഇന്ത്യയിലെ ബഹുസ്വര സംസ്ക്കാരത്തെ മുറുകെ പിടിക്കാം.

EDITORIAL BOARD

*പ്രസിഡന്റ്*
ഡോ. സഖറിയാസ് മാർ അപ്രേം
മെത്രാപ്പോലീത്താ
Phone: 0481-2578500, 2578499

*ചീഫ് എഡിറ്റർ*
ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ
Phone: 9447141639

*മാനേജിംഗ് എഡിറ്റർ*
ഫാ. ദീപു ഫിലിപ്പ്
Mob:- 9446996224

*സബ് എഡിറ്റർ*
ഫാ.ഷാലു ലൂക്കോസ്,തിരുമംഗലം
Mob:- 9446707276

*അംഗങ്ങൾ*
ഫാ. ഡോ. റ്റി. ജെ. ജോഷ്വ
ഫാ. എബ്രഹാം തോമസ് കടക്കാമണ്ണിൽ
ഫാ. സഖറിയ നൈനാൻ
ഡോ. ജോർജ് ജോസഫ്
പ്രൊഫ. തോമസ് കുരുവിള
ജിജി ജോൺസൺ

*സർക്കുലേഷൻ മാനേജർ*
കെ. എ. ജോൺ
Mob:- 9744648617

*Cover & Graphic Designing:-*
Jinto Kurichy @
Malankara Sabha

www.malankarasabhaonline.in

## വരിസംഖ്യ

ഇന്ത്യയിൽ
ഒറ്റപ്രതി:15 രൂപ
ഒരുവർഷം: 180 രൂപ
2 വർഷം : 360 രൂപ
4 വർഷം: 700 രൂപ
6 വർഷം: 1000 രൂപ

വിദേശത്തേക്ക്
ഒരു വർഷം : 2000 രൂപ

വിലാസം:
മലങ്കരസഭ മാസിക,
ദേവലോകം അരമന,
ദേവലോകം പി.ഒ., മുട്ടമ്പലം (via),
കോട്ടയം-686004

www.facebook.com:
malankarasabha



# മഹാപുരോഹിത സന്ദേശം

കർത്താവിൽ പ്രിയരേ,

ഓഗസ്റ്റിന്റെ ആദ്യപകുതിയിൽ യേശുവിന്റെ മറുരൂപപ്പെരുന്നാളും, പരിശുദ്ധ ദൈവമാതാവിന്റെ വാങ്ങിപ്പും, ഭാരതത്തിന്റെ 70-ാം സ്വാതന്ത്ര്യവും, പരിശുദ്ധ അബ്ദുൽ മശിഹാ പാത്രിയർക്കീസിന്റെ ഓർമ്മപ്പെരുന്നാളും അത്യാഹ്ലാദത്തോടെ നാം ആചരിക്കുകയാണ്. ഇവയോരോന്നും വിവിധ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുവാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ്. മേൽപ്പറഞ്ഞ സർവ്വസംഭവങ്ങളുടെയും പുനരാവിഷ്ക്കാര സ്മരണയിൽ നമ്മുടെ ഓരോരുത്തരുടെയും പങ്കാളിത്തം വിലപ്പെട്ടതാകണമെങ്കിൽ കാപട്യമില്ലാതെ നോമ്പിന്റെയും ഉപവാസത്തിന്റെയും അനുഷ്ഠാനങ്ങളിൽ നാം പൂർണ്ണമായും മുഴുകേണ്ടതുണ്ട്. നമ്മുടെ മനസ്സിന്റെ ഉത്സാഹവും, ഒരുക്കവും ഇതിലെല്ലാം വളരെ അനുപേക്ഷണീയങ്ങളാണ്. ഓഗസ്റ്റിൽ പതിനഞ്ച് നോമ്പനുഷ്ഠിക്കാൻ മാർത്തോമ്മാ ക്രിസ്ത്യാനികൾ തയ്യാറാവുന്നത് പരിശുദ്ധ ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാൾ നമ്മുടെ ജീവിതാനുഭവങ്ങളിൽ യാഥാർത്ഥ്യമായിത്തീരാനാണ്. ജനനത്തേക്കാൾ മരണദിവസത്തിനാണ് പൗരസ്ത്യ പാരമ്പര്യത്തിൽ പ്രാധാന്യമുള്ളത്. ക്രിസ്തുമസ്സിനേക്കാൾ എത്രയോ ഇരട്ടി പ്രാധാന്യമാണ് ഉയിർപ്പ് പെരുന്നാളിനുള്ളത്. പരിശുദ്ധ സഭയുടെ പാരമ്പര്യത്തിലും, ചട്ടക്കൂട്ടിലും കഴിയുന്നവർക്ക് ഈ പ്രാധാന്യങ്ങളുടെ ക്രമം തെറ്റിക്കാനാവില്ല.

മനുഷ്യശരീരത്തിൽ കിഡ്നിയെന്ന അവയവത്തിന്റെ ധർമ്മമാണ് നോമ്പ് മനുഷ്യമനസിൽ ചെയ്തുകൊണ്ടിരിക്കുന്നത്. ശരീരത്തിനകത്തെ മാലിന്യങ്ങൾ നീക്കം ചെയ്ത് ആരോഗ്യം കാത്തു സൂക്ഷിക്കാൻ പ്രസ്തുത അവയവം അത്യദ്ധ്വാനം ചെയ്യുന്നു. ഇതുപോലെ മനുഷ്യമനസ്സിലെ വികാര വിചാരങ്ങൾ മാലിന്യരഹിതമാക്കുവാൻ നോമ്പും ഉപവാസവും ഒഴിച്ചുകൂടാൻ പാടില്ലാത്തതാണ്. കിഡ്നിയുടെ പ്രവർത്തനം പൂർണ്ണമായും നിശ്ചലമായാൽ മാലിന്യം കുമിഞ്ഞുകൂടി, ശരീരം നിർജ്ജീവമാകും. നാം മരണപ്പെട്ടവരുടെ പട്ടികയിൽ ചേർക്കപ്പെടുകയും ചെയ്യും.


നമ്മുടെ കർത്താവ് താബോർ പർവ്വതശിഖരത്തിൽ വിളിച്ച് ചേർത്ത സമ്മേളനത്തിൽ തന്റെ അരുമ ശിഷ്യരായ പത്രോസും, യാക്കോബും, യോഹന്നാനും മരണാനന്തര ലോകത്തിൽ പ്രവേശിച്ച മോശയും, ഏലിയാവും സന്നിഹിതരായിരുന്നുവെന്നത് കേവലം യാദൃശ്ചികമല്ല. ജീവനുള്ളവരുടേയും മരിച്ചവരുടേയും മുമ്പാകെയുള്ള യേശു മിശിഹായുടെ മഹത്വീകരണം തന്റെ മനുഷ്യാവതാര ലക്ഷ്യത്തെ മുൻകൂട്ടി സൂചിപ്പിക്കാനായിരുന്നു. ക്രൂശുമരണവും, പുനരുത്ഥാനവും ഈ പർവ്വതശിഖര സമ്മേളനത്തിൽ വെളിവാകുന്നു. പർവ്വതശിഖരത്തിന്റെ താഴ്‌വരയിലല്ല, കൊടുമുടിയിൽ തന്നെയാണ്, ഈ സമ്മേളനവും, അത്യുജ്ജ്വല ശോഭയേറിയ മഹത്വീകരണവും എന്നു പ്രത്യേകം ഓർക്കേണ്ടതുണ്ട്. നോമ്പനുഷ്ഠാനം നമ്മെ പർവ്വതത്തിലേക്കു ഉയർത്തിക്കൊണ്ടു പോകുന്നതിനു സഹായിക്കുന്നു.

ഈ നോമ്പനുഷ്ഠാനവും ദൈവമാതാവിന്റെ മദ്ധ്യസ്ഥതയും നിമിത്തം ദൈവകൃപ നമ്മുടെ ജീവിതത്തിലേക്ക് ശക്തിയായി പെയ്തിറങ്ങും. ദൈവ കൃപയുടെ നീരൊഴുക്ക് മനുഷ്യന്റെ ഹൃദയത്തെയും മനസ്സിനെയും ആത്മീയ ചൈതന്യമുള്ളതാക്കിത്തീർക്കും. മനസ്സിലെ മാലിന്യങ്ങൾ പൂർണ്ണമായും പുറം തള്ളപ്പെടും. തൽഫലമായി മനസ്സിന്റെ ചിന്താധാരകൾ സ്ഫടിക തുല്യമായിത്തീരുകയും, വാക്കുകളും കർമ്മങ്ങളും നിർമ്മലമാകുകയും ചെയ്യും. ഇതാണ് നോമ്പിലൂടെ കൈവരിക്കുന്ന സിദ്ധി. മലങ്കര സഭാ മക്കൾക്ക് ഒരു വർഷത്തിൽ 210 ദിവസം നോമ്പ് ആണ്. ഓരോ നോമ്പിനും വേർതിരിക്കപ്പെട്ട വിവിധ ലക്ഷ്യങ്ങൾ ഉണ്ട്. മനുഷ്യജീവിതം ചൈതന്യവത്തായിത്തീരുവാൻ ഇപ്രകാരമുള്ള അനുഷ്ഠാനങ്ങൾ വളരെയാവശ്യമാണ്. മാത്രമല്ല ആരോഗ്യമുള്ള ശരീരവും, മനസ്സും ഒരാൾക്കുണ്ടാകുവാൻ പിതാക്കന്മാർ ആവിഷ്ക്കരിച്ച അനുഷ്ഠാനങ്ങളാണിത്.

**ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

## EDITORIAL

# ബഹുസ്വരത ദേശീയത




## INDIA @ 70

### UNITY IN DIVERSITY

**ശാസ്ത്രസാങ്കേതിക രംഗത്തും മിസൈൽ ടെക്നോളജിയിലും**

**ഡിജിറ്റൽ ഇന്ത്യ**

**എന്നാൽ ...?**

‘

അഹിംസയിൽ പടുത്തുയർത്തിയ ജനാധിപത്യത്തിൽ സ്വാതന്ത്ര്യം എല്ലാവർക്കും തുല്യമാണ്. അത്തരമൊരു ജനാധിപത്യത്തിനു വേണ്ടിയുള്ള പോരാട്ടത്തിൽ പങ്കുചേരാനാണ്, ഞാനിന്ന് നിങ്ങളെ ക്ഷണിക്കുന്നത്.

– മഹാത്മാഗാന്ധി

* * *

നമ്മുടെ ഉദ്യമം എന്താണ്? ഭാരതത്തിലെ സാധാരണക്കാരനും, കർഷകനും തൊഴിലാളിക്കുമൊക്കെ സ്വാതന്ത്ര്യം ഒരുപോലെ വീതിച്ചു നൽകുക. ദാരിദ്ര്യം, നിരക്ഷരത, രോഗം എന്നിവയ്ക്ക് എതിരേയുള്ള പോരാട്ടം. ജനാധിപത്യപരവും, വികസനോന്മുഖവും സമ്പൽ സമൃദ്ധവുമായ ഒരു രാജ്യം കെട്ടിപ്പെടുക്കുക. സ്ത്രീ പുരുഷന്മാർക്ക് ഒരുപോലെ സമത്വവും നീതിയും പകർന്നു നൽകുന്ന സാമൂഹിക സാമ്പത്തിക രാഷ്ട്രീയ സ്ഥാപനങ്ങൾ സൃഷ്ടിക്കുക.

– ജവഹർലാൽ നെഹ്റു, 1947 ഓഗസ്റ്റ് 14-ലെ പ്രസംഗം

* * *

ഏകമുഖ ദേശീയ വാദം ശക്തിപ്പെടുത്താനുള്ള ശ്രമങ്ങൾക്ക് ശക്തമായ ചെറുത്തു നില്പാണ് ഉണ്ടാകേണ്ടത്. അക്കാദമിക് ലോകത്ത് ആശയ സ്വാതന്ത്ര്യം നിഷേധിച്ചാൽ ചെറുത്തു നിൽപ്പ് വികസിപ്പിക്കാൻ കഴിയാതെ വരും.

– പ്രൊഫ. എ. കെ. രാമകൃഷ്ണൻ

**ബ**ഹുസ്വരതയുടെ സംസ്ക്കാരമാണ് ഇന്ത്യൻ ദേശീയതയിൽ പ്രകാശം പരത്തുന്നത്. നാനാത്വത്തിൽ ഏകതയും വൈവിധ്യത്തിൽ ഒരുമയും മതേതരത്വത്തിന്റെ അടിത്തറയാണ്. വിവിധങ്ങളായ മതം, ഭാഷ, വേഷം, സംസ്ക്കാരം, പ്രത്യയ ശാസ്ത്രം എന്നിവയിൽ വേരുറപ്പിച്ച സംസ്കൃതിയാണിത്. അതിനാൽ ഇന്ത്യയിൽ വളരേണ്ടത് ബഹുസ്വരതയുടെ സൗന്ദര്യവും ഏകതയുടെ ശക്തിയുമാണ്. ജാതി വർഗ്ഗ ഭേദമെന്യേ ഏവർക്കും ഇവിടെ ജീവിക്കുവാൻ അവകാശമുണ്ട്. നിരവധി മതങ്ങളും ഭാഷകളും സംസ്ക്കാരങ്ങളും ഉൾക്കൊള്ളുന്ന 132 കോടി ജനതയാണ് ഇന്ത്യയിലുള്ളത്.

മതവും സംസ്ക്കാരവും പരസ്പര പൂരകമായി വിശാല കാഴ്ചപ്പാടോടും സഹിഷ്ണുതയോടും സഹകരിച്ചതിനാൽ *മതേതരത്വം* എന്ന ആശയം ഇന്ത്യൻ ഭരണഘടനയിൽ ഇടം തേടി. ബഹുസ്വരതയാണ് മതേതരത്വത്തിന്റെ അന്തർധാര. ഒരു മതവും സംസ്ക്കാരവും പ്രത്യയ ശാസ്ത്രവും ഇന്ത്യയിൽ മേൽക്കോയ്മ സൃഷ്ടിക്കരുത് എന്ന വിശാല കാഴ്ചപ്പാടാണ് മതേതരത്വത്തിന്റെ മുഖമുദ്ര. വൈവിധ്യ സംസ്ക്കാര തനിമകളുടെ പശ്ചാത്തലത്തിൽ വിശാലമായ സൗഹൃദവും സഹൃദയത്വവും വളർത്തുവാൻ കഴിയുന്ന സമീപനമാണിത്. നാനാത്വത്തിലെ ഏകത അതിന്റെ അടിസ്ഥാന ഭാവമാണ്. മതസൗഹാർദ്ദവും സാഹോദര്യവും ഉൾക്കൊള്ളുന്ന ബഹുസ്വരതയുടെ സൗന്ദര്യം മഹത്വരമാണ്.

യൂറോപ്യൻ ദേശീയതയിൽ സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം, എന്ന സമവാക്യം സൃഷ്ടിച്ച ശക്തമായ സ്വാധീനം ചരിത്രകാരന്മാർ അടയാളപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇന്ത്യൻ ദേശീയതയിൽ വൈവിധ്യങ്ങളുടെയും ബഹുസ്വരതയുടെയും നീണ്ട ഇതിഹാസമാണുള്ളത്. വിവിധങ്ങളായ ഗോത്ര-വർണ്ണ-വർഗ്ഗ- ഭാഷ സ്വത്വങ്ങളുടെ കൂടിച്ചേരലാണ് ദേശീയതയിൽ നിറയുന്നത്. വൈജാത്യങ്ങൾ ഉൾക്കൊള്ളുന്ന ദേശീയ സ്വത്വവിചാരമാണിത്.

ബഹുസ്വരതയിലുള്ള സാമൂഹിക സംസ്ക്കാരിക ഘടന ഉള്ളപ്പോഴും ഇന്ത്യയിൽ ന്യൂനപക്ഷ ദളിത് ആദിവാസി സമൂഹങ്ങൾ പൊതു ധാരയിൽ നിന്നും ബഹിഷ്കൃതരാകുന്നു. വരേണ്യ യുക്തികൾ ചിന്തകളിലും ദർശനങ്ങളിലും സംവേദിപ്പിക്കുന്ന തന്ത്രങ്ങളാണ്  എല്ലായിടവും വളരുന്നത്. കോർപ്പറേറ്റ് മാധ്യമങ്ങളുടെ പ്രചരണ സംവിധാനങ്ങൾ ശക്തിപ്പെട്ടതോടെ *ഹൈന്ദവ ദേശീയതയാണ് ഇന്ത്യൻ ദേശീയത*യെന്ന മുദ്രാവാക്യം പൊതു സമൂഹ ബോധത്തിൽ ഉറപ്പിക്കുവനുള്ള തത്രപ്പാടുകളാണ് മുഴങ്ങി കേൾക്കുന്നത്. അഭിപ്രായ സ്വാതന്ത്ര്യവും ബദൽ ശബ്ദവും വിമർശന സ്വരവും ബഹുസ്വരതയുടേതാണ്. ബഹുസ്വരത തകർത്ത് ഭരണ രാഷ്ട്രീയ പ്രത്യയ ശാസ്ത്രത്തിന്റെ മറവിൽ സൃഷ്ടിക്കുന്ന ഫാസിസം ഏറ്റവുമധികം പ്രചരണ ഉപാധിയാക്കിത്തീർക്കുന്നത് വിദ്യഭ്യാസ സാംസ്ക്കാരിക രംഗങ്ങളി

INDIA @ 75
MISSION 2022

# EDITORIAL

ലൂടെയാണ്. തന്മൂലം ആവിഷ്ക്കാര സ്വാതന്ത്ര്യവും സംവാദ അവകാശവും പലയിടത്തും നിഷേധിക്കപ്പെടുകയാണ്. ഭരണ വർഗ്ഗത്തിനെതിരെയുള്ള വ്യത്യസ്ത അഭിപ്രായങ്ങളോട് അസഹിഷ്ണുത ശക്തിപ്പെടുകയാണ്.

ഭരണകൂടം ഏക മുഖദേശീയ സാംസ്ക്കാരിക നിർമ്മിതി ലക്ഷ്യം വയ്ക്കുമ്പോൾ തകർന്നടിയുന്നത് ബഹുസ്വരതയുടെ നന്മയും സൗന്ദര്യമാണ്. അപ്പോൾ ഭരണഘടന ഉറപ്പാക്കുന്ന പൗരാവകാശങ്ങളും സ്വാതന്ത്ര്യവും ഹനിക്കപ്പെടും. മതേതരത്വം തകർന്ന പൊതു സമൂഹം അനൈക്യത്തിലും ആകും. ഇത് അപസ്വരങ്ങളും കലഹങ്ങളും സൃഷ്ടിക്കും. *ഭരണകൂടം നിർവ്വഹിക്കുന്ന മേൽക്കോയ്മ (hegemony) അധികാര നിർവ്വഹണത്തിലൂടെ മാത്രമല്ല ബൗദ്ധിക സാംസ്ക്കാരിക തലങ്ങളിൽകൂടിയാണെന്ന്* ആന്റോണിയോ ഗ്രാംഷി വിശദീകരിച്ചത് ഇപ്പോഴും പ്രസക്തമാണ്. അധികാരം ഉപയോഗിച്ച് സമൂഹത്തിന്റെ സർവ്വ മേഖലകളിലും അതിക്രമിച്ച് കയറി ഏകീകൃത സംവിധാനങ്ങൾ സൃഷ്ടിക്കുമ്പോൾ ബഹുസ്വരത തകരും. അതിനായി ഒരു വിഭാഗം ബുദ്ധിജീവികളെയും മാധ്യമ പ്രവർത്തകരെയും കോർപ്പറേറ്റുകളുടെ സഹായത്തോടെ വിലയ്ക്കെടുക്കുന്ന പ്രവണതയാണുള്ളത്. ഇത്തരം ജനാധിപത്യ വിരുദ്ധ സമീപനങ്ങൾ എവിടെയുണ്ടായാലും ചെറുത്തു നിൽക്കുവാനും പ്രതിരോധം സൃഷ്ടിക്കുവാനും കഴിയണം.

അസഹിഷ്ണുത മതത്തിന്റെയും രാഷ്ട്രീയത്തിന്റെയും ഉൽപ്പന്നം മാത്രമല്ല. ഫാസിസ പ്രത്യയശാസ്ത്രങ്ങളുടേതുമാണ്. മുതലാളിത്ത ശക്തികൾക്കൊപ്പം ചേർന്ന് സങ്കുചിത ലക്ഷ്യങ്ങൾക്കായി വിവിധ തരം മേൽക്കോയ്മകൾ സമൂഹത്തിന്റെ ദേശീയ പൊതുബോധത്തിൽ അടിച്ചേൽപ്പിക്കുകയാണ്. ഇതിനായി ബലപ്രയോഗവും (force) പൊതു സമ്മതവും (consent) സൃഷ്ടിച്ചെടുക്കും. മതേതരത്വത്തേയും ബഹുസ്വരതയേയും തകർക്കുന്ന ഇത് മനുഷ്യ-സാമൂഹിക - പ്രകൃതി സ്വത്വങ്ങളിൽ അധീശത്വം സൃഷ്ടിക്കുന്ന പ്രവണതയാണ്.

ലോകത്തെ ഏറ്റവും വലിയ വൈവിധ്യമുള്ള ജനാധിപത്യ രാഷ്ട്രമായ ഇന്ത്യയിൽ എല്ലാറ്റിനെയും ഒന്നായി ഉൾക്കൊള്ളുവാൻ കഴിയുന്ന പാരമ്പര്യമുണ്ടായിരുന്നു. എന്നാൽ ഇന്ന് ജാതി, മതം, വർഗ്ഗം, ഭാഷ, സംസ്ക്കാരം എന്നിവയുടെ പേരിൽ മനുഷ്യ സമൂഹം ധ്രുവീകരിക്കപ്പെടുകയാണ്. ഇത്തരം ധ്രുവീകരണവും വിഭാഗീയതയും എല്ലായിടവും ശക്തിപ്പെടുന്നത് നിർഭാഗ്യകരം. ദളിത്, ആദിവാസികൾ, സ്ത്രീകൾ എന്നിവരോടുള്ള അനന്തമായ അതിക്രമങ്ങൾ, വികസനത്തിന്റെ മറവിൽ കുടിയിറക്കപ്പെടുന്നവർ, പ്രകൃതിവിഭവങ്ങളുടെ ചൂഷണം, തൊഴിലാളികളുടെ ജീവിതത്തിലേക്കുള്ള കടന്നാക്രമണം, ഭിന്നശേഷിക്കാരോടുള്ള അവഗണന, ലിംഗ ന്യൂനപക്ഷ തിരസ്ക്കരണം എന്നിവയും വർദ്ധിക്കുന്നു.

ആഗോളവൽക്കരണം സൃഷ്ടിച്ച അശാസ്ത്രീയ വികസനങ്ങൾ മനുഷ്യനെയും പ്രകൃതിയേയും ചൂഷണ വിധേയമാക്കുകയാണ്. നീതി നിഷേധവും മനുഷ്യാവകാശ ധ്വംസനവും പ്രകൃതി വിഭവങ്ങളുടെ അസന്തുലിത സംഭരണവും ശക്തിപ്പെടുന്നു. കാലാവസ്ഥാ വ്യതിയാനം, കുടിയേറ്റം, ഭവനരാഹിത്യം, കാർഷിക കടം, കർഷക ആത്മഹത്യ, ഭീകരത, വർഗ്ഗീയത, വരൾച്ച, തൊഴിലില്ലായ്മ, ജാതി-വർഗ്ഗ വിദ്വേഷങ്ങൾ എന്നിവയെല്ലാം അനുദിനം വർദ്ധിക്കുന്നു.

ബഹുസ്വരതയും സാമൂഹിക നീതിക്കായുള്ള കാഴ്ചപ്പാടുകളും പുനഃസൃഷ്ടിക്കപ്പെടണം. *ആരോഹണക്രമത്തിൽ ആദരവും അവരോഹണ ക്രമത്തിൽ വെറുപ്പും പ്രധാനം ചെയ്യുന്ന ജാതി ക്രമമാണ് ഇന്ത്യൻ സമൂഹമെന്ന്* ഡോ. ബി. ആർ. അംബേദ്കർ നിർവ്വചിച്ചത് ഇന്നും ശക്തിപ്പെടുകയാണ്. ഉത്തരാധുനിക നവ കൊളോണിയൽ മുതലാളിത്തം ബഹുസ്വരതയുള്ള ജനങ്ങളെ വിവിധ പ്രത്യയശാസ്ത്രങ്ങളുടെയും വിപണിയുടെയും മറവിൽ വിഭജിച്ച് കൊള്ളയടിക്കുകയാണ്. എന്നാൽ നവ കൊളോണിയൽ കുത്തകകൾക്കെതിരെ ഫലപ്രദമായി പ്രതിരോധിക്കുവാനും കഴിയാതെ വരുന്നു. വ്യത്യസ്ത സ്വത്വങ്ങളും ദർശനങ്ങളും ഉൾക്കൊണ്ട് സമഗ്രമായ ദേശീയതയുടെ സ്വത്വനിർമ്മിതിക്ക് ആവശ്യമായ ഉൾച്ചേരലുകൾ കണ്ടെത്തുവാൻ കഴിയണം. ബഹുസ്വരതയുടെ നന്മയും ദേശീയതയുടെ സൗന്ദര്യവും ഉൾക്കൊണ്ട് പാരസ്പര്യത്തിന്റെയും സഹവർത്തിത്വത്തിന്റെയും മാനുഷിക മൂല്യങ്ങൾ വളർത്തിയെടുക്കണം.

ഇന്ത്യയുടെ പുത്തൻ രാഷ്ട്രീയ പശ്ചാത്തലത്തിൽ ശക്തിപ്പെടുന്നത് പാരസ്പര്യതയുള്ള ബഹുസ്വര സമൂഹമല്ല. മറിച്ച്, ബഹിഷ്ക്കരണവും അന്യവൽക്കരണവുമാണ്. വിഭാഗീയത, തീവ്രവാദം, അസഹിഷ്ണുത, അശാന്തി എന്നിവയെല്ലാം രാഷ്ട്രീയ പ്രത്യയശാസ്ത്രമായി രൂപാന്തരപ്പെടുമ്പോൾ ഞെരിക്കപ്പെടുന്നത് സ്ത്രീകളും കുട്ടികളും ദളിതരും പ്രകൃതിയുമാണ്. പരസ്പരം ഉൾക്കൊള്ളുന്ന ധാർമ്മിക പക്വതയും സ്വാതന്ത്ര്യവും വളർത്തണം.

പൊതുസമൂഹം ജാതിയുടെയും രാഷ്ട്രീയത്തിന്റെയും പേരിൽ ധ്രുവീകരിക്കപ്പെടുന്ന നേർക്കാഴ്ചയാണ് ഇന്ത്യയുടെ സ്വാതന്ത്ര്യ സപ്തതി.

> "ഇന്ത്യൻ ദേശീയതയുടെ മർമ്മം മതേതര ബഹുസ്വരതയാണ്. സഹിഷ്ണുതയും സൗഹാർദ്ദവും സൃഷ്ടിക്കുന്ന വിശാല കാഴ്ചപ്പാടാണിത്. മതേതര-ദേശീയത തകർക്കാത്ത, നീതിയും സാകല്യവുമുള്ള, സംവിധാന ക്രമങ്ങൾ അനിവാര്യമാണ്. എന്നാൽ ജനാധിപത്യ വിരുദ്ധതയും അസഹിഷ്ണുതയും പ്രചരിപ്പിക്കുന്ന ഏക ജാതീയത പ്രതിരോധിക്കപ്പെടേണ്ടതാണ്."


**ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ**
ചീഫ് എഡിറ്റർ
karingattilachan@gmail.com



# സഭയുടെ വിശുദ്ധ രഹസ്യങ്ങൾ

■ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ

വിശുദ്ധ കൂദാശകൾക്ക് പൗരസ്ത്യ ഓർത്തഡോക്സ് സഭകൾ നൽകുന്ന നാമം 'വിശുദ്ധ രഹസ്യങ്ങൾ' എന്നാണ്. പാശ്ചാത്യ സഭയാകട്ടെ 'സാക്രമെന്റ്സ്' എന്നു പറയുന്നു. സാക്രമെന്റ്സ് എന്ന പദത്തിന് ഏതാണ്ട് സമാനമായിക്കാണുന്ന സുറിയാനി പദമാണ് 'കൂദോശോ.' എന്നാൽ 'രഹസ്യങ്ങൾ' എന്ന പദത്തിന്റെ അർത്ഥവ്യാപ്തി മുഴുവനും സാക്രമെന്റ്സ് എന്ന പദമോ കൂദോശോ എന്ന പദമോ ഉൾക്കൊള്ളുന്നില്ല. അവ അതിന് പര്യാപ്തവുമല്ല. ആകയാൽ ഈ പദങ്ങളുടെ വിശകലനം വി. കൂദാശകൾ സംബന്ധിച്ച പൗരസ്ത്യ ക്രിസ്തീയ സങ്കല്പം ഗ്രഹിക്കുന്നതിന് നമ്മെ ഏറെ സഹായിക്കും.

### സാക്രമെന്റ്സ്

സാക്രമെന്റ്സ് എന്ന ഇംഗ്ലീഷ് വാക്ക് സാക്രമെന്റും (Sacramentum) എന്ന ലത്തീൻ പദത്തിൽ നിന്നും വന്നിട്ടുള്ളതാണ്. ക്രിസ്തുവർഷം മൂന്നാം നൂറ്റാണ്ടു മുതൽ മിസ്റ്റീറിയോൺ (Mysterion – രഹസ്യം) എന്ന ഗ്രീക്കു പദത്തിനു തുല്യമായി സാക്രമെന്റും എന്ന പദം പാശ്ചാത്യസഭ ഉപയോഗിച്ചു വരുന്നു. മതതലത്തിൽ സാക്രമെന്റും എന്ന പദത്തിന് ശുദ്ധീകരണകർമ്മം നിർവഹിക്കുന്ന കാർമ്മികൻ, ശുദ്ധീകരണ കർമ്മം, ശുദ്ധീകരിക്കപ്പെട്ട വ്യക്തി അല്ലെങ്കിൽ വസ്തു, ശുദ്ധീകരണകർമ്മത്തിനുള്ള വിവിധ ഉപാധികൾ എന്നൊക്കെ അർത്ഥം കാണുന്നു. പടയ്ക്കു ചേരുമ്പോൾ പടയാളി സേവനത്തിന് സ്വയം സമർപ്പിച്ചുകൊണ്ട് ദേവനാമത്തിൽ എടുക്കുന്ന പ്രതിജ്ഞ, രണ്ടു പേർ തമ്മിൽ വ്യവഹാരം ഉണ്ടാവുമ്പോൾ ദേവസന്നിധിയിൽ കെട്ടിവയ്ക്കുന്ന പണം (തോൽക്കുന്ന ആൾക്ക് തുക നഷ്ടമാവും) എന്നിവയ്ക്കും സാക്രമെന്റും എന്ന പദത്തിന് മതത്തോടു ബന്ധിപ്പിച്ച് അർത്ഥം ഉണ്ട്.

സാക്രമെന്റും എന്ന പദം സാക്രാറെ (Sacrare = ശുദ്ധീകരിക്കുക = Consecrate) എന്ന മൂലത്തിൽ നിന്നും ആഗമിച്ചിട്ടുള്ളതാണ്. Sacer (Sacred = വിശുദ്ധം) എന്ന പദവും ഇതേ മൂലത്തിൽ നിന്നും നിഷ്പദിച്ചിരിക്കുന്നു. Consecrate എന്ന ഇംഗ്ലീഷ് പദം Consacrare എന്ന ലത്തീൻ പദത്തിൽ നിന്നും വന്നിട്ടുള്ളതാണെന്നും ഇവിടെ ചൂണ്ടിക്കാണിക്കട്ടെ.

സുറിയാനിയിൽ കാദേശ്, എബ്രായയിൽ കാദശ് എന്നീ വാക്കുകളുടെ മൂലത്തിലുള്ള അർത്ഥം 'വേർതിരിക്കുക' എന്നാണല്ലോ. ദൈവസന്നിധിയിൽ വേർതിരിച്ച് ശുദ്ധീകരിക്കുക, വേർതിരിച്ച് സമർപ്പിക്കുക എന്നീ അർത്ഥങ്ങൾ മതതലത്തിൽ ഇവയ്ക്കുണ്ട്.

കൂദോശോ എന്ന സുറിയാനി പദവും സാക്രമെന്റും എന്ന ലത്തീൻ പദവും മതതലത്തിൽ ഉപയോഗിക്കുമ്പോൾ അർത്ഥസാമ്യമുള്ളവയാണെന്നാണ് ഈ പദവിശകലനം ചൂണ്ടിക്കാണിക്കുന്നത്.

### മിസ്റ്റീറിയോൺ (രഹസ്യം)

മിസ്റ്റീറിയോൺ (രഹസ്യം) എന്ന ഗ്രീക്കു പദത്തിന്റെ ക്രിയാരൂപത്തിന് ആരാധനാ സന്ദർഭങ്ങളിൽ, ഉപനയനം ചെയ്യുക – ദൈവിക രഹസ്യങ്ങളിലേക്ക് ഉപനയനം ചെയ്യുക, എന്നാണർത്ഥം. ദൈവസന്നിധിയിലേക്ക്, ദൈവിക രഹസ്യങ്ങളിലേക്ക് ഉപനീതരായവർക്കു മാത്രമേ ദൈവിക രഹസ്യം വെളിപ്പെടുന്നുള്ളു. ഉപനീ

തർ, ശിഷ്യർ ദൈവരാജ്യത്തിന്റെ മർമ്മം അറിയുവാൻ വരം ലഭിച്ചവരാണ്. ശേഷമുള്ളവർ കാണുന്നുണ്ടെങ്കിലും തിരിച്ചറിയുന്നില്ല; കേൾക്കുന്നുണ്ടെങ്കിലും ഗ്രഹിക്കുന്നില്ല. അവർക്ക് ദൈവികരഹസ്യങ്ങൾ ഉപമകളായി മാത്രം അവശേഷിക്കുന്നു. പൊരുളറിഞ്ഞ് ദൈവരാജ്യത്തിന്റെ ആഴമായ അനുഭവതലത്തിലേക്ക് പ്രവേശിക്കാൻ കഴിയുന്നില്ല. ഹൃദയം കഠിനപ്പെട്ടിരിക്കുന്നതാണ് കാരണം. അനുതാപം കൊണ്ട് ആർദ്രമായി സുതാര്യത കൈവന്ന് 'പ്രകാശിതർ' ആവാത്തിടത്തോളം ദൈവികരഹസ്യങ്ങളുടെ ആഴമായ സത്യങ്ങൾ ഭോഷത്വമായേ സാധാരണലോകം ഗണിക്കുകയുള്ളു. അതുകൊണ്ട് മൗനം ഇവിടെ ഉപനീതർക്ക് ഭൂഷണമായി വരുന്നു. 'മിസ്റ്റീറിയോൺ' എന്ന പദത്തിന് വായ് (അധരം) പൂട്ടുക (അടയ്ക്കുക) എന്ന് നിരുക്തം കൊടുത്തു കാണുന്നു. പുറത്തുള്ളവരോട് വെളിപ്പെടുത്താൻ പാടില്ലാത്തതും ഉപനീതർക്കു മാത്രം വെളിപ്പെടുത്തപ്പെടുന്നതുമായ രഹസ്യമാണ് മിസ്റ്റീറിയോൺ വി. കുർബാനയുടെ ഒന്നാം ഭാഗം (വചനശുശ്രൂഷ - സ്നാനാർത്ഥികളുടെ ശുശ്രൂഷ) കഴിയുമ്പോൾ സ്നാനാർത്ഥികൾ ആരാധനാലയം വിടുന്നു. ശേഷമുള്ള ഭാഗം (ബലിയർപ്പണം - വിശ്വാസികളുടെ ശുശ്രൂഷ) സ്നാനം സ്വീകരിച്ച് ദൈവരാജ്യത്തിലേക്ക് ഉപനീതരായ വിശ്വാസികൾക്കുവേണ്ടി മാത്രമുള്ളതാണ്. ഈ നിബന്ധന സഭയുടെ ആദി കാലം മുതൽതന്നെ നിലവിലിരുന്നു.

ക്രിസ്തുവർഷം നാലാം നൂറ്റാണ്ടു മുതൽക്കേ രഹസ്യം / രഹസ്യങ്ങൾ എന്ന പദം വ്യക്തമായും കൂദാശകൾക്കു പകരമായി ഉപയോഗിച്ചിരുന്നുള്ളു. 1 കോരി. 4:1-ൽ "ദൈവമർമ്മങ്ങളുടെ ഗൃഹവിചാരകന്മാർ" എന്ന് അപ്പോസ്തോലന്മാരെക്കുറിച്ച് വി. പൗലോസ് പറയുന്നുണ്ട്. ഇതിന്റെ പ്രതിധ്വനിയെന്നോണം "യേശുക്രിസ്തുവിന്റെ രഹസ്യങ്ങളുടെ ശുശ്രൂഷകർ" എന്ന് ശെമ്മാശ്ശന്മാരെ സംബന്ധിച്ച് വി. ഇഗ്നാത്തിയോസ് (എ. ഡി. 35-107) ത്രാലിയർക്ക് എഴുതിയ ലേഖനത്തിൽ പറയുന്നു (2:3). രണ്ടിടത്തും 'രഹസ്യങ്ങൾ' വി. കുർബാനയെ സംബന്ധിച്ചോ നാം ഇന്നു സങ്കല്പിക്കുന്നവിധം കൂദാശകളെ സംബന്ധിച്ചോ, ആണ് പരാമർശിക്കുന്നതെന്ന് തീർത്തു പറയാനാവില്ല. വി. ഇഗ്നാത്തിയോസിന്റെ പരാമർശം വി. കുർബാനയെ സംബന്ധിച്ചായിരിക്കാം എന്ന് സന്ദർഭം സൂചിപ്പിക്കുന്നു.



പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനി ബഹു. കേരളാ മുഖ്യമന്ത്രി പിണറായി വിജയനെ സന്ദർശിച്ചപ്പോൾ...

ജസ്റ്റിൻ മാർട്ടിയറും (A. D. 100 - 165. Apologeticum I.66) തെർത്തുല്യനും (A. D. 160 - 225. De Praescriptione Haereticorum 40) കൂദാശകൾക്ക് "രഹസ്യങ്ങൾ" എന്ന് നേരിട്ടു പറയുന്നില്ലെങ്കിലും പുറജാതികളുടെ

# സഖറിയ മാർ നിക്കോളോവോസ് WCC എക്സിക്യൂട്ടീവിൽ



**നോർവ:** സഭകളുടെ ലോക കൗൺസിലിന്റെ (WCC) എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനാധിപൻ സഖറിയ മാർ നിക്കോളോവോസ് മെത്രാപ്പോലീത്ത. സൗത്ത് കൊറിയയിലെ ബുസാനിൽ 2013-ൽ നടന്ന WCC അസംബ്ലിയി ലാണ് കേന്ദ്ര കമ്മിറ്റിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്. WCC കേന്ദ്ര കമ്മിറ്റിയാണ് 20 അംഗങ്ങളുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയെ തെരഞ്ഞെടുത്തത്.

രണ്ട് ദശകത്തിനുശേഷമാണ് മലങ്കര സഭാ പ്രതിനിധി WCC എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നത്. ലോകത്തെ 110 രാജ്യങ്ങളിലെ ക്രിസ്തീയ സഭകളെ പ്രതിനിധീകരിക്കുന്ന സംവിധാനമാണ് WCC. കേന്ദ്ര കമ്മിറ്റി പാസ്സാക്കുന്ന ബജറ്റിനും വിവിധ പ്രവർത്തനങ്ങൾക്കും മേൽനോട്ടം വഹിക്കുന്നത് എക്സിക്യൂട്ടീവ് കമ്മിറ്റിയാണ്.

ഡോ. സാറാ ചാക്കോ, ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് എന്നിവർ WCC യുടെ പ്രസിഡന്റായി വിവിധ കാലയളവിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

(മിസ്റ്ററി മതങ്ങൾ എന്ന് പറയപ്പെട്ടിരുന്ന പുറജാതി മതങ്ങളിലെ) 'രഹസ്യങ്ങൾ' ക്രിസ്ത്യാനികളുടെ കൂദാശകളുടെ പൈശാചികമായ അനുകരണമാണെന്ന് പറഞ്ഞിരിക്കുന്നു (ക്രിസ്തീയ കൂദാശകൾക്ക് രഹസ്യങ്ങൾ എന്ന പദം ലഭിച്ചത് പുറജാതി മതങ്ങളിൽ നിന്നാണെന്ന് വാദിക്കുന്ന പുതിയനിയമ പണ്ഡിതർ ഉണ്ടെന്ന കാര്യം ഇവിടെ വിസ്മരിക്കുന്നില്ല).

വി. കൂദാശകളെ വി. രഹസ്യങ്ങൾ എന്ന് വിളിക്കുന്നതിന് പിൻപിൽ ശക്തമായ ഒരു വേദാടിസ്ഥാനം ഉണ്ട്. ഇതു കണ്ടെത്തുക വി. രഹസ്യങ്ങളെ സംബന്ധിച്ച പഠനത്തിൽ സുപ്രധാനമാണ്.

### സ്വർഗ്ഗീയ സഭയും ദൈവിക രഹസ്യങ്ങളും

പുതിയനിയമത്തിലെ "രഹസ്യങ്ങൾ" എന്ന പദത്തിന് തുല്യമായ പഴയനിയമ (എബ്രായ) പദം 'സോദ്' ആണ്. ഈ വാക്കിന് പഴയനിയമത്തിൽ ദൈവത്തിന്റെ സ്വർഗ്ഗീയസഭയെന്നും അതിലെ രഹസ്യ ആലോചനകൾ എന്നും രണ്ട് അർത്ഥങ്ങൾ ഉണ്ട്. പഴയനിയമത്തിൽ ഒരു യഥാർത്ഥ പ്രവാചകന്റെ സവിശേഷത ദൈവത്തിന്റെ ആലോചനാസഭയിൽ നിൽക്കുന്നവൻ എന്നുള്ളതാണ്. യിരമ്യാ പ്രവാചകൻ പറയുന്നു: "യഹോവയുടെ വചനം ദർശിച്ചു കേൾപ്പാൻ തക്കവണ്ണം അവന്റെ ആലോചനാ സഭയിൽ (സോദ്) നിന്നവൻ ആർ?....." (യിര. 23:18). ഇതേ ആശയം തന്നെ ഇയ്യോബിന്റെ പുസ്തകത്തിലും കാണാം. ഏലിഫസ് ഇയ്യോബിനോടു ചോദിക്കുന്നു, "നീ ദൈവത്തിന്റെ മന്ത്രിസഭ (സോദ്) യിൽ കൂടീട്ടുണ്ടോ?" (ഇയ്യോബ് 15:8). ഇങ്ങനെ ദൈവത്തിന്റെ ആലോചനാ സഭയിലേക്ക് പ്രവേശിക്കുന്ന ദൈവമനുഷ്യർ ദൈവികരഹസ്യങ്ങൾ ഗ്രഹിക്കുന്നു. ഈ ദൈവികരഹസ്യങ്ങൾ മനുഷ്യനെയും ദൈവത്തെയും പറ്റിയുള്ള ദൈവികഹിതവും പദ്ധതിയുമാണ്. ഇതിന് സോദ് എന്നു പറഞ്ഞിരിക്കുന്നു. ആമോ. 3:7-ൽ അക്കാലത്ത് സാധാരണ പറയാറുണ്ടായിരുന്ന ഒരു ചൊല്ല് പ്രവാചകൻ രേഖപ്പെടുത്തുന്നു: 'യഹോവയായ കർത്താവ് പ്രവാചകന്മാരായ തന്റെ ദാസന്മാർക്ക് തന്റെ രഹസ്യം (ആലോചന - സോദ്) വെളിപ്പെടുത്താതെ ഒരു കാര്യവും ചെയ്കയില്ല.' ദാനിയേലിന്റെ പുസ്തകം രണ്ടാം അദ്ധ്യായത്തിൽ (ഇതിന്റെ മൂലഭാഷ അറമായ ആണ്) എട്ടു പ്രാവശ്യം രഹസ്യം (റാസ്) എന്ന പദം ഉപയോഗിച്ചിരിക്കുന്നു. നെബുക്കദ്നേസ്സർ രാജാവിന്റെ രാജത്വത്തിന്റെ ഭാവിയെ സംബന്ധിച്ച ദൈവിക രഹസ്യം, ദൈവഹിതം, ദൈവികപദ്ധതി അറിയുന്നതിനും അതു രാജാവിനെ അറിയിക്കുന്നതിനും ദാനിയേലിനു കഴിഞ്ഞു. "രഹസ്യങ്ങളെ വെളിപ്പെടുത്തുന്നവൻ സംഭവിപ്പാനുള്ളത് അറിയിച്ചുമിരിക്കുന്നു" (ദാനി. 2:29).

ഇവിടെ ദൈവത്തിന്റെ സ്വർഗ്ഗീയ സഭയിൽ പ്രവേശിച്ച് ദൈവഹിതത്തിന്റെ രഹസ്യം അറിയുന്ന ദൈവപുരുഷന്മാരായ പ്രവാചകന്മാരുടെ നിരയിലാണ് ദാനിയേലിനേയും കാണാൻ കഴിയുക.

ഇങ്ങനെ പഴയനിയമത്തിൽ രഹസ്യം (സോദ്/റാസ്) എന്ന പദം ദൈവത്തിന്റെ സ്വർഗ്ഗീയരഹസ്യ സഭ, അതിലെ രഹസ്യ ആലോചനകൾ - മനുഷ്യരേയും ലോകത്തേയും സംബന്ധിച്ച ദൈവികപദ്ധതി, ദൈവോദ്ദേശ്യം എന്നീ അർത്ഥങ്ങളിൽ ഉപയോഗിച്ചിരിക്കുന്നു.

### കാലത്തികവിൽ ക്രിസ്തുവിൽ വെളിപ്പെട്ട രഹസ്യം

പുതിയനിയമത്തിൽ രഹസ്യം/രഹസ്യങ്ങൾ (മർമ്മം/മർമ്മങ്ങൾ) എന്ന പദം മിസ്റ്റീറിയോൺ എന്ന ഗ്രീക്ക് പദത്തിന് തർജ്ജമയായി 27 പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു. അതിൽ 20 പ്രാവശ്യവും വി. പൗലോസിന്റെ ലേഖനങ്ങളിലാണ് കാണുക. അതുകൊണ്ട് പുതിയനിയമത്തിൽ ഈ വാക്കിന്റെ അർത്ഥം പ്രധാനമായും വി. പൗലോസിന്റെ ലേഖനങ്ങളിൽ നിന്നു തന്നെയാവും കണ്ടെത്തേണ്ടത്.

ലോകത്തെ സംബന്ധിച്ച ദൈവത്തിന്റെ രക്ഷാപദ്ധതി ദൈവത്തിന്റെ അനന്തമായ ജ്ഞാനത്തിലുള്ളതാണ്. ഇത് ലോകസൃഷ്ടിക്കു മുമ്പു തന്നെ ദൈവം മുൻനിയമിച്ചതും പൂർവ്വകാലങ്ങൾക്കും തലമുറകൾക്കും മറഞ്ഞിരുന്നതുമാണ് (1 കോരി. 2:7; റോമ. 16:24-25; കൊലോ. 1:26; എഫേ. 3:5, 9); ദൈവം തന്നെ സ്നേഹിക്കുന്നവർക്കുവേണ്ടി അവരുടെ തേജസ്സിനായി ഒരുക്കിയിട്ടുള്ള രക്ഷാകരപദ്ധതിയാണ് (1 കോരി. 2:7, 9). ഈ ദൈവിക രഹസ്യജ്ഞാനം എല്ലാവർക്കും ലഭിക്കുന്നില്ല. ദൈവിക രഹസ്യങ്ങളിലേക്ക് പ്രവേശിക്കുന്നതിന് ആദ്ധ്യാത്മിക വളർച്ച പ്രാപിച്ചിട്ടുള്ള പക്വമതികൾ (തികഞ്ഞവർ) ക്കു മാത്രമേ ഈ ജ്ഞാനം ലഭിക്കുന്നുള്ളു. അതുകൊണ്ട് ദൈവത്തിന്റെ രക്ഷാപദ്ധതിയുടെ ജ്ഞാനം അപ്പോസ്തോലന്മാർ രഹസ്യ (മർമ്മ) മായി പ്രസ്താവിക്കുന്നു എന്ന് വി. പൗലോസ് പറയുന്നു (1 കോരി. 2:6-8). ഇവിടെ രഹസ്യം ലൗകികർക്ക് മറഞ്ഞിരിക്കുന്നതും, "നമുക്കോ ദൈവം തന്റെ ആത്മാവിനാൽ വെളിപ്പെടുത്തിയിരിക്കുന്നതുമായ" (1 കോരി. 2:10) ദൈവത്തിന്റെ രക്ഷാപദ്ധതിയുടെ രഹസ്യം ആകുന്നു. ഇത് മൂടിവയ്ക്കപ്പെട്ട രൂപത്തിലേ സാധാരണക്കാർക്ക് കാണപ്പെടുന്നുള്ളൂ. എന്നാൽ ദൈവരാജ്യാനുഭവത്തിലേയ്ക്ക് ഉപനീതരായ ശിഷ്യർക്ക് ഈ രഹസ്യജ്ഞാനം വെളിപ്പെടുത്തിക്കൊടുത്തിരിക്കുന്നു. "ദൈവരാജ്യത്തിന്റെ മർമ്മം നിങ്ങൾക്കു നൽകപ്പെട്ടിരിക്കുന്നു; പുറത്തുള്ളവർക്കോ സകലവും ഉപമകളാൽ ലഭിക്കുന്നു" (മർക്കോ. 4:11 = മത്താ. 13:11 = ലൂക്കോ. 3:10). 1 തിമോ. 3:16-ൽ ജഡധാരണം മുതൽ തേജസ്സോടെ സ്വർഗ്ഗാരോഹണം ചെയ്യുന്നതുവരെയുള്ള ക്രിസ്തുവിന്റെ രക്ഷാകര ജീവിതവും പ്രവർത്തനങ്ങളും ദൈവികരഹസ്യത്തിന്റെ ഉള്ളടക്കമായി വി. പൗലോസ് എടുത്തു പറയുന്നു. ദൈവഭക്തിയുടെ (ക്രിസ്തീയ വിശ്വാസത്തിന്റെ) ഈ രഹസ്യം ശുദ്ധമനസ്സാക്ഷിയിൽ സൂക്ഷിക്കണമെന്നും വി. പൗലോസ് ശുശ്രൂഷകരെ പ്രബോധിപ്പിക്കുന്നുണ്ട് (1 തിമോ. 3:9). ക്രിസ്തുവിന്റെ ജീവിതവും പ്രവർത്തനങ്ങളും എന്നല്ല ക്രിസ്തു തന്നെ ദൈവത്തിന്റെ രഹസ്യം ആണെന്ന് പൗലോസ് അപ്പോസ്തോലൻ രേഖപ്പെടുത്തുന്നു (കൊലോ. 2:2; 4:3; എഫേ. 3:4).



ക്രിസ്തുവിൽ പൂർത്തീകരിക്കപ്പെടുന്ന ദൈവത്തിന്റെ രക്ഷാപദ്ധതിയുടെ മറ്റു സുപ്രധാനതലങ്ങളിലേക്കും എഫേസ്യ ലേഖനം വിരൽചൂണ്ടുന്നു

ണ്ട്. ദൈവത്തിന് ലോകത്തെ സംബന്ധിച്ച രക്ഷാപദ്ധതിയെന്ന ദൈവിക രഹസ്യത്തിന്റെ ഒരു പ്രധാനഘടകം ജാതികളുടെ രക്ഷയാണ് (എഫേ. 3:2 -10). മറ്റൊന്ന്, മനുഷ്യവർഗ്ഗം മാത്രമല്ല, സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള ദൃശ്യവും അദൃശ്യവുമായ സകലവും ദൈവത്തിന്റെ രക്ഷാകരപദ്ധതിയിൽ പങ്കുചേരുന്നു എന്നതാണ്. ഇത് "ദൈവഹിതത്തിന്റെ രഹസ്യം" എന്ന് പൗലോസ് പറഞ്ഞിരിക്കുന്നു (എഫേ. 1:9-10). ഇവിടെ, സമസ്ത സൃഷ്ടിയേയും ഉൾക്കൊള്ളുന്ന ഒരു വിശ്വവീക്ഷണം ദൈവത്തിന്റെ രക്ഷാപദ്ധതിയിൽ ഉണ്ടെന്നു വരുന്നു.

**ദൈവീക രഹസ്യം**

ചുരുക്കത്തിൽ, പുതിയനിയമത്തിൽ, ദൈവത്തിന്റെ രഹസ്യം അവന്റെ രക്ഷാപദ്ധതിയാണ്. പൂർവ്വകാലങ്ങളിൽ മറഞ്ഞുകിടന്നതും കാലത്തികവിൽ വെളിപ്പെട്ടതുമായ ദൈവികരഹസ്യം, ക്രിസ്തുവിലൂടെ പൂർത്തീകരിക്കപ്പെട്ട രക്ഷാകര പ്രവർത്തനങ്ങളും ക്രിസ്തു തന്നെയുമാണ്. യേശുക്രിസ്തുവിന്റെ ജീവിതത്തെയും രക്ഷാകര പ്രവർത്തനങ്ങളെയും ആരാധനാനുഷ്ഠാനങ്ങളിലൂടെ പരിശുദ്ധാത്മ നിവാസം കൊണ്ട് പുനരാവിഷ്കരിച്ച് ഈ കാലത്തിൽ ജീവിക്കുന്നവർക്ക് അനുഭവവേദ്യമാക്കുന്നതിനാലാണ് വി. കൂദാശകൾ വി. രഹസ്യങ്ങൾ ആകുന്നത്.

സഭയുടെ കൂദാശകളിൽ വിശുദ്ധ സ്നാനത്തിനും വി. മൂറോനഭിഷേകം ഉൾപ്പെടെ) വി. കുർബാനയ്ക്കുമാണ് പ്രധാനമായും വി. രഹസ്യങ്ങൾ എന്നു പറഞ്ഞു വരുന്നത്. വി. സ്നാനം ദൈവത്തിന്റെ സ്വർഗ്ഗീയ സഭയിലേക്കുള്ള, ദൈവരാജ്യാനുഭവത്തിലേക്കുള്ള പ്രവേശനവും ക്രിസ്തുവിന്റെ മരണത്തിലും പുനരുത്ഥാനത്തിലുമുള്ള പങ്കാളിത്തവും ഏകീഭാവവുമാണ് (റോമ. 6:3 -11). വി. കുർബാനയിലൂടെ യേശുക്രിസ്തുവിന്റെ രക്ഷാകരമായ ജീവിതവും പ്രവർത്തനങ്ങളും ഇക്കാലത്ത് നാം വീണ്ടും ജീവിച്ചറിയുന്നു. ക്രൂശിലെ യാഗാർപ്പണത്തിലും പുനരുത്ഥാനത്തിന്റെ തേജസ്സിലും പങ്കാളികളാവുന്നു. തിരുശരീരരക്തങ്ങൾ അനുഭവിക്കുന്നതു വഴി ക്രിസ്തു എന്ന ദൈവിക രഹസ്യം നാം സ്വാംശീകരിക്കുകയും ചെയ്യുന്നു (കോരി. 10:16). മറ്റെല്ലാ കൂദാശകളുടെയും പൊരുൾ ഈ മൂന്നു കൂദാശകളുടെയും അടിസ്ഥാനപ്രമാണത്തിൽ നിന്നുകൊണ്ട് വ്യാഖ്യാനിച്ചു ഗ്രഹിക്കാവുന്നതാണ്. ■

# ബഹുസ്വരതയുടെ സൗന്ദര്യം ഉൾക്കൊള്ളണം



**അടൂർ:** ഭാരതീയ പശ്ചാത്തലത്തിൽ ബഹുസ്വരതയുടെ സൗന്ദര്യം ഉൾക്കൊള്ളുവാൻ കഴിയണമെന്ന് അടൂർ-കടമ്പനാട് ഭദ്രാസനാധിപൻ ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്താ പ്രസ്താവിച്ചു.

കേരളാ കൗൺസിൽ ഓഫ് ചർച്ചസിന്റെ ത്രൈവാർഷിക അസംബ്ലി സംഘാടക സമിതി സമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു.

ഡോ. ഏബ്രഹാം മാർ പൗലോസ് അദ്ധ്യക്ഷത വഹിച്ചു. ഇന്ത്യ ബഹുസ്വരത നിറഞ്ഞ രാജ്യമാണ്. ക്രൈസ്തവ ശബ്ദം മുഴങ്ങി കേൾക്കേണ്ട സമയത്ത് അത് ഉണ്ടാകാതെ പോയാൽ വലിയ ആപത്തായിരിക്കും. അഭിപ്രായങ്ങൾ പറയേണ്ട സമയത്ത് ധീരതയോടെ പറയുവാനും ശക്തമായ നിലപാടുകൾ സ്വീകരിക്കുവാനും കഴിയണം. പൊതുവിഷയങ്ങളിൽ കെ.സി.സി.യ്ക്ക് കൂട്ടായ നിലപാടുകൾ എടുക്കുവാൻ കഴിയണമെന്ന് ഏബ്രഹാം മാർ പൗലോസ് പറഞ്ഞു.

കെ.സി.സി. ത്രൈവാർഷിക സമ്മേളനം ആഗസ്റ്റ് 25 മുതൽ 27 വരെ അടൂർ യൂത്ത് സെന്ററിൽ വെച്ച് നടത്തും. ദേശീയതയും ബഹുസ്വരതയും എന്ന വിഷയത്തിൽ ചർച്ചകളും പഠനങ്ങളും നടക്കും. കേരളത്തിലെ വിവിധ സഭകളിൽ നിന്നും 500-ൽ പ്പരം പ്രതിനിധികൾ പങ്കെടുക്കുമെന്ന് കെ.സി.സി. പ്രസിഡന്റ് ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ, സെക്രട്ടറി ഫാ. ഡോ. റെജി മാത്യു, ജനറൽ കൺവീനർ പ്രൊഫ. ഡികെ. ജോൺ എന്നിവർ പറഞ്ഞു.



മലങ്കരസഭാ ഗുരുരത്നം ഫാ. ഡോ. റ്റി. ജെ. ജോഷ്വായുടെ പൗരോഹിത്യ വജ്ര ജൂബിലി ആഘോഷം കോട്ടയം മെഡിക്കൽ കോളജ് ചാപ്പലിൽ പ. കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തപ്പോൾ.




# എന്താണ് ആരോഗ്യം?

■ ഡോ. വർഗീസ് പുന്നൂസ്

ആരോഗ്യവും രോഗവും ചികിൽസയും സൗഖ്യവും ഒക്കെ മെഡിക്കൽ സയൻസിന്റെ മേഖലയിൽപെട്ട കാര്യമല്ലേ – അതിന് ആത്മീയതയും സഭാജീവിതവുമായി എന്താണ് ബന്ധം'' എന്ന് ആരെങ്കിലും ചിന്തിച്ചു പോയാൽ അവരെ കുറ്റപ്പെടുത്താനാവില്ല. കാരണം സമകാലീന ചിന്തയിലും അനുഭവത്തിലും പ്രയോഗത്തിലും രോഗം എന്നു പറഞ്ഞാൽ ഏതോ ബാക്ടീരിയയോ വൈറസോ ശരീരത്തിൽ അക്രമിച്ച് കടന്ന് കാട്ടികൂട്ടുന്ന വിക്രിയയാണ്; അല്ലെങ്കിൽ ഏതൊക്കെയോ രാസപദാർത്ഥങ്ങൾ കൂടുകയോ കുറയുകയോ ചെയ്യുന്നതു കൊണ്ടുണ്ടാകുന്ന തകരാറുകൾ ആണ്. അല്ലെങ്കിൽ ഏതോ ശരീരഭാഗങ്ങൾക്കുണ്ടാകുന്ന ചുരുക്കമോ, അനിയന്ത്രിതമായ വളർച്ചയോ ആണ്. അക്രമകാരികളായ ബാക്ടീരിയയെ തുരത്തുന്ന ആന്റിബയോട്ടിക്കുകളും, അളവു കുറഞ്ഞ രാസ പദാർത്ഥങ്ങൾക്ക് പകരമായുള്ള ഔഷധങ്ങളും, ചുരുങ്ങുകയോ വളരുകയോ ക്ഷതം സംഭവിക്കുകയോ ചെയ്ത അവയവ ഭാഗങ്ങളുടെ അറ്റകുറ്റപ്പണികളും ഒക്കെ ചേർന്നാൽ ചികിൽസയും സൗഖ്യവും ആയി എന്ന ലളിതമായ കാഴ്ചപ്പാടാണ് ഭൂരിപക്ഷം പേർക്കുമുള്ളത്. വികലമായ ഈ ചിന്താഗതിയും, ഇതിനെ അടിസ്ഥാനമാക്കിയുള്ള ചികിത്സകളും കൂടുതൽ രോഗാതുരതയെ ഉത്പാദിപ്പിക്കുകയാണ് യഥാർത്ഥത്തിൽ ചെയ്യുന്നത് എന്ന് ആരോഗ്യരംഗത്തെ ഗൗരവപൂർവ്വം പഠിക്കുന്നവർക്ക് മനസ്സിലാകും. ആരോഗ്യത്തെപ്പറ്റിയും സൗഖ്യത്തെപ്പറ്റിയും സമഗ്രമായ കാഴ്ചപ്പാട് ഉണ്ടാക്കുക എന്നത് ജീവൻ സമൃദ്ധിയായി ഉണ്ടാകേണ്ടതിനും നിലനിൽക്കേണ്ടതിനും അത്യാവശ്യമാണ് എന്നും അത് ക്രൈസ്തവ സഭയുടെ ഏറ്റവും പ്രഥമമായ ദൗത്യങ്ങളിൽ ഒന്നാണ് എന്നും ഉള്ള തിരിച്ചറിവാണ് ''സമഗ്രസൗഖ്യം'' എന്ന വിഷയം ഈ വർഷത്തെ ചിന്താവിഷയമായും കർമ്മപദ്ധതിയുമായും തെരഞ്ഞെടുക്കാൻ കാരണം. മനുഷ്യ വിഭവശേഷിയുടെ ഗുണപരമായ വർദ്ധനയ്ക്ക് ആരോഗ്യത്തെ അതിന്റെ സമഗ്രതയിൽ മനസ്സിലാക്കേണ്ടതും സൗഖ്യ പ്രാപ്തി അതിന്റെ പൂർണ്ണതയിൽ അവികലമായി തന്നെ ആർജിക്കേണ്ടതുമാണ്.

### എന്താണ് ആരോഗ്യം ?

''രോഗമില്ലാത്ത ഒരു അവസ്ഥ മാത്രമല്ല ആരോഗ്യം മറിച്ച് ശരീരത്തിന്റെയും, മനസ്സിന്റെയും, സാമൂഹ്യബോധത്തിന്റെയും (ആത്മീയതയുടെയും) സുസ്ഥിതിയാണ് ആരോഗ്യം'' എന്ന് ലോകാരോഗ്യ സംഘടന ആരോഗ്യത്തെ നിർവ്വചിക്കുന്നു.

(Health is not merely the absence of disease or infirmity. It is a state of physical psychological, social (and spiritual) well being - WHO) നിർവചനം ഇങ്ങനെയാണെങ്കിലും പ്രയോഗത്തിൽ പലപ്പോഴും ആരോഗ്യം എന്നാൽ ശരീരത്തിന്റെ ആരോഗ്യം മാത്രമായി ചുരുങ്ങിപ്പോകുന്നു. ശരീരം, മനസ്സ്, സാമൂഹികബന്ധങ്ങൾ, ആത്മീയത – ഈ നാലു തൂണുകളിലാണ് ആരോഗ്യം എന്ന സൗധം ഉയർത്തപ്പെട്ടിരിക്കുന്നത്. ഇവയെ എല്ലാം തുല്യമായി പരിഗണിക്കുക എന്നതാണ് സമഗ്രാരോഗ്യത്തിന്റെ ആദ്യ പ്രമാണം.

### ശരീരത്തിന്റെ ആരോഗ്യം

ശരീരത്തിന്റെ ഘടന (അനാറ്റമി)

പ്രവർത്തനം (ഫിസിയോളജി) രസതന്ത്രം (ബയോകെമിസ്ട്രി) കോശങ്ങളിലും അവയവങ്ങളിൽ ഉണ്ടാകുന്ന രോഗഹേതു (പതോളജി) രോഗാണുശാസ്ത്രം (മൈക്രോബയോളജി) ജനിതകശാസ്ത്രം (ജനറ്റിക്സ്) ഔഷധശാസ്ത്രം (ഫാർമക്കോളജി) എന്നീ മേഖലകളിൽ 19, 20 നൂറ്റാണ്ടുകളിൽ നടന്ന ശാസ്ത്ര മുന്നേറ്റങ്ങൾ ശാരീരിക രോഗങ്ങളെപ്പറ്റിയുള്ള കാഴ്ചപ്പാടുകളെ മാറ്റി മറിച്ചു. രോഗഹേതുക്കളായ ബാക്ടീരിയകളെയും വൈറസുകളെയും തിരിച്ചറിഞ്ഞ് അവയെ തുരത്താൻ ഫലപ്രദമായ ഔഷധ പ്രയോഗങ്ങൾ കണ്ടുപിടിച്ചതോടെ

പകർച്ചവ്യാധികൾ ഏറെക്കുറെ നിയന്ത്രണത്തിലായി. ശരീര രസതന്ത്രത്തിൽ വരുന്ന മാറ്റങ്ങളെ രാസതൻമാത്രകൾ ഉപയോഗിച്ച് ക്രമപ്പെടുത്താനുള്ള സാങ്കേതിക വിദ്യ വന്നതോടെ അത്തരത്തിലുള്ള രോഗങ്ങളും മെഡിക്കൽ സയൻസിന് കൈകാര്യം ചെയ്യാം എന്നായി. അവയവങ്ങൾക്കുണ്ടാകുന്ന ക്ഷതങ്ങളും ക്ഷയങ്ങളും ക്രമാതീത വളർച്ചകളും മികച്ച ശാസ്ത്രക്രിയാ സങ്കേതങ്ങൾക്ക് വഴങ്ങിത്തുടങ്ങി. ഇവയുടെ എല്ലാം ഫലമായി മരണനിരക്ക് കുറഞ്ഞു. ശരാശരി ആയുർദൈർഘ്യം മാനവ ചരിത്രത്തിൽ ഏറ്റവും ഉയർന്ന നിലയിൽ എത്തിച്ചേർന്നു. പക്ഷേ ശാരീരിക രോഗങ്ങൾ ഇങ്ങനെ നിയന്ത്രാണാധീനം ആയിട്ടും രോഗാതുരത (morbidity) കൂടിവരുന്ന കാഴ്ചയാണ് ലോകമെമ്പാടും നാം കാണുന്നത്. ഈ വിരോധാഭാസം ശാരീരികാരോഗ്യ രംഗത്ത് വലിയ പ്രതിസന്ധികളാണ് ഉയർത്തിക്കൊണ്ടിരിക്കുന്നത്. ഇല്ലതാക്കി എന്നു വിചാരിച്ച പകർച്ചവ്യാധികൾ തിരികെ വരുന്നു. ജീവിതശൈലീ രോഗങ്ങൾ (പ്രമേഹം, രക്താതിസമ്മർദ്ദം, ഹൃദ്രോഗം, അമിതവണ്ണം) എന്നിവ കൂടിവരുന്നു. ആരോഗ്യ രംഗത്തെ ചെലവുകൾ ഒരു നിയന്ത്രണവുമില്ലാതെ വർദ്ധിച്ചുവരുന്നു എന്നിങ്ങനെയുള്ള പ്രതിഭാസങ്ങൾക്ക് മുമ്പിൽ ഇന്ന് ലോകം പകച്ചു നിൽക്കുകയാണ്. പല കുടുംബങ്ങളുടെയും സാമ്പത്തിക തകർച്ചയുടെ തന്നെ കാരണമാകുന്നത് രോഗചികിത്സയുമായി ബന്ധപ്പെട്ടുണ്ടാകുന്ന അമിതമായ ചെലവുകളാണ്. ശാരീരികാരോഗ്യ പ്രശ്നങ്ങളോട് നമുക്കുള്ള സമീപനത്തിൽ സമഗ്രമായ ഒരു പൊളിച്ചെഴുത്ത് ആവശ്യമായി വന്നിരിക്കുന്നു. ഈ തിരുത്തലുകൾക്ക് ഉതകുന്ന ചില ശാസ്ത്രീയമായ അറിവുകൾ ചുരുക്കമായി പ്രതിപാദിക്കാം.

**രാവിലെയുള്ള സൂര്യപ്രകാശം തലച്ചോറിന് ഉണർവ് പകരുന്നതാണ്. അതിനാൽ പുലർകാലെയുള്ള വ്യായാമം വീട്ടിന് പുറത്ത് അൽപ്പം സൂര്യപ്രകാശമേറ്റ് ചെയ്യുന്നതാണ് ഉത്തമം.**



### 1. രോഗത്തിനോടുള്ള ശാസ്ത്രീയ സമീപനം

രോഗകാരണത്തെപ്പറ്റിയും അതിന്റെ ചികിൽസയെപ്പറ്റിയും ശാസ്ത്രീ യമായ അറിവുകളുടെ അടിസ്ഥാനത്തിൽ വേണം ചികിത്സ തേടുവാൻ. കേട്ടുകേഴ്വികൾ, പരമ്പരാഗത ധാരണകൾ, സുഹൃത്തുക്കളുടെ ഉപദേശം, മാധ്യമങ്ങൾ വഴി ലഭ്യമാകുന്ന പാതിവെന്ത അറിവുകൾ (half baked Knowledge) എന്നിവയുടെ അടിസ്ഥാനത്തിൽ ആണ് പലരും തീരുമാനങ്ങൾ എടുക്കുന്നത്. ഇന്റർനെറ്റിൽ കൂടി ലഭ്യമാകുന്ന വിവരങ്ങൾ വെച്ചും ചിലർ സ്വയ രോഗനിർണ്ണയവും ചികിത്സയും ചെയ്യാറുണ്ട്. ഇതൊക്കെ വലിയ അബദ്ധങ്ങളാണ്.

### 2. ഏതു ഡോക്ടറെ കാണണം?

മതിയായ യോഗ്യതയും പരിചയവുമുള്ള ഒരു കുടുംബ ഡോക്ടർ അല്ലെങ്കിൽ ജനറൽ ഫിസിഷ്യൻ ഒരോ വ്യക്തിയ്ക്കും കുടുംബത്തിനും ഉണ്ടായിരിക്കുന്നത് നല്ലതാണ്. ഓരോ രോഗത്തിനും മാറിമാറി ഡോക്ടർമാരെ കാണുന്നതും നേരിട്ട് സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ കാണുന്നതും ആശാസ്യമല്ല. പ്രാഥമിക ഡോക്ടറുടെ (കുടുംബ ഡോക്ടർ/ ജനറൽ ഫിസിഷ്യൻ ) തലത്തിൽ രോഗനിർണ്ണയവും ചികിത്സയും സാധ്യമല്ലാതെ വരുന്ന ഒരു ഘട്ടത്തിൽ ആ ഡോക്ടറുടെ തന്നെ നിർദ്ദശേപ്രകാരം സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ കാണുന്ന ഒരു രീതി നിലവിൽ വന്നിരുന്നു എങ്കിൽ അനാവശ്യമായ ഒരുപാട് പരിശോധനകൾ ഒഴിവാക്കാനും ചികിൽസാ ചെലവുകൾ കുറയ്ക്കാനും പറ്റും. സ്പെഷ്യലിസ്റ്റ് ഡോക്ടറെ കണ്ടതിനുശേഷം തിരികെ എത്തി അവിടെ നിന്നുള്ള രോഗനിർണ്ണയവും ചികിത്സാ നിർദ്ദേശങ്ങളും കുടുംബ ഡോക്ടറെ അറിയിക്കുകയും വേണം. അടിയന്തിരമായി സ്പെഷ്യലിസ്റ്റ് ചികിത്സ ആവശ്യമായ കേസുകളിൽ മാത്രം (ഉദാ: ഹൃദ്രോഗം – കാൻസർ) സ്പെഷ്യലിസ്റ്റ് ആശുപത്രികളെ നേരിട്ട് സമീപിച്ചാൽ മതിയാകും.


### 3. ചികിത്സാ രേഖകൾ

ചികിത്സാ രേഖകൾ ഭംഗിയായി തീയതി അനുസരിച്ച് ഫയൽ ചെയ്തു സൂക്ഷിക്കുന്ന ശീലം മിക്കവർക്കും ഇല്ല. ചികിത്സാ സംബന്ധമായ രേഖകൾ ആയുഷ്കാലം

സൂക്ഷിക്കുക. ആശുപത്രികളും ഡോക്ടറും മാറി എന്നിരിക്കാം – പക്ഷേ രോഗി മാറുന്നില്ല? ചികിത്സാ രേഖകൾ രോഗികൾ ആവശ്യപ്പെട്ടാൽ ആശുപത്രി അധികൃതർ നൽകും. കഴിക്കുന്ന മരുന്നിന്റെ പേരും കുറിപ്പുകളും എപ്പോഴും ഉണ്ടായിരിക്കണം. ഇങ്ങനെ രേഖകൾ സൂക്ഷിച്ചാൽ അനാവശ്യമായ ചില ആവർത്തന പരിശോധനകൾ ഒഴിവാക്കാം. പൂർവ്വകാല ചികിത്സയുടെ വിവരങ്ങൾ രോഗനിർണ്ണയത്തിനും ചികിത്സയ്ക്കും മരുന്നുകളുടെ പാർശ്വ ഫലങ്ങൾ അറിയുന്നതിനും എല്ലാം വളരെ ഉപകരിക്കും. രണ്ട് വർഷം മുമ്പ് എടുത്ത ഇ.സി. ജി. യും ഇപ്പോൾ നെഞ്ചുവേദന അനുഭവപ്പെടുമ്പോൾ എടുത്ത ഇ. സി. ജി. യും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ രോഗനിർണ്ണയത്തിന് അത് ഡോക്ടറെ ഏറെ സഹായിക്കും.

### 4. ആരോഗ്യകരമായ ഔഷധ ഉപയോഗം

ലക്ഷണങ്ങൾ പറഞ്ഞ് മെഡിക്കൽ ഷോപ്പിൽ നിന്ന് മരുന്നു വാങ്ങുക (ഗ്യാസിനുള്ള മരുന്ന്) ഇതേ ലക്ഷണങ്ങൾ പണ്ട് ഉണ്ടായിരുന്നപ്പോൾ ഡോക്ടർ തന്ന മരുന്ന് വീണ്ടും സ്വയമേ വാങ്ങിക്കഴിക്കുക. വേറൊരാൾക്ക് സമാനമായ ലക്ഷണങ്ങൾ ഉണ്ടായപ്പോൾ കഴിക്കുന്ന മരുന്ന് കഴിക്കുക എന്നീ പ്രവണതകൾ നമ്മുടെ ഇടയിൽ ഉണ്ട്. ഇവ അനഭിലഷണീയമാണെന്ന് പറയേണ്ടതില്ലല്ലോ? വേദനാ സംഹാരികളുടെ അമിതമായ ഉപയോഗം ഉദരത്തെയും, കരളിനെയും കിഡ്നിയെയും തകരാറിലാക്കാം. അലർജി മരുന്നുകൾ, കഫ് സിറപ്പുകൾ എന്നിവ പലരും കഴിക്കുന്നത് അനാവശ്യമായാണ്. ആന്റിബയോ



ട്ടിക് മരുന്നുകൾ ഒരിക്കലും സ്വയം തുടങ്ങരുത് – ശരിയായ അളവിൽ പൂർണ്ണമായ കോഴ്സ് കഴിച്ചില്ല എങ്കിൽ രോഗാണുക്കൾ പ്രതിരോധശേഷി നേടുകയും പിന്നീട് ആ ഔഷധം ഫലിക്കാതെ വരികയും ചെയ്യാം. പലതരം മരുന്നുകൾ കഴിക്കുന്നവർ എല്ലാം കൂടി കൂട്ടി കുഴച്ച് ഇടരുത് – പ്രത്യേകിച്ച് വാർദ്ധക്യത്തിൽ ഉള്ളവർ. മറവി മൂലം കഴിച്ച മരുന്ന് തന്നെ വീണ്ടും കഴിക്കാനും ഒരേ പോലെ ഇരിക്കുന്ന മരുന്നുകൾ മാറിപ്പോകാനും ഒക്കെ സാധ്യതയുള്ളതിനാൽ അവയെല്ലാം വ്യക്തമായി ലേബൽ ഒട്ടിച്ച് വെവ്വേറെ പാത്രത്തിൽ വെയ്ക്കുക. Fridge - ൽ വയ്ക്കുന്ന മരുന്നുകൾ അങ്ങനെ തന്നെ വയ്ക്കാത്ത പക്ഷം അവ ഫലശൂന്യമാകും. രണ്ടു നേരം കഴിക്കേണ്ട മരുന്നുകൾ സൗകര്യത്തിനായി ഒരു നേരം കഴിച്ചിട്ട് കാര്യമില്ല. ചെറിയ കുട്ടികൾ ഉള്ള വീട്ടിൽ മരുന്നുകൾ ഒരിക്കലും അവർ എടുക്കത്തക്ക രീതിയിൽ അലക്ഷ്യമായി വെയ്ക്കരുത്. ഒരു കൗതുകത്തിനോ പരീക്ഷണത്തിനോ ആയി കുട്ടികൾ മരുന്ന് കഴിച്ച് പലപ്പോഴും അപകടങ്ങൾ ഉണ്ടാകാറുണ്ട്. ഡേറ്റ് കഴിഞ്ഞ ഔഷധങ്ങൾ ഒരു കാരണവശാലും ഉപയോഗിക്കരുത്. സ്ഥിരമായി കഴിക്കേണ്ട മരുന്നുകൾ ആണെങ്കിലും കാലാകാലങ്ങളിൽ ഡോക്ടറെ കണ്ട് പുരോഗതി വിലയിരുത്തി ഡോസ് ക്രമീകരിച്ചു വേണം അവ കഴിക്കുവാൻ.

**5. ആരോഗ്യകരമായ ജീവിത ശൈലികൾ**

പ്രകൃതി നിയമങ്ങൾക്കനുസരിച്ച് ജീവിക്കുക എന്നതാണ് രോഗം വരാതെ ഇരിക്കാനും വന്ന രോഗങ്ങൾ മാറിപ്പോകാനും നമ്മൾ ചെയ്യേണ്ട ഏറ്റവും പ്രധാനമായ കാര്യം. പ്രമേഹം, ഹൃദ്രോഗം, രക്താതിസമർദ്ദം, ഉയർന്ന കൊളസ്ട്രോൾ നില എന്നിവയ്ക്ക് ഇക്കാര്യം ഏറ്റവും പ്രധാനപ്പെട്ടതാണ്.

1. ഭക്ഷണക്രമം 2. വ്യായാമക്രമം 3. നിദ്രാക്രമം. ഈ മൂന്ന് ക്രമങ്ങളും ഏറെക്കുറെ തെറ്റാതെ പാലിച്ചുപോയാൽ ജീവിത ശൈലീ രോഗങ്ങളെ നിയന്ത്രിച്ചു നിർത്താം.

ഭക്ഷണ ക്രമത്തെപ്പറ്റിയും വ്യായാമ ക്രമത്തെപ്പറ്റിയും മറ്റ് ലേഖനങ്ങളിൽ പരാമർശിക്കുന്നതു കൊണ്ട് നിദ്രാക്രമത്തെപ്പറ്റി മാത്രം വിശദമായി ഇവിടെ പറയാം.

**നിദ്രാശുചിത്വം (Sleep Hygiene)**

ഉറങ്ങുന്നതിനും ഉണരുന്നതിനും പ്രകൃതിയുടെ താളക്രമം തലച്ചോറിലെ ഹൈപ്പോതലാമസ് എന്ന സിരാ കേന്ദ്രമാണ് നിർണ്ണയിക്കുന്നത്.


സൂര്യോദയത്തോടെ ഉണരുകയും പകൽ സമയം ഉറക്കാതെ സജീവമായ പ്രവൃത്തികളിൽ ഏർപ്പെടുകയും സൂര്യാസ്തമനത്തിനു ശേഷം രണ്ട്, മൂന്ന് മണിക്കൂറുകൾക്കുള്ളിൽ ഉറങ്ങുകയും 6 മുതൽ 8 മണിക്കൂർ വരെ ഭംഗം വരാത്ത നിദ്ര രാത്രിയിൽ ലഭിക്കുകയും ചെയ്യുക എന്നതാണ് ഈ താളക്രമം. ആധുനിക ജീവിത ശൈലിയുടെ ഭാഗമായി വളരെ വൈകി ഉറങ്ങുകയും രാവിലെ വളരെ വൈകി എഴുന്നേൽക്കുകയും ചെയ്യുന്നത് ഈ താള ക്രമത്തിന്റെ ഭംഗത്തിനു കാരണമാകുകയും ജീവിത ശൈലി രോഗങ്ങളുടെ നിയന്ത്രണം ഇല്ലാതാക്കുകയും ചെയ്യുന്നു.

രാവിലെയുള്ള സൂര്യപ്രകാശം തലച്ചോറിന് ഉണർവ് പകരുന്നതാണ്. അതിനാൽ പുലർ കാലെയുള്ള വ്യായാമം വീട്ടിന് പുറത്ത് അൽപ്പം സൂര്യപ്രകാശമേറ്റ് ചെയ്യുന്നതാണ് ഉത്തമം.

**ഉപസംഹാരം**

പ്രകൃതിയോടും മനുഷ്യനോടും പ്രപഞ്ച സൃഷ്ടാവായ ദൈവത്തോടും ബന്ധപ്പെട്ടു നിൽക്കുന്നതാണ് ആരോഗ്യം. ഈ ബന്ധം മുറിഞ്ഞു പോയിരിക്കുന്നത് മനുഷ്യന്റെ രോഗങ്ങളുടെ അടിസ്ഥാന കാരണമായി മാറിയിരിക്കുന്നു. മുറിഞ്ഞുപോയ ഈ ബന്ധങ്ങളെ – പ്രകൃതിയോടും മനുഷ്യർ തമ്മിൽ തമ്മിലും ദൈവത്തോടും ഉള്ള ബന്ധങ്ങളെ പുന:സ്ഥാപിക്കുന്നതാണ് സമഗ്രമായ ആരോഗ്യം. മണ്ണിനോടും, പ്രകൃതിയോടും കണക്ട് ചെയ്യപ്പെടണം കുട്ടികളുടെ തലച്ചോറും ശരീരവും. ചുറ്റുപാടുമുള്ള മനുഷ്യരോട് കണക്ട് ചെയ്യപ്പെടണം നമ്മുടെ കൗമാരക്കാരുടെ മനസ്സുകൾ. സൃഷ്ടാവായ ദൈവത്തോട് കണക്ട് ചെയ്യപ്പെടണം നമ്മുടെ ആത്മ ശരീര മനസ്സുകൾ.

(പ്രശസ്ത മനഃശാസ്ത്രജ്ഞനും സഭാ മാനേജിംഗ് കമ്മറ്റിയംഗവുമാണ്) ■



വാവുകൾ കഴിഞ്ഞാൽ മിന്നാമിനുങ്ങായിരിക്കും കാവ്യബിംബങ്ങളിലും, ചിന്താസരണികളിലും ഇടംപിടിച്ച 'പറക്കുന്ന വിളക്ക്', പോലെ തോന്നിക്കുന്ന ചെറുപ്രാണി. രാത്രിയിൽ അവിടവിടായി ആകാശത്തിന് ചന്തം കൂട്ടുന്ന നക്ഷത്രങ്ങളെപ്പോലെ മിന്നാമിനുങ്ങുകൾ ദീപ്തി ചൊരിയുന്നത് ആരെയാണ് ആകർഷിക്കാത്തത്. സ്വയം പ്രകാശിക്കുന്നതാവാം ഇവ നൽകുന്ന വലിയ പാഠം. ശബ്ദതാരാവലിയിൽ മിന്നാമിനുങ്ങിന് അർത്ഥം നൽകിയിരിക്കുന്നത് പൃഷ്ടഭാഗത്ത് വെളിച്ചമുള്ള ഒരിനം ചെറിയ കീടം എന്നതാണ്.

'പ്രകൃതി തന്നെ മുമ്പിൽ' എന്ന ഡോ. സി.ജി. ചന്ദ്രൻനായർ വിജ്ഞാന കൈരളിയിൽ എഴുതിയ ലേഖനത്തിൽ മിന്നാമിനുങ്ങിന്റെ വെളിച്ചത്തെക്കുറിച്ച് അദ്ദേഹം പകർന്നു നൽകുന്ന അറിവുകൾ വളരെ പ്രാധാന്യമർഹിക്കുന്നു. അതിപ്രകാരമാണ്, ഏതാണ്ട് രണ്ടായിരത്തിൽപ്പരം തരം മിന്നാമിനുങ്ങുകൾ പ്രകൃതിയിൽ കാണപ്പെടുന്നു (fire files) "തണുത്ത വെളിച്ചം" (cold light) തരുന്നു എന്നതാണ് ഈ ചെറു ജീവികളുടെ ജീവിതത്തിലെ അത്ഭുത പ്രതിഭാസം. മിന്നാമിനുങ്ങിന്റെ പ്രകാശത്തിൽ ഇൻഫ്രാറെഡ്, അൾട്രാവൈലറ്റ്, എന്നീ വിഭാഗത്തിൽപ്പെടുന്നവ ഇല്ല. ശുദ്ധമായ ദിവ്യപ്രകാശമാണവ തരുന്നത് (visible light). മനുഷ്യ നിർമ്മിത പ്രകാശ സ്രോതസ്സുകളിലെല്ലാം പ്രകാശത്തോടൊപ്പം കുറഞ്ഞതോ, കൂടിയതോ ആയ അളവുകളിൽ ചൂടും ബഹിർഗമിക്കുന്നുണ്ട്. മെഴുക് തിരിയായും, ഇലക്ട്രിക് ബൾബായാലും, സി.എഫ്.എൽ ആയാലും ഇതാണ് സ്ഥിതി. എന്തിന് സാക്ഷാൽ സൂര്യനും പ്രകാശത്തോടൊപ്പം ചൂടും തരുന്നുണ്ടല്ലോ. അപ്പോൾ ചെറുജീവിയായ മിന്നാമിനുങ്ങിന് മാത്രം ചൂടില്ലാത്ത പ്രകാശം



# പക്ഷികളും മിന്നാമിനുങ്ങും

■ ഫാ. ജോൺ സ്ലീബ, മുഖത്തല

> ചില പക്ഷികൾ രാത്രിയിൽ അവയുടെ കൂട്ടിൽ, മിന്നാമിനുങ്ങിനെ പിടിച്ച് കൊണ്ട് വയ്ക്കാറുണ്ട്, എന്ന് വായിച്ചിട്ടുണ്ട്. അത് പക്ഷിക്കുഞ്ഞുങ്ങൾക്ക് വെളിച്ചം ലഭിക്കുന്നതിന് വേണ്ടിയാണ് എന്നറിയുമ്പോൾ എത്ര അതിശയം നമുക്ക് തോന്നുന്നു.

തരാൻ എങ്ങനെ സാധിക്കുന്നു.

ഡോ.സി.ജി. രാമചന്ദ്രൻ നായർ പറയുന്നു ബയോലൂമിനിസൻസ് (Bioluminiscence) അഥവാ “ജൈവദീപ്തി” എന്നാണ് ശാസ്ത്രജ്ഞൻ ഇത്തരം പ്രതിഭാസങ്ങൾക്ക് പൊതുവേ നൽകുന്ന പേര്. മിന്നാമിനുങ്ങിനെ കൂടാതെ മറ്റു പല ജീവികളും ഇത്തരം പ്രതിഭാസം പ്രദർശിപ്പിക്കാറുണ്ട്. ധാരാളം ശാസ്ത്രപഠനങ്ങൾ ജൈവദീപ്തിയെപ്പറ്റി നടത്തിയിട്ടുണ്ടെങ്കിലും ഇതിന്റെ പൂർണ രഹസ്യം മനസിലാക്കുവാൻ കഴിഞ്ഞിട്ടില്ല. കൃത്യമായി ബയോദീപ്തി ഉണ്ടാക്കാൻ ശാസ്ത്രജ്ഞർക്ക് കഴിഞ്ഞിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ മിന്നാമിനുങ്ങിനേക്കാൾ വളരെ പുറകിലാണ്. ഇതൊക്കെയും മിന്നാമിനുങ്ങിന്റെ പുറമെയുള്ള അറിവുകളാണ്.

**ഭാരതം എന്ന വാക്കിന്** ഭാസിൽ രതിയുള്ളത് അതായത് പ്രകാശത്തിൽ, ജ്യോതിസ്സിൽ രമിക്കുന്നത്, ആനന്ദിക്കുന്നത് എന്നർത്ഥം. അങ്ങനെയെങ്കിൽ ഓരോ ഭാരതീയനും പ്രകാശത്തിൽ ആനന്ദിക്കുകയും പ്രകാശം പകരുകയും ചെയ്യേണ്ടതല്ലേ ഓരോ മിന്നാമിനുങ്ങിനെപ്പോലെ...

ചില പക്ഷികൾ രാത്രിയിൽ അവയുടെ കൂട്ടിൽ, മിന്നാമിനുങ്ങിനെ പിടിച്ച്കൊണ്ട് വയ്ക്കാറുണ്ട്, എന്ന് വായിച്ചിട്ടുണ്ട്. അത് പക്ഷിക്കുഞ്ഞുങ്ങൾക്ക് വെളിച്ചം ലഭിക്കുന്നതിന് വേണ്ടിയാണ് എന്നറിയുമ്പോൾ എത്ര അതിശയം നമുക്ക് തോന്നുന്നു. മിന്നാമിനുങ്ങിന്റെ നുറുങ്ങ് വെട്ടം ഒരു കിളിക്കൂട്ടിൽ പ്രകാശം വിതറുന്ന കാഴ്ച ഒന്നു കാണണമെന്ന് തോന്നുന്നില്ലേ.

**രവീന്ദ്രനാഥ ടാഗോറിന്റെ** ഒരു കവിതയിൽ ഒരു ചെറുതിരി പറയുന്നത് ശ്രദ്ധിക്കാം. ഒരു ചെറുകുടിലിന്റെ ഒരു കോണിൽ നിന്ന് ചെറിയ തിരി തെളിഞ്ഞുകൊണ്ട് ഇങ്ങനെ പറയുന്നു. ഈ ലോകം മുഴുവൻ ഇരുട്ട് നിറഞ്ഞിരിക്കുന്നു. ഈ അതിരറ്റ ഇരുട്ടിന്റെ ശക്തി കുറക്കാൻ എന്റെ വെളിച്ചത്തിന് കഴിയുകയില്ല എന്നെനിക്കറിയാം എങ്കിലും ഇതാ എന്റേതായി ഇത്തിരിവെട്ടം. ഈ വരികളിൽ ടാഗോർ ഒളിച്ചു വെച്ചിരിക്കുന്നെ വെളിച്ചം എത്ര മൺചെരാതുകളെയാണ് വെളിച്ചത്തിന്റെ നിയോഗത്തിലേക്ക് ക്ഷണിച്ചിട്ടുള്ളത്.

**ശ്രീനാരായണഗുരു ആത്മോപദേശതകം** എന്ന തന്റെ അതിപ്രശസ്തമായ ഗ്രന്ഥത്തിൽ പറയുന്നു, “സാധാരണ ജനങ്ങൾ ഉറങ്ങിയും ഉണർന്നും കഴിയുന്നതിനിടയ്ക്ക് ലോകത്തെക്കുറിച്ച് പലതും ചിന്തിക്കാറുണ്ട് എല്ലാം ഉറ്റുനോക്കിക്കൊണ്ട് അമൂല്യമായഉദയാസ്തമയങ്ങളില്ലാത്ത ഒരു വിളക്ക് ഓരോരുത്തരുടേയും ഉള്ളിൽ ജ്വലിക്കുന്നുണ്ടെന്ന സത്യം മനസ്സിലാക്കി ജീവിക്കണം.”

**വേദപുസ്തകത്തിൽ സാത്താന്റെ പേര്** ലൂസിഫർ എന്നാണ് കാണുന്നത്. ‘Light Bringer’ എന്നാണതിന്റെ അർത്ഥം. ഒരിക്കൽ പ്രകാശത്തിന്റെ സഹയാത്രികരായിരുന്നവർ അഹങ്കാരത്തിൽ പാതാളത്തിന്റെ (ഇരുട്ടിന്റെ) അനുഭവത്തിലേക്ക് നിലം പതിക്കുന്നു. നന്മയുടേയും ആദമിന്റെയും കണ്ണു തുറക്കുമ്പോൾ ആന്തരീകാഴ്ച അഥവാ ദൈവദർശനം നഷ്ടമായി പുറംകാഴ്ചയിൽ തങ്ങൾ നഗ്നരാണെന്ന് അവർ തിരിച്ചറിയുന്നു.

ഏഷ്യയുടെ വെളിച്ചം എന്ന് ബുദ്ധൻ അറിയപ്പെടുന്നു. ഭാരതത്തിന്റെ വെളിച്ചമായി മദർ തെരേസ പ്രകാശിക്കുന്നു. ക്രിസ്തു പറയുകയാണ് ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു. നിങ്ങൾ ഓരോരുത്തരും പ്രകാശിക്കണം, പ്രകാശിപ്പിക്കണം എന്ന് ക്രിസ്തു പഠിപ്പിക്കുന്നു.

മിന്നാമിനുങ്ങുകൾ പ്രകാശിപ്പിക്കുന്ന രാത്രികൾ പോലെ ജീവിതം കൊണ്ട് നമ്മെ പ്രകാശിപ്പിച്ചവരുടെ വെളിച്ചം ആദ്യവെളിച്ചമാണെന്ന് തിരിച്ചറിഞ്ഞ് സ്വന്തം വീടിന് വേണ്ടി, സമൂഹത്തിന് വേണ്ടി, ലോകത്തിന് വേണ്ടി പ്രവർത്തിക്കാം, പ്രാർത്ഥിക്കാം... ■

# കുടുംബ ജീവിതത്തിലെ നേർക്കാഴ്ചകൾ



**പരുമലയിൽ ആഴ്ചയിൽ ഒരു ദിവസം എന്ന നിലയിൽ കൗൺസലിങ്ങ് ആരംഭിച്ചിട്ട് 21 വർഷങ്ങൾ പിന്നിട്ടു. പ്രശ്നങ്ങൾ പങ്കിട്ടിട്ടുള്ള അനേകരുടെ മുഖം ഓർത്തെടുക്കാൻ വളരെ പ്രയാസമാണ്. എന്നാൽ അനേക സംഭവങ്ങൾ ഓർമ്മയിലുണ്ട്. അവയിൽ ചിലതാണ് ഇവിടെ കുറിക്കുന്നത്.**

■ ഫാ. ഡോ. ഒ. തോമസ്
(പ്രിൻസിപ്പാൾ, ഓർത്തഡോക്സ് സെമിനാരി കോട്ടയം)

യഥാസമയത്ത് ചെയ്യുന്ന ഒരു തുന്നൽ ഒൻപതു തുന്നലിന് വിരാമമിടാം (A Stitch in Time Saves Nine) എന്ന പഴഞ്ചൊല്ലിന് സമാനമാണ് കുടുംബ പ്രശ്നങ്ങൾ. തക്കസമയത്ത് നല്ല ഇടപെടലുകൾ ഉണ്ടായാൽ അനവധി കുടുംബ പ്രശ്നങ്ങൾ പരിഹരിക്കാമായിരുന്നു എന്നത്. എന്റെ അടുക്കൽ വന്ന കുടുംബ പ്രശ്നങ്ങളെല്ലാം പരിഹരിച്ചു കൊടുക്കാൻ സാധിച്ചിട്ടില്ലാ എന്ന വസ്തുത ചൂണ്ടിക്കാട്ടിക്കൊണ്ടുതന്നെ പറയട്ടെ, തക്കസമയത്ത് കൗൺസലിങ്ങിന് വന്നിട്ടുള്ള അനേക ദമ്പതികളെ സഹായിക്കാനായിട്ടുണ്ട്. ആ തരത്തിലുള്ള ചില സംഭവങ്ങൾ ഇവിടെ ഹ്യസ്വമായി സൂചിപ്പിക്കട്ടെ.

പരുമലയിൽ ആഴ്ചയിൽ ഒരു ദിവസം എന്ന നിലയിൽ കൗൺസലിങ്ങ് ആരംഭിച്ചിട്ട് 21 വർഷങ്ങൾ പിന്നിട്ടു. പ്രശ്നങ്ങൾ പങ്കിട്ടിട്ടുള്ള അനേകരുടെ മുഖം ഓർത്തെടുക്കാൻ വളരെ പ്രയാസമാണ്. എന്നാൽ അനേക സംഭവങ്ങൾ ഓർമ്മയിലുണ്ട്. അവയിൽ ചിലതാണ് ഇവിടെ കുറിക്കുന്നത്. അതിന്റെ പ്രത്യേക താല്പര്യം ഒടുവിൽ പറഞ്ഞുകൊള്ളാം.



## ഒന്ന്

രണ്ടു ദശകങ്ങൾക്കു മുൻപുള്ള ഒരു സംഭവമാണ്. വീട്ടുകാർ ആലോചിച്ച് ഉറച്ച വിവാഹം. പെൺകുട്ടി ബിരുദധാരി. യുവാവ് എൻജിനീയർ. സാമ്പത്തിക നിലയിൽ പെൺകുട്ടിയുടെ വീട്ടുകാർ മുൻപിലാണ്. മാതാപിതാക്കൾ ഗൾഫിൽ ജോലി. 10-ാം ക്ലാസ്സ് കഴിഞ്ഞ് പെൺകുട്ടിയുടെ പഠനം നാട്ടിൽ. അവധിക്കുവരുമ്പോൾ മാതാപിതാക്കൾ മകളുടെ ഇഷ്ടമനുസരിച്ചുള്ള ഷോപ്പിംഗും എല്ലാം നടത്തിക്കൊടുത്തിരുന്നു. സാമ്പത്തികത്തിൽ പിന്നിലാണെങ്കിലും, യുവാവിന്റെ ഉന്നത വിദ്യാഭ്യാസവും, നാട്ടിലെ സർക്കാർ ജോലിയും കണക്കിലെടുത്തു വിവാഹം നടന്നു. ആദ്യത്തെ കുറച്ചു മാസങ്ങൾ കുഴപ്പമില്ലാതെ പോയി. പിന്നീട് അപസ്വരങ്ങളായി. ഭർത്താവ് കരുതുന്നില്ല, സ്നേഹിക്കുന്നില്ല എന്ന് പരാതി പറഞ്ഞ് ഭാര്യ സ്വന്തം വീട്ടിലേക്കു പോയി. കുറച്ചു

ആഴ്ചകൾ അകന്നു നിന്ന ശേഷം ആരോ പറഞ്ഞതനുസരിച്ച് രണ്ടുപേരും കൂടി കൗൺസലിങ്ങിനെത്തി. രണ്ടുപേരും തങ്ങളുടെ പ്രശ്നങ്ങൾ ഒറ്റയ്ക്കും കൂട്ടായും പങ്കിട്ടു. ഭാര്യയുടെ ഇഷ്ടമനുസരിച്ച് ഒന്നും വാങ്ങിക്കൊടുക്കുന്നില്ല (പ്രത്യേകിച്ചും തുണിത്തരങ്ങൾ). എങ്ങും കൊണ്ടുപോകുന്നില്ല എന്ന ഭാര്യയുടെ ആരോപണം ഭർത്താവും ശരിവെച്ചു. എന്നാൽ ഭർത്താവിന് മതിയായ കാരണമുണ്ടായിരുന്നു. ഭാര്യയോടുള്ള ഇഷ്ടക്കുറവായിരുന്നില്ല അതിന്റെ പിന്നിലുള്ളത്. ഗൾഫിലുള്ള മാതാപിതാക്കൾ അവധിക്കുവരുമ്പോൾ ഇഷ്ടാനുസരണം ഷോപ്പിംഗ് നടത്തിയിരുന്നതുപോലെ ചെയ്യുവാനുള്ള സാമ്പത്തിക വരുമാനം എൻജിനീയറാണെങ്കിലും ഭർത്താവിനുണ്ടായിരുന്നില്ല. അതു തുറന്നു പറയാൻ അയാൾക്കു വിഷമം. കൗൺസിലറുടെ സഹായത്തോടെ ഇരുവരും മനസ്സു തുറന്നു. വീട്ടിൽ പരിചയിച്ച രീതി ഭർത്താവിന് തുടരുന്നതിലുള്ള സാമ്പത്തിക ബുദ്ധിമുട്ട് ഭാര്യയ്ക്കു മനസ്സിലാക്കുവാനും ഷോപ്പിംഗിന് കൊണ്ടുപോയില്ലെങ്കിലും ഭാര്യയോട് സ്നേഹം പ്രകടിപ്പിക്കുവാനും മനസ്സിലുള്ള കാര്യങ്ങൾ സ്നേഹപൂർവ്വം തുറന്നുപറയാനും ഭർത്താവിന് സാധിക്കണമെന്ന് ഓർമ്മിപ്പിച്ചു. അങ്ങനെ പലകാര്യങ്ങൾ പരസ്പരം മനസ്സിലായപ്പോൾ ഒന്നിച്ചു ജീവിക്കാൻ തയ്യാറായി ഭാര്യ ഭർത്താവിന്റെ വീട്ടിലേക്കുതന്നെ പോയി.

## രണ്ട്

മറ്റൊരു സംഭവം. ഗൾഫിൽ ജോലിയുള്ള യുവാവുമായി വിവാഹം നടന്നു. ജോലിയേക്കുറിച്ചുള്ള വിശദമായ അന്വേഷണമൊന്നും ഭാര്യാവീട്ടുകാർ നടത്തിയിരുന്നില്ല. സ്വാഭാവികമായും വിവാഹം നടന്നു കുറച്ചുനാൾ കഴിഞ്ഞ് ഭർത്താവ് തിരികെ ജോലി സ്ഥലത്തേക്കു പോകുമെന്നും പിന്നീട് അവളെക്കൂടി കൊണ്ടുപോകുമെന്നും ഭാര്യാവീട്ടുകാർ ചിന്തിച്ചു. ഇതുരണ്ടും സംഭവിച്ചില്ല. ഗൾഫിലെ ജോലി തൽക്കാലം വിട്ടിട്ട്, മറ്റൊരു വിസാ തരപ്പെടുത്തി വീണ്ടും പോകാനുള്ള ഇടവേളയിലാണ് വിവാഹം നടന്നത്. ഭർത്താവും വീട്ടുകാരും തങ്ങളെ കളിപ്പിച്ചു എന്നാരോപിച്ച് പെൺകുട്ടിയെ അവളുടെ വീട്ടുകാർ വിളിച്ചുകൊണ്ടുപോയി. വിവാഹം ഒഴിയുന്നതാണ് നല്ലതെന്ന നിഗമനത്തിലെത്തി. വിവാഹം വേർപിരിക്കരുതെന്ന ഉപദേശം ഇടവക വികാരി പെൺകുട്ടിയുടെ വീട്ടുകാർക്കു നൽകിയതിനാൽ രണ്ടുകൂട്ടരും കൗൺസലിങ്ങിനെത്തി. ഒരു പെൺകുട്ടിയെ വിവാഹം ചെയ്തയക്കുമ്പോൾ സ്വാഭാവികമായും സാമ്പത്തികമായ ഒരു സുരക്ഷിതത്വം പ്രതീക്ഷിക്കുമെന്നും അതിനു ഭംഗം വന്ന സാഹചര്യത്തിൽ ഉണ്ടായ ഭാര്യയുടെയും വീട്ടുകാരുടെയും പ്രയാസവും നിരാശയും ഭർത്താവിന്റെ വീട്ടുകാരെ ബോധ്യപ്പെടുത്തി. ഉടനെ വിസാ തരപ്പെടുമെന്ന പ്രതീക്ഷയിലാണ് തൽക്കാലം ജോലിയില്ലെന്ന വസ്തുത മറച്ചുവെച്ചത് എന്നായിരുന്നു ഭർത്താവിന്റെയും വീട്ടുകാരുടെയും നിലപാട്. അതുതെറ്റായിപ്പോയി എന്ന് അവർ സമ്മതിച്ചു. മനപ്പൂർവ്വം കളിപ്പിച്ചു എന്ന് ചിന്തിക്കാതിരിക്കാൻ ഈവക വിവരങ്ങൾ നിങ്ങൾ അന്വേഷിച്ചില്ല എന്ന് ഭാര്യാവീട്ടുകാരോട് കൗൺസിലർ ചോദിക്കുകയും ചെയ്തു. ഒരു വിവാഹം നടക്കുമ്പോൾ ഗൗരവമായി ആലോചിക്കേണ്ട വിഷയങ്ങൾ രണ്ടുകൂട്ടരും കൈകാര്യം ചെയ്തില്ല എന്നു ബോദ്ധ്യമായപ്പോൾ ഒത്തുതീർപ്പിന് രണ്ടുകൂട്ടരും തയ്യാറായി. ദൈവം യോജിപ്പിച്ച വിവാഹത്തെ ഈ കാരണത്താൽ വേർപിരിക്കേണ്ട എന്നു തീരുമാനിക്കുകയുണ്ടായി.

## മൂന്ന്

ഐ. റ്റി. മേഖലയിൽ പ്രവർത്തിക്കുന്ന രണ്ടു വിദ്യാസമ്പന്നർ. പ്രവർത്തനമേഖലയിൽ വച്ച് പരിചയപ്പെട്ടും സ്നേഹിച്ചും രണ്ടു കുടുംബങ്ങളുടെയും ആശീർവാദത്തോടെ വിവാഹം കഴിച്ചു. രണ്ട് മാസങ്ങളായില്ല "ഈ മനുഷ്യന്റെ കൂടെയുള്ള ജീവിതം സാദ്ധ്യമല്ല" എന്നുപറഞ്ഞ് പെൺകുട്ടി വീട്ടിലേക്കു പോയി. "എനിക്കു താല്പര്യമില്ല" എന്നുള്ളതല്ലാതെ മാതാപിതാക്കളോട് കാരണമൊന്നും പെൺകുട്ടി പറയുന്നില്ല. മാതാപിതാക്കൾ, കുട്ടിയെ കൗൺസലിങ്ങിനായി കൊണ്ടുവന്നു. യാഥാസ്ഥിതിക കുടുംബത്തിലെ കുട്ടിക്ക് മാതാപിതാക്കളോട് തുറന്നുപറയാൻ വിഷമമുള്ളതായിരുന്നു സംഗതി. അതായത് ഇന്റർനെറ്റിലെ അശ്ലീല സൈറ്റുകൾ കാണുന്ന ഒരു പ്രവണത ചെറുപ്പക്കാരനായ ഭർത്താവിനുണ്ടായിരുന്നു. അതിലെ വെറുപ്പായ സംഗതികളോട് സഹകരിക്കാൻ നിർബന്ധം വന്നപ്പോൾ പെൺകുട്ടിക്ക് അത് ഉൾക്കൊള്ളാനായില്ല. സംസ്ക്കാരവും, ആത്മീയതയും തൊട്ടുതീണ്ടിയിട്ടില്ലാത്ത ഒരാളാണ് ഭർത്താവ് എന്ന്


## മലങ്കരസഭാ മാസിക

- മലങ്കരസഭാ മാസികയിലേക്ക് വരിസംഖ്യ, പരസ്യം ഇനത്തിൽ ബാങ്കിൽ പണം നിക്ഷേപിക്കുന്നവർ 0481-2573234 എന്ന നമ്പരിൽ വിളിച്ചറിയിക്കണം.

[Bank -S.B.T Devalokam,
Account Name & Number
- MALANKARA SABHA
(57017053203)
IFSC Code - SBT R 0000820]

- എല്ലാ മാസവും 10-ന് മലങ്കരസഭാ മാസിക കോട്ടയത്തു നിന്നും പോസ്റ്റു ചെയ്യുന്നു.
- ഏതെങ്കിലും കാരണവശാൽ മാസിക ലഭിക്കാതെ വരുന്നവർ അതതു പോസ്റ്റാഫീസുമായി ബന്ധപ്പെടണം.
- മലങ്കരസഭാ മാസിക സംബന്ധമായ പരാതികൾ രാവിലെ 10 മുതൽ 4 വരെ 0481-2573234 എന്ന നമ്പറിൽ അറിയിക്കാവുന്നതാണ്.
- ലേഖനങ്ങൾ പേജ്മേക്കറിൽ (pmd) ML-TT Revathy Font ൽ അയച്ചു തരണം. A4 മൂന്നു പേജിൽ കവിയരുത്.
- പരസ്യപേജ് ലേ-ഔട്ട് ചെയ്ത് PDF-ൽ അതതുമാസം 25-നു മുമ്പ് നൽകണം.
- സൺഡേസ്ക്കൂൾ കേന്ദ്രതല സമ്മാനാർഹരുടെ ഫോട്ടോയോടൊപ്പം വികാരിയുടെ കത്ത് നിർബന്ധമായും ഉണ്ടായിരിക്കണം.

Malankara Sabha Masika
Catholicate Aramana
Devalokam, Kottayam-686004

malankarasabha1946@gmail.com
sabhamasika@yahoo.com



## മലങ്കരസഭ മാസിക

### വരിസംഖ്യ

| | |
|---|---|
| ഒറ്റപ്രതി | : ₹ 15 |
| ഒരുവർഷം | : ₹ 180 |
| രണ്ട് വർഷം | : ₹ 360 |
| 6 വർഷം | : ₹ 1000 |
| വിദേശത്തേക്ക്: | |
| ഒരു വർഷം | : ₹ 2000 |

Malankara Sabha Magazine
Devalokam Kottayam-04;
Ph:0481-2573234, 9947804477



# വിവാഹ ദർശനങ്ങൾ

■ പ്രൊഫ. ഡി. മാത്യു, തിരുവനന്തപുരം

**ര**ക്ഷാകര ജീവിതത്തിനുള്ള ദൈവിക കർമ്മമാണ് കൂദാശ. വിശദമായി പറഞ്ഞാൽ മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്ക് ആവശ്യമുള്ളവയായി നമ്മുടെ കർത്താവ് കല്പിച്ച് നിശ്ചയിച്ചിട്ടുള്ള അപ്രത്യക്ഷമായ നന്മകളുടെ പ്രത്യക്ഷങ്ങളായ വിശുദ്ധ കർമ്മങ്ങളാകുന്നു വിശുദ്ധ കൂദാശകൾ.

ഭാര്യക്കു തോന്നി. സ്നേഹിച്ചു കെട്ടി എങ്കിലും ഇപ്പോഴുള്ള വികാരം കഠിനമായ വെറുപ്പായിരുന്നു. ദീർഘമായി ചില കാര്യങ്ങൾ കുട്ടിയെ പറഞ്ഞുമനസ്സിലാക്കി. സ്വാഭാവിക അഭിരുചികളെ മാറ്റി മറിക്കുന്ന ഇന്റർനെറ്റിന്റെയും പ്രത്യേകിച്ച് അശ്ലീല വെബ്സൈറ്റുകളുടെയും സ്വാധീനം പെൺകുട്ടികളേക്കാൾ അധികം ആൺകുട്ടികൾക്കുണ്ടാകുമെന്നും ആ ഒറ്റക്കാരണം കൊണ്ട് വിവാഹം വേർപിരിക്കരുതെന്നും നിർദ്ദേശിച്ചു. തെറ്റുകൾ തിരിച്ചറിഞ്ഞ് മാറ്റങ്ങൾ വരുത്താൻ ഭർത്താവ് തയ്യാറായാൽ സ്വീകരിക്കുന്നതാണ്, എന്തുകൊണ്ടും നല്ലത് എന്നും ഓർമ്മിപ്പിച്ചു. അതിൻപ്രകാരം ഭർത്താവിനെ വിളിപ്പിച്ചു. ലൈംഗികത ദൈവം തന്നെ വരദാനമാണെന്നും, ഭാര്യാഭർത്താക്കന്മാർ അതിൽക്കൂടി സ്നേഹം പങ്കിടണമെന്നും അയാളെ ബോധിപ്പിച്ചു. ഇന്റർനെറ്റിൽ കാണുന്നത് കൊമേഴ്സൽ സെക്സ് ആണെന്നും, ദൈവം കൂട്ടിച്ചേർത്ത ഭാര്യാഭർത്താക്കമാർക്കുള്ളതല്ലെന്നും പറഞ്ഞുകൊടുത്തു. ഭാര്യയെ ലൈംഗികത ആസ്വദിക്കാനുള്ള ഉപകരണമായി കണ്ടാൽ അതു തരംതാണ സമീപനമാണെന്നും, ആത്മീയതയ്ക്കോ സംസ്കാരത്തിനോ ചേർന്നതല്ലെന്നും ബോദ്ധ്യപ്പെടുത്തി. അങ്ങനെ ഒരു സമീപനം വന്നാൽ ഏതു ഭാര്യയും ഭർത്താവിനെ വെറുക്കുമെന്നും, ലൈംഗികതയിലും സ്വാർത്ഥത പാടില്ലെന്നും സ്വന്ത സന്തോഷത്തേക്കാൾ പങ്കാളിയുടെ വികാരത്തെ മാനിക്കണമെന്നും, അവർക്കു താല്പര്യമില്ലാത്ത ഒരു കാര്യവും അവരിൽ പരീക്ഷിക്കരുതെന്നും നിർദ്ദേശിച്ചു. രണ്ടുപേർക്കും ഒരുമിച്ചു കൗൺസലിങ്ങ് നൽകി. പരസ്പരം മനസ്സിലാക്കുന്നതിൽ കൂടി ധാരണയുണ്ടാവുകയും ഒരുമിച്ചു മുന്നോട്ടു പോകുവാൻ തീരുമാനിക്കുകയും ചെയ്തു.

### നാല്

മറ്റൊന്ന്, പെൺകുട്ടി ജനിച്ചുവളർന്ന വീടും പരിസരവും ആധുനികമാണ്. വിവാഹം ചെയ്തയച്ചത് പഴയ ഒരു തറവാട്ടിലേക്കാണ്. വിശാലമായ വീടാണെങ്കിലും അതിന്റെ തറയും, അടുക്കളയും, ടോയ്ലറ്റുമെല്ലാം പഴയ രീതിയിലുള്ളതാണ്. വിവാഹം നടക്കാൻതക്ക സാമൂഹ്യ സാമ്പത്തിക സാഹചര്യങ്ങൾ ഒക്കെ സമാനവുമാണ്. എന്നാൽ വ്യക്തികളുടെ വികാര വിചാരങ്ങളും മനസ്സിന്റെ ചില ഭാവങ്ങളും ഈ ചേർച്ചയിൽ നിൽക്കണമെന്നില്ലല്ലോ. സാധാരണ ഗതിയിൽ പെൺകുട്ടി താമസിക്കാൻ പോകുന്ന വീടിന്റെ ഭൗതിക ചുറ്റുപാടുകൾ അവർ അറിയുന്നുമില്ലല്ലോ. ആധുനിക, മാർബിൾ തറയുടെ വെടിപ്പും വൃത്തിയും ശീലിച്ച ഒരാളിന് പഴയ തറവാടുകളുടെ ഈൗർപ്പം കൂടിയ തറയോടുകൾ വൃത്തിയുള്ളതായി തോന്നണമെന്നില്ല. അതുപോലെയാണ് മോഡേൺ കിച്ചനുകളും, ടോയ്ലറ്റുകളും. വിവാഹം ആലോചിക്കുമ്പോൾ ഇതൊക്കെ വലിയ കാര്യങ്ങളാണോ എന്ന് മുതിർന്ന തലമുറയിലുള്ളവർ ചിന്തിച്ചുപോകും. ഏതായാലും വിവാഹം കഴിഞ്ഞു. രണ്ടാഴ്ചയായപ്പോൾ പെൺകുട്ടി പറഞ്ഞു ആ പഴയ വീട്ടിൽ എനിക്കു താമസിക്കാനേ സാദ്ധ്യമല്ല എന്ന്. ആധുനിക സൗകര്യങ്ങളുള്ള ഒരു വീടു വാടകയ്ക്ക് എടുക്കാമെങ്കിൽ ഭർത്താവിനോടൊപ്പം താമസിക്കാം അല്ലെങ്കിൽ പോകാൻ ഒരുക്കമല്ല എന്ന് പെൺകുട്ടി തീരുമാനിച്ചു. മകളുടെ മനോവിഷമം മനസ്സിലാക്കിയ മാതാപിതാക്കൾ അതിനോടു

> **കുടുംബ പ്രശ്നങ്ങൾ കോടതിയിലെത്തുന്നതിനു മുൻപ് സഭയിൽ നിന്ന് ഇടപെടലുകൾ ഉണ്ടാകാനുള്ള സൗകര്യം ഉണ്ടാകണം.**

യോജിക്കുകയാണ് ചെയ്തത്. ഭർത്താവിന്റെ വീട്ടുകാർക്ക് ഇത് അപമാനമായി തോന്നി. വലിയ തറവാട്ടുവീട്, അവരുടെ പാരമ്പര്യ മഹിമയുടെ അടയാളമെന്നും അതിനെ അധിക്ഷേപിച്ച പെൺകുട്ടിയെ തങ്ങൾക്ക് ഇനി താല്പര്യമില്ലെന്നും അവരും തീരുമാനിച്ചു. മാതാപിതാക്കളുടെ ഈ തീരുമാനത്തോട് മകനും സ്വാഭാവികമായി യോജിക്കുകയാണുണ്ടായത്. രണ്ടു വീട്ടുകാർക്കും അഭിമാനത്തിന്റെ പ്രശ്നമായി മാറിയപ്പോൾ പിരിഞ്ഞു പോകയല്ലാതെ നിവൃത്തിയില്ലെന്നു വന്നു. കെട്ടിച്ചയച്ച വീട്ടിൽ വന്നു താമസിക്കണമെന്ന് ഭർത്താവിനും വീട്ടുകാർക്കും നിർബന്ധം. മനസ്സിന് ഇണ

ഇവ വിശുദ്ധ രഹസ്യങ്ങളുടെ (Sacraments) ആണ്. കൂദാശകളുടെ എണ്ണം ഏഴ് എന്ന് പറയാറുണ്ടെങ്കിലും ദൈവിക നൽവരം മനുഷ്യർക്കു ലഭ്യമാകുന്ന എല്ലാ കർമ്മങ്ങളും കൂദാശകൾ തന്നെയാണ്. വിവാഹം എന്നത് പുരുഷനും സ്ത്രീയും തമ്മിൽ ആത്മാവിൽ പരസ്പരം ബന്ധിക്കുകയും അവർക്കും അവരുടെ സന്തതികൾക്കും ദൈവത്തിൽ നിന്ന് അനുഗ്രഹങ്ങളും വാഴ്‌വുകളും ചൊരിഞ്ഞു കൊടുക്കുകയും ചെയ്യുന്ന ഒരു വിശുദ്ധ കൂദാശയാണ്.

മനുഷ്യ ജീവിതം താളാത്മകമാണ്. ജനനം മുതൽ മരണം വരെ ജീവിതത്തിന് ഒരു താളം അല്ലെങ്കിൽ റിഥം ഉണ്ട്. നിരവധി അനർഘ നിമിഷങ്ങൾ ജീവിതത്തിൽ ഉണ്ടാകുന്നതിൽ വളരെ പ്രധാനപ്പെട്ട ഘടകമാണ് വിവാഹം. സ്നേഹിക്കുന്ന രണ്ടു ഹൃദയങ്ങൾ ദൈവസന്നിധിയിൽ ഒന്നായി ചേരുമ്പോൾ സ്വപ്നങ്ങളും ആഗ്രഹങ്ങളും ഭയങ്ങളും സന്തോഷവുമെല്ലാം അന്യോന്യം പങ്കിടുന്ന അനുഭവത്തിൽ എത്തുന്നു. ഈ ഐക്യം ദൈവത്തിൽ സനാതന സ്നേഹത്തിന്റെ വെളിപ്പെടുത്തലാകും. വിവാഹം ഒരു തുടക്കമാണ്, ഒരു കണ്ടെത്തലാണ്. ഒരു പുതിയ വ്യവസ്ഥയും ഒരു പുതിയ ക്രമീകരണവുമാണ്. വിവാഹം ഒന്നും എഴുതാത്ത ഒരു ചെക്ക് ലീഫ് ആണ്. ജീവിതിന്മേലുള്ള ഒരു ഈടുവെയ്പാണ്. ഭാവിയിൽ വരുന്നതെന്ത് എന്ന് അറിയാതെ തന്നെ അവയെ ഒന്നിച്ച് നേരിടുവൻ ദൈവസന്നിധിയിൽ രണ്ടുപേർ സ്വീകരിക്കുന്ന ഒരു തീരുമാനവും ഉടമ്പടിയുമാണ്. ദൈവനിർമ്മിതമായ ഈ സംവിധാനം ഒരു സഹയാത്രയും, സാഹസികയാത്രയും ഒരു പുതിയ അനുഭവവും വിശുദ്ധമായ ഒരു സൗരഭ്യവും പരസ്പര വിശ്വാസത്തിലുള്ള ഒരു സമർപ്പണവുമാണ്.

വിവാഹകൂദാശയിൽ ഓർത്തഡോക്സ് സഭ വധൂവരന്മാരെ പത്ത് കാര്യങ്ങൾ പഠിപ്പിക്കുന്നു.

1. ദൈവത്തിന്റെ കൃപകൾ ധാരാളമായി അവരുടെമേൽ ചൊരിയുന്ന നീണ്ട പ്രാർത്ഥനയാണ്.

2. ദൈവത്തിന്റെ കാർമ്മികത്വത്തിൽ ഇതു നടക്കുന്നു എന്നതിന്റെ അടയാളമായി മോതിരം വാഴ്ത്തി വധുവിന്റെയും വരന്റെയും കൈയിൽ അണിയിക്കുമ്പോൾ ദൈവസന്നിധിയിൽ വിവാഹനിശ്ചയം നടക്കുകയാണ്.

3. ദൈവം കൂട്ടിച്ചേർത്തതിനെ മനുഷ്യൻ വേർപിരിക്കാൻ പാടില്ല എന്ന് ഉറപ്പിച്ച് പ്രഖ്യാപിക്കുന്നു.

4. ഭാര്യ ഭർത്താവിനെ അനുസരിക്കണം എന്ന് ഉപദേശിക്കുന്നു.

5. കർത്താവ് സഭയെ സ്നേഹിച്ചതുപോലെ ഭർത്താവ് ഭാര്യയെ സ്നേഹിക്കണം എന്ന് പഠിപ്പിക്കുന്നു.

6. കുടംബത്തിലെ രാജാവും രാജ്ഞിയുമായി അവരെ വാഴിക്കുന്നു. കിരീടമണിയിച്ച് ആശിർവദിക്കുന്നു.

7. ത്യാഗത്തിൽ അടങ്ങിയിരിക്കുന്ന സ്നേഹവും പരസ്പര വിശ്വാസവുമാണ് കുടുംബജീവിതത്തിന്റെ അടിസ്ഥാനം എന്ന് അവരെ ഉദ്ബോധിപ്പിക്കുന്നു.

8. ഭൗതിക ജീവിതത്തിലെ ഐശ്വര്യങ്ങൾക്കും സൗഭാഗ്യങ്ങൾക്കും വേണ്ടി പ്രാർത്ഥിക്കുന്നു.

9. അന്യോന്യം സ്നേഹിക്കുവാനും സഹകരിക്കുവാനും കരുതുവാനും നിർദ്ദേശിക്കുന്നു.

10. സഭയെ സ്നേഹിക്കുവാനും പ്രാർത്ഥനയിൽ ഉറ്റിരിപ്പാനും സൽക്കർമ്മങ്ങൾ ചെയ്യുവാനും അവരെ ഉപദേശിക്കുന്നു. ■

ങ്ങാത്ത വീട്ടിലേക്കു പോകാൻ തയ്യാറില്ലെന്ന് മകളും, അവളെ പിൻതാങ്ങുന്ന മാതാപിതാക്കളും. പ്രശ്നം മക്കളുടെ തലത്തിൽനിന്ന് മാതാപിതാക്കളുടെ തലത്തിലേക്ക് നീങ്ങിക്കഴിഞ്ഞു. അതിനാൽ കൗൺസലിങ്ങ് ആദ്യം അവർക്കാണ് നൽകിയത്. ഒരു വിവാഹം വേർപിരിക്കത്തക്ക പ്രശ്നങ്ങൾ ഇതിലുണ്ടോ എന്ന് ശാന്തമായി ചിന്തിക്കാൻ അവരെ പ്രേരിപ്പിച്ചു. കൂട്ടത്തിൽ ഒരുമിച്ചു കഴിയാൻ ഭാര്യക്കും ഭർത്താവിനും താല്പര്യമെങ്കിൽ മാതാപിതാക്കൾ അതിനു വിഘാതം നിൽക്കാതെ അവരെ അതിന് അനുവദിക്കുകയല്ലേ നല്ലത് എന്നും ചോദിച്ചു. മനസ്സ് ഇഴുകിച്ചേരുന്നതുവരെ രണ്ടുപേരും കൂടി മറ്റൊരു വീട്ടിൽ താമസിക്കുവാൻ അവർക്ക് ഇഷ്ടമെങ്കിൽ അത് അനുവദിക്കുന്നതല്ലേ, ഒരു ബന്ധം വിടർത്തുന്നതിനേക്കാൾ നല്ലത് എന്ന് ചിന്തിപ്പിച്ചു. മാതാപിതാക്കൾ, രണ്ടുകൂട്ടരും അതിനോട് യോജിച്ചു. ഭാര്യാഭർത്താക്കന്മാരേയും ഒരുമിച്ച് ചേർത്ത് കൗൺസലിങ്ങ് നൽകി. ഭൗതിക സൗകര്യങ്ങൾക്കപ്പുറത്ത് വിവാഹത്തിന് ആത്മീയവും, മാനസികവും, സാമൂഹികവും, കുടുംബപരവുമായ ഒട്ടേറെ മാനങ്ങളുണ്ടെന്ന് ബോദ്ധ്യപ്പെടുത്തി. തൽക്കാലം മനസ്സ് ഒന്നിഴുകിച്ചേരാൻ രണ്ടുപേരും തനിയെ കുറേനാൾ താമസിക്കുകയും ആ സമയംകൊണ്ട് രണ്ടു വീടുകളോടും നല്ല ബന്ധം പുലർത്തി ഭാവിയിൽ മാതാപിതാക്കളുമായി ചേർന്ന് ജീവിക്കുന്നതിനേക്കുറിച്ച് ചിന്തിക്കണമെന്നും ഓർമ്മിപ്പിച്ചു. ഒരുമിച്ചു ജീവിക്കാൻ തീരുമാനമെടുത്ത് അവർ തിരികെപ്പോയി.

## പിന്നാമ്പുറം

കുടുംബ ജീവിതത്തിന് ഒട്ടേറെ മാനങ്ങളും അതോടൊപ്പം സങ്കീർണ്ണതകളും ഉണ്ട്. മാതാപിതാക്കളോ അല്ലെങ്കിൽ ഇപ്പോഴത്തെ യുവതി യുവാക്കളോ അതേക്കുറിച്ചൊന്നും കാര്യമായി മനസ്സിലാക്കുന്നില്ല. വിവാഹത്തിന്റെ ആഘോഷപരവും, കാല്പനികവുമായ തലത്തിൽ മാത്രമാണ് പലരും നിൽക്കുന്നത്. അതുകൊണ്ടു തന്നെ ഒട്ടേറെ കുടുംബ പ്രശ്നങ്ങളുണ്ടാകുന്നു. തക്കസമയത്ത് പലരും പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കുന്നില്ല. വളരെ വഷളായതിനുശേഷം പരിഹരിക്കാൻ വൈഷമ്യം വർദ്ധിക്കുന്നു. "വിവാഹമോചനം ഇത്ര എളുപ്പത്തിലോ'' എന്നു ചോദിച്ചു കൊണ്ടുള്ള എന്റെ ഒരു ലേഖനം കുറച്ചുനാൾ മുൻപ് 'മലങ്കരസഭ'യിൽ പ്രസിദ്ധീകരിച്ചിരുന്നു. കുടുംബ പ്രശ്നങ്ങൾ കോടതിയിലെത്തുന്നതിനു മുൻപ് സഭയിൽ നിന്ന് ഇടപെടലുകൾ ഉണ്ടാകാനുള്ള സൗകര്യം ഉണ്ടാകണം. അവിടെ പരിഹരിക്കാനാവാത്തതേ കോടതിയിൽ എത്താൻ അനുവദിക്കാവൂ. നല്ല പങ്ക് പ്രശ്നങ്ങളും തക്കസമയത്ത് നല്ല ഒരു കൗൺസലിങ്ങിന് വിധേയമായാൽ പരിഹരിക്കപ്പെടാൻ സാദ്ധ്യതയുണ്ട്. ഒരു വിവാഹം, വേർപിരിയാതെ രക്ഷപെടുത്താൻ എല്ലാ വഴികളും നോക്കിയതിനുശേഷമേ പിരിഞ്ഞുപോകാൻ ആലോചിക്കാവൂ. പെട്ടെന്ന് എടുത്തുചാടി തീരുമാനമെടുത്താൽ ആയുഷ്ക്കാലം മുഴുവൻ അതേപ്പറ്റി ദുഃഖിക്കേണ്ടിവരുമെന്ന് മാതാപിതാക്കളും, മക്കളും ഗൗരവപൂർവ്വം മനസ്സിലാക്കേണ്ടിയിരിക്കുന്നു. ■

# വർദ്ധിച്ചു വരുന്ന വിവാഹ മോചനങ്ങൾ



**കുടുംബ പ്രശ്നങ്ങളിൽ കോടതികളിൽ എത്തുന്ന കേസുകളിൽ 35 ശതമാനം കേസുകളും വിവാഹമോചനം ആവശ്യപ്പെട്ടുകൊണ്ടുള്ളതാണ്. ഇത്ര മാത്രം കേസുകളുടെ വർദ്ധനവ്, സമൂഹത്തിൽ കുടുംബങ്ങളെ ബാധിച്ചിരിക്കുന്ന ദാമ്പത്യ തകർച്ചയെ സൂചിപ്പിക്കുന്നു. ഇത് വളരെ ഗൗരവമായി സമൂഹം തിരിച്ചറിയണം.**

## ദാമ്പത്യ ബന്ധം എങ്ങനെ ഭദ്രമാക്കാം

**■ ഡോ. ജെയ്സി കരിങ്ങാട്ടിൽ**

കേരളത്തിൽ വിവാഹ മോചനങ്ങളുടെ എണ്ണം വർദ്ധിച്ചുവരികയാണ്. കുടുംബ കോടതികളിൽ 2014-ൽ മാത്രം പുതുതായി രജിസ്റ്റർ ചെയ്തത് 57051 കേസുകളാണ് അതിൽ ഏകദേശം 20,000 കേസുകൾ വിവാഹമോചനം മാത്രം ആവശ്യപ്പെട്ടുകൊണ്ടുള്ള ഹർജികളാണ്. ഇതിൽ മുസ്ലീം വിഭാഗത്തിൽപ്പെട്ടവരുടെ എണ്ണം വളരെ കുറവാണ്. കാരണം അവരുടെ കേസുകൾ കോടതികളിൽ എത്താറില്ല. അതിനാൽ ഈ കണക്കുകൾ കേരള സമൂഹത്തിന്റെ തകരുന്ന കുടുംബങ്ങളുടെ നേർക്കാഴ്ചയാണ്. നിസ്സാര പ്രശ്നങ്ങൾ തക്കസമയത്ത് പരിഹരിക്കാത്തതു മൂലം പ്രശ്നങ്ങൾ സൃഷ്ടിച്ച് അവ പിന്നീട് ദാമ്പത്യ തകർച്ചയിലേക്കും വിവാഹ മോചനത്തിലേക്കും എത്തിച്ചേരുന്നു.

**ആഗോളവൽക്കരണത്തിന്റെയും** ഉദാരവൽക്കരണത്തിന്റെയും ഫലമായി സാമ്പത്തികമായും സാങ്കേതികമായും കേരള സമൂഹത്തിൽ പുത്തൻ കുതി




പ്പുകൾ ഉണ്ടായെങ്കിലും സാംസ്ക്കാരികമായും ധാർമ്മികമായും ജീവിത നിലവാരം തകരുകയാണെന്ന് വർദ്ധിക്കുന്ന വിവാഹമോചന കേസുകൾ വെളിപ്പെടുത്തുന്നു.

ദാമ്പത്യത്തിലെ പൊരുത്തക്കേടുകൾക്ക് പരിഹാരം തേടി കൗൺസലിങ്ങിനും, കോടതികളിലും, മനശാസ്ത്രജ്ഞന്മാരുടെ അടുത്തും എത്തുന്നവരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചു. വിവാഹ ജീവിതം സന്തോഷവും സമാധാനവും സംതൃപ്തവുമായിരിക്കുന്നവരുടെ എണ്ണം കുറഞ്ഞു.

**ജീവിതത്തിന്റെ പ്രതീക്ഷകളും** സ്വപ്നങ്ങളും തകർന്നടിയുന്ന ദാമ്പത്യം, കുടുംബക്കോടതി വരാന്തകളിൽ, ജീവിതത്തിന്റെ നൊമ്പരങ്ങൾ വിങ്ങിപ്പൊട്ടുകയാണ്. കേസുകളിൽ കൂടിയുള്ള നീണ്ടയാത്രയാകുന്നു പലർക്കും ദാമ്പത്യം. നമ്മുടെ സമൂഹത്തിന് എന്താണ് സംഭവിച്ചത്? വിദ്യാഭ്യാസ പരമായി അഭ്യൂന്നതി നേടിയ നമ്മുടെ പുതിയ തലമുറയ്ക്ക് എന്തുകൊണ്ട് ഒന്നിച്ചു ജീവിക്കുവാൻ കഴിയാതെ വരുന്നു? ദാമ്പത്യ ബന്ധങ്ങളുടെ ദൃഢത

തകർന്നു പോകുന്നത് എന്തുകൊണ്ടാണ്?

കേരളത്തിലെ ഉയർന്ന സാക്ഷരതയും സംസ്ക്കാരവും മാതൃ ശിശുമരണ നിരക്കുകളുടെ കുറവും ആരോഗ്യ രംഗത്തെ വളർച്ചയും സമൂഹത്തിന്റെ സാമ്പത്തിക ഉയർച്ചയും എല്ലാം വികസനത്തിലേക്ക് നയിച്ചു എങ്കിലും വർദ്ധിച്ചു വരുന്ന ആത്മഹത്യയും കുടുംബപ്രശ്നങ്ങളും കേരള സമൂഹത്തെ കാർന്നു തിന്നുകയാണ്. കുടുംബങ്ങളുടെ മൂല്യങ്ങൾ നഷ്ടപ്പെട്ട് മദ്യത്തിനും മയക്കുമരുന്നിനും മാധ്യമലഹരികൾക്കും അടിമയാകുന്ന പുതുതലമുറ കുടുംബ ബന്ധങ്ങൾ സംരക്ഷിക്കുന്നതിലും പരിപാലിക്കുന്നതിലും പരാജയപ്പെടുന്നു.

അമിത ജോലി ഭാരം, മാനസിക സംഘർഷം, വിവര സാങ്കേതികതയുടെ അമിത സ്വാധീനം, പാശ്ചാത്യ ജീവിത ശൈലി, സാമ്പത്തിക സ്വാശ്രയത്വം എന്നിവ നഗരങ്ങളിൽ കുടുംബബന്ധങ്ങളെ ശിഥിലമാക്കുമ്പോൾ മദ്യലഹരിയും അതുമൂലമുണ്ടാകുന്ന പ്രശ്നങ്ങളും ഗ്രാമീണ മേഖലകളിൽ കൂടുതൽ കുടുംബ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

**മാനസിക സംഘർഷങ്ങളും** തിരക്കിട്ട ജീവിത ശൈലികളും രാത്രി സമയത്തെ ജോലികളും യുവതലമുറയ്ക്ക് പരസ്പരം മനസിലാക്കാനോ വിട്ടുവീഴ്ച ചെയ്യുവാനോ കഴിയാതെ വരുന്നു. ഇത്തരത്തിലുള്ള ദാമ്പത്യ പ്രശ്നങ്ങൾ വിവാഹ മോചനം തേടി കുടുംബ കോടതികളിൽ എത്തുന്നു.

കുടുംബ പ്രശ്നങ്ങൾ ഒത്തുതീർപ്പാക്കാനുള്ള പ്രത്യേക സംവിധാനമാണ് കുടുംബകോടതി. കുടുംബജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് കുടുംബ കോടതികൾ വഴി പരിഹാരം നേടാവുന്നതാണ്. വിവാഹം, വിവാഹ പ്രശ്നങ്ങൾ, വിവാഹത്തിന്റെ സാധുത, സംരക്ഷണം, വിവാഹമോചനം, ജീവനാംശം, പിതൃത്വം, ദത്തെടുക്കൽ തുടങ്ങി കുടുംബങ്ങളെ സംബന്ധിക്കുന്ന ഏതു നിയമമനുസരിച്ചുള്ള ഹർജിയിലും വിധി കല്പിക്കുവാനുള്ള അധികാരം കുടുംബ കോടതികൾക്ക് ഉണ്ട്.



കുടുംബ പ്രശ്നങ്ങൾ കൗൺസലിങ്ങിലും ലഘുവായ നിയമ നടപടികളിൽ കൂടിയും പരിഹരിക്കപ്പെടുന്നതിനായി രൂപ ശില്പം ചെയ്ത കുടുംബ കോടതികൾ മറ്റു കോടതികളിൽ നിന്നും വ്യത്യസ്തത പുലർത്തുന്നു. കർക്കശമായ നിയമ നടപടി ക്രമങ്ങളില്ലാതെ ഇരു കക്ഷികളെയും അനുരഞ്ജനപ്പെടുത്തി വേഗത്തിൽ കുടുംബ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയാണ് കുടുംബ കോടതികൾ സ്ഥാപിതമായത്. 1984 സെപ്റ്റംബർ 14-ന് കുടുംബ കോടതി ആക്ട് ഇന്ത്യയിൽ നിലവിൽ വന്നു. കേരളത്തിൽ 1992 ജൂൺ 6-ന് ആണ് കുടുംബ കോടതികൾ നിലവിൽ വന്നത്.

**1992-ൽ തിരുവനന്തപുരം,** എറണാകുളം, കോഴിക്കോട് എന്നിവടങ്ങളിൽ മാത്രമായിരുന്നു കുടുംബകോടതികൾ. എന്നാൽ 2016-ൽ കേരളത്തിൽ 28 കുടുംബക്കോടതികൾ ഉണ്ട്. ഈ കോടതികളിൽ എത്തിയിട്ടുള്ള കേസുകൾ പരിശോധിച്ചാൽ കേരളത്തിൽ ദാമ്പത്യതകർച്ചയും വിവാഹമോചനവും ക്രമാതീതമായി വർദ്ധിച്ചു വരുന്നു എന്ന് മനസ്സിലാക്കാം.

2015 ഏപ്രിൽ 10-ന് വിവരാവകാശ നിയമപ്രകാരം കേരള ഹൈക്കോടതിയിൽ നിന്നും ലഭ്യമായ കണക്കുകൾ പ്രകാരം കഴിഞ്ഞ 10 വർഷത്തിനുള്ളിൽ വിവാഹ മോചന കേസുകളിൽ 115% വർദ്ധനവാണ് ഉണ്ടായിരിക്കുന്നത്. 2005-ൽ 16 കുടുംബകോടതികളിലായി 8456 കേസുകളാണ് വിവാഹമോചനത്തിന് ഫയൽ ചെയ്തിരുന്നത് എന്നാൽ 2014-ൽ 28 കുടുംബ കോടതികളിലായി 57051 കേസുകളിൽ 19905 കേസുകൾ വിവാഹമോചനം മാത്രം മതി എന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഹർജികളാണ്. ഇതിൽ അധികവും ഭാര്യാഭർത്താക്കന്മാരുടെ ഉഭയ സമ്മതപ്രകാരം വിവാഹ മോചനം ആവശ്യപ്പെടുന്നവയാണ്. അതായത് കുടുംബ പ്രശ്നങ്ങളിൽ കോടതികളിൽ എത്തുന്ന കേസുകളിൽ 35 ശതമാനം കേസുകളും വിവാഹമോചനം ആവശ്യപ്പെട്ടുകൊണ്ടുള്ള കേസുകളാണ്.

**ഇത്രമാത്രം കേസുകളുടെ** വർദ്ധനവ് സമൂഹത്തിൽ കുടുംബങ്ങളെ ബാധിച്ചിരിക്കുന്ന ദാമ്പത്യ തകർച്ചയെ സൂചിപ്പിക്കുന്നു. ഇത് വളരെ ഗൗരവമായി സമൂഹം തിരിച്ചറിയണം. 2013-14 കാലയളവിൽ 28 കുടുംബക്കോടതികളിൽ എത്തിയ വിവാഹമോചന കേസുകളിൽ ഏറ്റവും കൂടുതൽ കേസ് ഫയൽ ചെയ്തിരിക്കുന്നത് എറണാകുളം കുടുംബ കോടതിയിലും തൊട്ടു പിന്നിൽ യഥാക്രമം തിരുവനന്തപുരം, മാവേലിക്കര, തൃശൂർ, പത്തനംതിട്ട എന്നീ കോടതികളിലുമാണ്. ഏറ്റവും കുറവ് വിവാഹമോചന കേസ് ഫയൽ ചെയ്തിരിക്കുന്നത് കൽപ്പറ്റ കുടുംബ കോടതിയിലാണ്.

# ദാമ്പത്യം: പൊരുത്തപ്പെടൽ അനിവാര്യം



■ ഗ്രെയ്സൻ റോയി, ഇലന്തൂർ
(അധ്യാപികയും ഫാമിലി കൗൺസിലറും)

ശാസ്ത്ര സാങ്കേതിക വിദ്യകളുടെയും നൂതനങ്ങളായ ചിന്താസരണികളുടെയും സ്വാധീനത്താൽ അനുനിമിഷം പരിവർത്തനത്തിനു വിധേയമായിക്കൊണ്ടിരിക്കുന്ന ഈ ലോകം നേരിടുന്ന പ്രതിസന്ധികളിൽ ഒന്നാണ് വർദ്ധിച്ചുവരുന്ന വിവാഹ മോചനം. സന്തുഷ്ഠമായ ഒരു കുടുംബജീവിതം ഏവരുടെയും സ്വപ്നമാണ്. സന്തുഷ്ഠി എന്ന പദം കൊണ്ട് ഓരോ വ്യക്തിയും അർത്ഥമാക്കുന്നത്. സന്തോഷവും സമാധാനവും നിറഞ്ഞ സ്നേഹ നിർഭരമായ ഒരു ജീവിതമാണ്. അതിനനുസരിച്ചുള്ള ജീവിത സാഹചര്യങ്ങളും ചുറ്റുപാടുകളും എല്ലാ വ്യക്തികളുടെയും പ്രതീക്ഷയാണ്. എന്നാൽ ഈ പ്രതീക്ഷകൾക്ക് വിരുദ്ധമായ ജീവിതാനുഭങ്ങൾ മനുഷ്യനെ നിരാശയിലേക്ക് നയിക്കുന്നു. ടോൾസ്റ്റോയിയുടെ പ്രശസ്ത നോവലായ അന്ന കരീന ആരംഭിക്കുന്നത് ഇപ്രകാരമാണ്: "സന്തുഷ്ഠ കുടുംബങ്ങൾ എല്ലാം ഒന്നുപോലെയാണ് അസന്തുഷ്ഠ കുടുംബങ്ങളാകട്ടെ ഓരോന്നും വിവിധ തരത്തിൽ അസന്തുഷ്ഠങ്ങളും". അസന്തുഷ്ഠി നിറഞ്ഞ കുടുംബ ജീവിതങ്ങൾ പലപ്പോഴും വിവാഹ മോചനത്തിൽ പര്യവസാനിക്കുന്നു.

ഓരോ വ്യക്തിക്കും തന്റെ ജീവിതത്തെക്കുറിച്ച് അനവധി സ്വപ്നങ്ങളുണ്ട്. ജീവിത പങ്കാളി, ജീവിത സാഹചര്യങ്ങൾ, ഔദ്യോഗിക ജീവിതം, സാമ്പത്തിക ഭദ്രത എന്നിവയെക്കുറിച്ച് നാളിതുവരെ നെയ്തെടുത്ത സ്വപ്നങ്ങൾ യാഥാർത്ഥ്യവുമായി പൊരുത്തപ്പെടാതെ വരുമ്പോൾ ഒരു വ്യക്തിയിലുണ്ടാവുന്ന നിരാശയും വിദ്വേഷവും കുടുംബ ബന്ധങ്ങളുടെ

സാമ്പത്തിക കാരണങ്ങളും സ്ത്രീധന പ്രശ്നങ്ങളുമാണ് മിക്ക കേസുകളിലെയും വില്ലനായി മാറുന്നത്. കുടുംബത്തോട് ഉത്തരവാദിത്വം ഇല്ലാതെ മദ്യ മയക്കുമരുന്നുകൾക്ക് അടിമപ്പെടുന്നത് അനേകരാണ്. അതുപോലെ പുത്തൻ സോഷ്യൽ മാധ്യമങ്ങൾക്ക് അടിമപ്പെടുന്ന ഭാര്യാ, ഭർത്താക്കന്മാരിൽ നിന്നും വിവാഹ മോചനം ആവശ്യപ്പെടുന്നവരുടെയും എണ്ണം കൂടുന്നു. മദ്യത്തിനോടും ലഹരി പദാർത്ഥങ്ങളോടുമുള്ള പുരുഷന്മാരുടെ താൽപര്യവും അതിലേക്ക് വഴിതെളിക്കുന്ന മാനസിക വൈകല്യങ്ങളും കുടുംബ ജീവിതത്തിന്റെ താളം തെറ്റിക്കുന്നു. ഇവയും വിവാഹ മോചനത്തിന് ഒരു പരിധി വരെ കാരണമാകാറുണ്ട്. ന്യൂ ജനറേഷനിലെ ദാമ്പത്യ ബന്ധങ്ങളിൽ പ്രധാന പ്രതിസന്ധി ഇന്റർനെറ്റ്, മൊബൈൽ ഫോൺ, പുതിയ സാമൂഹിക മാധ്യമങ്ങളായ ഫെയ്സ്ബുക്ക്, ടിറ്റർ, വാട്ട്സ് ആപ്പ്, തുടങ്ങിയവയാണ്. ഇവ പലപ്പോഴും കുടുംബ ജീവിതത്തിന്റെ താളം തെറ്റിക്കുന്നു.

കുടുംബ കോടതികളിൽ എത്തുന്ന വിവാഹ മോചന കേസുകളിൽ ലൈംഗീക രോഗങ്ങളും, വന്ധ്യതയും മാനസിക രോഗങ്ങളും കാരണമാകാറുണ്ട്. ആധുനിക ജീവിത ശൈലികൾ, മാനസികവും ശാരീരികവും ലൈംഗീകവുമായ ക്രൂരതകൾ, ഒരുമിച്ചു ജീവിക്കുവാനുള്ള സന്നദ്ധത ഇല്ലായ്മ, പങ്കാളിയെ ഉപേക്ഷിച്ചുപോകൽ, കുടുംബ വഴക്കുകൾ, മറ്റു ബന്ധുക്കളുടെ ബാഹ്യമായ ഇടപെടലുകൾ മാറാ രോഗങ്ങൾ, ലൈംഗിക അസംതൃപ്തി, സാമ്പത്തിക പ്രതിസന്ധികൾ, മാനസിക പിരിമുറുക്കങ്ങൾ, മാനസിക വിഭ്രാന്തി ഇവയെല്ലാം വിവാഹമോചനത്തിനുള്ള കാരണമായി കുടുംബകോടതികളിൽ എത്തിച്ചേരുന്നു. എല്ലാവർക്കും വേണ്ടത് വിവാഹ മോചനം മാത്രമാണ്.

**നിസ്സാര പ്രശ്നങ്ങൾക്കുപോലും** ആത്മഹത്യാപ്രവണത കാണിക്കുകയും ചിലപ്പോൾ ആത്മഹത്യക്ക് ശ്രമിക്കുകയും ചെയ്യുന്ന പങ്കാളിയെ ശരിയായി ചികിൽസിക്കുവാനോ കൗൺസലിങ്ങിന് വിധേയമാക്കാനോ ആരും തയ്യാറാകുന്നില്ല. അതുപോലെ ജീവിതവുമായി പൊരുത്തപ്പെടാൻ കഴിയാത്തവർ, ജീവിത സംതൃപ്തി ഇല്ലാത്തവർ, ഈഗോ പ്രശ്നമുള്ളവർ ഇവയെല്ലാം ഏതെങ്കിലും തരത്തിൽ വിവാഹമോചനത്തിന് കാരണമാകുന്നു. ചെറിയ പ്രശ്നങ്ങൾക്ക് പോലും കുടുംബ കോടിതകളിൽ എത്തി ബന്ധം വേർപെടുത്തുവാൻ ശ്രമിക്കുന്ന ധാരാളം ആളുകൾ ഉണ്ട്.

ഇപ്പോൾ സ്ത്രീകൾക്ക് എല്ലാം സഹിച്ചു ജീവിക്കേണ്ട കാര്യം ഉണ്ടാകുന്നില്ല. മിക്കവാറും കുടുംബങ്ങളിൽ പെൺകുട്ടികളുടെ എണ്ണം ഒന്നോ, രണ്ടോ മാത്രം. അവരെ സംരക്ഷിക്കുവാനുള്ള കഴിവ് മാതാപിതാക്കൾക്കുണ്ട്. എന്നതും, മാതാപിതാക്കളുടെ അനാവശ്യമായ ഇടപെടലുകളും വിവാഹ മോചനത്തിന് പ്രോത്സാഹനമാണ്. സ്വന്തമായി വരുമാനമുള്ള സ്ത്രീകൾ ഭർത്താക്കന്മാരെ ഒരു പരിധിയിൽ കൂടുതൽ ചില അവസരങ്ങളിൽ സഹിക്കുവാൻ തയ്യാറാകുന്നില്ല. ഇപ്പോൾ പ്രശ്നങ്ങളെ നിയമപരമായി നേരിടുവാനുള്ള സംവിധാനങ്ങളും കഴിവും സ്ത്രീകൾക്കുണ്ട്. വർദ്ധിച്ചു വരുന്ന സാമൂഹിക അവബോധവും, നിയമസാക്ഷരതയും സ്വന്തം കാലിൽ നിൽക്കാം എന്നുള്ള ബോധ്യവും വിവാഹ മോചനം നേടാൻ പ്രാപ്തമാക്കുന്നു. ഇന്നത്തെ പെൺകുട്ടികൾ സ്വതന്ത്രമായ സമ്പന്ന ജീവിതം ആഗ്രഹിക്കുന്നവരാണ്. ഭർത്താവിന് ചിലപ്പോൾ അത് നൽകാൻ കഴിഞ്ഞില്ലന്ന്

സ്ഥിരതയെ ബാധിക്കും. അയഥാർത്ഥങ്ങളായ പ്രതീക്ഷകൾ വച്ചുപുലർത്താതെ ലഭ്യമായ സാദ്ധ്യതകളെ ഉപയോഗപ്പെടുത്തുവാനും പങ്കാളി നന്മകളും സാദ്ധ്യതകളും മാത്രമല്ല തന്നെപ്പോലെ തന്നെ പരിമിതികളും ഉള്ള വ്യക്തിയാണെന്ന യാഥാർത്ഥ്യം ഉൾക്കൊള്ളുവാനും പലരും തയ്യാറല്ല.

**1. വൈകാരിക അടിച്ചമർത്തൽ**

വൈകാരിക അടിച്ചമർത്തൽ ദാമ്പത്യ ബന്ധത്തിന്റെ കെട്ടുറപ്പിനെ പ്രതികൂലമായി ബാധിക്കുന്നു. സ്വന്തം കുടുംബത്തിൽ തന്റെ ആഗ്രഹങ്ങളോ വികാരങ്ങളോ പ്രകടിപ്പിക്കുവാൻ സാധ്യമാകാതെ എല്ലാം ഉള്ളിലൊതുക്കി നെരിപ്പോടു പോലെ എരിയുന്നവർ അനവധിയാണ്. സ്വാർത്ഥതാൽപര്യങ്ങൾക്കു മാത്രം വിലകല്പിച്ച് സ്വേഛാധിപത്യ മനോഭാവത്തോടു പെരുമാറുന്ന ജീവിത പങ്കാളിയോടൊപ്പം ജീവിതം നയിക്കേണ്ടി വരുന്ന ഇവർക്ക് ആഹാരവുമുണ്ട്, വസ്ത്രമുണ്ട്, സുഖസൗകര്യങ്ങൾ എല്ലാം ഉണ്ട്. മനസ്സിന്റെ വീർപ്പുമുട്ടൽ പങ്കുവയ്ക്കുവാൻ ആരുമില്ല. നവമാധ്യമ രംഗത്തും, ഔദ്യോഗിക രംഗത്തും, പഠനത്തിലും, സാഹിത്യ രചനയിലും മാത്രം ശ്രദ്ധ കേന്ദ്രീകരിച്ച് കഴിയുന്ന വ്യക്തികളുടെ ജീവിത പങ്കാളികൾ അനുഭവിക്കേണ്ടി വരുന്ന വൈകാരിക അടിച്ചമർത്തൽ അഗ്നിപർവ്വതം പോലെയാണ്. മഹാകവി വൈലോപ്പള്ളി ശ്രീധരമേനോന്റെ കാക്കകൾ എന്ന കവിതയിൽ ഇതിന്റെ വ്യക്തമായ ചിത്രം കാണാം കാക്കകളെ അതീവ ശ്രദ്ധയോടെ അന്നമൂട്ടുന്ന കവിയോട് ഭാര്യ ചോദിക്കുന്നു അടുത്ത ജന്മത്തിൽ ഞാനൊരു കിളിയായി അങ്ങയുടെ മുറ്റത്ത് വന്നാൽ അന്ന് അങ്ങ് എന്നോട് ഈ പരിഗണന കാണിക്കുമോ. ഇല്ല എന്ന് കവി മറുപടി പറയുന്നു. ഒരു കിളിയായി ഞാൻ വന്നാലും അങ്ങ് എന്നെ തിരിച്ചറിഞ്ഞാൽ ആട്ടിയകറ്റും എന്നെനിക്കറിയാം എന്ന് ഭാര്യയുടെ പരിഭവം. ഇങ്ങനെ അവഗണിക്കപ്പെടുന്നവർക്ക് തന്നോട് അടുപ്പം പ്രകടിപ്പിക്കുകയും തന്നെ കേൾക്കുവാൻ തയ്യാറാകുകയും ചെയ്യുന്ന വ്യക്തിയോട് മാനസികമായ അടുപ്പം ഉണ്ടാവുക സാധാരണമാണ്. ഇത് പലപ്പോഴും വിവാഹേതര ബന്ധങ്ങളിലേയ്ക്ക് നയിക്കുകയും ചെയ്യും.

**2. അമിത സ്വാശ്രയബോധം**

അമിത സ്വയാവബോധമാണ് ദാമ്പത്യ തകർച്ചയുടെ മറ്റൊരു കാരണം. സ്വാതന്ത്ര്യം അവകാശങ്ങൾ, വിദ്യാഭ്യാസം, സാമ്പത്തിക സ്വയം പര്യാപ്തത, മാതാപിതാക്കളുടെ പിൻതുണ ഇവയെല്ലാം ഉള്ള സ്ത്രീ പഴയതുപോലെ ആശ്രിതയായി കഴിയുവാൻ ആഗ്രഹിക്കുന്നില്ല. സ്വാതന്ത്ര്യ ബോധവും സ്വാശ്രയ ബോധവും നല്കുന്ന അഭിമാനിയായ സ്ത്രീയെ ജീവിത പങ്കാളിയായി തിരഞ്ഞെടുക്കുന്ന പുരുഷൻ പഴഞ്ചൻ ഭാര്യാഭർത്തൃ സങ്കല്പങ്ങളിൽ നിന്നും മാറിയില്ല എങ്കിൽ കുടുംബ ബന്ധങ്ങൾ തകരും. എന്നാൽ എത്ര വിദ്യാഭ്യാസവും അറിവും ഉള്ളവനായിരുന്നാലും ഒരു ശരാശരി കേരളീയ പുരുഷൻ പുരുഷമേൽക്കോയ്മയുടെ പ്രതിനിധിയായിത്തീരുന്നു. തനിക്ക് അപ്രാപ്യമായി ഒന്നും ഇല്ല ആഗ്രഹിക്കുന്നതെന്തും നിമിഷങ്ങൾക്കുള്ളിൽ എന്റെ കൈക്കുമ്പിളിൽ എത്തും എന്നാണ് വിചാരം. പുത്തൻ നാഗരീക സംസ്ക്കാരത്തിന്റെ സൃഷ്ടികളായ പുതിയ തലമുറ വിവാഹ ജീവിതത്തിന് ആവശ്യമായ ഗൗരവം കൊടുക്കുന്നില്ല.

**3. ജീവിതത്തിലെ ഏകാന്തത**

ദാമ്പത്യ ബന്ധങ്ങൾ തകരുന്നതിന്റെ മറ്റൊരു കാരണം ഒറ്റപ്പെടൽ അല്ലെങ്കിൽ ഏകാന്തതയാണ്. ജീവിത പങ്കാളിയും മക്കളും എല്ലാം ഒരുമിച്ചാണ് ജീവിതം എങ്കിലും വന്യമായ ഒരു ഏകാന്തത ഇന്നത്തെ കുടുംബങ്ങളെ ബാധിച്ചിട്ടുണ്ട്. പ്രാപ്തിക്കുറവ്, സൗന്ദര്യത്തിന്റെ അഭാവം, സാമ്പത്തിക പിന്നോക്കാവസ്ഥ, വിദ്യാഭ്യാസക്കുറവ്, കൂട്ടുത്തരവാദിത്വം ഇല്ലായ്മ തുടങ്ങിയ പരിമിതികൾ മൂലം ജീവിതപങ്കാളിയാലും മക്കളാലും അവഗണിക്കപ്പെടുന്ന ഇക്കൂട്ടർ വളർത്തുമൃഗം പക്ഷി എന്നിവയിലും നവ മാധ്യമങ്ങളിലും ആശ്രയിക്കുന്നു. ചിലർ മദ്യം, മയക്കുമരുന്ന് എന്നിവയെല്ലാം ആശ്രയിച്ച് ഏകാന്തതയുടെ വിരസത അകറ്റുവാൻ ശ്രമിക്കുന്നു.

ശാരീരികമായി സ്ത്രീയും പുരുഷനും തമ്മിൽ ധാരാളം വ്യത്യാസങ്ങൾ ഉള്ളതുപോലെ മാനസികമായും ധാരാളം വ്യത്യാസങ്ങൾ ഉണ്ട് എന്ന തിരിച്ചറിവ് ഇല്ലാതെ പോകുന്നത് പലപ്പോഴും കുടുംബ പ്രശ്നങ്ങൾക്ക് കാരണമാകുന്നു. തന്റെ ആകുലതകൾ കേൾക്കുവാൻ തയ്യാറാകാതെ പരിഹാരവുമായി എത്തുന്ന ഭർത്താവിനെ അല്ല ശ്രദ്ധയോടുകൂടി തന്നെ കേൾക്കുന്ന ഭർത്താവിനെയാണ് സ്ത്രീ ആഗ്രഹിക്കുന്നത്. ഉപദേശക

*ശേഷം 28-ാം പേജിൽ*

വരാം. അതിന്റെ പേരിൽ ഉടലെടുക്കുന്ന പ്രശ്നങ്ങൾ വിവാഹ മോചനത്തിലേയ്ക്ക് നയിക്കും. എന്നാൽ നിരന്തരം പീഡിപ്പിക്കപ്പെടുന്ന സ്ത്രീകൾക്ക് മറ്റു മാർഗ്ഗങ്ങൾ ഇല്ലാതെ വരുമ്പോൾ വിവാഹമോചനം നേടേണ്ടതായും വരുന്നു. അതിനാൽ സ്ത്രീയും പുരുഷനും ഒരുപോലെ വിവാഹ മോചനത്തിന് കാരണക്കാരാകുന്നു.

**ദാമ്പത്യ ബന്ധത്തിലെ** പ്രശ്നങ്ങൾ രമ്യതയിലും അനുരഞ്ജനത്തിലും, വേഗത്തിൽ പരിഹരിക്കുക എന്ന പ്രാഥമിക ദൗത്യം കുടുംബങ്ങൾ വിസ്മരിച്ചു. വിവാഹ പ്രശ്നങ്ങൾക്കുള്ള പ്രതിവിധി വിവാഹമോചനം മാത്രമാണെന്ന സ്ഥിതി ശക്തമായി. അതിനാൽ ചെറിയ പ്രശ്നങ്ങൾ പോലും വിവാഹ മോചനത്തിൽ എത്തിച്ചേരുന്നു. ഇക്കൂട്ടർ കോടതി നിർദ്ദേശിക്കുന്ന കൗൺസലിങ്ങിനോ പ്രശ്ന പരിഹാര മാർഗ്ഗങ്ങളിലോ വേണ്ടത്ര ശ്രദ്ധ കേന്ദ്രീകരിക്കാറില്ല. അതിനാൽ ഇവ കൗൺസലിങ്ങിനോ, മീഡിയേഷനോ വഴി ഒത്തുതീർപ്പാക്കുവാൻ കഴിയാതെ വരുമ്പോൾ വിവാഹ മോചനം നൽകുന്ന പ്രവണതയാണ് ഇന്ന് കുടുംബ കോടതികളിൽ കണ്ടുവരുന്നത്.

കുടുംബ ജീവിതത്തിൽ ഭാര്യയും ഭർത്താവും അവരവരുടെ കടമകളും ഉത്തരവാദിത്വങ്ങളും നിർവ്വഹിക്കുവാൻ ബാധ്യസ്ഥരാണ്. ബന്ധപ്പെട്ടവർ ഉത്തരവാദിത്വങ്ങളിൽ നിന്നും ഒഴിഞ്ഞു മാറുമ്പോൾ കുടുംബ പ്രശ്നങ്ങൾ ശക്തിപ്പെടും. ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള അപസ്വരവും പോരാട്ട മനോഭാവവും വിവിധ പ്രശ്നങ്ങൾ സൃഷ്ടിക്കുകയും അവ കോടതികളിൽ എത്തുകയും ചെയ്യും. എന്നാൽ ബന്ധങ്ങൾ പരിഹരിക്കപ്പെടുവാൻ കഴിയാത്ത ബന്ധനങ്ങൾ ആകുമ്പോൾ, പരസ്പരം വേർപിരിയുന്ന താണ് ഉത്തമം.

**ഒന്നിക്കുന്നതിനേക്കാൾ** വേർപിരി

യൽ ആഘോഷമാക്കുകയും പുനർവിവാഹം നടത്തുകയും ചെയ്യുന്ന ഇക്കാലത്ത് ദാമ്പത്യ ബന്ധങ്ങൾ ഫലപ്രദമായി സംരക്ഷിച്ചുകൊണ്ടുപോകാൻ എന്തെങ്കിലും ചെയ്യുവാൻ കഴിയുമോ?

സഭയിലും സമൂഹത്തിലും കുടുംബ ജീവിതത്തെക്കുറിച്ചും അതിന്റെ പവിത്രതയെക്കുറിച്ചും നിരവധി പ്രബോധനങ്ങളും ക്ലാസ്സുകളും ഉണ്ടെങ്കിലും അവ ദാമ്പത്യ ജീവിതത്തിൽ യാഥാർത്ഥ്യമാകുന്നില്ല എന്നത് വർദ്ധിച്ചു വരുന്ന വിവാഹ മോചന കണക്കുകൾ സൂചിപ്പിക്കുന്നു. അതിനാൽ വിവാഹ ബന്ധത്തെ സംരക്ഷിക്കുന്നതിന് ആവശ്യമായ ബോധനം ഫലപ്രദമായി ഇടവക തലത്തിൽ ആവിഷ്ക്കരിക്കുവാൻ കഴിയണം.

**ഉപസംഹാരം**

കുടുംബ-ദാമ്പത്യ പ്രശ്നങ്ങളിൽ വിവാഹ മോചനം അല്ല ആത്യന്തിക പ്രതിവിധി എന്ന ചിന്ത സമൂഹത്തിൽ വളർത്തിയെടുക്കുവൻ കഴിയണം. അതിനായി നിയമ വിദഗ്ധോപദേശങ്ങളും അനുരഞ്ജന ശ്രമങ്ങളും ഉണ്ടാകണം. കോടതി കയറുന്നതിനു മുൻപ് പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള സാധ്യതകൾക്കും അന്വേഷണങ്ങൾക്കുമുള്ള കൗൺസലിങ്ങ് അനിവാര്യമാണ്. ജാതകവും പൊരുത്തവും കുടുംബവും ജോലിയും സൗന്ദര്യവും സമ്പത്തും നോക്കുന്നതിനോടൊപ്പം ഒരുമിച്ചു ജീവിക്കുവാനുള്ള മാനസിക പൊരുത്തവും ശേഷിയും ദമ്പതികൾക്ക് ഉണ്ടോ എന്നുള്ള അന്വേഷണവും ഉണ്ടാകണം. അതിന് അനിവാര്യമായ വിവാഹപൂർവ്വ വിദ്യാഭ്യാസവും ഫലപ്രദമായ കൗൺസലിങ്ങും നൽകുവാൻ സഭകൾക്കും, സർക്കാരിനും കഴിയണം.

വർദ്ധിച്ചു വരുന്ന വിവാഹ മോചന കേസുകളിലേക്ക് നമ്മുടെ മക്കളെ തള്ളിവിടുന്ന പുത്തൻ പ്രവണതകൾക്ക് കടിഞ്ഞാൺ ഇടുവാൻ കഴിയണം. സർക്കാരും മത, സാമൂഹിക സംഘടനകളും വിവാഹ മോചനത്തിന് എതിരേ വ്യാപകമായ ബോധനം നൽകണം.

(ആകാശവാണി, തിരുവനന്തപുരം, നിലയം *വാർത്താവീക്ഷണത്തിൽ* നടത്തിയ പ്രഭാഷണത്തിന്റെ സംഗ്രഹം 17-06-2016).

■




# ദാമ്പത്യം : കുടുംബ അവബോധം അത്യാവശ്യം

■ മായാ സൂസൻ ജേക്കബ്
(ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, മാവേലിക്കര)

**വിവാഹ ജീവിതത്തിന്റെ മഹത്വവും പ്രശ്നപരിഹാര മാർഗ്ഗങ്ങളും പ്രബോധിപ്പിക്കുന്നതിന് ഒന്നിലധികം ദിവസത്തെ ക്രമീകൃതമായ കൗൺസലിങ്ങ് സംവിധാനം ഉണ്ടാകുന്നത് നല്ലതാണ്.**

കൗൺസലിങ്ങിന് എത്തുന്ന ദമ്പതികളിൽ നിരവധി കുടുംബ പ്രശ്നങ്ങൾ കണ്ടെത്തുവാൻ കഴിയും. പ്രധാന ചില കുടുംബ പ്രശ്നങ്ങൾ താഴെക്കുറിക്കുന്നു:

**1. വ്യത്യസ്ത സാഹചര്യങ്ങളിലെ അഡ്ജസ്റ്റ്മെന്റ് കുറവ്**

വ്യത്യസ്ത സാഹചര്യങ്ങളിൽ വളർന്നുവരുന്നവർ ഒരു ആരാധനയിലോ, ജോലി സ്ഥലത്തോ സ്കൂളിലോ, കോളജിലോ വന്നു പോകുമ്പോൾ വളർന്നതിലെ വ്യത്യസ്ത അത്രയ്ക്ക് ബാധിക്കുകയില്ല. എന്നാൽ വിവാഹ ജീവിതത്തിന്റെ ആദ്യകാലത്ത് ഈ വ്യത്യസ്തതകൾ പലരെയും ശക്തമായി ബാധിക്കുകയും ചില വ്യത്യസ്തതകൾ സങ്കീർണ്ണമാകുകയും ചെയ്യും. ഉദാഹരണത്തിന് ഒരു വീട്ടിൽ ഒറ്റ മകളായി വളരെ താലോലിച്ച് എല്ലാ സൗകര്യങ്ങളോടും വളർത്തിയ പെൺകുട്ടിയും പിതാവ് മരിച്ചതിനാൽ അമ്മ വളരെ കഷ്ടപ്പെട്ടു വളർത്തിയ ആൺകുട്ടിയും തമ്മിൽ വിവാഹത്തിലേക്ക് വരുമ്പോൾ പലപ്പോഴും പെൺകുട്ടിക്ക് ജീവിത യാഥാർത്ഥ്യം മനസിലാക്കാൻ സാധിക്കാതെ വരും.

വളർന്നു വരുന്ന സാഹചര്യങ്ങൾ ദാമ്പത്യ ജീവിതത്തെ സ്വാധീനിക്കും. വീട്ടിൽ കുട്ടികളെ വളർത്തുമ്പോൾ എല്ലാ സാഹചര്യങ്ങളും മനസ്സിലാക്കാനും അതിൽക്കൂടി കടന്നു പോകാനും ഉള്ള അവസരങ്ങൾ കൊടുക്കുകയും ചെയ്യണം.

**2. ആൺകുട്ടികളുടെ ഉത്തരവാദിത്വമില്ലായ്മ**

ജീവിതയാഥാർത്ഥ്യങ്ങളിൽ ഉത്തരവാദിത്വം ഇല്ലായ്മയ്ക്ക് പുറകിൽ ബാല്യത്തിലും കൗമാരത്തിലും ഉണ്ടായിരുന്ന ചില പ്രത്യേകതകൾ ബാധിക്കും. യൗവ്വനത്തിൽ ഇത് അവരെ ഉത്തര വാദിത്വമില്ലാത്തവരാക്കിത്തീർക്കുന്നു. എടുത്തുചാട്ടം സ്ഥിരതയില്ലായ്മ, മറ്റുള്ളവരുടെ വികാരങ്ങളെ മാനിക്കുവാൻ കഴിയാതെ വരിക, കബളിപ്പിക്കുക, കള്ളം പറയുക, ജോലിയിൽ ഉറച്ചു നിൽക്കാതിരിക്കുക. മദ്യത്തിന്റെ അമിത ഉപയോഗം, വൃത്തിയില്ലായ്മ, കൂട്ടുകൂടി അശ്രദ്ധമായി

നടക്കുക എന്നിവ പിന്നീട് ദാമ്പത്യ ജീവിതത്തെ ബാധിക്കും.

ഇങ്ങനെയുള്ള വ്യക്തിയുടെ കൂടെ ദാമ്പത്യം പങ്കിടുമ്പോൾ നിരവധി പ്രശ്നങ്ങൾ ഉടലെടുക്കും. ഇവ പലപ്പോഴും കേസിലും വഴക്കിലും കലാശിച്ച് വിവാഹ മോചനത്തിലേക്ക് പോകുന്നു. കൗമാരത്തിൽ തന്നെ ഇത്തരത്തിലുള്ള സ്വഭാവ വൈകൃതങ്ങൾ തിരിച്ചറിയുവാൻ കഴിയണം. ആവശ്യമെങ്കിൽ വിദഗ്ധ സേവനം നേടുകയും വേണം.

**3. പെൺകുട്ടികളുടെ വികാര നിയന്ത്രണമില്ലായ്മ**

പെൺകുട്ടികളിലും വിവിധങ്ങളായ അഡ്ജസ്റ്റ്മെന്റ് പ്രശ്നങ്ങൾ ഉണ്ടാകുന്നു. നിയന്ത്രിക്കാനാകാത്ത ദേഷ്യം, നിസ്സാര കാര്യങ്ങൾക്ക് പൊട്ടിത്തെറിക്കുക, ചീത്തവാക്കുകൾ പറയുക, സാധനങ്ങൾ വലിച്ചെറിയുക, ആത്മഹത്യാ ഭീഷണി, വഴക്കുണ്ടാകുമ്പോൾ വീട്ടിൽ നിന്നും ഇറങ്ങിപ്പോകുക, സ്വഭാവമാറ്റം എന്നിവ പലയിടത്തും കണ്ടുവരുന്നു. ഇത്തരക്കാർ ചിലപ്പോൾ മറ്റുള്ളവരുടെ മുമ്പിൽ നല്ല പെരുമാറ്റം പുലർത്തുകയും ചെയ്യും. കൗൺസിലിങ്ങിൽ മാത്രമേ ഇത്തരം കാര്യങ്ങൾ പലപ്പോഴും ശ്രദ്ധയിൽ പെടുകയുള്ളൂ.

**4. സ്വന്തം മാതാപിതാക്കളോടുള്ള ആശ്രയത്വം**

കൗമാരത്തിൽ മാതാപിതാക്കളുടെ ആശ്രയത്വത്തിലാണ് ജീവിക്കുന്നത്. എന്നാൽ വിവാഹത്തിനുശേഷവും ആശ്രയത്തിൽ നിൽക്കുന്നത് ചില പ്രശ്നങ്ങൾ സൃഷ്ടിക്കാറുണ്ട്. പ്രത്യേകിച്ച് പെൺകുട്ടികൾക്ക്. പുതിയ സാഹചര്യത്തിലേക്ക് ഇണങ്ങിവരാനുള്ള കാലതാമസവും, ഇക്കാര്യത്തിൽ ആൺകുട്ടിയുടെ വീട്ടുകാർ മനസിലാക്കാൻ കഴിയാതെ പോകുന്നതും വിവാഹ പ്രശ്നങ്ങളിലേക്ക് ചിലപ്പോൾ എത്തിക്കുന്നു.

**5. വിവാഹത്തിലേയ്ക്ക് പ്രവേശിക്കുമ്പോൾ കിട്ടേണ്ട അവബോധമില്ലായ്മ**

വിവാഹപൂർവ്വ കൗൺസലിങ്ങ് (Pre-marital counselling) ഫലപ്രദമായി എല്ലാ വിഭാഗക്കാർക്കും ലഭിക്കാത്തതിന്റെ പോരായ്മ വളരെ ഉണ്ട്. വിവാഹ ജീവിതത്തിന്റെ മഹത്വവും പ്രശ്നപരിഹാര മാർഗ്ഗങ്ങളും പ്രബോധിപ്പിക്കുന്നതിന് ഒന്നിലധികം ദിവസത്തെ ക്രമീകൃതമായ കൗൺസലിങ്ങ് സംവിധാനം ഉണ്ടാകുന്നത് നല്ലതാണ്. ദാമ്പത്യ പ്രശ്നങ്ങളിൽ നിന്നും കുടുംബങ്ങളെ രക്ഷിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ■

# വർദ്ധിച്ചു വരുന്ന പുനർ വിവാഹങ്ങൾ



**കോടതിയിൽ നിന്നും വിവാഹമോചനം നേടിയാലും സഭയുടെ അനുമതി ഉണ്ടെങ്കിൽ മാത്രമെ പുനർ വിവാഹം പള്ളിയിൽ വച്ച് നടക്കുകയുള്ളൂ.**

■ ഫാ. ദീപു ഫിലിപ്പ് എള്ളാലയിൽ

പൗരസ്ത്യ സഭയിൽ ഭാര്യാ-ഭർത്തൃ ബന്ധത്തെ സഭയും ദൈവവും തമ്മിലുള്ള ബന്ധം എന്ന തരത്തിലാണ് ചിത്രീകരിക്കുന്നത്. അത് ഉറപ്പുള്ള, ഒരിക്കലും വേർപെടുത്തുവൻ കഴിയാത്ത, സ്നേഹത്തിൽ അധിഷ്ഠിതമായ ഒരു ബന്ധമാണ്. അതുകൊണ്ട് തന്നെ ഒരിക്കലും അവസാനിക്കാത്ത ഒരു ഉടമ്പടിയാണ് വിവാഹം. എങ്കിലും വിവാഹമോചനങ്ങൾ ഏറി വരുന്നു എന്ന ദുഃഖസത്യം മൂടിവെച്ചിട്ട് കാര്യമില്ല. വിവിധ കാരണങ്ങൾ മൂലം ഒന്നിച്ചു ജീവിക്കുവാൻ സാധിക്കാതെ വരുന്ന സാഹചര്യത്തിൽ കോടതി മുഖാന്തിരം വിവാഹ മോചനം നൽകുന്നു. സഭയിലും ഇതിന്റെ അലയൊലികൾ പ്രകടമാണ്.

പുനർവിവാഹത്തിന് സഭയുടെ കേന്ദ്ര ഓഫീസിൽ എത്തുന്നത് അനവധി അപേക്ഷകളാണ്. കോടതിയിൽ നിന്നും വിവാഹമോചനം നേടിയാലും സഭയുടെ അനുമതി ഉണ്ടെങ്കിൽ മാത്രമെ പുനർ വിവാഹം പള്ളിയിൽ വച്ച് നടക്കുകയുള്ളൂ. വിവാഹ മോചനം നേടിയ ചിലരെങ്കിലും രണ്ടാമത് വിവാഹം കഴിക്കുവാൻ തയ്യാറാകുന്നില്ല എന്നതു സത്യമാണ്. എന്നാൽ പുനർവിവാഹത്തിന് എത്തുന്നവരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. സഭയുടെ കേന്ദ്ര ഓഫീസിൽ 2006-ൽ പുനർവിവാഹത്തിന്, 168 അപേക്ഷകളും 2007-ൽ 161 അപേക്ഷകളും ലഭിച്ചപ്പോൾ 2014-ൽ 305 അപേക്ഷകൾ ലഭ്യമായി 2008 മുതൽ ഇതു വർദ്ധിക്കുകയാണ്. അപേക്ഷകൾ ലഭിച്ചത് 218 (2009), 223 (2010), 227 (2011), 240 (2012) എന്നതാണ് കണക്ക്.

പുനർവിവാഹത്തിന്റെ അപേക്ഷകളുടെ കണക്കിലുള്ള വർദ്ധനവ് ചൂണ്ടിക്കാണിക്കുന്നത് വിവാഹ മോചനം വർദ്ധിക്കുന്നു എന്ന യാഥാർത്ഥ്യമാണ്. മലങ്കര ഓർത്തഡോക്സ് സഭയിൽ പുനർവിവാഹത്തിന് വിദഗ്ധ നിയമോപദേശ പ്രകാരമാണ് അനുവാദം നൽകുന്നത്. മാനുഷികമായ പരിഗണനകളും സാന്ത്വന ദർശനങ്ങളുമാണ് അടിസ്ഥാനം.

**പുനർവിവാഹത്തിനുള്ള നടപടി ക്രമങ്ങൾ**

സ്വന്തം കൈപ്പടയിലുള്ള അപേക്ഷ, അപേക്ഷകന്റെ പിതാവിന്റെയോ, മാതാവിന്റേയോ കത്ത്, അപേക്ഷകന്റെ ഇടവക വികാരിയുടെ ശുപാർശ കത്ത്, ഭദ്രാസന മെത്രാപ്പോലീത്തായുടെ ശുപാർശ കത്ത്, വിവാഹ മോചനം അനുവദിച്ച കോടതി വിധി (ഒറിജിനലും, അറ്റസ്റ്റ് ചെയ്ത പകർപ്പും), വിവാഹമോചനവുമായി ബന്ധപ്പെട്ട് കോടതി വിധിയോടനുബന്ധിച്ച് മറ്റു കേസുകളോ അപ്പീലുകളോ നിലവിലില്ല എന്നുള്ള സത്യവാങ്മൂലം നോട്ടറി സാക്ഷ്യപ്പെടുത്തിയത് എന്നിവ സഭയുടെ കേന്ദ്ര ഓഫീസിൽ നൽകണം. ടി രേഖകൾ ലീഗൽ സെൽ പരിശോധിച്ച് ആവശ്യമായ തീരുമാനങ്ങൾ നിർദ്ദേശിക്കുന്നു. ലീഗൽ സെല്ലിൽ നിന്നും പുനർവിവാഹത്തിന് നിയമ തടസ്സം ഇല്ല എന്ന അറിയിപ്പ് ലഭിക്കുമ്പോൾ സഭ പുനർവിവാഹ അനുവാദ കൽപ്പന നൽകുന്നു. നിശ്ചിത ഫീസും അടയ്ക്കണം. ■

# മാധ്യമ മേഖലയിൽ തിളങ്ങാൻ
# വീഡിയോ ജേണലിസം
## മികച്ച പഠനം നൽകും തൊഴിൽസാധ്യത

ലോകം ആശയവിനിമയത്തിന്റെ കാര്യത്തിൽ ഒരു വിസ്ഫോടനത്തിനു തന്നെ സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടമാണിപ്പോൾ. ലോകം മുഴുവൻ വിരൽത്തുമ്പിലെത്തുന്ന കാലത്ത് ബഹുജനാശയവിനിമയം അഥവാ മാസ് കമ്മ്യൂണിക്കേഷന്റെ പ്രാധാന്യം ഏറിവരികയാണ്. ബഹുജനമാധ്യമങ്ങൾ ജീവിതത്തിൽ ആഴത്തിൽ സ്വാധീനിക്കുകയും അവ അന്തസുറ്റ കരിയറുകളിലൊന്നായി തീരുകയും ചെയ്തിട്ടുണ്ട്. ജേർണലിസം അല്ലെങ്കിൽ മാസ് കമ്മ്യൂണിക്കേഷനിലെ മറ്റു കോഴ്സുകൾ എന്നിവ പഠിക്കാൻ യോഗ്യത മികച്ച ആശയവിനിമയ ശേഷിയും ലിറ്ററേച്ചറിൽ ബിരുദവുമാണ്. എന്നാൽ മാസ് കമ്മ്യൂണിക്കേഷനുമായി ബന്ധപ്പെട്ട എല്ലാ കരിയറുകളും ഇന്ന് ആവശ്യപ്പെടുന്നത് സ്കിൽഡ് ആയ പ്രൊഫഷണലുകളെയാണ്. ആർക്കും ജേർണലിസം പഠിക്കാം എന്ന് പൊതുവെ ധാരണയുണ്ടെങ്കിലും ശരിയായ പ്രൊഫഷണൽ പരിശീലനം ലഭിച്ചവരാണ് മാധ്യമ രംഗത്ത് ഉയർന്നു വരുന്ന പ്രതിഭകൾ എന്ന് മനസിലാക്കാവുന്നതേയുള്ളൂ.

ദേശീയവും അന്തർദേശീയവുമായി നിരവധി പുതുതലമുറ ചാനലുകളുടെ കടുന്നവരവോടെ മാസ് കമ്മ്യൂണിക്കേഷനിൽ മികച്ച പരിശീലനം നേടിയ ഉദ്യോഗാർത്ഥികളെ വ്യാപകമായി ദേശിയ അന്തർദേശിയ മാധ്യമ രംഗം തേടുന്നുണ്ട്. അടുത്ത അഞ്ചുവർഷത്തിനിടെ എഴുപതോളം ചാനലുകളുടെ കടുന്ന വരവാണ് പ്രതീക്ഷിക്കപ്പെടുത്. സിനിമാ രംഗവും മികച്ച മാസ് കമ്മ്യൂണിക്കേഷൻ പ്രഫഷണലുകളുടെ അഭാവം നേരിടുന്നു. ലോകത്ത് ഏറ്റവും കൂടുതൽ സിനിമാ നിർമ്മാണം നടക്കുത് ഇന്ത്യയിലാണ് എന്നതിനാൽ ദേശീയമായിതന്നെ നിരവധി തൊഴിലവസരങ്ങൾ മാസ് കമ്മ്യൂണിക്കേഷൻ പഠിതാക്കൾക്കുണ്ട്. ശരിയായ പരിശീലനം നേടിയെടുത്താൽ മികച്ച തൊഴിലവസരങ്ങളും തിളങ്ങുന്ന കരിയറുകളുമാണ് മാസ് കമ്മ്യൂണിക്കേഷൻ പഠനം മുന്നോട്ടുവയ്ക്കുന്നത്.

ഇന്ത്യയിൽ ആദ്യമായാണ് മാധ്യമ പഠനത്തിൽ വ്യത്യസ്തമായ രണ്ട് കോഴ്സുകൾ അവതരിപ്പിക്കപ്പെടുന്നത്. ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് (IIMS) ഇന്ത്യയിലെ പ്രമുഖ ചാനലുകളുമായും ഓൺലൈൻ മീഡിയയുമായി ചേർന്ന് ബാംഗ്ലൂർ ആസ്ഥാനമായി ഇത്തരം ഒരു സംരംഭത്തിന് തുടക്കമിട്ടിരിക്കുന്നത്. ജേർണലിസ്റ്റ്, ആക്ടർ, ഡയറക്ടർ, എഡിറ്റർ, സ്ക്രീൻ പ്ലേ റൈറ്റർ, ആർ.ജെ, പ്രൊഡ്യൂസർ, വിജെ തുടങ്ങിയ നിരവധി അവസരങ്ങൾ വികസിച്ചുകൊണ്ടിരിക്കുന്ന മാധ്യമ ലോകം വാഗ്ദാനം ചെയ്യുന്നു.

രാജ്യാന്തരമായി ചിന്തിച്ചാൽ ന്യൂസ് കോർപ്പറേഷൻ ഓഫ് റൂപ്പർട്ട് മർഡോക്, ഡിസ്നി എന്റർടൈൻമെന്റ്സ്, വാർണർ ബ്രദേഴ്സ്, CNBC, BBC, ABC, ഗാർഡിയൻ ഗ്രൂപ്പ് തുടങ്ങി നിരവധി വമ്പൻ മാധ്യമ ഗ്രൂപ്പുകൾ ആകർഷകമായ ശമ്പളത്തിൽ ഉദ്യോഗാർത്ഥികളെ തേടുന്നതായി കാണാം. മാസ് കമ്മ്യൂണിക്കേഷൻ പ്രൊഫഷണലിന് 12000 മുതൽ 25000 വരെ ശമ്പളത്തിൽ ജോലി സാധ്യതയും അഞ്ചു വർഷത്തിനകത്ത് 50000–100000 രൂപ വരെയുള്ള മികച്ച വർദ്ധനവും പ്രതീക്ഷിക്കാം.

വീഡിയോ ജേർണലിസത്തിൽ പ്രത്യേക സർട്ടിഫിക്കേഷനോടെയും പ്രമുഖ ടിവി ചാനലുകളിൽ മൂന്നു വർഷത്തെ പ്രായോഗിക പരിശീലനത്തോടെയുമുള്ള പ്രാക്റ്റിക്കൽ ഓറിയന്റഡ് BA ജേർണലിസം (ബാംഗ്ലൂർ യൂണിവേഴ്സിറ്റി) ഇന്റർനാഷണൽ മീഡിയ ജേർണലിസം കൂടി വിഷയമായി പ്രമുഖ ടെലിവിഷൻ ചാനലുകളിൽ മൂന്നു വർഷത്തെ പ്രായോഗിക പരിശീലനത്തോടെ പ്രാക്റ്റിക്കൽ ഓറിയന്റഡ് BVA (ബാച്ചിലർ ഓഫ് വിഷ്വൽ ആർട്സ് ഇൻ മൾട്ടിമീഡിയ ആന്റ് ആനിമേഷൻ, ബാംഗ്ലൂർ യൂണിവേഴ്സിറ്റി) എന്നിവയാണ് ഈ കോഴ്സുകൾ. ഏതെങ്കിലും മാധ്യമ കോഴ്സുകളിൽ ചേർന്ന് പഠിക്കുക മാത്രമല്ല ജോലി ഉറപ്പാക്കും വിധം പരിശീലനം നേടുകയാണ് ഓരോ മാധ്യമവിദ്യാർത്ഥിയും ചെയ്യേണ്ടത്. വാർത്തകളിലും വർത്തമാനകാല സംഭവങ്ങളിലും പൊതുവിജ്ഞാനത്തിലും ആഴത്തിലുള്ള അറിവു കൂടാതെ മികച്ച രീതിയിലെ പ്രായോഗിക പരിശീലനവും ആഗോളവീക്ഷണവും നേടിയെടുക്കാൻ മികച്ച കോഴ്സുകളിലൂടെ സാധിക്കും. വിവരങ്ങൾക്ക് **ഐ.ഐ.എം.എസ്,** ജാലഹള്ളി, ബാംഗ്ലൂർ, **ഫോൺ 08884948888,** www.iims.media



MESSAGE FROM
*Patron*



All my blessings for the team IIMS, for originating a concept, to bring into being, groups of excellent young communicators, who will become valuable to themselves and the society.

Father. **V.I Mathews** Cor-Episcopa
Chairman Father Mathews Group of Institutions
Phone: 09342489889

# BE A COMPLETE VIDEO JOURNALISM PROFESSIONAL THROUGH THE INTENSIVE TRAINING

## TRAINING **HEADS:**
Personality, Communication, time management skills, finding news, sourcing news, production of news, news editing, writing for news, news reading, dubbing for news, news anchoring, spot anchoring, live debate, interview skill etc.

## **TECHNICAL** TRAINING
Still camera, video camera, video editing, multi-cam editing, online editing, out door broad casting techniques, audio editing, graphic animation.

## **DAILY** PROJECTS
Writing news for online news/news papers/magazines/journals etc

## **WEEKLY** PROJECTS
Finding news stories, attending press meet, creating special stories, shoot edit and create final out of news stories

## ADDITIONAL **SKILL CERTIFICATIONS**

**ADVANCED** CERTIFICATE **COURSES**
Duration - **6 Months**
| Print & Amp; TV Journalism | Advertising Management | Media Marketing | Planning & amp; Buying | Event Management | Public Relations | Web Design | Digital Marketing | Animation Art

**CERTIFICATE** COURSES
Duration - **3 Months**
| Public Relations | Anchoring | Corel Draw | Events | Photoshop | Radio Jockeying & amp | Voice overs | Advertising | Copy-writing | Audio Visual | Videography | Photography



ലോകം അറിയപ്പെടുന്ന മാധ്യമ പ്രവർത്തനത്തിനു നിങ്ങൾക്കും അവസരം

ഇന്ത്യയിൽ ആദ്യമായി പ്രമുഖ ടെലിവിഷൻ ചാനലുകളുടെ സഹകരണത്തോടെ

# ഇന്റർനാഷണൽ ജേർണലിസം

3 വർഷത്തെ ഫുൾടൈം യൂണിവേഴ്സിറ്റി ഡിഗ്രിയോടൊപ്പം

**BA JOURNALISM & BVA MULTIMEDIA & ANIMATION** *(Bangalore University)*

ഇന്ത്യയിലെ പ്രമുഖ മാധ്യമ പ്രവർത്തകർ നയിക്കുന്ന ക്ലാസ്സുകൾ, സ്റ്റുഡിയോയിൽ നേരിട്ട് പരിശീലനം, ദിവസവും വിവിധ മാധ്യമങ്ങൾക്ക് വേണ്ടി വാർത്തകൾ തയ്യാറാക്കൽ, ഇംഗ്ലീഷിലും പ്രാദേശിക ഭാഷകളിലും പ്രാവീണ്യം, എല്ലാ സെമസ്റ്ററിലും ടെലിവിഷൻ ഇന്റേൺഷിപ്പ്, ന്യൂസ്, ഡോകുമെന്ററി, പ്രോഗ്രാം പ്രോജക്ടുകൾ, സ്വദേശത്തും വിദേശത്തും നിരവധി അവസരങ്ങൾ.

IIMS Institute of International Media Studies

No. 5/1, HMT Main Road, Near HMT Stadium, Jalahalli
Bangalore - 560013, Karanataka, India
T: +91 80-32948062, M: +91 8884948888
E-mail: contact@iims.media, Web: www.iims.media

CHANNEL PARTNERS



# ദാമ്പത്യം:

## പൊരുത്തപ്പെടൽ

*23-ാം പേജിൽ നിന്നും...*

യായി പ്രവർത്തിക്കുന്ന ഭാര്യയെയല്ല തന്നെ അംഗീകരിക്കുന്ന ഭാര്യയെ ആണ് പുരുഷൻ ആഗ്രഹിക്കുന്നത്. ഇങ്ങനെ സ്ത്രീ പുരുഷ മനഃശാസ്ത്രത്തിലുള്ള വ്യത്യസ്തതകളെക്കുറിച്ചുള്ള അജ്ഞത പലപ്പോഴും പ്രശ്നങ്ങൾക്ക് കാരണമാകുന്നുണ്ട്. വ്യത്യസ്തതകൾ ഒരുപാടുണ്ടെങ്കിലും പഴയ കൂട്ടുകുടംബങ്ങളിൽ മറ്റു ഭാര്യാഭർത്താക്കന്മാർ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്ന വിധം മനഃസ്സിലാക്കുവാനും ദുഃഖങ്ങൾ പങ്കുവയ്ക്കുവാനും സാധിച്ചതുമൂലം സംഘർഷങ്ങൾക്ക് അയവു വന്നിരുന്നു. എന്നാൽ അണുകുടുംബത്തിലേക്ക് മാറ്റപ്പെട്ടപ്പോൾ നഷ്ടമായ പങ്കിടീലിന്റെ അനുഭവവും അമിതമായ പ്രതികരണ സ്വാതന്ത്ര്യവും കുടുംബത്തിന്റെ നിലനിൽപിനെ ബാധിച്ചു.

**ഉപസംഹാരം**

മാറിവരുന്ന സാഹചര്യങ്ങളുമായി പൊരുത്തപ്പെടുവാനുള്ള ദമ്പതികളുടെ കഴിവിനെ ആശ്രയിച്ചാണ് ദാമ്പത്യ ജീവിത വിജയം അതിന് ചില തിരിച്ചറിവുകൾ അനിവാര്യമാണ്.

1. ദൈവമാണ് വിവാഹം കൂട്ടിച്ചേർത്തിരിക്കുന്നത്. തക്കതുണയെതന്നെയാണ് ദൈവം നൽകിയിരിക്കുന്നത് എന്ന അടിയുറച്ച വിശ്വാസം.
2. ഓരോ വ്യക്തിയും വളർന്ന സാഹചര്യങ്ങൾ ആ വ്യക്തിയുടെ സ്വഭാവത്തെ രൂപീകരിക്കുന്നിൽ വളരെ പങ്കു വഹിക്കുന്നു.
3. വിവാഹ ശേഷവും സ്വപ്നങ്ങളെ താലോലിക്കാതെ ജീവിത യാഥാർത്ഥ്യത്തെ അംഗീകരിച്ച് മുന്നേറുക.
4. തന്നെപ്പോലെ തന്നെ എല്ലാ ആഗ്രഹങ്ങളും വികാരങ്ങളും ഉള്ള വ്യക്തിയാണ് തന്റെ ജീവിത പങ്കാളി എന്ന് തിരിച്ചറിയുക.
5. സ്നേഹിക്കുകയും ആദരിക്കുകയും അംഗീകരിക്കുകയും ചെയ്യുമ്പോഴാണ് സ്നേഹിക്കപ്പെടുകയും ആദരിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്യുന്നത് എന്ന് മനസ്സിലാക്കുക.
6. കുടുംബത്തോടൊപ്പം സന്തോഷകരമായി പങ്കിടുവാൻ സമയം കണ്ടെത്തുക.
7. ജീവിത പങ്കാളി തന്നിൽ നിന്ന് എന്താണ് ആഗ്രഹിക്കുന്നത് എന്ന് മനസ്സിലാക്കി അത് നൽകുവാൻ പങ്കാളിയിലേക്ക് വളരുക. ■



# ദൈവം യോജിപ്പിച്ചതിനെ...



## വിവാഹ പൂർവ്വ കൗൺസലിങ്ങ് അനിവാര്യം

■ **ജിജി ജോൺസൺ**
(ഡയറക്ടർ, ഫാമിലി ഡയറക്ട്രേറ്റ്, കണ്ടനാട് ഈസ്റ്റ്)

'ആകയാൽ ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത്' (മത്താ. 19:6). വിവാഹമോചന നിരക്ക് ക്രമാതീതമായി ഉയരുന്ന സാഹചര്യത്തിൽ വി. വിവാഹ ശുശ്രൂഷയിൽ വായിക്കുന്ന ഈ വേദഭാഗം ഏറ്റവും ചിന്തനീയമാണ്. ഇന്ന് നടക്കുന്ന വിവാഹങ്ങൾ വി. കൂദാശയിലുപരി ആഘോഷമാക്കുന്നതിന് ശ്രദ്ധിക്കുമ്പോൾ അതിന്റെ ആയുസിനെക്കുറിച്ച് ആരും പ്രാധാന്യംകൊടുക്കുന്നതായി തോന്നുന്നില്ല. മേൽ ഉദ്ധരിച്ച വേദഭാഗം തന്നെയാണ് ക്രിസ്തീയസഭയിൽ വിവാഹമോചനം അനുവദിക്കാത്തതിന്റെ ഏറ്റവും വലിയ അടിസ്ഥാനം. ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ പങ്കാളികളായി ദൈവീക രക്ഷാസുവിശേഷം ലോകത്തോട് അറിയിക്കാനുള്ള കുടുംബത്തിന്റെ ദൈവീകോദ്ദേശ്യം നിർവ്വഹിക്കണമെങ്കിൽ ദൈവം ആയുസ് തരുന്നതുവരെയും ഇണപിരിയാതെ ജീവിച്ചിരിക്കണം. അതുകൊണ്ട് ഇന്നു കാണുന്ന കുടുംബതകർച്ചയുടെ കാരണങ്ങൾ അന്വേഷിക്കുകയും പരിഹാരനടപടികൾ കാലോചിതമായി സ്വീകരിക്കുകയും ചെയ്യാൻ സഭയ്ക്ക് സാധിക്കണം.

മാറിവരുന്ന സാമൂഹിക, സാംസ്കാരിക സാഹചര്യത്തിൽ കുടുംബജീവിതത്തെക്കുറിച്ചും ബന്ധങ്ങളെക്കുറിച്ചുമുള്ള കാഴ്ചപ്പാടുകൾ മാറിക്കൊണ്ടിരിക്കുകയാണ്. ഇത് പലപ്പോഴും കുടുംബങ്ങളെ ശൈഥില്യത്തിലേക്ക് നയിക്കാറുണ്ട്. ഈ സാഹചര്യത്തിൽ കുടുംബ പരിപോഷണ പരിപാടികൾക്കും കൗൺസിലിങ്ങിനും ഏറെ പ്രാധാന്യമുണ്ട്. പല തരത്തിലുള്ള കാരണങ്ങളാണ് വിവാഹമോചനത്തിലേക്ക് നയിക്കുന്നതെന്ന് വിവിധ പഠനങ്ങളും റിപ്പോർട്ടുകളും വെളിപ്പെടുത്തുന്നു. അഡ്ജസ്റ്റ് ചെയ്യാൻ പറ്റാതിരിക്കുക, ഈഗോ കോംപ്ലക്സ്, മാതാപിതാക്കളുടെ അനാവശ്യ ഇടപെടലുകൾ, കടബാധ്യത, മദ്യപാനം, വിവാഹേതരബന്ധങ്ങൾ, സെൽഫ് ഡിപ്പൺഡൻസി തുടങ്ങി ഒട്ടേറെ കാരണങ്ങൾ കണ്ടെത്താൻ സാധിക്കുന്നു.

മധ്യകേരളത്തിലെ വിവാഹമോചനങ്ങളുടെ കാരണങ്ങളെക്കുറിച്ച് 2015 ൽ കോട്ടയം മെഡിക്കൽ കോളേജിലെ ഒരുസംഘം ഡോക്ടർമാർ നടത്തിയ പഠനത്തിൽ പ്രധാനമായും ചൂണ്ടിക്കാണിക്കുന്ന കാരണങ്ങൾ ശ്രദ്ധേയമാണ്. ദമ്പതികൾ തമ്മിൽ ശരിയായ ആശയവിനിമയത്തിന്റെ അപര്യാപ്ത, പര

സ്പരം മനസ്സിലാക്കാൻ സാധിക്കാത്ത അവസ്ഥ, മദ്യപാനം മൂലമുണ്ടാകുന്ന ആക്രമണം, വിവാഹേതരബന്ധങ്ങൾ, സാമ്പത്തിക പ്രതിസന്ധി എന്നിവ കുടുംബത്തിലെ മറ്റാളുകളുമായി അഡ്ജസ്റ്റ് ചെയ്യാൻ പറ്റാതെ വരിക, (പ്രത്യേകിച്ചും കിഘമാം), കുടുംബാംഗങ്ങളുടെ അനാവശ്യ ഇടപെടൽ തുടങ്ങിയവയാണ്. ദമ്പതികൾ ഒരുമിച്ച് വേർപിരിയാൻ തീരുമാനമെടുക്കുന്നതും സർവ്വസാധാരണമാകുന്നു. ഈ പ്രശ്നങ്ങൾക്ക് പരിഹാരമായി നിർദ്ദേശിക്കുന്നത്-ജീവിതത്തിൽ പ്രതിസന്ധികളെ നേരിടാനുള്ള ജീവിത നൈപുണികൾ (Life Skills) പരിശീലിപ്പിക്കുക, കുടുംബത്തെ എജ്യുക്കേറ്റ് ചെയ്യുക, വിവാഹപൂർവ്വ കൗൺസലിങ് നടത്തുക തുടങ്ങിയവയാണ്. ഇതിലേക്ക് മുൻകൈ എടുക്കേണ്ടത് മാതാപിതാക്കളും അധ്യാപകരും സഭാ നേതാക്കളുമാണ്.

### 1. കൗൺസലിങ്ങിന്റെ പ്രസക്തി

വിവാഹമോചനത്തിലെത്തുന്നവർക്കും വിവാഹമോചിതർക്കും കൗൺസലിങ് വളരെ ആവശ്യമാണ്. കാരണം ഏതെങ്കിലും തരത്തിലുണ്ടാകുന്ന പ്രതിസന്ധിയെ അഭിമുഖീകരിക്കുന്നതിലും അതിജീവിക്കുന്നതിലുമുള്ള പ്രാപ്തിക്കുറവാണല്ലോ ഈയൊരു ഘട്ടത്തിലെത്തിക്കുന്നത്. അതുകൊണ്ട് ജീവിതത്തെ അഭിമുഖീകരിക്കാനുള്ള ശക്തി പകർന്ന് കൊടുക്കുകയാണ് ഏറ്റവും പ്രധാനം. തങ്ങളിലുള്ള കഴിവിനെ കണ്ടെത്തി ഉപയോഗിക്കാനും കഴിവില്ലായ്മകളെ അംഗീകരിക്കാനും സാധിക്കുക, ഈ മിഥ്യാധാരണകൾ തിരുത്തി യാഥാർത്ഥ്യവുമായി പൊരുത്തപ്പെട്ട് ജീവിക്കാൻ സഹായിക്കുക, ആത്യന്തികമായി ദൈവഹിതത്തിനൊത്ത് സ്വത്വത്തെ രൂപപ്പെടുത്തുവാൻ സഹായിക്കുക തുടങ്ങിയവയിലൂടെ അവരെ ജീവിതത്തിന്റെ മുഖ്യധാരയിൽ നിലനിർത്താൻ സഹായിക്കേണ്ടതുമാണ്.

### 2. വിവാഹ ജീവിത പ്രതിസന്ധികളിൽ എത്താതിരിക്കാനുള്ള നടപടികൾ

a. കുടുംബവിദ്യാഭ്യാസം: ഇന്നത്തെ കുടുംബജീവിതങ്ങൾ കൂടുതലും കാലത്തിന്റെ ഒഴുക്കിനനുസരിച്ച് സ്വാഭാവികമായും ഒഴുകുന്ന രീതിയിലാണ് കാണപ്പെടുന്നത്. എന്നാൽ യാഥാർത്ഥ്യബോധത്തോടുകൂടെ ക്രിസ്തീയ മൂല്യത്തിൽ അടിസ്ഥാനമിട്ട ജീവിതത്തെക്കുറിച്ച് കാഴ്ചപ്പാട് രൂപീകരിക്കാൻ കുടുംബത്തിലെ വിവിധ പ്രായത്തിലുള്ളവരെ കേന്ദ്രീകരിച്ച് കൗൺസലിങ്ങും പരിപോഷണ പരിപാടികളും പഠനങ്ങളും ആവിഷ്ക്കരിക്കേണ്ടതുണ്ട്.

b. കുടുംബത്തിലാണ് ഒരു വ്യക്തിയുടെ വ്യക്തിത്വം രൂപപ്പെടുത്തിയെടുക്കാനുള്ള എല്ലാ പരിശീലനങ്ങളും നടക്കുന്നത്. വളരുന്ന പ്രായത്തിൽ തന്നെ ജീവനനൈപുണ്യതകൾ പരിശീലിക്കണം. ഇത്തരത്തിലാകണം മാതാപിതാക്കളുടെ ഇടപെടൽ. പ്രത്യേകിച്ച് നവമാധ്യമങ്ങളും അതിന്റെ ഓരോ ചലനങ്ങളും കുഞ്ഞുങ്ങളെ ഏറെ സ്വാധീനിക്കുമ്പോൾ ജീവിതയാഥാർത്ഥ്യങ്ങളെ ഉൾക്കൊള്ളാൻ നല്ലൊരു ദർശനം രൂപപ്പെടുത്തിയെടുക്കുന്നതിന് സഹായിക്കാൻ മാതാപിതാക്കൾക്കു കഴിയണം. ഇന്നത്തെ മത്സര ലോകത്തിൽ തങ്ങളുടെ കുഞ്ഞുങ്ങളുടെ ഭാവിയെപ്രതി ഏറെ മാനസിക സംഘർഷം മാതാപിതാക്കൾ അനുഭവിക്കുന്നുമുണ്ട്.

c. കുടുംബ ജീവിതത്തിലേക്കൊരുങ്ങുന്ന ദമ്പതികൾക്കായി ഇന്ന് നടക്കുന്ന പരിശീലനപരിപാടി കുറച്ചുകൂടി കാര്യക്ഷമമാകേണ്ടതാണ്. പലരും ഒരു സർട്ടിഫിക്കറ്റ് സംഘടിപ്പിക്കുന്നതിനുള്ള വ്യഗ്രതയിലാണ്. അതിലുപരിയായി തങ്ങളുടെ ജീവിതത്തിന്റെ മേന്മയും കാര്യക്ഷമതയും വർദ്ധിപ്പിക്കാനുള്ള പരിപാടിയായി ഇതിനെ കാണാൻ സാധിക്കണം. ഏതൊരു ഉല്പന്നവും കരസ്ഥമാക്കുന്ന ലാഘവത്തിന് ജീവിതപങ്കാളിയെയും കാണുന്ന രീതി ദാമ്പത്യജീവിതത്തിന്റെ ആയുസ്സു കുറച്ചേക്കാം. വ്യക്തിപരമായ ഒരുക്കവും പങ്കാളിയുടെ ശ്രേഷ്ഠതയും കുറവുകളും മനസ്സിലാക്കാനുള്ള പ്രാപ്തി നേടിയെടുക്കുകയും ദൈവാശ്രയത്തിൽ അടിസ്ഥാനമിട്ട് അവസാനം വരെ ജീവിക്കാനുള്ള ദൈവകൃപയുടെ ആവശ്യകതയും ബോധ്യപ്പെടേണ്ടതാണ്.

### 3. വിവിധ ഘട്ടങ്ങളിലേയ്ക്കുള്ള കൗൺസലിങ്

a. കുട്ടികൾക്കുള്ള കൗൺസലിങ്: പലപ്പോഴും പഠനം മെച്ചപ്പെടുത്താനായി കൗൺസലിങ് ഉപയോഗപ്പെടുത്താറുണ്ട്. എന്നാൽ ജീവിതദർശനം രൂപീകരിക്കാനും തങ്ങളുടെ കഴിവുകളെക്കുറിച്ചും കഴിവില്ലായ്മകളെക്കുറിച്ചുമുള്ള ഒരവബോധം കുഞ്ഞുങ്ങൾക്കുണ്ടാകാനും പ്രശ്നങ്ങൾ വരുമ്പോൾ അവയെ തരണം ചെയ്യാനുമുള്ള പ്രാപ്തി കൗൺസലിങ്ങ് വഴിയായി ലഭിക്കുന്നു. ഭാവിജീവിതത്തിന് തീർച്ചയായും ഇതുപകരിക്കും.


b. കൗമാരഘട്ടത്തിലെത്തുമ്പോൾ ഭാവിയെക്കുറിച്ചുള്ള നിറം പിടിപ്പിക്കുന്ന സ്വപ്നങ്ങൾ നെയ്യാനാരംഭിക്കുന്നതും എന്തും പരീക്ഷിക്കാനുള്ള പ്രവണതവർദ്ധിക്കുന്നതും സ്വാഭാവികമാണ്. അപകടമായ കൂട്ടുകെട്ടുകളുടെ സ്വാധീനം ജീവിതത്തെ വഴിതെറ്റിക്കാറുണ്ട്. ഇന്നത്തെ ദൃശ്യ-ശ്രവ്യമാധ്യമങ്ങൾ മിക്കവാറും വളരെ വികലമായ കാഴ്ചപ്പാടുകളാണ് നൽകിക്കൊണ്ടിരിക്കുന്നത്. ഈ പ്രായത്തിലുണ്ടാകുന്ന പ്രണയങ്ങൾ പലപ്പോഴും അതിർവരമ്പുകൾ ഭേദിക്കുന്നുണ്ടെന്ന് പലരും സാക്ഷ്യപ്പെടുത്താറുണ്ട്. പക്ഷെ പിന്നീടാണ് അതിന്റെ വൈഷമ്യങ്ങൾ മനസ്സിലാക്കുന്നതും ചിലരുടെ ജീവിതം തന്നെ കൈവിട്ട് പോകുന്നതും. അതുകൊണ്ട് ഈ കാലഘട്ടത്തിൽ കുടുംബജീവിതത്തിന്റെ പ്രാധാന്യവും മൂല്യങ്ങളും പങ്കാളിയെ തിരഞ്ഞെടുക്കേണ്ടരീതികളും എല്ലാം മനസ്സിലാക്കേണ്ടതുണ്ട്. അതിനാവശ്യമായ പഠനക്രമീകരണവും കൗൺസലിങ്ങും ക്രമീകരിക്കേണ്ടതുമാണ്.

c. ദമ്പതികൾ തമ്മിലുള്ള കൊച്ചു കൊച്ചുകലഹങ്ങൾ പരിഹരിക്കപ്പെടാതെ പോകുന്നതാണ് പലപ്പോഴും വിവാഹമോചനത്തിലേക്ക് നീളുന്നത്. കേവലം രണ്ട് വ്യക്തികൾ തമ്മിലുണ്ടാക്കുന്ന ഉടമ്പടിയല്ല വിവാഹം. ജീവിതകാലം മുഴുവൻ പരസ്പരം പങ്കുവെച്ച് ജീവിക്കുവാനായ് ദൈവത്താൽ സംയോജിക്കപ്പെടുന്നതാണ് വിവാഹമെന്ന വി. കൂദാശ. ഈ പ്രക്രിയ സൃഷ്ടിയുടെ ആരംഭം മുതൽ തന്നെയുള്ളതാകുന്നു. അതുകൊണ്ടു തന്നെയാണ് ദൈവം സംയോജിപ്പിച്ചതിനെ മനുഷ്യർക്ക് വേർപിരിക്കാനവകാശമില്ലെന്ന് കർത്താവ് അരുളിചെയ്യുന്നത്. അതുകൊണ്ടുതന്നെദമ്പതികൾ തമ്മിലുള്ള പ്രശ്നത്തിൽ അനാവശ്യമായ ഇടപെടലുകൾ നടത്തി അതിനെ ഛിദ്രമാക്കാതെ ശ്രദ്ധിക്കേണ്ടതുണ്ട്. ഈ യാഥാർത്ഥ്യമുൾക്കൊണ്ട് പ്രശ്നങ്ങളെ രമ്യമായി പരിഹരിക്കാൻ ദമ്പതികളെ സഹായിച്ചുകൊടുക്കുകയാണ് വേണ്ടത്.

ആരോഗ്യമുള്ള കുടുംബത്തിന്റെ കൂട്ടായ്മയും നിലനിൽപും സഭയുടെയും സമൂഹത്തിന്റെയും വളർച്ചയ്ക്കും സുസ്ഥിരതയ്ക്കും അനിവാര്യമാണ്. ■




## ഫാ.ഡോ.റ്റി.ജെ. ജോഷ്വായുടെ 100 പ്രസംഗങ്ങൾ




ലളിതവും അർത്ഥ സാന്ദ്രവുമായ വാക്കുകളിലൂടെയുള്ള 100 ബൈബിൾ പ്രസംഗങ്ങൾ. വചന ശുശ്രൂഷയിൽ 60 വർഷത്തെ അനുഭവ പരിചയം ഓരോ പ്രസംഗത്തിലും പ്രകാശം പരത്തുന്നു. പ്രഭാഷണങ്ങൾ തയ്യാറാക്കുന്നവർക്ക് ഉത്തമം. സി.എസ്.എസ്., പേജ്-622, വില-450.


## സമഗ്ര സൗഖ്യ




സമഗ്ര സൗഖ്യം എന്ന വിഷയത്തിന്റെ സമഗ്രമായ പഠനം. ആത്മ ശരീര -മനസ്സുകളുടെ സമഗ്ര സൗഖ്യത്തിന് കുടുംബങ്ങൾക്ക് ഒരു മാർഗ്ഗരേഖ. ഇംഗ്ലീഷിലും മലയാളത്തിലുമുള്ള പ്രൗഢരചനകൾ അനുഗ്രഹ സന്ദേശം: പ. ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ മാനവശക്തീകരണ വിഭാഗം, കോട്ടയം, പേജ്-260, വില:100

## വിജയം നേടാൻ


സെബിൻ എസ്. കൊട്ടാരം




ജീവിതത്തിൽ വൻ വിജയം നേടാനും മികച്ച വ്യക്തിത്വം കരസ്ഥമാക്കുവാനും മാർഗ്ഗം പകരുന്ന പ്രചോദനാത്മക ഗ്രന്ഥം. വ്യക്തിത്വ വികസനത്തിന് പ്രേരകമാകുന്ന വിശകലനങ്ങൾ ലളിതമായ ഉദാഹരണങ്ങളിലൂടെ അവതരിപ്പിക്കുന്നു. ഡോൾഫിൻ ബുക്സ്, 9447874887, പേജ് 130, വില:140

## മകളുടെ സാക്ഷ്യം

സജി എണ്ണയ്ക്കാട്





വ്യത്യസ്തമായ കണ്ണിലൂടെ ജീവിതത്തെ കാണുന്ന കഥകൾ. അസാധാരണത്വവും മൗലികതയും വായനക്കാരുടെ പുത്തൻ ഭാവുകത്വം പകരുന്നു. അവതാരിക. കെ. ജയകുമാർ ഐ.എ.എസ്, നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം, പേജ്-88, വില-80.

വാ|യ|ന

# യഥാർത്ഥ ആദ്ധ്യാത്മിക സ്രോതസ്സുകൾക്കായുള്ള അന്വേഷണം

ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ്
മെത്രാപ്പോലീത്ത




പൗരസ്ത്യ ക്രൈസ്തവ ദർശനങ്ങളിലെ വേദാധിഷ്ഠിത-വേദശാസ്ത്ര സംവാദങ്ങളാണ് ബഹുഭാഷാ പണ്ഡിതനും വേദശാസ്ത്രജ്ഞനുമായ അഭിവന്ദ്യ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ *ആദ്ധ്യാത്മികതയുടെ യഥാർത്ഥ സ്രോതസ്സുകൾ* എന്ന ഗ്രന്ഥം. പ്രശസ്ത ധ്യാനഗുരു, അനുഗൃഹീത അജപാലകൻ, ചിന്തകൻ എന്നീ നിലകളിൽ വ്യക്തിപ്രഭാവമുള്ള അദ്ദേഹത്തിന്റെ ദീർഘകാല വേദശാസ്ത്ര ബോധനശുശ്രൂഷയിൽനിന്നും രൂപപ്പെട്ട അന്വേഷണമാണിത്.

ആദ്ധ്യാത്മികതയുടെ യഥാർത്ഥ സ്രോതസ്സിനായുള്ള അന്വേഷണം ദാർശനികമാണ്. വേദവിചാരങ്ങളിലും മനനങ്ങളിലും അധിഷ്ഠിതമായ യോഗാത്മകതയിൽ മാത്രമേ, അത്യുദാത്തമായ ആദ്ധ്യാത്മിക സ്രോതസ്സിനെ തിരിച്ചറിയുവാൻ കഴിയൂ. പൗരസ്ത്യ ആദ്ധ്യാത്മികതയിൽ ഏതെങ്കിലും ഒരു പ്രത്യേക സ്ഥാനമോ, സ്ഥലമോ, സംഭവമോ മാത്രമാണ് ആദ്ധ്യാത്മികതയുടെ സ്രോതസ്സ് എന്ന് പൂർണ്ണമായും നിജപ്പെടുത്തുവാൻ കഴിയില്ല. ആദ്ധ്യാത്മികതയുടെ യഥാർത്ഥ സ്രോതസ്സുകൾ തേടിയുള്ള അന്വേഷണത്തെക്കുറിച്ച് ആമുഖത്തിൽ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ എഴുതി: *വൈയക്തികതയും സാമൂഹികതയും പ്രാപഞ്ചികതയും ചേർന്നിണങ്ങി ജീവിതത്തെ ആകമാനം സമുദ്ഗ്രഥിക്കുവാനും സമ്പന്നമാക്കുവാനും കഴിയുന്ന ആദ്ധ്യാത്മികതയുടെ ഉറവ തേടിയുള്ള പുറപ്പാടാണ് ഇതിലെ പഠനവിഷയങ്ങൾ അധികവും.* വ്യക്തി-സമൂഹം-പ്രപഞ്ചം എന്നിവയുടെ പാരസ്പര്യതയിൽ രൂപപ്പെടുത്തിയ പുതിയ ആദ്ധ്യാത്മിക സംസ്കൃതിയുടെ അടിസ്ഥാനഭാവങ്ങളാണ് വ്യത്യസ്തങ്ങളായ ഈ ലേഖനങ്ങളിൽ സമഗ്രമായി വിശകലനം ചെയ്യുന്നത്.

ആദ്ധ്യാത്മികത വിശ്വാസജീവിതമാണ്. വിശ്വസിക്കുന്നതും അനുഭവിച്ചറിയുന്നതുമായ സഭാജീവിതത്തിന്റെ ആരാധനാനുഭവമാണിത്. വൈവിധ്യമാർന്ന ആരാധന, ആചാരം, അനുഷ്ഠാനം, പൈതൃകം, സംസ്കൃതി എന്നിവയിലൂടെ രൂപപ്പെടുന്ന വിശ്വാസരീതിയും ദൈവാനുഭവവും വഴി സ്വായത്തമാകുന്ന മൂല്യങ്ങളും ജീവിതരീതികളും വെളിപ്പെടുത്തുന്നതാണ് ആത്മീയത. ഇത് വിശ്വാസവും മൂല്യവും പ്രതിഫലിപ്പിക്കുന്ന ആരാധനാധിഷ്ഠിത ജീവിതചര്യയാണ് (Eucharistic way of life). വ്യക്തിയേയും സമൂഹത്തേയും രൂപാന്തരപ്പെടുത്തുവാനുള്ള ധാർമ്മികശേഷിയും പ്രവാചക കാഴ്ചപ്പാടുകളും ഉണ്ടാകുമ്പോഴാണ് ആദ്ധ്യാത്മികതയ്ക്ക് സാമൂഹിക ദർശനം ലഭ്യമാകുന്നത്. ആരാധനയും വ്രതനിഷ്ഠയുമുള്ള സുശിക്ഷിത ജീവിതക്രമത്തിൽ മാത്രമേ ആത്മരൂപാന്തരസ്വഭാവവും (self trancending character) സാമൂഹിക പരിവർത്തന ദർശനവും സമന്വയിക്കുകയുള്ളൂ. ദൈവത്തെ സമ്പൂർണ്ണമായി അനുഭവിച്ചറിഞ്ഞ് ക്രിസ്തീയ വിശ്വാസത്തിലും മൂല്യത്തിലും ധാർമ്മികതയിലും ജീവിതത്തെ അനുദിനം ക്രമപ്പെടുത്തി ചിന്തയിലും പ്രവൃത്തിയിലും ക്രിസ്തീയത നിർവ്വഹിക്കുവാൻ കഴിയുന്നതാകണം ആദ്ധ്യാത്മികത. ബൈബിൾ, മനുഷ്യാവതാരം, ത്രിത്വം, വിശുദ്ധ കുർബ്ബാന, സഭാ വിജ്ഞാനീയം, സഭാപിതാക്കന്മാരുടെ ദർശനം, സഭാപൈതൃകം എന്നിവയിലെല്ലാം ആദ്ധ്യാത്മികതയുടെ സ്രോതസ്സുകൾ ബലപ്പെട്ടിരിക്കുന്നു.

ആദ്ധ്യാത്മികത ഭൗതികതയിൽ നിന്നുള്ള പൂർണ്ണ വേർപിരിയലല്ല. സാമൂഹിക ജീവിതക്രമത്തിൽ ആദ്ധ്യാത്മികത ഉൾക്കൊണ്ടുള്ള ജീവിതക്രമം രൂപപ്പെടുത്തുന്ന അന്വേഷണമാണ്. അതിനാൽ യഥാർത്ഥ ആദ്ധ്യാത്മികതയിൽ വ്യക്തിപരവും സാമൂഹികവുമായ ദർശനം ഉൾക്കൊള്ളുന്നു.

സാമൂഹിക വ്യവസ്ഥിതികളും മനുഷ്യജീവിതത്തിന്റെ അതിജീവന പോരാട്ടങ്ങളും പരിസ്ഥിതി പ്രശ്നങ്ങളും വിസ്മരിച്ചുള്ള ജീവിതശൈലിയല്ല ആദ്ധ്യാത്മികതയിൽ ശക്തിപ്പെടേണ്ടത്. സാമൂഹികവും രാഷ്ട്രീയവുമായ അതിജീവന പോരാട്ടങ്ങളിൽ നീതി, സാകല്യ, സുസ്ഥിതി സമൂഹത്തിനായുള്ള അന്വേഷണം ഉണ്ടാകണം. ആന്തരീകമായി ലഭ്യമാകുന്ന ദൈവാനുഭവം ഏവരുടേയും അഭ്യുന്നതിക്കും സൗഹാർദ്ദത്തിനും മാർഗ്ഗം പകരുന്ന നീതിയുടെയും നിരപ്പിന്റെയും സ്നേഹത്തിന്റെയും ശുശ്രൂഷ നിർവ്വഹിക്കുവാൻ കഴിയുമ്പോഴാണ് ആദ്ധ്യാത്മികതയ്ക്ക് സാമൂഹിക മുഖം ലഭ്യമാകുന്നത്.

ദൈവം മനുഷ്യനായി തീർന്ന മനുഷ്യാവതാരം വിളിച്ചറിയിക്കുന്നത് ആദ്ധ്യാത്മികതയുടെ നേർക്കാഴ്ചയാണ്. അതിനാൽ ക്രിസ്തുവിൽ കേന്ദ്രീകൃത ആദ്ധ്യാത്മിക ജീവിതത്തിന്റെ അടിസ്ഥാനം ശിഷ്യത്വമാണ്. സ്നേഹത്തിലും പരിത്യാഗത്തിലും നിറഞ്ഞ് ക്രൂശിന്റെ അനുഭവത്തിലൂടെ വിശുദ്ധിയിലേക്കുള്ള വളർച്ചയാണിത്. ആത്മപരിവർത്തനത്തിനും സാമൂഹിക രൂപാന്തരത്തിനുമുള്ള വിളിയാണിത്. സ്നേഹത്തിലും നീതിയിലും ശുശ്രൂഷയിലും അധിഷ്ഠിതമായ ജീവിതരീതി സാമൂഹിക ജീവിതഘടനയിൽ രൂപപ്പെടുത്തുവാൻ യഥാർത്ഥ ആദ്ധ്യാത്മികതയിൽ സാധ്യമാകണം. ആരാധനാനുഷ്ഠാനങ്ങളിലും വിശുദ്ധ കുർബാനയിലും അനുഭവിച്ചറിയുന്ന ദൈവത്തിന്റെ രക്ഷാകരപ്രവർത്തനങ്ങൾ വർത്തമാന ചരിത്രത്തിൽ യാഥാർത്ഥ്യമാക്കുവാനുള്ള ഉത്തരവാദിത്വമാണ് ആദ്ധ്യാത്മികതയിൽ നിറയേണ്ടതെന്ന് ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ ഈ പഠനത്തിൽ വ്യക്തമാക്കുന്നു.

ജീവിതത്തെ സമഗ്രമായി രൂപാന്തരപ്പെടുത്തുവാൻ ശേഷിയുള്ള ആദ്ധ്യാത്മിക പൈതൃകത്തിന്റെയും സംസ്കൃതിയുടെയും പ്രഭവകേന്ദ്രം ആരാധനയും വ്രതാനുഷ്ഠാനവുമാണ്. സഭ്യതയോടും വിശുദ്ധിയോടും നിഷ്ഠയോടും വ്രതാനുഷ്ഠാനത്തോടും ഭക്തിപൂർവ്വം ആരാധനയിൽ സംബന്ധിച്ച് ദൈവസാന്നിദ്ധ്യം അനുഭവിച്ചറിയുന്നതാകണം ആദ്ധ്യാത്മികതയെന്ന് അദ്ദേഹം പറയുന്നു. മനസ്സിനേയും ശരീരത്തേയും ശുദ്ധീകരിച്ച് ജീവിതം നിരന്തരം ദൈവസന്നിധിയിൽ കേന്ദ്രീകരിക്കുമ്പോൾ ആദ്ധ്യാത്മികതയുടെ യഥാർത്ഥ സ്രോതസ്സുകൾ ഉൾക്കൊള്ളുവാൻ കഴിയും. നന്മയും തിന്മയും സത്യവും അസത്യവും ധർമ്മവും അധർമ്മവും വിവേചിച്ചറിയുന്ന കഴിവ് ദൈവദത്തമാണ്. അതിനാൽ ദൈവാത്മ സാന്നിധ്യത്തിൽ ജീവിക്കുന്നവർ ദൈവസ്വരൂപിയായി എപ്പോഴും പ്രോജ്ജ്വലിക്കും. ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ എഴുതുന്നു: *ആത്മാവിന്റെ നിറവുള്ളതിനാൽ അവർ ഇന്ദ്രിയങ്ങളെ ജയിക്കുന്നു. കലഹവും ഭിന്നതയും ഒഴിവാക്കി സമാധാനം നടത്തുന്നു. അഹങ്കാരവും വൻ ഭാവവും നീക്കി വിനയവും ശാന്തതയുമുള്ളവരായി അന്യോന്യം കീഴ്പ്പെട്ടും പരസ്പരം ആദരിച്ചും ജീവിക്കുന്നു.* വി. രഹസ്യങ്ങളുടെ സജീവ സാന്നിദ്ധ്യത്തിലൂടെ കുരിശിന്റെ ദർശനത്തിൽ വേരുറപ്പിക്കുന്നതും നിരന്തരം പരിവർത്തിപ്പിക്കുന്നതുമായ ദൈവതേജസ്സിന്റെ അനുഭവമാണിത്. മനുഷ്യജീവിതം രൂപാന്തരപ്പെടുന്തോറും ആദ്ധ്യാത്മിക അനുഭവത്തിൽ നിറയും.

ദൈവത്തിന്റെ സവിശേഷ സാന്നിധ്യമാണ് ദേവാലയം. മനുഷ്യനും ദൈവത്തിന്റെ ആലയമാണ്. അതിനാൽ ഒന്നിൽ നിന്ന് മറ്റൊന്നിനെ മാറ്റി നിർത്തി ഒരു ദേവാലയ സങ്കല്പം സൃഷ്ടിക്കുവാൻ കഴിയില്ലെന്നും അദ്ദേഹം വ്യക്തമാക്കുന്നു. ദൈവനിവാസം അനുഭവിച്ചറിയുവാൻ കഴിയുന്ന വിശ്വാസിക്കു മാത്രമേ ദൈവസാന്നിധ്യവും ഉൾക്കൊള്ളുവാൻ കഴിയൂ. ഇവ ഒരു അനുഭവത്തിന്റെ രണ്ടു തലങ്ങളാണെന്ന് സ്ഥാപിക്കുന്ന രചനയാണ് 'ദേവാലയാഭിഷേകവും ദൈവസാന്നിധ്യവും.' ഇടവകകളിൽ ശക്തിപ്പെടാറുള്ള ചേരിതിരിവുകളും പോർവിളികളും ദൈവസാന്നിധ്യത്തിന്റെ അപര്യാപ്തതയാണ് വിളിച്ചറിയിക്കുന്നത്!

'അധികാരം പുതിയനിയമത്തിൽ' എന്ന ലേഖനം ഇതിലെ ഏറ്റവും പ്രൗഢമായ രചനയാണ്. 'മേൽക്കോയ്മയല്ല, നന്മയിൽ നിറഞ്ഞു കവിയുന്ന ഉണ്മയുടെ പ്രകാശനമാണ് അധികാരമെന്ന്' ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ വേദവെളിച്ചത്തിൽ വ്യാഖ്യാനിക്കുന്നു. *ദൈവാഭിമുഖ്യമാണ് അധികാരത്തിന്റെ അളവുകോൽ. പാരസ്പര്യമാണ് എല്ലാറ്റിനെയും കോർത്തിണക്കുന്ന കണ്ണി. ദൈവാരാധനയാണ് ഈ കൂട്ടായ്മയുടെ അടിസ്ഥാനഭാവം* എന്നാണ് അധികാരത്തിന്റെ വിശദീകരണം.

'ധിക്കാരമില്ലായ്മയാണ് അധികാരം' എന്ന സമവാക്യമാണ് അദ്ദേഹം രൂപപ്പെടുത്തുന്നത്. സ്വയബോധത്തിന്റെ സ്ഥാനത്ത് ദൈവബോധം നിറഞ്ഞുവരുന്ന പരിത്യാഗമാണ് യഥാർത്ഥ അധികാരം. അതിനാൽ യഥാർത്ഥ അധികാരി പരിത്യാഗിയായിത്തീരുന്നു. ഇത് രേഖീയവും ഏകരൂപകവുമായ അധികാരസങ്കല്പത്തിന് പകരം വൃത്തീയ പാരസ്പര്യതയാണ് സൃഷ്ടിക്കുന്നത് എന്ന് ശാസ്ത്രീയമായി സമർത്ഥിക്കുന്നു. സർവ്വ സൃഷ്ടിയേയും അനുരഞ്ജിപ്പിക്കുന്ന ശുശ്രൂഷയാണ് മനുഷ്യനിലുണ്ടാകേണ്ടത്. അതിന് അധികാരത്തേക്കാൾ 'ശുശ്രൂഷ' എന്ന ആശയത്തിനാണ് പ്രാധാന്യം എന്നും വ്യക്തമാക്കുന്നു.

വി. കുർബ്ബാന, സ്ലീബായുടെ പ്രാധാന്യം, മാലാഖാവൃന്ദങ്ങൾ, കൃപാവരപ്രസ്ഥാനം, പുതിയനിയമത്തിലെ ചില ഭാഷാപ്രശ്നങ്ങൾ, കൈവെയ്പ്, രക്തസാക്ഷ്യം, തീർത്ഥയാത്ര എന്നിങ്ങനെ വൈവിധ്യമാർന്ന ഇരുപതിൽപരം വിഷയങ്ങൾ ഹ്രസ്വവും ഗഹനവും വേദാധിഷ്ഠിതവുമായി അവതരിപ്പിച്ചിരിക്കുന്നു. വ്യക്ത്യധിഷ്ഠിതവും വൈകാരികവുമായ ആനന്ദാനുഭവങ്ങൾ ഉദ്ദീപിപ്പിക്കുന്ന കരിസ്മാറ്റിക്ക് - കൃപാവരപ്രസ്ഥാനങ്ങൾ ആത്മീയ മിഥ്യാ ഭാവങ്ങളാണെന്ന് അദ്ദേഹം തെളിയിക്കുന്നു: *ദൈവം നൽകിയ കൃപാദാനങ്ങൾ ദൈവമഹത്വത്തിനും മനുഷ്യരക്ഷയ്ക്കും വേണ്ടിയാവണം. മനുഷ്യ മഹിമയ്ക്കും വ്യക്തിപരമായ ആനന്ദത്തിനും ഔന്നത്യത്തിനും വേണ്ടിയാവരുത്* എന്ന് താക്കീതും നൽകുന്നു.

ആദ്ധ്യാത്മികതയിൽ സ്ത്രീകൾ വഹിക്കുന്ന പങ്ക് സവിസ്തരം പ്രതിപാദിക്കുന്ന ശ്രദ്ധേയമായ രണ്ട് പ്രബന്ധമാണ് *സ്ത്രീ സങ്കല്പവും സ്ത്രീകളുടെ സ്ഥാനവും ശുശ്രൂഷയും.* യേശു സമാരംഭിച്ച സ്ത്രീകളുടെ

## പാരിഷ് മിഷൻ

**കോട്ടയം:-** ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി 2016-2017 അദ്ധ്യായന വർഷത്തിലെ ഓണം, ക്രിസ്തുമസ് അവധിക്കാലത്ത് സെമിനാരി അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും നേതൃത്വത്തിൽ ഇടവകകൾ കേന്ദ്രീകരിച്ച് പാരിഷ്മിഷൻ നടത്തുന്നു.

പാരിഷ് മിഷൻ നടത്തുവാൻ ആഗ്രഹിക്കുന്ന ഇടവകകൾ വികാരിയുടെ കത്തു സഹിതം സെമിനാരി പാരിഷ് മിഷൻ ഡയറക്ടർ/കോർഡിനേറ്ററുമായി (റിജോ പി. തോമസ്) ബന്ധപ്പെടുക. ഫോൺ: 0481-2568083, 2566526

# ആദിമ സഭയുടെ മഹത്വം



■ ഡോ. പുന്നൂസ് യു. പാണൂർ

ആദിമ സഭ എങ്ങനെയുള്ളതായിരുന്നു? പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്ന സഭയുടെ ലക്ഷണങ്ങൾ എന്തൊക്കെയാണ്? ഈ ചോദ്യങ്ങൾക്കുള്ള ഉത്തരം മേലുദ്ധരിച്ച വാകൃങ്ങളിലുണ്ട്. കർത്താവിന്റെ സ്വർഗ്ഗാരോഹണശേഷം പെന്തക്കോസ്തുനാളിൽ ശിഷ്യന്മാരിൽ പരിശുദ്ധാത്മാവു വന്നാവസിച്ചതിനെക്കുറിച്ചു അപ്പോസ്തോല പ്രവർത്തികൾ രണ്ടാം അദ്ധ്യായത്തിൽ സവിസ്തരം വിവരിച്ചിട്ടുണ്ട്. പരിശുദ്ധാത്മ പ്രേരിതനായ പത്രോസ് ശ്ലീഹായുടെ പ്രസംഗം കേട്ട മൂവായിരം പേർ അന്നു സഭയോടു ചേർന്നു. ദിനം തോറും സഭ വളർന്നു വന്നു. അവർ എങ്ങനെ പ്രവർത്തിച്ചു എന്നു നമുക്കു പരിശോധിക്കാം:-

**1. ഉപദേശം കേൾക്കുന്ന സഭ:** Learning Church സഭയിലേക്കു വന്നവർ അപ്പോസ്തോലന്മാരുടെ ഉപദേശം കേൾക്കുന്നതിൽ തല്പരരായിരുന്നു. യേശുക്രിസ്തുവിൽ നിന്നു നേരിട്ടു പഠിച്ച ഉപദേശങ്ങളാണു ശിഷ്യന്മാർ ജനത്തിനു നൽകിയതും. അവരുടെ പ്രസംഗങ്ങളും ഉപദേശങ്ങളും വിശ്വാസികൾക്കു ധൈര്യവും ചൈതന്യവും വിശ്വാസത്തിൽ ഉറപ്പും വരുത്തി.

**2. കൂട്ടായ്മ ആചരിക്കുന്ന സഭ:** Church of Fellowship ക്രിസ്തുവിന്റെ നാമത്തിൽ ഒരുമിച്ചു കൂടുവാനും പരസ്പരം ബന്ധം പുലർത്തുവാനും ശ്രദ്ധിച്ചിക്കുന്നവരായിരുന്നു അവർ. എല്ലാവരേയും തുല്ല്യൻ എന്നു അവർ എണ്ണിയിരുന്നു. അവരുടെ പരസ്പര ബന്ധവും കരുതലും അനുകരണീയമായിരുന്നു.

**3. അപ്പം നുറുക്കുന്ന സഭ:** Church of breaking bread അവൻ ഒരുമിച്ചു കൂടുകയും അപ്പം നുറുക്കുകയും ചെയ്തിരുന്നു. വി. കുർബാനയുടെ അനുഭവത്തെയാണു ഇതു സൂചിപ്പിക്കുന്നത്. അവർ ഒരേ അപ്പത്തിന്റെ അംശികൾ എന്നതിൽ അഭിമാനിച്ചിരിക്കുന്നു.

**4. പ്രാർത്ഥിക്കുന്ന സഭ** praying Church ഒരുമിച്ചു കൂടി പ്രാർത്ഥിക്കുന്നവരായിരുന്നു അവർ. പ്രാർത്ഥനയുടെ ആവശ്യവും ശക്തിയും അവർ ഗ്രഹിച്ചിരുന്നു. സഭയുടെ ശത്രുക്കളെ നേരിടുവാനുള്ള ശക്തിയും ധൈര്യവും പ്രാർത്ഥനയിൽ നിന്നാണു അവർക്കു ലഭിച്ചത്. ക്രിസ്തു പഠിപ്പിച്ച പ്രാർത്ഥനയായിരുന്നു അവർക്കു മാതൃക.

---

വിമോചനം കാലത്തിനൊത്ത് മുമ്പോട്ട് നയിക്കുവാൻ സഭകൾക്ക് കഴിഞ്ഞില്ലായെന്ന് ഇതിൽ വെളിപ്പെടുത്തുന്നു. അതിനാൽ ആദ്ധ്യാത്മിക സംഘടനകളിലും വേദശാസ്ത്ര വിദ്യാഭ്യാസത്തിലും സ്ത്രീകളുടെ സജീവ സാന്നിദ്ധ്യം ഉണ്ടാകണമെന്ന് ആവശ്യപ്പെടുന്നു: *സാമൂഹികവും രാഷ്ട്രീയവുമായ എല്ലാ മേഖലകളിലും സ്ത്രീകൾക്ക് ഇന്ന് സ്ഥാനവും പങ്കാളിത്തവും നേതൃത്വവുമുണ്ട്. ഇത് ഉറപ്പുവരുത്താൻ നിയമങ്ങളുമുണ്ട്. പുതിയ നിയമങ്ങൾ ഉണ്ടായിക്കൊണ്ടുമിരിക്കുന്നു. ഇതെല്ലാം അംഗീകരിച്ചുകൊണ്ടിരിക്കുന്ന നാം സഭയുടെ കെട്ടുപണിയിലും നടത്തിപ്പിലും സ്ത്രീകളുടെ ശുശ്രൂഷയും നേതൃത്വവും എന്തുകൊണ്ട് അനുവദിക്കുന്നില്ല എന്ന്* ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ സ്വയം ചോദിക്കുന്നു.

നിരന്തരമായ വേദമനനങ്ങളിലൂടെയും ശാസ്ത്രീയമായ അന്വേഷണങ്ങളിലൂടെയും രൂപപ്പെട്ട ഈ ലേഖനങ്ങൾ, പൗരസ്ത്യ ദർശനത്തിന്റെ അടിസ്ഥാനത്തിൽ വിഷയ വിശകലനം ചെയ്തിരിക്കുന്ന ആധികാരിക രചനയാണ്. ലളിതവും സുന്ദരവുമായ ഭാഷ ആശയസംവേദനത്തെ ത്വരിതപ്പെടുത്തുന്നു. പൗരസ്ത്യ വേദശാസ്ത്ര ദർശനത്തിൽ വേദാധിഷ്ഠിതമായി വിഷയവിശകലനം നടത്തിയ ഈ കൃതി, യഥാർത്ഥ ആദ്ധ്യാത്മികത യുടെ സ്രോതസ്സ് അന്വേഷിക്കുന്നവർക്ക് മാർഗ്ഗം പകരുന്നു. വിശുദ്ധ കുർബ്ബാനയിലും ആരാധനാനുഷ്ഠാനങ്ങളിലും കൂടി ലഭ്യമാകുന്ന അനുഭവത്തെ സ്വജീവിതത്തിൽ വിശുദ്ധമായി ഉൾക്കൊണ്ട് സഭയ്ക്കും സമൂഹത്തിനും സകല സൃഷ്ടിക്കും നന്മപകരുന്ന ശുശ്രൂഷകരായി തീരുമ്പോൾ ലഭ്യമാകുന്ന ആദ്ധ്യാത്മിക സ്രോതസ്സുകളുടെ അതിശക്തമായ സാന്നിദ്ധ്യമാണ് ആദ്ധ്യാത്മികജീവിതത്തിൽ പ്രതിഫലിക്കുന്നത് എന്ന് ഈ കൃതി വിളംബരം ചെയ്യുന്നു.

പൗരസ്ത്യ ആദ്ധ്യാത്മിക രഹസ്യങ്ങളും വേദ ദർശനങ്ങളും അനുഭവിച്ചറിയുവാൻ ആഗ്രഹിക്കുന്ന ഗവേഷകർക്കും വിശ്വാസികൾക്കും ഇതിലെ പഠനങ്ങൾ അക്ഷയഖനിയാണ്. (സോഫിയാ ബുക്സ്, കോട്ടയം, പേജ്-200, വില:125.)

- ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ ■

**അവർ അപ്പോസ്തോലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു. സകല ജനത്തിന്റെയും കൃപ അനുഭവിക്കയും ചെയ്തു. (അ.പ്ര. 2:42-47).**

**5. ആരാധനകളും അടയാളങ്ങളും പ്രവർത്തിക്കുന്ന സഭ** Church of Miracks ആദിമ സഭയിൽ അത്ഭുതങ്ങളും അടയാളങ്ങളും നടന്നിരുന്നു. രോഗികളെ സുഖപ്പെടുത്തുവാനും മറ്റു അടയാളങ്ങൾ കാണിക്കുവാനും അപ്പോസ്തോലന്മാർക്കു കഴിഞ്ഞു. പത്രോസ് ശ്ലീഹാ മുടന്തനായ ഒരാളെ നടക്കുമാറാക്കിയതിനെക്കുറിച്ചു അ. പ്ര. മൂന്നാം അദ്ധ്യായത്തിൽ വായിച്ചു.

**6. സകലവും പൊതുവക എന്നു എണ്ണുന്ന സഭ** Sharing Church ആരും സ്വന്തമായി സ്വരൂപിക്കാതെ സകലവും പൊതുവായി സ്വത്തായി ഗണിച്ചിരുന്നു. മറ്റുള്ളവരുടെ ആവശ്യങ്ങൾ തങ്ങളുടേതെന്നു കണക്കാക്കുകയും കൂട്ടും ജീവിതത്തിന്റെ മഹാത്മ്യം മനസ്സിലാക്കുകയും ചെയ്തിരുന്നു. (അ.പ്ര. 4:32-35). സ്വന്ത ആവശ്യത്തിനു സ്വത്തു ഒളിപ്പിച്ചുവച്ച അനന്യാസിന്റെയും സഫീറയുടെയും അനുഭവം അ.പ്ര. 5:1-11-ൽ വായിക്കുക.

**7. ആരാധിക്കുന്ന സഭ** Praying Church അവർ ഒരുമനപ്പെട്ടു ദൈവാലയത്തിൽ കൂടി വന്നു ആരാധന നടത്തിയിരുന്നു. ദൈവസംസർഗ്ഗത്തിൽ ജീവിക്കുവാൻ അവർ ആഗ്രഹിച്ചു. ജീവിത പ്രശ്നങ്ങളെ നേരിടുവാനുള്ള ശക്തി ആരാധനയിൽ നിന്നും പ്രാർത്ഥനയിൽ നിന്നുമാണ് അവർക്കു ലഭിച്ചത്.

**8. ശരിയായ സന്തോഷം അനുഭവിക്കുന്ന സഭ** Happy Church അവർ ആനന്ദവും ഹൃദയ പരമാർത്ഥതയും ഉള്ളവരായിരുന്നു. കർത്താവായ യേശുവിലുള്ള വിശ്വാസവും പരിശുദ്ധാത്മ നിറവും അന്തര ശരിയ സന്തോഷത്തിന്റെ അനുഭവത്താൽ നിറയൂ.

**9. ദൈവത്തെ സ്തുതിക്കുന്ന സഭ** precising Church അവൻ എപ്പോഴും ദൈവത്തിനു സ്തുതി അർപ്പിക്കുന്നവരായിരുന്നു. സ്തോത്രവും സ്തുതിയും ഒരു വിശ്വാസിയുടെ ജീവിതത്തിൽ എപ്പോഴും ഉണ്ടായിരിക്കേണ്ടതാണ്. (1 തെസ്സ. 5:18).

**10. എല്ലാവരാലും അംഗീകരിക്കപ്പെട്ട സഭ** Favoured Church സകല ജനത്തിന്റെയും കൃപ അനുഭവിക്കുന്നവരായിരുന്നു അവർ. അവരുടെ ജീവിതം എല്ലാവർക്കും മാതൃകാപരവും സ്വീകാര്യവുമായിരുന്നു.

**11. ക്രിസ്തുവിനെ സാക്ഷിക്കുന്ന സഭ** witnessing Church അവൻ വീടു തോറും നടന്നു ക്രിസ്തുവിനെക്കുറിച്ചു സംസാരിക്കുകയും സാക്ഷിക്കുകയും ചെയ്തിരുന്നു (അ.പ്ര.5:42). യേശുവിനെ ക്രിസ്തു എന്നു സാക്ഷിച്ചു എന്നാണു എഴുതിയിരിക്കുന്നത്.

ദൈവാത്മാവിനാൽ നിറഞ്ഞപ്പോൾ യേശുവിനെ സാക്ഷിക്കുവാനും പ്രസംഗിക്കുവാനും അത്ഭുതങ്ങളും അടയാളങ്ങളും കാണിക്കുവാനും ക്രിസ്തു ശിഷ്യന്മാർക്കു കഴിഞ്ഞു. അതേ ആത്മാവാണു ഇന്നു സഭയിൽ പ്രവർത്തിക്കുന്നത്. ആദിമനൂറ്റാണ്ടിലെ സഭയായിരിക്കണം നമ്മുടെയും മാതൃക. ആവശ്യമായ ശക്തിയും ജ്ഞാനവും ലഭിക്കുവാനും ക്രിസ്തുവിന്റെ സുവിശേഷത്തിനുവേണ്ടി പ്രവർത്തിപ്പാനും നമുക്കും കഴിയട്ടെ എന്നു പ്രാർത്ഥിക്കുന്നു. ■


## CATHOLICATE & M.D SCHOOLS

(CORPORATE MANAGEMENT)
DEVALOKAM, KOTTAYAM-04
Phone: 0481-2571485, Web:cmdschools.org

## WANTED

Applications are invited from qualified candidates for appointment as Music Teacher in school under the Corporate Management of Catholicate & M.D Schools, Devalokam, Kottayam. Application form can be had from the Management Office & web site. Application may submit with copies of certificates & D.D for Rs. 200/- in favour of Manager, Catholicate & M.D Schools, Devalokam, Kottayam; payable at S.B.T Devalokam.The last date for submission of the application will be 25-07-2016.

Sd/-
MANAGER



## St. Basil Indian Orthodox Church, Kuwait

(A Parish of the Malankara Orthodox Syrian Church under the Diocese of Calcutta)



**MAR DIONYSIUS EDUCATIONAL CHARITY FEST**

On the occasion of H. H. Dr. Joseph Mar Dionysius's (Metropolitan of Calcutta Dioceses of Malankara Orthodox Church) 60th Birthday Celebration (Shashtipoorthi), St. Basil Church Kuwait is organizing an Educational Charity Fest, which would be conducted in Pathamuttom Dayara, Kottayam during August 2016. The Church is aiming to support 25 deserving students regardless of cast and creed, based on below simple criteria.

- A signed application by the applicant
- Own edavaka vicar's or nearest church vicar's endorsement
- A letter from the head of educational institution confirming the admission/study in that institution.
- Applicants must come in person to receive the charity (date & time would be informed)
- Last date to receive the application is 15th July 2016.
- Application received through church members will have preference.

FOR MORE INFORMATION, PLEASE CONTACT
VICAR – TEL.: 67602296, Email: fr.shajijoshua@gmail.com
TRUSTEE – TEL.: 96676605, Email: anilpularickal@gmail.com

BIBLE QUIZ

# യൂദായുടെ ലേഖനം

■ ഫാ. സൈമൺ ജേക്കബ് മാത്യു

1. ലേഖന കർത്താവായ യൂദാ സ്വയം നൽകുന്ന വിശേഷണം?
2. യൂദായുടെ സഹോദരൻ?
3. വി. യൂദായുടെ ലേഖനം ആർക്ക് എഴുതി?
4. യൂദായുടെ ലേഖനത്തിന്റെ ഉദ്ദേശം
5. എന്താണ് ഒരു വിശ്വാസിയുടെ കടമ എന്താണ്?
6. ആരുടെ ശിക്ഷാവിധിയാണ് പണ്ടേ എഴുതപ്പെട്ടിരിക്കുന്നത് ?
7. മിസ്രയീമിൽ നിന്നും രക്ഷപെട്ട യിസ്രായേൽ മക്കളുടെ നാശത്തിന്റെ കാരണം എന്ത്?
8. തങ്ങളുടെ വാഴ്ച കാത്തു കൊള്ളാതെ സ്വന്ത വാസസ്ഥലം വിട്ടുപോയതാര് ?
9. ദൈവസന്നിധി വിട്ടുപോയ ദൂതന്മാരുടെ അനുഭവം?
10. നിത്യാഗ്നിയുടെ ശിക്ഷാവിധി പ്രാപിച്ചവരുടെ പ്രതീകമായി ചൂണ്ടിക്കാട്ടിയിരിക്കുന്നതാരെ
11. സോദോം ഗോമോറായുടെ നാശത്തിന് കാരണം?
12. മോശയുടെ ശരീരത്തേക്കുറിച്ച് പിശാചിനോട് തർക്കിച്ചവൻ?
13. മോശയുടെ മൃതശരീരത്തേക്കുറിച്ച് തർക്കിച്ച പിശാചിന് മീഖായേൽ നൽകിയ മറുപടി?
14. മീഖായേലും പിശാചും തമ്മിൽ തർക്കം ഉണ്ടായതായി പറയപ്പെടുന്ന ഗ്രന്ഥം?
15. യൂദായുടെ ലേഖനത്തിൽ പരാമർശിക്കപ്പെടുന്നതായി പറയപ്പെടുന്ന 2 അപ്പോക്രിഫൽ ഗ്രന്ഥങ്ങൾ?
16. വഴി തെറ്റി നടക്കുന്നവരുടെ പ്രതീകം?
17. കൂലി മോഹിച്ച് വഞ്ചനയിൽ പെട്ടുപോകുന്നവരുടെ പ്രതീകം?
18. യിസ്രായേല്യരെ ശപിക്കുവാൻ ബിലെയാമിനെ ക്ഷണിച്ച രാജാവ്?
19. ദൈവത്തിന്റെ അഭിഷിക്തരോട് മത്സരിച്ച് നശിച്ച് പോകുന്നവരുടെ പ്രതീകം?
20. ആദാം മുതൽ ഏഴാമൻ ആര്?
21. അവൻ ഭക്തി കെട്ടവർക്ക് ബോധം നൽകുവാൻ ആയിരമായിരം വിശുദ്ധരോടുകൂടെ വന്നിരിക്കുന്നു എന്ന് കർത്താവിനേക്കുറിച്ച് പ്രവചിച്ചവൻ?
22. ഉടലോടെ സ്വർഗത്തിലേക്ക് എടുക്കപ്പെട്ടവൻ?
23. അന്ത്യകാലത്ത് ഭക്തികെട്ട മോഹങ്ങളെ അനുസരിച്ച് നടക്കുന്ന ......ഉണ്ടാകും?
24. സംശയിക്കുന്നവരോട് എങ്ങനെ പെരുമാറണം എന്നാണ് യൂദാ ഉപദേശിക്കുന്നത്?
25. യൂദായുടെ ലേഖനത്തിലെ ആകെ വാക്യങ്ങൾ എത്ര?

**ഉത്തരങ്ങൾ**

1. യേശുക്രിസ്തുവിന്റെ ദാസൻ, 2. യാക്കോബ്, 3. പിതാവാം ദൈവത്താൽ സ്നേഹിക്കപ്പെട്ടും, യേശുക്രിസ്തുവിനായി സൂക്ഷിക്കപ്പെട്ടും ഇരിക്കുന്ന വിളിക്കപ്പെട്ടവർക്ക്. 4. സത്യവിശ്വാസ സംരക്ഷണം, 5. വിശുദ്ധർക്ക് ഒരിക്കലായി ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന വിശ്വാസം നിലനിർത്തുക, 6. ഏക നാഥനും കർത്താവുമായ യേശുക്രിസ്തുവിനെ നിഷേധിക്കുന്നവരുടെ, 7. അവിശ്വാസം, 8. ഒരു പറ്റം ദൂതന്മാർ 9. ഇരുട്ടിൽ ചങ്ങലയ്ക്ക് ഇട്ടിരിക്കുന്നു 10. സോദോം ഗോമോറായും ചുറ്റും ഉള്ള പട്ടണങ്ങളും 11. ദുർന്നടപ്പ്, 12. പ്രധാന ദൂതനായ മീഖായേൽ, 13. ദൈവം നിന്നെ ഭത്സിക്കട്ടെ, 14. മോശയുടെ സ്വർഗ്ഗാരോഹണം, 15. മോശയുടെ സ്വർഗാരോഹണവും, ഹാനോക്കിന്റെ പുസ്തകവും 16. കയീൻ, 17. ബിലെയാം, 18. ബാലാക്ക്, 19. കോരഹ്, 20. ഹാനോക്ക്, 21. ഹാനോക്ക്, 22. ഹാനോക്ക്, 23. പരിഹാസങ്ങൾ, 24. കരുണ കാട്ടണം, 25. 25




ആദിമസഭയിലെ സഭാശുശ്രൂഷയുടെ ഘടനയും ശുശ്രൂഷകരുടെ സംഘടനാ രീതിയും ഇന്നത്തേതിൽനിന്നും തികച്ചും വിഭിന്നമായിരുന്നു എന്ന യാഥാർത്ഥ്യം പലപ്പോഴും നാം കണക്കിലെടുക്കാറില്ല. എപ്പിസ്കോപ്പ – കശ്ശീശാ – ശെമ്മാശൻ എന്നീ ത്രിവിധ സഭാ സ്ഥാനികൾ സഭാചരിത്രത്തിൽ ഉരുത്തിരിഞ്ഞുവന്ന ശുശ്രൂഷാ ഘടനയുടെ പിൽക്കാല രൂപമാണെന്നുള്ളത് പുതിയനിയമം വായിക്കുന്ന ഏവർക്കും ബോധ്യപ്പെടുന്നതാണ്. ഉദാഹരണമായി, 'എപ്പിസ്കോപ്പാ' എന്നതും കശ്ശീശ്ശാമാരെ ഉദ്ദേശിച്ച് ഉപയോഗിച്ചിരുന്ന 'മൂപ്പൻ' എന്ന പദവും (Presbyter) തുടക്കത്തിൽ വ്യക്തമായ വ്യത്യാസങ്ങളില്ലാതെ തന്നെ ശുശ്രൂഷാ സ്ഥാനികൾക്ക് നൽകിയിരുന്ന പേരാണ് എന്നത് ഇന്ന് ഏറെക്കുറെ അംഗീകരിക്കപ്പെട്ട യാഥാർത്ഥ്യമാണ്. ആദിമസഭാ ശുശ്രൂഷാസ്ഥാനികളെ സംബന്ധിച്ചുള്ള ഇത്തരം ചർച്ചകളിൽ ആഴമായി പഠിക്കേണ്ട ഒന്നാണ് സഭാശുശ്രൂഷയിലെ സ്ത്രീകളുടെ പങ്കാളിത്തം. വിധവകൾ എന്ന ഒരു സംഘം സഭാശുശ്രൂഷയിൽ മുൻപന്തിയിൽ ഉണ്ടായിരുന്നു എന്ന വസ്തുത ഇന്ന് ഏറെ ചർച്ച ചെയ്യപ്പെടുന്നുണ്ട്. ആരാണ് ഇപ്പറഞ്ഞ വിധവമാർ? സഭാശുശ്രൂഷയിലേക്ക് അവരെ തിരഞ്ഞെടുക്കുന്നതിനുള്ള യോഗ്യതകൾ എന്തെല്ലാമായിരുന്നു? സഭയുടെ ആരാധനയിൽ അവർക്കെ



# ആദിമ സഭയിൽ
# വിധവകളുടെ ശുശ്രൂഷ

■ ഫാ.ഡോ.റെജി മാത്യു

ന്തെങ്കിലും നേതൃസ്ഥാനമുണ്ടായിരുന്നോ? ഇപ്പറഞ്ഞ ചോദ്യങ്ങളൊക്കെ ഉത്തരമർഹിക്കുന്നവയാണ്. ഇവയെപ്പറ്റിയുള്ള ഒരു ലഘുപഠനമാണ് ഈ ലേഖനത്തിൽ ഉദ്ദേശിക്കുന്നത്.

### വിധവമാരുടെ ജീവിതം പുതിയനിയമ പശ്ചാത്തലത്തിൽ

"രാജ്ഞിയായിട്ട് ഞാൻ ഇരിക്കുന്നു; ഞാൻ വിധവയല്ല" (വെളിപാട് 18:7) എന്ന് ഒരു സ്ത്രീ പറഞ്ഞാൽ എന്തായിരിക്കാം അക്കാലത്തെ വിധവമാരുടെ അവസ്ഥ എന്ന് നമുക്ക് ഊഹിക്കാൻ കഴിയും. വി. യാക്കോബിന്റെ ലേഖനമനുസരിച്ച് ശുദ്ധവും നിർമ്മലവുമായ ഭക്തിയുടെ ലക്ഷണങ്ങളിലൊന്ന് "അനാഥരെയും വിധവമാരെയും അവരുടെ സങ്കടത്തിൽ ചെന്നുകാണുന്ന" തായിരുന്നു (യാക്കോ. 1:27) ഭർത്താവ് മരിച്ച ഒരു സ്ത്രീയുടെ അവസ്ഥ പുരാതനകാലത്ത് യാതനനിറഞ്ഞ ഒന്നായിരുന്നു. സാധാരണനിലയിൽ അവൾ തന്റെ പിതാവിന്റെ ഭവനത്തിലേക്ക് തിരികെ പോവുകയോ പ്രായപൂർത്തിയായ മക്കളുണ്ടെങ്കിൽ അവരുടെ പരിചരണത്തിൽ കഴിഞ്ഞുകൂടുകയോ ആയിരുന്നു പതിവ് (1 തിമോത്തി. 5:4). ഇതിനു രണ്ടിനും സാധ്യതകളില്ലാത്തവർ മറ്റുള്ളവരുടെ ദയാവായ്പിൽ കഴിഞ്ഞുകൂടുകയെന്നത് സർവ്വസാധാരണമായിരുന്നു. അതുകൊണ്ടാണല്ലോ പഴയനിയമത്തിലെങ്ങും വിധവമാരെ സഹായിക്കുന്നത് ജീവകാരുണ്യ പ്രവർത്തികളിൽ മുഖ്യമായ ഒന്നായി ചിത്രീകരിക്കപ്പെട്ടിരിക്കുന്നത് (ആവ. 14:29; 24:17–21). വിധവമാരെ പീഡിപ്പിക്കുന്നത് ദൈവനീതിക്ക് വിരുദ്ധവും (പുറ. 22:22; യെശ. 1:23). അവരുടെ സംരക്ഷണം ദൈവപദ്ധതിയുടെ ഭാഗവുമായിരുന്നു. (സങ്കീ. 68:6;146:9).

പുതിയനിയമത്തിൽ വിധവമാരെപ്പറ്റി ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുന്നത് വി. ലൂക്കോസാണ്. അദ്ദേഹമെഴുതിയ സുവിശേഷത്തിലും തുടർന്ന് അപ്പോസ്തോല പ്രവർത്തികളിലുമാണ് വിധവമാരെപ്പറ്റി ധാരാളം വിമർശനമുള്ളത്. പന്ത്രണ്ടു സ്ഥലങ്ങളിലായി വിധവമാരുടെ ഭൗതികവും ആധ്യാത്മികവുമായ ജീവിതത്തിന്റെ ഒരു പൂർണചിത്രം നൽകുകയാണ് വി. ലൂക്കോസ് ചെയ്യുന്നത്. ശിശുവായിരുന്ന യേശുവിനെ അനുഗ്രഹിച്ച ഹന്നായും (ലൂക്കോ. 2:36–38), സരെപ്തായിലെ വിധവയും (ലൂക്കോ. 4:25 –26), നയീനിലെ വിധവയും (ലൂക്കോ. 7:11–17), ന്യായാധിപനോട് യാചിക്കുന്ന വിധവയും (ലൂക്കോ. 18:1–18) മറ്റു സുവിശേഷങ്ങളിൽ പ്രത്യക്ഷപ്പെടുന്നില്ല. യെറുശലേം ദേവാലയത്തിന്റെ ഭണ്ഡാരത്തിൽ ചില്ലിക്കാശ് നിക്ഷേപിച്ച വിധവ (ലൂക്കോ. 21:1–4) യേശുവിന്റെ പ്രശംസ പിടിച്ചുപറ്റുമ്പോൾ വിധവമാരെ പ്രാർത്ഥനയിലൂടെ കബളിപ്പിക്കുന്ന ശാസ്ത്രിമാർ (ലൂക്കോ. 20:47). യേശുവിന്റെ നിശിതവിമർശനത്തിന് പാത്രമാവുകയാണ് ചെയ്യുന്നത്.

വിധവമാരുടെ പൊതുവായ സ്ഥിതി മുകളിൽ പറഞ്ഞ വേദഭാഗങ്ങൾ കാണുന്നുവെങ്കിൽ അപ്പോസ്തോല പ്രവർത്തികളിലും പ.പൗലോസിന്റെ ലേഖനങ്ങളിലും സഭാ ശുശ്രൂഷാമദ്ധ്യേ വിധവമാരുടെ സ്ഥാനം എന്തായിരുന്നുവെന്നു വ്യക്തമാക്കുകയാണ്. ഇക്കൂട്ടത്തിൽ അപ്പോസ്തോല പ്രവൃത്തികൾ ആറാം അദ്ധ്യായം ആഴത്തിൽ പഠനമർഹിക്കുന്ന ഒരു വേദഭാഗമാണ്. യവനഭാഷ സംസാരിച്ചിരുന്ന യഹൂദരുടെ ഇടയിൽ ഉണ്ടായിരുന്ന വിധവമാരെ ദിനംപ്രതിയുള്ള ശുശ്രൂഷയിൽ ഉപേക്ഷയായി വിചാരിക്കുന്നുവെന്ന പരാതി ഉണ്ടായപ്പോൾ ഏഴു ശെമ്മാശന്മാരെയാണ് അപ്പോസ്തോലന്മാർ തിരഞ്ഞെടുക്കുന്നത്. ഈ ഏഴു പേരും വിധവമാർക്കിടയിലുള്ള ശുശ്രൂഷയ്ക്കായി മാത്രം തിരഞ്ഞെടുക്കപ്പെട്ടവരായിരുന്നുവെങ്കിൽ മൊത്തമുണ്ടായിരുന്ന ക്രിസ്തുശിഷ്യരിൽ വിധവമാരുടെ എണ്ണം നാം കരുതുന്നതിൽ അധികമായിരുന്നുവെന്നു പറയേണ്ടിവരും. തങ്ങളുടെ പിതാക്കന്മാരുടെയോ, മുതിർന്ന മക്കളുടെയോ സംരക്ഷണത്തിന് സാധ്യതയില്ലാതിരുന്ന വിധവമാരെ സംരക്ഷിക്കുന്നതിൽ സഭ ഒരു പരിഗണന നൽകിയിരുന്നു എന്നുവേണം ചിന്തിക്കുവാൻ. എന്നാൽ ഇതു കേവലം ഭൗതികമായ കാര്യങ്ങൾ ക്രമീകരിക്കുന്നതിനുവേണ്ടി മാത്രമായിരുന്നുവെങ്കിൽ തിരഞ്ഞെടുക്കപ്പെട്ടവർക്ക് ഇത്രമാത്രം യോഗ്യതകൾ കർശനമാക്കണമായിരുന്നോ? ഏഴു ശെമ്മാശന്മാരും "ആത്മാവും ജ്ഞാനവും നിറഞ്ഞ് നല്ല സാക്ഷ്യ"മുള്ളവരായിരുന്നുവെന്നാണ് തിരുവചനം പറയുന്നത് (അപ്പോ. പ്ര. 6:3). ഈ വിശേഷണങ്ങളുള്ളവർ വെറും ഭക്ഷണം വിളമ്പുന്നവർ മാത്രമായിരിക്കുവാൻ സാധ്യതയില്ല. മറിച്ച്, വിധവമാരുടെ സംഘത്തിൽ "ദിനംപ്രതിയുള്ള ശുശ്രൂഷ"ഷയിൽ അവരെ പ്രബോധിപ്പിക്കുവാനും, ആരാധനയ്ക്കായി അവരെ ക്രമീകരിക്കുവാനും, അവരുടെ സഭാ ശുശ്രൂഷയുടെ മേൽനോട്ടം വഹിക്കുവാനുമായിരുന്നിരിക്കാം. സ്തെഫാനോസിനെയും ഫിലിപ്പോസിനെയും

പോലെയുള്ള ആത്മനിറവുള്ള ഏഴു പുരുഷന്മാരെ തെരഞ്ഞെടുത്തത്. വിധവമാർ സഭയുടെ നേരിട്ടുള്ള പരിചരണത്തിൽ ജിവിച്ചുവെന്നു മാത്രമല്ല, അവരെ സഭാ ശുശ്രൂഷയിൽ ഗണ്യമായ സ്ഥാനം നൽകി ആദരിച്ചിരുന്നുവെന്നതിനും പുതിയനിയമത്തിൽ വേറെയും തെളിവുകളുണ്ട്. പത്രോസ് ശ്ലീഹായുടെ പ്രാർത്ഥനയാൽ ഉയിർത്തെഴുന്നേറ്റ തബീഥായുടെ വീട്ടിൽ വലിയൊരുകൂട്ടം വിധവമാരെ നാം കാണുന്നു. തബീഥാ ജീവിച്ചിരുന്നപ്പോൾ ഉണ്ടാക്കിയ കുപ്പായങ്ങളും ഉടുപ്പുകളുമൊക്കെ കാണിച്ചുകൊണ്ടാണ് ഇവർ വിലപിക്കുന്നത് (അപ്പോ.പ്ര. 9:39). വിധവമാരുടെ സഭാശുശ്രൂഷയിൽ മറ്റുള്ളവരുടെ പ്രയോജനത്തിനായി തുന്നൽപണിപോലെയുള്ള ജോലികൾ ചെയ്യുന്ന പദ്ധതിയുമുണ്ടായിരുന്നുവെന്നു കരുതുന്നതിൽ തെറ്റില്ല. ഇതിലൊക്കെ ഉപരിയാണ് പ. പൗലോസ് തിമോഥിയോസിനെഴുതിയ ഒന്നാം ലേഖനത്തിൽ വിധവമാരുടെ സംഘത്തെപ്പറ്റി നൽകുന്ന വിവരങ്ങൾ.

**വിധവമാരുടെ ശുശ്രൂഷ**

ആദിമസഭയിലെ ശുശ്രൂഷാ സംവിധാനത്തെപ്പറ്റി വിശദവിവരങ്ങൾ നമുക്ക് ലഭിക്കുന്നത് ഇടയലേഖനങ്ങളിൽ നിന്നാണ്. ഇതിൽ തിമോഥിയോസിനെഴുതിയ ഒന്നാം ലേഖനം അഞ്ചാം അധ്യായത്തിൽ 1 തിമോത്തിയോസ് 5:10–16 ൽ പതിനാറു വാക്യങ്ങളിലായിട്ടാണ് വിധവമാരെപ്പറ്റി ചർച്ച ചെയ്യുന്നത്. മൂപ്പന്മാർ (Presbyters/episcopos) ശെമ്മാശന്മാർ (decons) എന്നിവരെപ്പറ്റി മാത്രമേ ഇത്ര വിശദമായി ചർച്ചകൾ ഈ ലേഖനത്തിൽ നാം കാണുന്നുള്ളു. അതിനാൽ തന്നെ സഭാ ശുശ്രൂഷയിൽ വിധവമാർക്ക് അർഹമായ പ്രാതിനിധ്യം ഉണ്ടായതുകൊണ്ടായിരിക്കണമല്ലോ ഇത്രയധികം വിധവമാർ ആ സ്ഥാനത്തേക്ക് കടന്നുവരുന്നതും അവരുടെ സംഖ്യ പരിമിതപ്പെടുത്തുവാൻ വേണ്ടി പ. പൗലോസ് ചില നിബന്ധനകൾ വയ്ക്കുന്നതും. വിധവമാരുടെ ഭൗതികമായ ആവശ്യങ്ങൾ നിറവേറ്റുന്നതിൽ സഭ നടത്തിയ ഒരു ജീവകാരുണ്യ പ്രവർത്തനത്തെപ്പറ്റിയല്ല 1 തിമോ. 5:1–16 ൽ നാം കാണുന്നത്. മറിച്ച് "വിധവമാർ" എന്നു വിളിക്കപ്പെട്ട ശുശ്രൂഷാ സ്ഥാനികളുടെ തിരഞ്ഞെടുപ്പും സഭയിലെ അവരുടെ സേവന പദ്ധതികളെപ്പറ്റിയാണ് നാം ഇവിടെ വായിക്കുന്നത്. ഇവരെ തെരഞ്ഞെടുക്കുന്നതിന് പറയുന്ന നിബന്ധനകളിൽ കൂടി തന്നെ ഇവർ ചെയ്തിരുന്ന സേവനങ്ങളും നമുക്ക് മനസ്സിലാക്കുവാൻ കഴിയും. ഇനി നമുക്ക് സഭാ ശുശ്രൂഷയിൽ അർഹതയുള്ള വിധവമാരുടെ യോഗ്യതകൾ എന്തെല്ലാമെന്നു നോക്കാം.

1. കുടുംബത്തിലെ ബാധ്യതകളില്ലാതെ മുഴുവൻ സമയശുശ്രൂഷയ്ക്കായി സമയം വേർതിരിക്കുന്നവരെ മാത്രമേ വിധവമാരുടെ സംഘത്തിൽ തിരഞ്ഞെടുത്തിരുന്നുള്ളു (1 തിമോ. 5:5).

2. രാവും പകലും പ്രാർത്ഥനയിൽ ഉറ്റിരുന്നവരും ദൈവത്തിൽ തങ്ങളുടെ പ്രത്യാശയർപ്പിച്ചിരുന്നവരുമായിരുന്നു ഇക്കൂട്ടർ (1 തിമോ. 5:5).

3. സ്വന്തം സുഖസൗകര്യങ്ങൾ നോക്കി ജീവിച്ചിരുന്നവരും നേരത്തെ കുടുംബകാര്യങ്ങളിൽ അലംഭാവം കാട്ടിയിരുന്നവരും വിധവമാരുടെ സംഘത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടിരുന്നില്ല (1 തിമോ. 5:61).

4. അറുപതു വയസ്സിൽ താഴെയുള്ളവരെ വിധവമാരുടെ സംഘത്തിൽ പരിഗണിച്ചിരുന്നില്ല (1 തിമോ. 5:9). ഇവർ ക്രിസ്തുവിൽ ശ്രദ്ധ കേന്ദ്രീകരിക്കാതെ വീണ്ടും കുടുംബജീവിതത്തിലേക്കു തിരിയുവാൻ സാധ്യതയുണ്ട് എന്നതും, വീടുകൾതോറും കയറിയിറങ്ങി ഏഷണി പറയുന്നവരുമായിരിക്കാം എന്നതുമായിരിക്കാം ഇതിനു കാരണങ്ങൾ.

5. തങ്ങളുടെ പ്രഥമവിവാഹത്തിലെ ഭർത്താവ് മരിച്ചുകഴിഞ്ഞ് ഏകാകികളായി കഴിഞ്ഞിരുന്നവരെ മാത്രമേ വിധവമാരുടെ സംഘത്തിൽ തിരഞ്ഞെടുത്തിരുന്നുള്ളു (1 തിമോ. 5:9).

6. വിധവമാരുടെ ശുശ്രൂഷയാഗ്രഹിച്ചിരുന്നവർ സൽപ്രവർത്തികൾ ചെയ്തവരായിരുന്നു (1 തിമോ. 5:10).

7. കുട്ടികളുടെ അഭ്യസനത്തിൽ ശ്രദ്ധവച്ച് തങ്ങളുടെ പ്രാവീണ്യം തെളിയിച്ചിരുന്നവരെ മാത്രമേ സഭാശുശ്രൂഷയ്ക്കായി വേർതിരിച്ചിരുന്നുള്ളു (1 തിമോ. 5:10).

8. ക്രിസ്തുവിശ്വാസികളെ പൊതുവേയും, സഭാനേതാക്കന്മാരെ പ്രത്യേകിച്ചും ശുശ്രൂഷിച്ച പാരമ്പര്യമുള്ളവരായിരുന്നു വിധവമാരുടെ സംഘത്തിലുണ്ടായിരുന്നത് (1 തിമോ. 5:10).

9. വേദനയനുഭവിക്കുന്നവരെ കരുതുവാനും ശുശ്രൂഷിക്കുവാനുമുള്ള മനസ്സുള്ളവരെയാണ് സഭ തിരഞ്ഞെടുക്കേണ്ടത് (1 തിമോ. 5:10).

10. സൽപ്രവർത്തികൾ ചെയ്ത പൊതുവേ സമൂഹത്തിൽ അംഗീകാരം ലഭിച്ചവരെ (1 തിമോ. 5:10) തെരഞ്ഞെടുക്കുക മാത്രമല്ല മുകളിൽ പറഞ്ഞ യോഗ്യതയില്ലാത്തവരെ പുനർവിവാഹത്തിന് പ്രേരിപ്പിക്കുകകൂടിയാണ് അപ്പോസ്തോലന്മാർ ചെയ്യുന്നത് (1 തിമോ. 5:14–16).

എന്തായിരുന്നാലും വിധവമാരുടെ സംഘത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവർ ആതുര ശുശ്രൂഷ, സഭയിലെ കുട്ടികളുടെ ആത്മികശിക്ഷണം, വിശ്വാസികളുടെയിടയിൽ സൽപ്രവർത്തികൾക്ക് മാതൃക നൽകുക എന്നീ കാര്യങ്ങൾക്കാണ് നിയോഗിച്ചിരുന്നത് എന്നു നാം മനസ്സിലാക്കുന്നു. ആരാധനയ്ക്കായി കൂടിവന്നിരുന്നവരെ അതിനായി ക്രമീകരിച്ചിരിക്കുന്നതിനും വിധവമാർ നിയോഗിക്കപ്പെട്ടിരിക്കാം. എന്നാൽ അവർ സഭാ മധ്യേ സുവിശേഷ പ്രഘോഷണം നടത്തിയതായോ ആരാധനയിലെ സുപ്രധാന കാര്യങ്ങളിൽ നേതൃത്വം നൽകിയതായോ ഉള്ള തെളിവുകൾ നമുക്കു ലഭ്യമല്ല. (Didascalia Apostolorum) എന്ന ആദിമസഭാ ഗ്രന്ഥത്തിൽ വിധവമാരുടെ ശുശ്രൂഷയെപ്പറ്റി പറയുന്ന ഒരധ്യായമുണ്ട്. അതിൽ എടുത്തുപറയുന്ന ഒരു സംഗതി യേശുക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളെപ്പറ്റി പഠിപ്പിക്കുവാൻ വിധവമാരെ നിയോഗിക്കരുത് എന്നാണ് (പതിനഞ്ചാം അധ്യായം). അതിനു കാരണമായി പറയുന്നത് അവർ കർത്താവിന്റെ പീഡാനുഭവങ്ങളെ വിവരിക്കുമ്പോൾ വികാരാധീനരാവുന്നത് സുവിശേഷത്തോടു കാണിക്കുന്ന ബഹുമാനക്കുറവായിട്ടാണ് അപ്പോസ്തോലന്മാർ പരാമർശിക്കുന്നത്. വിധവമാരുടെ പ്രഥമവും സുപ്രധാനവുമായ കർത്തവ്യം സഭയ്ക്കുവേണ്ടി രാവും പകലും പ്രാർത്ഥിക്കുകയാണെന്നതും അതിൽ എടുത്തുപറയുന്നു. ഏതായാലും ഒരു സംഗതി വ്യക്തമാണ്. ആദിമസഭയിലെ ശുശ്രൂഷയിൽ പുരുഷന്മാർക്കുമായിരുന്നില്ല പങ്കാളിത്തം. അതിൽ വനിതകളെ ഉൾക്കൊള്ളിച്ചിരുന്നു. ആർക്കും വേണ്ടാ എന്നു കരുതിയിരുന്നവരും, കുടുംബവും സമൂഹവും തള്ളിക്കളഞ്ഞിരുന്നവരുമായ വിധവമാർക്കുപോലും സഭാ ശുശ്രൂഷയിൽ പങ്കാളിത്തം നൽകുകയും അവരെ മാന്യമായി കരുതുകയും ചെയ്തിരുന്നു. ഇന്നത്തെ സഭയിലും സ്ത്രീകളുടെ ശുശ്രൂഷകളെപ്പറ്റി അർത്ഥവത്തായ ചർച്ചകൾ നടക്കേണ്ടിയിരിക്കുന്നു.

*(സെക്രട്ടറി, കേരള കൗൺസിൽ ഓഫ് ചർച്ചസ്, സൺഡേസ്ക്കൂൾ ഡയറക്ടർ ജനറൽ)*

■

## വിജയികൾ



സൺഡേസ്ക്കൂൾ സെൻട്രൽ സോണിൽ ജൂനിയർ വിഭാഗം പ്രസംഗത്തിന് ഒന്നാം സ്ഥാനം നേടിയ സബ്രീന സൂസൻ വർഗ്ഗീസ്. പുളിക്കീഴ് സെ. മേരീസ് ഇടവകാംഗം. ആലുംമൂട്ടിൽ മണപ്പുറത്ത് വർഗ്ഗീസിന്റെയും സുബിലയുടെയും മകൾ.



സൺഡേസ്ക്കൂൾ സൗത്ത് സോൺ പൊതുവിജ്ഞാനത്തിന് ഒന്നാം സ്ഥാനം നേടിയ തലവൂർ നടുത്തേരി സെ. ജോർജ് ഇടവകാംഗം വെള്ളാപ്പള്ളിൽ ഏബൽ റ്റി. തോമസ്.



സൺഡേസ്ക്കൂൾ മത്സര പരീക്ഷയിൽ അഞ്ചാം ക്ലാസ്സിൽ A+ നേടിയ കൃപാ ജോൺസൺ. കൊല്ലം മെത്രാസനത്തിൽ ഇടവട്ടം സെന്റ് ജോർജ് ഓർത്തഡോക്സ് വിദ്യാർത്ഥിയാണ്.

## ഒന്നാം റാങ്ക്



മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്നും എം.ടെക് (പ്രൊഡക്ഷൻ & ഇൻഡസ്ട്രിയിൽ എൻജിനീയറിംഗ്) ഒന്നാം റാങ്ക് നേടിയ രഞ്ജു രാജ്. (കോതമംഗലം മാർ അത്തനേഷ്യസ് കോളജ്). വൈറ്റില സെന്റ് ഗ്രീഗോറിയോസ് ഇടവകയിൽ മംഗലത്ത് വീട്ടിൽ ഡി. രാജന്റെയും മേരിക്കുട്ടി രാജന്റെയും മകൻ.

## രണ്ടാം റാങ്ക്



മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്നും എം.ടെക് (പ്രൊഡക്ഷൻ & ഇൻഡസ്ട്രിയിൽ എൻജിനീയറിംഗ്) മൂന്നാം റാങ്ക് നേടിയ അബി വർഗീസ് ഏബ്രഹാം (കോതമംഗലം മാർ അത്തനേഷ്യസ് കോളജ്). മാക്കാംകുന്ന് സെന്റ് സ്റ്റീഫൻസ് കത്തീഡ്രൽ ഇടവകാംഗമാണ്. പത്തനംതിട്ട താഴത്തുവീട്ടിൽ വി.വി. ഏബ്രഹാമിന്റെയും മറിയാമ്മ ഏബ്രഹാമിന്റെയും മകനാണ്.

## പരുമല സെമിനാരി



**പരുമല:** തീർത്ഥാടകർക്ക് സൗകര്യ പ്രദമായ രീതിയിൽ പരുമല സെമനാരിയിൽ നവീകരിച്ച ഓഫീസ്. വി. കുർബ്ബാന പ്പണം സ്വീകരിക്കുന്നതിന് പുതിയ ഓഫീസിൽ ഒന്നലധികം കൗണ്ടറുകളും ഇൻഫർമേഷൻ സെന്ററും (0479-2312202, 2312328) പ്രവർത്തനം ആരംഭിച്ചു.

ധ്യാനമന്ദിരത്തിൽ താമസിക്കുവാൻ എത്തുന്നവർ (0479-2312226, 232226) നിർബന്ധമായും വികാരിയുടെ കത്തുമായി എത്തിച്ചേരണം.

പരുമല പള്ളിയിൽ എല്ലാ ദിവസവും വി. കുർബ്ബാന ഉണ്ടായിരിക്കും. ഞായറാഴ്ചകളിൽ 6.30 -ന് ചാപ്പലിലും 8.30 ന് പള്ളിയിലും വി. കുർബ്ബാന ആരംഭിക്കും. വെള്ളി, ശനി ദിവസങ്ങളിൽ 6.30 ന് ചാപ്പലിലും 7.30 ന് പള്ളിയിലും വിശുദ്ധ കുർബ്ബാന ആരംഭിക്കും. ബുധൻ, വെള്ളി ശനി ദിവസങ്ങളിൽ ഏഴരയ്ക്കും ബാക്കി ദിവസങ്ങളിൽ ഏഴുമണിക്കും പള്ളിയിൽ വി. കുർബ്ബാന ആരംഭിക്കും.

ബുധനാഴ്ച രാവിലെ 10.30 മുതൽ പള്ളിയിൽ വിശ്വാസ പഠനക്ലാസ്സും വെള്ളിയാഴ്ച 10.30 മുതൽ ധ്യാനവും ഉണ്ടായിരിക്കും.


**ഫാ. എം.സി. കുര്യാക്കോസ്,**
**പരുമല സെമിനാരി മാനേജർ, പരുമല, മാന്നാർ**
**0479-2310894, 9497112328, 9446606264**


## എം.ജി.ഒ.സി.എസ്.എം.

**മിഡിൽ ഈസ്റ്റ് കോൺഫറൻസ്**

കോട്ടയം : ഹൈസ്ക്കൂൾ ഹയർസെക്കണ്ടറി തലങ്ങളിൽ വിദേശത്ത് പഠിക്കുന്ന ഓർത്തഡോക്സ് വിദ്യാർത്ഥികൾക്കായി ജൂലൈ 23 മുതൽ 27 വരെ ഞാലിയാകുഴി മാർ ബസേലിയോസ് ദയറായിൽ വിദ്യാർത്ഥിപ്രസ്ഥാനം മിഡിൽ ഈസ്റ്റ് കോൺഫ്രൻസ് നടത്തുന്നു. ജൂലൈ 15-നു മുമ്പ് രജിസ്റ്റർ ചെയ്യുന്ന 40 വിദ്യാർത്ഥികൾക്ക് ക്യാംപിൽ പങ്കെടുക്കാൻ അവസരം ലഭിക്കും. ഫോൺ: 9961504210.



**മലങ്കരസഭ മാസിക**

വായിക്കൂ...
വരിക്കാരാകൂ...

മലങ്കര ഓർത്തഡോക്സ് സഭയുടെ
ഔദ്യോഗിക പ്രസിദ്ധീകരണം
എല്ലാ മാസവും 10-ന് പ്രസിദ്ധീകരിക്കുന്നു.

അക്ഷര വെളിച്ചത്തിന്റെ
ഏഴുപതു വർഷങ്ങൾ

# ഒന്നാം ചരമ വാർഷികം
## (15-07-2016)



# Very Rev.Fr. K.J. Kuriakose Corepiscopa
## Mulanthuruthy

"ആചാര്യേശാ മശിഹാ കൂദാശകളർപ്പിച്ചോ
രീ ആചാര്യന്നേകുക പുണ്യം നാഥാ സ്തോത്രം"

16-07-2016 ശനിയാഴ്ച രാവിലെ 7 മണിക്ക് ബഹു. കെ.ജെ. കുര്യാക്കോസ് കോർഎപ്പി സ്‌ക്കോപ്പാ അച്ചൻ അന്ത്യ വിശ്രമം കൊള്ളുന്ന തുരുത്തിക്കര മാർ ഗ്രീഗോറിയോസ് ചാപ്പലിൽ അഭി. ഡോ. മാത്യൂസ് മാർ സേവേറിയോസ് തിരുമേനിയുടെ പ്രധാന കാർമികത്വത്തിൽ വിശുദ്ധ കുർബ്ബാന ഉണ്ടായിരിക്കുന്നതാണ്.

എന്ന് സന്തപ്തരായ,

സഹധർമ്മിണി: **മറിയാമ്മ കുര്യാക്കോസ്**
മക്കൾ: **അജി & സായ, സിജി & ജോർജ്**
കൊച്ചുമക്കൾ: **കുര്യൻ, അന്ന & റ്റിജോ, മേരി &സോജൻ**

## പ്രത്യാശ കൗൺസലിങ്ങ്

**കോട്ടയം:** ഓർത്തഡോക്സ് വൈദിക സെമിനാരിയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമാ ഇൻ കൗൺസലിങ്ങിന്റെ അടുത്ത ബാച്ചിലേയ്ക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നു.

കോഴ്സിന്റെ അപേക്ഷാ ഫോമും പ്രോസ്പെക്ടസും സോഫിയാ സെന്ററിൽ നിന്നും ലഭിക്കും. പൂരിപ്പിച്ച അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി ജൂലൈ 25 ആണ്.

അപേക്ഷാ ഫോമും പ്രോസ്പക്ടസും www.ots.edu.in എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് 9447803277, 9497107740 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

## ഒ.വി.ബി.എസ് ഗാനങ്ങൾ ക്ഷണിക്കുന്നു

ഒ.വി.ബി.എസ്. 2017-ൽ ഉപയോഗിക്കുന്നതിനാവശ്യമായ ഗാനങ്ങൾ ക്ഷണിക്കുന്നു. "എല്ലാവർക്കും നന്മ ചെയ്യുവിൻ" എന്നതാണ് ചിന്താവിഷയം. കുട്ടികളുടെ അഭിരുചിയ്ക്ക് ഇണങ്ങുന്ന ഗാനങ്ങൾ, ചിന്താവിഷയത്തെ ആസ്പദമാക്കിയുള്ളതോ പൊതുവായി മൂല്യാധിഷ്ഠിതവുമായ ഗാനങ്ങളോ അയയ്ക്കാവുന്നതാണ്. ഗാനങ്ങൾ ട്യൂൺ ചെയ്ത് ഓർക്കെസ്ട്രേഷൻ നടത്തിയ പാട്ടുകൾക്ക് പ്രഥമ പരിഗണന. റിക്കോർഡ് ചെയ്ത് സൺഡേസ്കൂൾ കേന്ദ്ര ഓഫീസിലേയ്ക്ക് സി.ഡി. യിൽ തപാലിൽ അയയ്ക്കുകയോ malankaraovbs@gmail.com എന്ന ഇമെയിലിലേയ്ക്ക് അയച്ചുതരികയോ ചെയ്യുക. വിവരങ്ങൾക്ക് ഡോ. ഐപ്പ് വർഗീസ് ജനറൽ സെക്രട്ടറി, ഫോൺ- 9446448215. അവസാന തീയതി 2016 ഓഗസ്റ്റ് 31.

## പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാൾ

**റാന്നി:-** പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ 4-ാം ഓർമ്മ ഓഗസ്റ്റ് 1-ന് റാന്നി പെരുനാട് ബഥനി ആശ്രമത്തിൽ.

**റാന്നി:-** അലക്സിയോസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്തായുടെ 51-ാം ഓർമ്മ ഓഗസ്റ്റ് 6-ന് റാന്നി പെരുനാട് ബഥനി ആശ്രമത്തിൽ.

**ദേവലോകം:-** മാർ ഇഗ്നാത്തിയോസ് അബ്ദേദ് മശിഹാ പാത്രിയർക്കീസ് ബാവായുടെ 101-ാം ഓർമ്മ ഓഗസ്റ്റ് 15-ന് (കുർക്കുമ ദയറാ). ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പൽ പെരുന്നാൾ.

**മുളന്തുരുത്തി:-** മാർ ഈവാനിയോസ് ഹിദായത്തുള്ളാ എപ്പിസ്ക്കോപ്പായുടെ 323-ാം ഓർമ്മ ഓഗസ്റ്റ് 16-ന് മുളന്തുരുത്തി പള്ളിയിൽ.

**മുളക്കുളം:-** ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ 25-ാം ഓർമ്മ ഓഗസ്റ്റ് 19-ന് മുളക്കുളം കർമ്മേൽ കുന്ന് പള്ളിയിൽ.

# ഇടവകകൾ പരിസ്ഥിതി ബോധവത്കരണത്തിന് പ്രാധാന്യം നൽകണം



**പത്തനംതിട്ട :** സഭയ്ക്ക് പരിസ്ഥിതി പ്രശ്നങ്ങളെ കണ്ടില്ലെന്നു നടിക്കുവാൻ സാധ്യമല്ലെന്നും ആദ്ധ്യാത്മികതയുടെ ഭാഗമാണ് പരിസ്ഥിതി സംരക്ഷണമെന്നും ആരാധനയിൽ പ്രകൃതിയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ഉൾക്കൊണ്ടിട്ടുണ്ടെന്നും പരിസ്ഥിതി കമ്മീഷൻ പ്രസിഡന്റ് കുറിയാക്കോസ് മാർ ക്ലിമ്മീസ് മെത്രാപ്പോലീത്താ. മദ്ധ്യതിരുവിതാംകൂർ ഓർത്തഡോക്സ് കൺവൻഷന്റെ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി മാക്കാംകുന്ന് സെന്റ് സ്റ്റീഫൻസ് കത്തീഡ്രലിൽ സഭാ പരിസ്ഥിതി കമ്മീഷന്റെ പരിസ്ഥിതി ദിനാചരണ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു.

ഡോ. ജോസഫ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ മുഖ്യപ്രഭാഷണം നടത്തി. പരിസ്ഥിതി കമ്മീഷൻ ജനറൽ സെക്രട്ടറി റവ. ഡോ. മിഖായേൽ സഖറിയ, കത്തീഡ്രൽ വികാരി ഫാ. ബിജു മാത്യൂസ്, ഡോ. ജോർജി വി. തോമസ്, പ്രൊഫ. ബിനോയി റ്റി. തോമസ്, പ്രൊഫ. മോഹൻ വർഗീസ്, പ്രൊഫ. വി.റ്റി. തോമസ് എന്നിവർ പ്രസംഗിച്ചു.


ഒന്നാം ചരമവാർഷികം
28-07-2016



GEORGE MATHEW
Coimbatore
Pulikkottil House

പ്രാർത്ഥനാപൂർവ്വം പരേതാത്മാവിന് നിത്യ ശാന്തി നേർന്നുകൊണ്ട്

കുടുംബാംഗങ്ങൾ



# വിശുദ്ധ ദൈവമാതാവ്

ഫാ. വർഗ്ഗീസ് ജോസഫ്, നിരണം

**കന്യകമറിയാമിന്റെ നിര്യാണത്തിൽ എല്ലാ ശ്ലീഹന്മാരും സംബന്ധിച്ചു. തോമാശ്ലീഹാ ആകാശമാർഗ്ഗം ഇന്ത്യയിൽ നിന്നും എത്തി എന്ന പാരമ്പര്യവിശ്വാസം ശ്രദ്ധേയമാണ്. അപ്പോസ്തോലന്മാർ സ്ഥാപിച്ച ദേവാലയങ്ങൾ മിക്കവാറും ദൈവമാതാവിൻെറ തന്നെയായിരുന്നു.**

മറിയ എന്നപേരിൽ പത്തിലധികം വ്യത്യസ്ത രൂപങ്ങൾ ഇന്ന് നിലവിലുണ്ട്. പേരിലല്ല മറിച്ച് കന്യക മറിയാമിനെപ്പോലുള്ള വിനയത്തിലും, ജീവിത വിശുദ്ധിയിലുമത്രേ കാര്യം. കന്യകമറിയാമിന്റെ ജീവിത വിശുദ്ധിയത്രേ അവളെ തലമുറകൾ ഭാഗ്യവതിയെന്നു വാഴ്ത്തുന്ന (ലൂക്കോ. 1:48) തലത്തിലേക്ക് ഉയർത്തിയത്. ലൂക്കോ 11:27ൽ പുരുഷാരത്തിൽ നിന്നും ഒരു സ്ത്രീ വിളിച്ചുപറയുന്നത് "നിന്നെ ചുമന്ന ഉദരവും നീ കുടിച്ച മുലകളും ഭാഗ്യമുള്ളത്" എന്നാണ്. തങ്ങളുടെ മക്കൾ യേശുവിനെപ്പോലെയാകാത്തതിൽനിന്നുണ്ടാകുന്ന ആത്മീയമായ വികാരമായിരിക്കാം ആ സ്ത്രീയെക്കൊണ്ട് അങ്ങിനെ പറയിച്ചത്. യേശുവിന്റെ ജനനത്തിൽ പൈതലിന്റെ ശ്രേഷ്ഠതയെക്കുറിച്ചു വിവരിക്കുമ്പോൾ (ലൂക്കോ 1:32, 33) ഇന്നത്തെ തലമുറയ്ക്ക് ഇവയിൽ എന്തെങ്കിലും ഉണ്ടോ എന്നും ചിന്തിക്കണം.

വി. മർക്കോ. 8:34 ൽ കുരിശു വഹിച്ച് കർത്താവിനെ അനുഗമിക്കുക എന്നൊരു പരാമർശമുണ്ട്. കുരിശ് യഥാർത്ഥത്തിൽ കർത്താവിനെ തന്നെയാണ് സൂചിപ്പിക്കുന്നത്. യേശുവിനെ ഉദരത്തിലും കൈകളിലും ചുമന്ന കന്യകമറിയാം തന്നെയാണ് യഥാർത്ഥത്തിൽ കുരിശ് ചുവന്നിട്ടുള്ളത്. മറിയ എന്ന പേരുള്ള 6 പേരെ പുതിയ നിയമത്തിൽ കാണാം. 1. കന്യകമറിയാം 2. മഗ്ദലനമറിയം 3. യാക്കോബിന്റെയും യോസേയുടെയും അമ്മ 4. ലാസറിന്റെ സഹോദരി 5. മർക്കോസിന്റെ അമ്മ (അപ്പോ. 12:12) 6. റോമ്മാ സഭയിലെ മറിയം (റോമ. 16:) മറിയ എന്ന പേരിന് ഇത്രമാത്രം പ്രത്യേകതയും പ്രസിദ്ധിയും ഉണ്ടായിരുന്നു അക്കാലത്ത്. എന്നാൽ കന്യകമറിയാമിനെ ദൈവം തന്റെ ഏകജാതന്റെ അവതാരത്തിനായി തിരഞ്ഞെടുത്തത് അവളുടെ വിനയവും, താഴ്മയും ദൈവസന്നിധിയിൽ വേർതിരിക്കപ്പെട്ട ജീവിതവും ആയിരുന്നു.

യോഹന്നാൻ സ്നാപകന്റെ കാര്യത്തിലും ഇപ്രകാരം ചില സവിശേഷതകൾ എടുത്ത് പറയുന്നുണ്ട്. ദൈവാശ്രയമുള്ള മാതാപിതാക്കളുടെ കുടുംബങ്ങൾ മഹാന്മാരുടെ കളിത്തൊട്ടിൽ ആയിരിക്കും 'Godly Families are the cradles of great men' എന്നാണ് അർത്ഥം. അപ്പോസ്തോലന്മാരുടെ കൂടിവരവിലും, ആദിമ ക്രൈസ്തവ സഭയിലും ദൈവമാതാവിന് വളരെ പ്രധാനമായ സ്ഥാനം നൽകിയിരുന്നു. കന്യകമറിയാമിന്റെ നിര്യാണത്തിൽ എല്ലാ ശ്ലീഹന്മാരും സംബന്ധിച്ചു. തോമാശ്ലീഹാ ആകാശമാർഗ്ഗം ഇന്ത്യയിൽ നിന്നും എത്തി എന്ന പാരമ്പര്യ വിശ്വാസം ശ്രദ്ധേയമാണ്. അപ്പോസ്തോലന്മാർ സ്ഥാപിച്ച ദേവാലയങ്ങൾ മിക്കവാറും ദൈവമാതാവിൻെറ തന്നെയായിരുന്നു.

വൃദ്ധനായ ശീമോൻ പൈതലായ യേശുവിനെ കൈകളിലെടുത്തശേഷം 'ഇപ്പോൾ നാഥാ എന്നെ സമാധാനത്തോടെ വിട്ടയയ്ക്കണമേ" എന്നുപറയുന്നു. തുടർന്ന് ശീമോൻ നടത്തുന്ന പ്രവചനത്തിൽ കന്യക മറിയാമിനോട് "നിന്റെ പ്രാണനിൽ കൂടിയും ഒരുവാൾ കടക്കും" (ലൂക്കോ. 2:35) എന്നത് കുരിശും വഹിച്ചുകൊണ്ടുള്ള ക്രിസ്തുവിന്റെ യാത്രയും, ക്രൂശീകരണവും നേരിൽ കാണുന്ന ഒരു അമ്മയുടെ പ്രാണവേദനയാണ്. ക്രൂശിൽ കിടന്നുകൊണ്ടുള്ള മൊഴികളിൽ തന്റെ അമ്മയെ ഏറ്റവും ഇളയ ശിഷ്യനായ ഹന്നാനെ ഭരമേൽപ്പിച്ചുകൊണ്ട് 'ഇതാ നിന്റെ അമ്മ' (യോഹ. 19:26) എന്നുപറയുന്നത്, ഒരു മകന് തന്റെ അമ്മയോടുള്ള ഉത്തരവാദിത്വവും, കരുതലും ആണ്.

നവീകരണ സഭകൾ കന്യക മറിയാമിനെ നിന്ദിക്കുമ്പോൾ അപ്പോസ്തോലിക സഭകളെല്ലാം കന്യകമറിയാമിനെ ആദരിക്കുകയും വിശുദ്ധരിൽ പ്രഥമസ്ഥാനം നൽകുകയും ചെയ്യുന്നു. യേശുവിന്റെ കന്യകാ ജനനത്തെക്കുറിച്ച് 'നിരണം ഗ്രന്ഥവരി' എന്നുള്ള 18–ാം നൂറ്റാണ്ടിലെ കേരളത്തിൽ നിന്നുള്ള കാവ്യാവിഷ്ക്കാരത്തിൽ പറയുന്നത് ഇപ്രകാരമാണ്

"പുക്കുല തന്നിലെ കരിക്കതിന്റെ ഉള്ളിൽ ജലം

പൂക്കുപോൽ ജനിച്ചിതു തൻ പുത്രനെന്നേ വേണ്ടൂ"
മണ്ണിൽ നിന്നു വേരിലൂടെയും തടിയിലൂടെയും നാരിലൂടെയു അദൃശ്യമായി ജലം സഞ്ചരിച്ച് കേരളത്തിലെ കല്പവൃക്ഷഫലമായ തേങ്ങയിലും കരിക്കിലും സ്വരൂപിക്കപ്പെടുന്നതുപോലെയാണ് കന്യക മറിയാമിൽ യേശുനാഥൻ ഉരുവായത്.

വി. കുർബ്ബാന ക്രമത്തിൽ സ്ലീബാ നമസ്ക്കാരം മൂന്നാം മണിയിലെ പ്രാർത്ഥനയിൽ 'കുഞ്ഞാടിനെ വൃക്ഷം നൽകി, തീക്കൽ പാറ ജലം നൽകി, എസ്തീറാ മത്സ്യം നൽകി എന്ന് കാണുന്നു. ഇസഹാക്കിനെ ബലികഴിക്കുമ്പോൾ വിജനമായ മലയിൽ കുരുങ്ങിക്കിടന്ന കുഞ്ഞാടിനെപ്പോലെയും, യിസ്രായേൽ മക്കൾക്ക് തീക്കൽ പാറയിൽ നിന്ന് ജലം ലഭിച്ചതുപോലെയും, പത്രോസിന്റെ ചൂണ്ടയിൽ ചതുർദ്രഹ്മപണം അടങ്ങിയ മത്സ്യം കുടുങ്ങിയതുപോലെയുമാണ് യേശുവിന്റെ കന്യകാ ജനനം എന്നു കാണാം. സകല തലമുറകളും ഭാഗ്യവതി എന്നു വാഴ്ത്തുമെന്ന ദൈവമാതാവിനെക്കുറിച്ചുള്ള പ്രവചനത്തെ അന്വർത്ഥമാക്കതക്കവിധം കന്യകമറിയാമിന് സഭയിലും, വ്യക്തിജീവിതത്തിലും അർഹിക്കുന്ന സ്ഥാന ബഹുമാന ആദരവുകൾ നൽകുവാൻ തലമുറകൾക്ക് എപ്പോഴും കഴിയട്ടെ എന്ന് നമ്മുക്കും പ്രാർത്ഥിക്കാം. ■


## മലങ്കരസഭ മാസിക

### പരസ്യ നിരക്കുകൾ


| | | |
|---|---|---|
| Back Page (Colour) | : | 25,000 |
| Front Inside (Colour) | : | 20,000 |
| Back Inside (Colour) | : | 20,000 |
| Inner Page (Colour) | | |
| Full " | : | 15,000 |
| Half " | : | 8,000 |
| Quarter " | : | 5,000 |
| Minimum (Col.) 9x4 c.m. | : | 2,500 |
| Favours Block (Stamp) | : | 1500 |
| Full page (B&W) | : | 8000 |
| Half page (B&W) | : | 5000 |
| Quarter page (B&W) | : | 3000 |
| Matrimonial (Minimum) | : | 1000 |
| Minimum (B&W) 9x4 c.m. | : | 1250 |
| Favours Block (B&W) (Stamp) | : | 750 |

Malankara Sabha Magazine
Devalokam Kottayam-04;
Ph:0481-2573234, 9947804477





## പൗരോഹിത്യ സുവർണ്ണ ജൂബിലി



പൗരോഹിത്യ സുവർണ്ണ ജൂബിലി നിറവിലായ (ജൂൺ-29) വെരി. റവ. തോമസ് കല്ലിനാൽ കോർ എപ്പിസ്ക്കോപ്പാ.
പന്തളം കുളനട മുണ്ടുകല്ലിനാൽ വീട്ടിൽ എബ്രഹാം-ഏലിയാമ്മ ദമ്പതികളുടെ മകനായി 1934 ഡിസംബർ 21ന് ജനിച്ചു. 1963 ജൂലൈ 8ന് പരിശുദ്ധ ഗീവർഗ്ഗീസ് ദ്വിതീയൻ ബാവാ ശെമ്മാശുപട്ടവും 1966 ജൂൺ 29ന് പരിശുദ്ധ ഔഗേൻ ബാവാ കശ്ശീശാപട്ടവും നൽകി. 1987 ഡിസംബർ 16ന് പരിശുദ്ധ മാത്യൂസ് പ്രഥമൻ ബാവാ കോർ എപ്പിസ്ക്കോപ്പാ സ്ഥാനം നൽകി.
തുമ്പമൺ, ചെങ്ങന്നൂർ ഭദ്രാസനങ്ങളിലായി 29 ഇടവകകളിൽ സേവനം അനുഷ്ഠിച്ചു. 1962 ൽ അദ്ധ്യാപകനായി സഭയുടെ വിവിധ സ്കൂളുകളിൽ 28 വർഷം പ്രവർത്തിച്ചു.
സഹധർമ്മിണി : പരേതയായ അമ്മാൾ കെ. ഉമ്മൻ (ഹൈസ്ക്കൂൾ അദ്ധ്യാപിക).
മക്കൾ: ഡോ. മിനി പ്രസാദ് (പ്രൊഫസർ, മാർത്തോമ്മാ കോളജ്, ചുങ്കത്തറ), ഏബ്രഹാം തോമസ് (ചാർട്ടേഡ് അക്കൗണ്ടന്റ്, എറണാകുളം), പരേതയായ അന്ന തോമസ് (അദ്ധ്യാപിക), മരുമക്കൾ: ഡോ. പ്രസാദ് എം. അലക്സ് (പ്രൊഫസർ, മാർത്തോമാ കോളേജ്, ചുങ്കത്തറ), ജെസി സി. ഐസക്ക് (സെക്ഷൻ ഓഫീസർ, പി. എസ്. സി. ഓഫീസ്, തിരുവനന്തപുരം), ജോർജ്ജ് വർഗ്ഗീസ് (സൂപ്രണ്ട്, ഗവൺമന്റ് ആശുപത്രി, കരുവാറ്റ)

## ഫാ. എം. സി. ജേക്കബ്




പൗരോഹിത്യ സുവർണ്ണ ജൂബിലി ആഗസ്റ്റ് 18-ന് ആഘോഷിക്കുന്ന സുൽത്താൻ ബത്തേരി താളൂർ മണ്ണിത്തോട്ടത്തിൽ ഫാ. എം. സി. ജേക്കബ് മാനന്തവാടി, കല്ലുമുക്ക്, മൂലങ്കാവ്, കടൽമാട്, വെതലയം, അയ്യംകൊലി, താരക്കൊല്ലി, പള്ളികളിൽ വികാരിയായിരുന്നു.

സഹധർമ്മിണി കോളിയാട് കന്നിമേൽ അന്നമ്മ. മക്കൾ ഫാ. മോൻസി ജേക്കബ്, ഷൈനോ ജേക്കബ്. മരുമക്കൾ ബിന്ദു അബ്രഹാം, സണ്ണി മാത്യു.

### For Favours Received


ഒരു വിശ്വാസി



ജെയ്സി കരിങ്ങാട്ടിൽ



# വേദബോധനം

**ഫാ. മാത്യു വർഗീസ് കുളങ്ങാട്ടിൽ, കുന്നംകുളം**

# Breaking The Word

**2016 ജൂലൈ 31**

**പെന്തിക്കോസ്തിക്ക് ശേഷമുള്ള പതിനൊന്നാം ഞായർ**

**വി: മർക്കോ. 6:7 – 13**

കർത്താവിന്റെ കാലത്തെ പാലസ്തീൻ യൂദന്മാരുടെ വസ്ത്രധാരണ ശൈലിയുടെയും പ്രവാചക നിയമങ്ങളുടെയും പശ്ചാത്തലത്തിൽ ഈ വേദഭാഗത്തിന് നൽകുന്ന വ്യാഖ്യാനം ചില നല്ല അർത്ഥതലങ്ങൾ നമുക്ക് സമ്മാനിക്കുന്നുണ്ട്. കർത്താവ് ഈ വേദഭാഗത്ത് തന്റെ ശിഷ്യന്മാരെ ഈരണ്ടായി അയയ്ക്കുമ്പോൾ ഇത്തരത്തിലുള്ള ചില കാര്യങ്ങൾ തന്റെ മനസ്സിൽ ഉണ്ടായിരിക്കാമെന്നതും ഇവയുടെ പ്രാധാന്യത്തെ സൂചിപ്പിക്കുന്നു.

*കർത്താവിന്റെ കാലത്തെ വസ്ത്രവിതാനങ്ങൾ:* അഞ്ച് വിധത്തിലുള്ള വസ്ത്രങ്ങൾ യഹൂദർ ഉപയോഗിച്ചിരിക്കണം. എന്നാൽ ഇവയെ കുറിച്ച് കൃത്യമായ ഒരു ചിത്രം ലഭ്യമല്ല. *ഡാനിയേൽ റോപ്സും,വില്ല്യം ബാർക്ലേയും* ഒക്കെ പങ്കുവെക്കുന്ന ചില വിവരങ്ങളുടെ അടിസ്ഥാനത്തിൽ ചില ചിന്തകൾ ആണ് അടയാളപ്പെടുത്തുന്നത്. വില്ല്യം ബാർക്ലേ നൽകുന്ന വിവരണങ്ങളുടെയും മറ്റും പശ്ചാത്തലത്തിൽ യഹൂദരുടെ വസ്ത്രരീതികൾ ഇപ്രകാരമായിരുന്നു. 1)അയഞ്ഞ ഉൾകുപ്പായം (tunic) (2)പുറങ്കുപ്പായം (himation) (3)അരക്കെട്ട് (girdle) (4)ശിരോവസ്ത്രം (head dress) (5) പാദുകം(sandals).

മേൽസൂചിപ്പിച്ചവ കൂടാതെ ഒരു കൈപ്പണസഞ്ചിയും(wallet)അവർ ഉപയോഗിച്ചിരുന്നുവത്രേ. ഇതിന് രണ്ട് വിധത്തിലുള്ള പ്രസക്തി ഉണ്ടായിരുന്നിരിക്കാം. (1) സാധാരണ സഞ്ചാരിയുടെ മടിശ്ശീല -ഇടയന്മാരുടെയും യാത്രികരുടെയും സഞ്ചാരങ്ങളിൽ റൊട്ടി, ഉണക്കമുന്തിരിങ്ങ,ഒലിവ്, പാൽകട്ടി മുതലയവയൊക്കെ കരുതിവെക്കാനുള്ളവ(2)ധനശേഖരണ സഞ്ചി -ദൈവാലയങ്ങളിൽ ദൈവീക വഴിപാടുകളും മറ്റും ശേഖരിക്കുന്ന പുരോഹിതന്മാരുടെ സഞ്ചി. (ഗ്രീക്ക് പദം(pera) മേൽ സൂചിപ്പിച്ചത് പോലെ വസ്ത്രധാരണശീലങ്ങളുള്ള ആ ജനതയെ സംബന്ധിച്ച് കർത്താവിന് ഉണ്ടായിരുന്ന

**1. സുവിശേഷീകരണത്തിന്റെ വിശുദ്ധി:** കർത്താവ് ഈരണ്ടായി തന്റെ ശിഷ്യന്മാരെ അയച്ചതും അതിൽ ആറുമുതൽ എട്ടു വരെയുള്ള വാക്യങ്ങളെ പരിശോധിക്കുമ്പോൾ അതിന് പശ്ചാത്തലമാകുന്നത് യഹൂദസമൂഹത്തിലെ റബ്ബായനിക്ക് നിയമങ്ങളിലെ ചില നിഷ്കർഷകളായിരുന്നു.ദേവാലയങ്കണങ്ങളിൽ ചില കാര്യങ്ങൾ മാറ്റി വച്ചിട്ട് വിശുദ്ധ സ്ഥലത്തേക്ക് പോകണം എന്ന നിഷ്കർഷയാണ് അതിലൊന്ന്. അരക്കെട്ട്, കൈപ്പണസഞ്ചി,പാദുകം ഇവയൊക്കെ ഇങ്ങനെ മാറ്റി വെക്കാൻ പഠിപ്പിക്കപ്പെട്ടിരുന്നു. ഈ നിർദ്ദേശങ്ങൾ നൽകുന്നതിലൂടെ സുവിശേഷീകരണത്തിനായി പ്രവേശിക്കേണ്ട എളിയ ഭവനങ്ങളെ ഒരു ദേവാലയത്തിലേക്ക് പ്രവേശിക്കുന്നത് പോലെ പ്രാർത്ഥനിർഭരമായി, വിശുദ്ധിയോടെ കാണണം. അതിനുള്ള ഒരുക്കവും, പ്രാർത്ഥനയും ശിഷ്യർക്കുണ്ടാകണം എന്ന് സാരം. അവർ അത്രമാത്രം വിനയാന്വിതരായിരിക്കണം.

നമ്മുടെ ഇക്കാലത്തെ സുവിശേഷീകരണവും, പ്രേക്ഷിതപ്രവർത്തനങ്ങൾക്കും അവശ്യം ഉണ്ടാവേണ്ട ഒരുക്കമോ, പ്രാർത്ഥനയോ സമീപന രീതികളോ ഇല്ല എന്ന് നമുക്ക് തിരിച്ചറിയാനുള്ള ഒരു വായനയായി ഈ ചിന്തയെ കാണാവുന്നതാണ്.

**2. ക്രൈസ്തവ ജീവിതത്തിലെ ജാഗ്രതകൾ**

കിഴക്കൻ സംസ്ക്കാരം ആതിഥ്യത്തിന് പുകൾകേട്ടതാണല്ലോ. റബ്ബയനിക്ക് നിയമങ്ങളിലൂടെ നിഷ്കർഷിച്ചിരുന്ന പ്രകാരം വിജാതീയ വിഗ്രഹാരാധനയെ അത് ദുഷിച്ചിരുന്നു. ഒരു മനുഷ്യൻ പാലസ്തീനിലേക്ക് പ്രവേശിക്കുമ്പോൾ വിഗ്രഹാരാധനയും അവിശ്വാസവും ത്യജിക്കുന്നതിന്റെ പ്രതീകമായി വസ്ത്രവും, പാദങ്ങളും മറ്റും പൊടിതട്ടി ഇട്ടതിന് ശേഷം പ്രവേശിക്കണമെന്ന് ഉപദേശിക്കപ്പെട്ടിരുന്നു. അവിശ്വാസത്തിന്റെ അശുദ്ധമേഖലകളോട് ഒരു യഹൂദൻ പുലർത്തേണ്ട ജാഗ്രതയായിരുന്നവല്ലോ അത്. ഈ രീതികളൊക്കെ നിലനിൽക്കുന്ന ഒരു സമൂഹത്തിലാണ് കർത്താവ് ജീവിച്ചത്. 'ആരെങ്കിലും നിങ്ങളെ കൈക്കൊള്ളാതെയും, നിങ്ങളുടെ വാക്കു കേൾക്കാതെയും ഇരുന്നാൽ അവിടം വിട്ട് പോകുമ്പോൾ നിങ്ങളുടെ കാലിലെ പൊടി അവർക്ക് സാക്ഷ്യത്തിനായി കുടഞ്ഞ്കളവിൻ' എന്നും അവരോട് പറയുന്നു. സുവിശേഷീകരണ ദൗത്യത്തിൽ ശിഷ്യന്മാർ നൽകുവാൻ ആണ് അയ്യക്കപ്പെടുന്നത്,സ്വീകരിക്കുവാനല്ല. ഈ ക്രൈസ്തവദൗത്യം വിശ്വസ്തതയും, മാന്യതയും,ലാളിത്യവും പുലർത്തുന്നതായിരിക്കണം. നേടുവാനല്ല,നൽകുവാനാണ് കർത്താവ് അവരെ പഠിപ്പിച്ചത്. ആർജ്ജനത്തിൽ ആർത്തി പുലർത്തുന്ന ന്യൂ ജനറേഷൻ ഇടയത്വത്തിന് എതിരാണിത് എന്നതാണ് വസ്തുത.

**3. ക്രിസ്തീയ ജീവിതവും ക്രിസ്തു സന്ദേശവും.**

എല്ലാറ്റിലും ഉപരിയായി ക്രിസ്തുവിന്റെ സന്ദേശവുമായാണ് ശിഷ്യർ



സഞ്ചരിക്കേണ്ടത്. ഒരു രാജവിന്റെ സന്ദേശ വാഹകനെ പോലെയുള്ള ജാഗ്രതയാണ് അതിനാവശ്യം. മനസാന്തരപ്പെടുക എന്ന വളരെ പ്രധാനമായ കാര്യമാണ് അവർക്ക് പറയാനുള്ളത്. *ലേകത്തോട് ചേർന്നവരെ, ദൈവത്തോട് ചേർന്നവരാക്കുന്ന ഈ അത്ഭുത സന്ദേശം വഹിക്കുന്നവർ ദൈവ തേജസ്സിൽ ജ്വലിക്കുന്നവരാകണം.* സൃഷ്ടാവിന്റെ കരുണ സമസൃഷ്ടങ്ങൾക്ക് പകർന്ന് നൽകുന്ന ഈ പ്രവർത്തനം എത്രമേൽ ശ്രേഷ്ഠമാണ്. നാം ക്രിസ്തുവിന്റെ സന്ദേശവാഹകരാണോ? നമുക്ക് അത് വഹിക്കാവുന്ന ദൈവീക ജീവിതം ആവശ്യമല്ലേ? *ക്രിസ്തുവിന്റെ കാലിലെ പൊടി പോലെ തട്ടി കളഞ്ഞിട്ട് സഞ്ചരിക്കുന്ന ഒരു വിപൽജീവിതമല്ലേ ഇന്നത്തെ ക്രിസ്തീയതയുടെ മുഖമുദ്ര?*

**2016 ഓഗസ്റ്റ് 7**

## കൂടാരപെരുന്നാളിന് ശേഷം ഒന്നാം ഞായർ

**വി: മത്താ. 21 : 28 – 32**

യേശു ഒരേ ശ്രോതാക്കളോട് പറയുന്ന മൂന്ന് ഉപമകളിൽ ഒന്നാണ് ഈ വേദഭാഗം. ഉപമ ത്രയമെന്നൊക്കെ വിശേഷിപ്പിക്കാവുന്ന(trilogy) സാഹിത്യപരമായ അപൂർവ്വത ഇതിനുണ്ടെന്ന് തോന്നുന്നു. ജ്ഞാനസാഹിത്യ വിഭാഗത്തിലുള്ള വേദപുസ്തകാദ്ധ്യായങ്ങൾ *നീതിമന്മാരുടെ മാർഗ്ഗം* എന്തെന്ന് പരാമർശിക്കുന്നുണ്ട്. ഈ വേദഭാഗത്തിന് അതിനോട് സാദൃശ്യമുണ്ട്. (സദൃ 8:20,12:38,സങ്കീ 22.3). കർത്താവ് തന്റെ പഠിപ്പിക്കലുകൾക്കായി, കുടുംബങ്ങളിൽ സംഭവിക്കാറുള്ള ചില യാഥാർത്ഥ്യങ്ങളെ ഒരു ഉപമയിൽ ചിത്രീകരിക്കുകയാണ്. ആദ്യം നിരാകരിച്ചിട്ടും അനുസരിക്കുന്ന ആദ്യത്തെ പുത്രൻ; അയാൾ പാപികളായി മുദ്രകുത്തിയ ചുങ്കക്കാരും വേശ്യകളുമൊക്കെയടങ്ങുന്ന ഒരു സമൂഹത്തെ പ്രതിനിധീകരിക്കുന്നു. ഇളയ മകൻ അനുസരിക്കുന്നതായി ഭാവിക്കുന്ന ഒരാളാണ്; അധരങ്ങളാൽ യഹോവായെ സേവിക്കുന്നതായി നടിക്കുന്ന യൂദമതനേതാക്കന്മരെയാണ് അത് സൂചിപ്പിക്കുന്നു. ഈ ഭാഗത്തെ ആസ്പദമാക്കി ഏതാനും ചിന്തകൾ കുറിക്കുന്നു.

***1. മാതൃകയാവനൊരാൾ:*** യോഹന്നാൻ സ്നാപകൻ സ്വീകരിക്കപ്പെടാതിരുന്നതിനെ കുറിച്ച് മുൻ ഭാഗങ്ങളിൽ പ്രതിപാദിച്ചിരുന്നത് വീണ്ടും പരാമർശിക്കപ്പെടുകയാണിവിടെ. യഥാർത്ഥ പുത്രത്വത്തിന്റെ ആത്മാവ് ആണ് നമ്മിൽ വ്യാപരിക്കേണ്ടത്. *മക്കൾ, പ്രിയമക്കൾ, പുത്ര പദവി നഷ്ടപ്പെടുത്തുന്നവർ* എന്നിങ്ങനെയുള്ള മക്കളെ കുറിച്ചുള്ള പരാമർശങ്ങൾ പൗലൂസ് ശ്ലീഹാ മാത്രമല്ല, വി.യോഹന്നാൻ ശ്ലീഹായും ഉപയോഗിക്കുന്നുണ്ട്. *പിതാവിന്റെ ഹിതത്തിന് കുതറാതെ സ്വയമർപ്പണ്ണം നടത്തുന്ന ഏകജാതൻ തന്നെയാണ് ഉത്തമ മാതൃക.* ആംഗ്ലേയ സാഹിത്യത്തിലെ കസബിയാങ്ക എന്ന കഥാപാത്രത്തെ ഒരു കവിതയിലൂടെ പരിചയപ്പെട്ടിട്ടുള്ളത് മനസ്സിൽ തെളിയുന്നു. *പടകപ്പലിലെ പ്രധാനമായ ഒരു ചുമതല അതിലെ സർവ്വസൈന്യാധിപനായ പിതാവ് ഏൽപ്പിക്കുന്നത് സ്വന്തം മകനെയാണ്. 'ഞാൻ പറയാതെ ഇവിടെ നിന്ന് നീ മാറരുത് ' എന്ന് അദ്ദേഹം മകനോട് പറഞ്ഞിരുന്നു. എന്ത് പ്രതിസന്ധികളുണ്ടായാലും തന്റെ പുത്രൻ തന്നെ വഞ്ചിക്കുകയില്ലെന്ന് ആ പിതാവ് കരുതിയിട്ടുണ്ടാകണം. കവിതയുടെ അവസാനം ശത്രുക്കളുടെ ആക്രമണത്തിൽ കപ്പൽ മുഴുവൻ തീപടരുകയാണ്. ആ പിതാവ് ആക്രമണത്തിൽ കൊല്ലപ്പെട്ടിരുന്നു. മകന് വേണമെങ്കിൽ രക്ഷപ്പെടുവാനുള്ള അവസരമുണ്ട് . എന്നാൽ പിതാവിന്റെ മരണത്തെ കുറിച്ചറിയാതെ ആ മകൻ പിതാവിന്റെ ആജ്ഞയക്കായി കാത്തിരിക്കുകയും കൊല്ലപ്പെടുകയും ചെയ്യുന്നു.* പിതാവിനോടുള്ള അനുസരണത്തിന്റെ മാതൃകയെ പങ്കിടുന്ന ഒരു ഉദാഹരണമാണിത്. കാൽവരിയിലെ അനുസരണത്തിന്റെ മാതൃകയെ ജീവിതത്തോട് ചേർത്ത് സഞ്ചരിക്കുവാൻ നമുക്ക് സാധിക്കണം. മാതാപിതാക്കളോടോ, സഭയോടോ ഒക്കെ മറുതലിപ്പിന്റെ ശബ്ദം മാത്രം ഉയർത്തുന്ന ഒരു തലമുറയിൽ കർത്തൃമാതൃക നമ്മെ പ്രകാശിപ്പിക്കട്ടെ.

***2. പിതൃഹിതം:*** "പിതാവിന്റെ ഹിത"ത്തോടുള്ള സമീപനം വളരെ പ്രധാനമാണ്. *വിശ്വസ്തത*യാണ് തന്റെ മക്കളിൽ നിന്നും ആ പിതാവ് പ്രതീക്ഷിക്കുക. തിരുഹിതത്തോടുള്ള പ്രതികരണമാണ് പുത്രത്വം നൽകേണ്ട വിശ്വസ്തതയുടെ വില. നാം മക്കളാകകൊണ്ട് അബ്ബാ പിതാവേ എന്ന് വിളിക്കുന്ന സ്വപുത്രന്റെ ആത്മാവിനെ ദൈവം നമ്മുടെ ഹൃദയങ്ങളിൽ അയച്ചുവെന്ന് നാം വായിക്കുന്നു (ഗലാ4.6). ക്രിസ്തുമുഖാന്തിരം പിതൃഹിതങ്ങളിലേക്ക് സഞ്ചരിക്കുന്ന മനോഭാവം നമുക്ക് രൂപപെടുത്താം. പിതൃഹിതമെന്നത് സ്വാതന്ത്യമാണ്. അത് ക്രിസ്തുവിലൂടെ ലോകത്തിന് ലഭിച്ച വലിയ കൃപയാകുന്നു. അബ്രാഹാമിന്റെ രണ്ട് മക്കളെ കുറിച്ച് നമുക്കറിയാം. ദാസിയുടെ മകൻ അടിമത്വത്തിന്റെയും വാഗ്ദത്തിന്റെ മകനായ ഇസഹാക്ക് സ്വതന്ത്ര്യത്തിന്റെയും പ്രതീകമാണ്. വാഗ്ദത്തത്തിന്റെ മക്കൾ പിതൃഹിതം അറിഞ്ഞ് പാലിക്കുന്നവരായിരിക്കുമ്പോൾ നാം സ്വാതന്ത്ര്യത്തിന്റെ ലോകത്തിലേക്ക് പ്രവേശിക്കുന്നു. വിശ്വസ്തതയുടെ വഴി അനുസരണത്തിന്റേത് കൂടി ആയിരിക്കണം.

**3. കപടഭക്തർക്കൊരു മുന്നറിയിപ്പ്:**

'അനുസരണമില്ലാത്ത കപടഭക്തനായ ആ പുത്രൻ നിങ്ങൾ തന്നെയാണ്' എന്ന് കർത്താവ് പരീശന്മാരോടും സൊപ്രേംകാരുമടങ്ങുന്ന സമൂഹത്തോട് പറയുന്നു. 'ചുങ്കക്കാരും വേശ്യമാരും നിങ്ങൾക്ക് മുമ്പായി ദൈവരാജ്യത്തിൽ കടക്കുന്നുവെന്ന് ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു'വെന്ന വാക്കുകൾ അനുസരണയും വിനയവുമില്ലാത്തവർക്ക് മുന്നറിയിപ്പായി. '*നിങ്ങൾക്ക് മുമ്പേ*' എന്ന വാക്കിലൂടെ കർത്താവ് ഓർമ്മിപ്പിക്കുവാൻ ശ്രമിച്ച വസ്തുതകൾ ഇനി പറയുന്നു.

1. മുമ്പേ പോകുന്നവർക്ക് അനന്തരഗാമികളായ അനുസരണത്തിന്റെ മക്കൾ വഴികാട്ടികളാകും.വീഴ്ച്ചയുടെ പ്രതിനിധികളായ ആദമിനും,ഹവ്വായ്ക്കും രണ്ടാമാദാമായ ക്രിസ്തുവും, അനുതാപത്തിലൂടെ അവിടേക്ക് പ്രവേശിച്ചവർക്ക് വിശ്വാസികളായി നടിച്ച കപടഭക്തർക്ക് മാതൃകയാവും. നമ്മുടെ മുൻഗാമികളിൽ നിന്ന് നന്മയുടെ പാഠങ്ങൾ ഉൾകൊള്ളേണ്ടതിന്റെ ആവശ്യകത സൂചിപ്പിച്ചു.

2. ലോകത്തിന്റെ വരകൾക്കപ്പുറമാണ് ദൈവത്തിന്റെ മാർജിൻ. അത് എല്ലാവരെയും ഉൾകൊള്ളാനാഗ്രഹിക്കുന്നു. ഒരമ്മ എന്നപോലെ തന്റെ മക്കളായ എല്ലാ സ്വഭാവക്കാരോടും ഒരേ പ്രതീക്ഷയുടെ സ്നേഹം അത് നീട്ടുന്നു.

3. സ്വർഗ്ഗം സൂക്ഷിക്കുന്ന സാധ്യതയുടെ ഒരു ലോകമുണ്ട്. പാപികളോട് പറയുന്നത്, വീണ്ടെടുക്കുവാൻ കഴിയാതെ വണ്ണം നമുക്ക് ഒന്നും നഷ്ടമായിട്ടില്ലായെന്ന് അത് സാക്ഷിക്കുന്നു.

ഒരു നൈജീരിയൻ പുരോഹിതൻ സെൻ ഗുരുവിനരുകിൽ എത്തി. അയാൾ അദ്ദേഹത്തോട് വിളിച്ച് പറഞ്ഞു, “നിങ്ങൾ എന്താണ് വിചാരിക്കുന്നത് ? നിങ്ങളെ എല്ലാവരും അനുസരിക്കുമെന്നോ? നോക്കൂ, ‘ഞാൻ’ നിങ്ങൾ പറയുന്നത് ഒന്നും അനുസരിക്കുകയില്ല. എന്താ നിങ്ങൾക്കതിന് സാധിക്കുമോ” ? ഗുരു അയാളോട് പറഞ്ഞു, ‘നോക്കിക്കേ, ഇങ്ങടുത്ത് വാ നിങ്ങൾ പറയുന്നത് എനിക്ക് കേൾക്കുന്നില്ല’. ആ പുരോഹിതൻ അടുത്തു ചെന്നു, ‘എന്താ നിങ്ങൾക്ക് എന്നെ അനുസരണ പഠിപ്പിക്കാമോ’? അയാളോട് ഗുരു പറഞ്ഞു ‘നിങ്ങൾ എന്റെ വലത് വശത്തേക്ക് നീങ്ങി നിൽക്കൂ’ . ആ പുരോഹിതൻ അനുസരിച്ചു. ‘നാം അവിടെ ആ വലതു വശത്തേക്ക് നീങ്ങി നിൽക്കുന്നതാവും നല്ലത്’ വീണ്ടും ഗുരു പറഞ്ഞു, നമുക്ക് അവിടെ നിന്ന് സംസാരിക്കാം’. ആ പുരോഹിതൻ അനുസരിച്ചു. ‘നോക്കൂ നിങ്ങൾ എന്നെ എത്ര നന്നായി അനുസരിച്ചു. നിങ്ങൾ എത്രയോ നല്ല വ്യക്തിത്വമാണ്”. ആ പുരോഹിതൻ ലജ്ജിച്ചു. നമ്മുടെ ധിക്കാരങ്ങൾ പോലും അനുസരണത്തിലേക്കുള്ള ചുവടുകളാണ്. ചിലപ്പോൾ നമുക്ക് വാത്സല്യത്തിന്റെ ദൂരങ്ങൾ ഒന്നും നടക്കുവാൻ ആകാത്ത വിധം നാം അന്ധരാകുന്നു.

യെശയ്യാ പ്രവാചകൻ മുന്തിരിത്തോപ്പിനെ കുറിച്ചുള്ള ഗാനത്തിലൂടെ ഈ കാര്യം പറഞ്ഞുവെച്ചു. അവിടെ ഇസ്രായേലും യഹൂദാ എന്നി പ്രവിശ്യകളും ദൈവഹിതവും ഇത് പോലെ പരാമർശ വിഷയമാകുന്നു.(യെശ 5:1-7) മുടിയൻ പുത്രന്റെ ഉപമയും അനുസരണത്തിന്റെയും വിവേകരാഹിത്യത്തിന്റെയും പ്രമേയം തന്നെ വിശകലനം ചെയ്യപ്പെട്ടിരുന്നു. ഈ ഉപമയിലെ രണ്ട് മക്കളെ കുറിച്ച് പലതരം വ്യാഖ്യാനങ്ങൾ കാണാം. വിശ്വാസികളായ പുറജാതികളെയും അവിശ്വസ്തരായ യൂദരെയുമാണ് എന്നൊരു കൂട്ടർ. എന്നാൽ യഹൂദസമൂഹത്തിലെ രണ്ട് വിഭാഗത്തെ തന്നെയാണ് അവിടെ ചിത്രീകരിക്കുന്നത്. ചുങ്കക്കാരും വേശ്യകളും ഒക്കെ അടങ്ങുന്ന സമൂഹം പലപ്പോഴും നിഷേധികളുടെ ഗണത്തിലായിരുന്നു. എന്നാൽ പശ്ചാത്താപത്തിന്റെ സാധ്യത അവരിൽ ഉണ്ടാവുന്നു.

### 2016 *ഓഗസ്റ്റ് 14*
## കൂടാരപെരുന്നാളിന് ശേഷം രണ്ടാം ഞായർ
**വി: ലൂക്കോ. 12:13 – 21, 35 – 44**

ശിഷ്യത്വത്തിന് നൽകപ്പെടുന്ന നിതാന്തജാഗ്രതയുടെ സന്ദേശമാണ് ഈ ഭാഗം. യൂദന്മാർക്കിടയിൽ സമ്മതരായ റബ്ബിമാരുടെ മദ്ധ്യസ്ഥതയിൽ തർക്കമുള്ള സംഗതികൾ തീർപ്പാക്കുന്ന രീതി ഉണ്ടായിരുന്നു. എന്നാൽ *സമ്പദ്സമൃദ്ധിയെക്കാൾ* പ്രധാനം *ജീവന്റെ സമൃദ്ധിയാണ്* എന്ന് ഈ വേദഭാഗം അടിവരയിട്ട് നമ്മെ ഓർമ്മിപ്പിക്കുന്നു. ഈക്കാലം സമ്പത്ത് മറ്റെന്തിനെക്കാളും പ്രധാനമാണ്. യേശുവിനെ മനുഷ്യർ സമ്പത്തിന്റെ പശ്ചാത്തലങ്ങളിൽ സമീപിക്കുന്നതിന്റെ ഉദാഹരണമാണ് ഇന്നത്തെ വേദഭാഗം.

ഒരു ജീവന സംസ്ക്കാരത്തിന്റെ പ്രതിനിധിയായി യേശുവിനെ വീക്ഷിക്കാവുന്ന ഒരു വേദഭാഗമാണിത്.

**1. യേശുവിനെ ഇടനിലക്കാരനാക്കുന്ന സമ്പത്ത്.**

‘ഗുരോ ഞാനുമായി അവകാശം പങ്കിടുവാൻ എന്റെ സഹോദരനോട് കൽപ്പിച്ചാലും’ എന്ന ആവശ്യവുമായാണ് അയാൾ യേശുവിന്റെ അടുക്കൽ എത്തുന്നത്. സ്വത്ത് ഭാഗം വെച്ച് നൽകുവാനുള്ള ഒരു മദ്ധ്യസ്ഥനെയാണ് അയാൾക്കാവശ്യം. യേശുക്രിസ്തു എന്ന ഏകമദ്ധ്യസ്ഥനെ കുറിച്ച് വേദപുസ്തകത്തിൽ നാം വായിക്കുന്നുണ്ട്. തന്നെ സമീപിക്കുന്ന വ്യക്തിയോട് അനുകമ്പയുണ്ടെങ്കിലും കേവലം *ധനപരമായ കാര്യങ്ങളുടെ മദ്ധ്യസ്ഥനായല്ല* താൻ മനുഷ്യാവതാര ശുശ്രൂഷയലേക്ക് പ്രവേശിച്ചിരിക്കുന്നത് എന്ന് ഇവിടെ സൂചിപ്പിക്കുകയായിരുന്നു. സാമ്പത്തികനേട്ടത്തിന് വേണ്ടിയോ ലൗകീകാഹ്ളാദങ്ങൾക്ക് വേണ്ടിയും ഉള്ള നെട്ടോട്ടത്തിന് വേദപുസ്തകം ഉദാഹാരണങ്ങൾ ഒരുപാട് കാണിച്ച് തരുന്നു. ആദാമിന്റെ അത്യാഗ്രഹങ്ങൾ അവന്റെ വീഴ്ച്ചക്കിടയാക്കിയെങ്കിൽ, ലോത്തിന്റെത് അവന്റെ കുടുംബനാശത്തിലേക്ക് നയിക്കുന്നു.ശൗലിനെ വിഭ്രാന്തിയിലേക്ക് നയിച്ചതും, ഗേഹസിയെ കുഷ്ഠരോഗിയാക്കുന്നതും, ആഖാനും കുടുംബവും, പിന്നെ അനന്യാസും വരെ ദ്രവ്യഗ്രഹം നശിപ്പിച്ച മനുഷ്യരാണെങ്കിൽ അതിനോട് തെല്ല് വിരക്തമനോഭാവം കാത്ത് സൂക്ഷിക്കുവാൻ കർത്താവ് പഠിപ്പിക്കുന്നു.

നിത്യജീവന്റെ അനുഭവവും അതിന്റെ ഫലമായ സമാധാനവുമാണ് മനുഷ്യന് ഏറ്റവും ആവശ്യമായിരിക്കുന്നത്. തിന്നുക, കുടിക്കുക,ആനന്ദിക്കുക(Eat, Drink,and be merry-for tomorrow we die) എന്ന എപ്പിക്യൂറിയൻ ചിന്താഗതി ഇന്നും മരിച്ചിട്ടില്ലയെന്ന് നമ്മുടെ നാട് ഓർമ്മിപ്പിക്കുന്നു. പബ്ബുകളും നിശാപാർട്ടികളും മുതൽ സാധാരണ ക്രൈസ്തവന്റെ കല്ല്യാണവിരുന്നുകൾ വരെ ഇത്തരത്തിലുള്ള നൈമിഷിക സന്തോഷങ്ങളുടെ പ്രഖ്യാപനങ്ങളാണ്.

**2. അഹംബോധത്തെ വലുതാകുന്ന സമ്പന്നത.**

സമ്പന്നതയെന്നത് അഹങ്കാരപ്രമത്തതയിലേക്ക് നയിക്കുമെന്നതിന്റെ കൃത്യമായ സൂചനയിവിടെ കാണുക. ധനവാൻ ഉപയോഗിക്കുന്ന വാക്കുകൾ ശ്രദ്ധേയമാണ്. *“ഞാൻ, എന്റെ”* എന്ന വാക്കുകളിൽ ഒരാൾ നിറഞ്ഞ് കവിയുന്നതാണ് കാണുക. പലപ്പോഴും നമ്മുടെ കുടുംബങ്ങളും വ്യക്തികളും ഈ സ്വാർത്ഥതയിൽ നിറഞ്ഞ് വലുതാവുമ്പോൾ അവരെ ആർക്കും ഉൾകൊള്ളാനാകാതെ വരുന്നു. തന്നിൽ തന്നെ ഇത്തരത്തിൽ വലുതായി നിൽക്കുന്നവരെ കർത്താവ് *മൂഢൻ* എന്ന് വിശേഷിപ്പിക്കുന്നു. അതിനാൽ കർത്താവിന്റെ ശൈലികളിൽ ധനവാനായിരുന്നിട്ടും ആത്മീയമായി അരിഷ്ടനായിരിക്കുന്ന അവസ്ഥയാണ് മൂഢന്റെത്. ധനവാൻ ദരിദ്രന്റെ ഒട്ടിയവയറുപോലെ ആത്മീയമായി അരിഷ്ടനാകുന്ന അവസ്ഥ നമ്മുക്ക് മാറ്റി കളയാം. ആത്മീയ സമാധാനം ആർജ്ജിക്കുവാൻ നമുക്ക് തൽപ്പര്യമാണ് വിശ്വാസികളിൽ ഉണ്ടാവേണ്ടത്.

**3. ക്രൈസ്തവ ജീവിതത്തിലെ മാനേജ്മെന്റ് വീക്ഷണം**

പലപ്പോഴും ചില മാനേജമെന്റ് ദർശങ്ങൾ നമ്മുടെ ജീവിതത്തെ ശക്തിപ്പെടുത്തുന്നതാണല്ലോ. 34-ാം വാക്യ


**ST. MARY'S EMBROIDERY**

**Palace Road, Changanacherry-686101, Kerala**

**Prop: SAJU CHACKO** ✆ **0481-2425444,**
**Res. 2724224, 2727788**
**(Mob.) 9447136388**



**കാപ്പ, വിരിക്കൂട്ട്, ചിത്തോല, തിരശീല, മുതലായവ ഓർഡർ അനുസരിച്ചും റെഡി മെയ്ഡും ലഭ്യമാണ്.**

**വിദേശ തുണിയിൽ തയ്ച്ച കാപ്പ എല്ലാ കളറിലും റെഡി മെയ്ഡ് ലഭ്യമാണ്.**

**ഇന്ത്യയിൽ ഏതുഭാഗത്തും ഓർഡർ അനുസരിച്ച് ഞങ്ങൾ സാധനങ്ങൾ എത്തിച്ചു തരുന്നു**

ത്തിന്റെ തുടർച്ചയായി പറയുന്ന കാര്യങ്ങൾ ഉത്തമമായി നിക്ഷേപകന്റെ രീതിശാസ്ത്രമാണ്. *നിക്ഷേപം എവിടെയോ അവിടെയായിരിക്കും,നിങ്ങളുടെ മനസ്സ്* എന്ന് കർത്താവ് സൂചിപ്പിക്കുന്നുണ്ടല്ലോ. ഉത്തമ നിക്ഷേപകർ ചെയ്യേണ്ട ചില കാര്യങ്ങൾ (1) *ഒരുക്കത്തിന്റെ അരക്കെട്ട്:* വേല ചെയ്യുവാനും, ശത്രുക്കളോട് പോരാടുവാനുമായി അരക്കെട്ടി ഒരുങ്ങിയിരിക്കുന്ന സന്നദ്ധ മനോഭാവമാണിത്. (2) *പ്രകാശനാളം അലങ്കരിച്ച ദീപം:* എപ്പോഴും പ്രകാശമേകുന്നവനാണ് ക്രൈസ്തവൻ. ചന്ദ്രൻ തന്റെ വെളിച്ചം സൂര്യനിൽ നിന്ന് സ്വീകരിക്കുന്നത്പോലെ യേശുക്രിസ്തുവാകുന്ന നീതി സൂര്യനിൽ നിന്ന് നമുക്ക് വെളിച്ചം സ്വീകരിക്കാം.(3) ഒരു കമ്പനിയിൽ തങ്ങളുടെ മാനേജരോ, ബോസോ ഒക്കെ വരുമ്പോൾ ഉള്ള ജാഗ്രതയെക്കാളേറെ കർത്താവിന്റെ വരവിനായി ഒരുങ്ങാം.

ദൈവസ്നേഹവും,ദൗത്യബോധവും നമ്മെ ക്രിസ്തുവിൽ പ്രവർത്തന സജ്ജരാക്കും. ഈ ജാഗ്രത യൂദപശ്ചാത്തലങ്ങളിലെ ചിന്താഗതിയെ ഓർമ്മിപ്പിക്കുന്നു. രാത്രിക്ക് നാലു യാമങ്ങൾ ഉണ്ട്. *എന്നാൽ ജീവിത ദശകളുടെ ഗതിക്കനുസരണമായി അവയെ മൂന്നായി അവർ മനസ്സിലാക്കുന്നു. അവ ഒന്നാം യാമം ബാല്ല്യം രണ്ടാമത്തേത് യൗവ്വനം, മൂന്നാമത്തേത് വാർദ്ധക്യം. യാമങ്ങളുടെ ആരംഭങ്ങളിൽ മിക്കവരും ഉണർന്നിരിക്കും. എന്നാൽ രാത്രിയുടെ ആഴങ്ങളിലും ഉണർവ്വ് കാത്ത് സൂക്ഷിക്കുവാൻ നമുക്ക് ആകുമോ? ബാല്ല്യത്തിലെ ഭക്തി വാർദ്ധക്യത്തിലും കാത്ത് സൂക്ഷിക്കുവാൻ കഴിയുമോ?*

**2016 *ഓഗസ്റ്റ് 21***

## പെന്തിക്കോസ്തിക്കുശേഷം ഒന്നാം ഞായർ

**വി: ലൂക്കോ. 6:39–45**

യേശുനാഥൻ പലപ്പോഴായി പഠിപ്പിച്ച കാര്യങ്ങൾ ക്രോഡീകരിച്ചതാവാം ഇത്. പഴയ നാട്ടുചൊല്ലുകളുടെ ശൈലിയിൽ അവയെ വി.ലൂക്കോസ് ക്രോഡീകരിച്ചിരിക്കുന്നു. വ്യക്തിപരമായും സാമൂഹ്യമായും ഉളവാകേണ്ട ഉന്നതമൂല്ല്യങ്ങളുടെ ലാവണ്യം ലളിതമായ ഈ ചൊല്ലുകളിൽ കാണാം. സാധാരണ ജനങ്ങൾക്ക് അവ എളുപ്പം ഉൾകൊള്ളുവാനും സാധിക്കും. അതിനാൽ അവ വ്യാഖ്യാനത്തിന്റെ വളയമില്ലാതെ നമ്മുടെ ഹൃദയത്തെ കീഴടക്കുകയാണ്.

**1. ചിന്തകളാകുന്ന ചില്ലകൾ(വ.39–42)**

*ചിന്തകളാകുന്ന ചില്ലകൾ കാഴ്ച്ചയുടെ ആകാശത്തെ മറക്കുന്നുണ്ട് എന്ന് ഇപ്പോൾ നാം അറിയണം.* ക്രിസ്തു ഇവിടെ പറയുന്ന *കുരുടൻ* എങ്ങിനെയാണ് രൂപപെടുക? . മിക്ക ആളുകളും തങ്ങളുടെ ചിന്തകളുടെ ലോകത്ത് വ്യാപരിക്കുന്നവരാണ്. 'നാം ഒരു പൂവ് കാണുമ്പോൾ, ആ പൂവ്വ് എത്ര മനോഹരമായിരിക്കുന്നു എന്ന ചിന്ത ഉള്ളിലുണരുമ്പോൾ നമ്മുടെ കാഴ്ച്ച അവസാനിക്കുകയായി' എന്ന് നിത്യചൈതന്യയതി കുറിച്ചത് ഓർക്കുക.. *ഒരിക്കൽ ഞങ്ങൾ നൈൽ നദിയിലൂടെ യാത്രചെയ്യുകയാണ്. ഇരു കരകളെയും വകഞ്ഞ്മാറ്റി ഒഴുകുന്ന ആ നദിയാത്രയിൽ ഒരു സുഹൃത്ത് വാചാലമായി. അയാൾ മുമ്പ് നടത്തിയ വിദേശയാത്രകളിലെ ബോട്ടുയാത്രകൾ..കാശ്മീരിലെയും സ്വിറ്റ്സർലണ്ടിലും തണുത്ത സഞ്ചാരങ്ങൾ എല്ലാം അദ്ദേഹം വർണ്ണിക്കുവാൻ തുടങ്ങി.പിന്നീട് ഒന്നര മണിക്കൂറുകൾ കഴിഞ്ഞ് ഞങ്ങൾ താമസിക്കുന്ന ഹോട്ടലിലേക്ക് മടങ്ങുമ്പോൾ അയാൾ പറഞ്ഞു, 'നമ്മുടെ നൈൽയാത്ര എത്ര മനോഹരമായിരുന്നു'. ഞാൻ പറഞ്ഞു 'നിങ്ങൾ ഈ യാത്രയിൽ മിക്കപ്പോഴും ഒന്നും കണ്ടില്ല. നിങ്ങളുടെ മനസ്സ് സ്വിറ്റ്സർലണ്ടിലും,കാശ്മീരിലും ഒക്കെ ആയിരുന്നില്ലേ?'*

## അഭി. പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ

### 4–ാം ഓർമ്മപ്പെരുന്നാൾ (01–08–2016)



**തെയോഭവൻ അരമന മാവേലിക്കര**

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ മുഖ്യ കാർമ്മികത്വത്തിൽ ഓഗസ്റ്റ് ഒന്നിന് രാവിലെ വി. കുർബ്ബാനയും അനുസ്മരണ സമ്മേളനവും മാവേലിക്കര, തെയോഭവൻ അരമനയിൽ.

**ആദരാഞ്ജലികളോടെ**

## മാവേലിക്കര ഭദ്രാസനം

നമ്മുടെ ചിന്തയുടെ തിരശ്ശീല പലപ്പോഴും നമ്മെ യഥാർത്ഥ ആത്മീയാനുഭവത്തിൽ നിന്ന് അകറ്റി കളയുന്നു. ഒരു പക്ഷെ *കാഴ്ച്ച* എന്ന അനുഭവം തന്നെ അത് സാധ്യമാക്കുന്നില്ല. അങ്ങിനെ ഒരർത്ഥത്തിൽ ക്രിസ്തു അനുഭവങ്ങളുടെ സാക്ഷ്യം തന്നെ നമുക്ക് ചിലപ്പോൾ നഷ്ടപ്പെട്ടിട്ടില്ലേ? മുൻവിധികളുടെ കോൽ നമ്മുടെ മിഴികളെ ഞെരുക്കുകയാണ്; ബലിയർപ്പണങ്ങളിൽ,കുടുംബജീവിതങ്ങളിൽ എല്ലാം! നോക്കൂ നമ്മുടെ മുറിയിൽ നിന്ന് പുറത്തേക്ക് പോകുവാൻ കാണുന്ന വാതിൽ തുറന്ന് പോയാൽ മതി. അതിനെ കുറിച്ച് കൂടുതൽ ചിന്താകുലരാകേണ്ടതില്ല. എന്നാൽ കണ്ണുകൾ ഇല്ലെങ്കിലോ നാം പുറത്തേക്ക് പോകുവാൻ ആഗ്രഹിക്കുമ്പോൾ അതിനുള്ളമാർഗത്തെ കുറിച്ച് തലപുകയ്ക്കേണ്ടി വരും. ക്രിസ്തു ഇത്തരത്തിലുള്ള ചിന്തയുടെ ലോകത്ത് നിന്ന് നമ്മെ മോചിപ്പിക്കുകയാണ്. കാണാൻ കഴിവില്ലാത്തവർ നടത്തുന്ന തത്രപ്പാടുകളാണ് ഇന്നത്തെ, ലോകത്തിന്റെ ചിന്താമണ്ഡലം. നമ്മുടെ ചാനൽ ചർച്ച തൊഴിലാളികൾ ഈ വിഭാഗത്തിൽ വരുന്നവരാണ്. പൗരസ്ത്യ ലോകം ഇതിൽ നിന്ന് വ്യത്യസ്തമായി *ദർശനം* എന്നത് അവതരിപ്പിക്കുന്നു. കണ്ണും കാഴ്ച്ചയും ഉള്ളവർക്കാണ് അത് സാധ്യമാകുക. ഗാന്ധിയും, പരുമലതിരുമേനിയും, വിവേകാനന്ദനും ഈ സംസ്ക്കാരത്തിന്റെ പ്രതിനിധികളാണ്. ചെറിയ ചിന്തകളുടെ കൈമറകൊണ്ട് സൂര്യനെ മറയ്ക്കുന്ന ഒന്നായി നമ്മുടെ ക്രിസതുജീവിതം മാറാതിരിക്കുവാൻ പൗരസ്ത്യജീവിതശൈലി നമ്മുടെ ജീവിതത്തിന്റെ ഭാഗമാകണം.

**2.സായൂജ്യത്തിന്റെ വൃക്ഷം:(വ.44,45)** *ക്രിസ്തുവിന്റെ കിനാവുകൾ തക്കഫലം കായ്ക്കുന്ന ഒരു കാലത്തെ കുറിച്ചാണ് എന്ന് ഈ വാക്യങ്ങളിലൂടെ കടന്ന് പോവുമ്പോൾ*

# സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ, ദുബായ് - യു. എ. ഇ.

## കരുണ്യവ് 2016

ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ 2016 വർഷത്തെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി താഴെ പറയുന്നവയ്ക്ക് സഹായങ്ങൾ നൽകുന്നു.

**1) ഹൃദ്രോഗങ്ങൾ**

50 ഹൃദ്രോഗികൾക്ക് ശസ്ത്രക്രിയ ഉൾപ്പെടെയുള്ള ചികിത്സ സൗജന്യമായി ലഭ്യമാക്കുന്നു.

**2) ഡയാലിസിസ്**

ഡയാലിസിസ് ആവശ്യമായ 50 രോഗികൾക്ക് അടുത്ത ഒരു വർഷത്തേക്ക് ഡയാലിസിസ് പൂർണ്ണമായും സൗജന്യമായി ലഭ്യമാക്കുന്നു.

**3) ക്യാൻസർ**

കീമോതെറാപ്പിക്ക് വിധേയരായ 50 ക്യാൻസർ രോഗികൾക്ക് പ്രതിമാസം 5000 രൂപ വീതം തുടർ ചികിത്സയ്ക്കായി നൽകുന്നു.

സഹായത്തിന് അർഹരായ വ്യക്തികൾ ബന്ധപ്പെട്ട മെഡിക്കൽ രേഖകളും അതാത് ഇടവക വികാരിയുടെ സാക്ഷ്യപത്രവും സഹിതം അപേക്ഷകൾ താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

The Vicar
St. Thomas Orthodox Cathedral
P. O. Box: 2563, Dubai, U.A.E.

കൂടുതൽ വിവരങ്ങൾക്ക് :-

Tel: 00971 4 3371122, Email: info@stthomascathedraldubai.com, Web: www.stthomascathedraldubai.com



# A User-Friendly Church Operations and Accounting Suite

**HA MANAHEL**
CHRISTIAN CHURCH SOFTWARE

Ha Manahel is a software developed to suite the demands of Companies Act 2013. With modifications to satisfy the increasing and developing demands, we now bring to you the revised Version 6 with Double Entry Book Keeping. Data entry at a single point provides access to variety of reports related to church activities.

**Facilities available in Ha Manahel :**

■ Membership Register ■ Cash/Day Book ■ General Ledger ■ Journal Entries ■ Balance Sheet ■ Trial Balance ■ Income & Expenditure ■ Receipts & Payments ■ Financial Statements / Quarterly ■ Fixed Asset Register ■ Cash Flow Statement ■ Anniversaries Alerts ■ Parish Register ■ Church Service Register ■ Endowment register ■ Stock Register ■ Church Directory ■ Member Volunteer Information ■ Multi-Conditional Search ■ Individual Giving Statement ■ Members Dues List ■ Voters List ■ Blood Group List ■ Prayer request Register ■ Registers for Baptism , Marriage, Death, First Communion, Premarital Counseling ■ Certificates ...

Phone 09446431460 / 09447046957 / 09495673797
E-mail hamanahel@gmail.com / sales@hamanahel.com Website : hamanahel.com
HM Software Solution, Kottayam Road, Mallappally 689585
Kothamangalam, Ernakulam 686691

Installed Mar Thoma churches Including :
Maramon, Enathu, Eraviperoor, Saudi Arabia (Dammam), Bangalore (Marathahalli), Kottarakkara, Panavely, Mukhathala, Chathannoor, Channappatta, Karavaloor, Perumbavoor, Nedumpram, Angadickal-Pathanamthitta, Parckathanam, Kumily, etc (100+ Installations)

New Options

Annual Income & Expenditure Account , Balance Sheets are generated for IT purposes (Diocese) automatically

*ചിന്തിച്ചിട്ടുണ്ട്.* യഥാർത്ഥ ഫലം നൽകുകയെന്നത് അസാധാരണമാണ്. ജീവിതം എന്നതിനെക്കാൾ വലിയ സാഫല്ല്യം മറ്റെന്താണുള്ളത്? എന്നിട്ടും നമ്മിലെ നന്മയുടെ ഏറ്റവും ഉചിതമായിട്ടുള്ളത് ഇനിയും സംഭവിക്കാത്തത് എന്തായിരിക്കും. നന്മയുടെ പൂക്കാലമാണ് ദൈവരാജ്യത്തെ കുറിച്ചുള്ള ചിന്തകളിൽ സരളമായി പറയാവുന്ന ഒരു കാര്യം.

'പൂക്കാലമല്ലേ,കൊന്നയല്ലേ,പൂക്കാതിരിക്കുമോ?' എന്ന് ഒരു കവി പാടിയിട്ടുണ്ട്. ജീവിതത്തിലെ സ്വാഭാവീക വസന്തത്തെ കുറിച്ചാണ് ഈ എഴുത്തുകാരൻ സൂചിപ്പിക്കുന്നത്. എന്നാൽ കാലം തെറ്റിപെയ്യുന്ന മഴയും മറ്റ് വിപൽ സാഹചര്യങ്ങളും സ്വഭാവികമായ സാധ്യതകളെ നശിപ്പിക്കുന്നത്, ഈക്കാലത്ത് കാണാവുന്നതാണ്.

കാലത്തിന്റെ വിപൽസാധ്യതകളെ വെല്ലുവിളിക്കുന്ന പ്രബുദ്ധമായ ക്രീസ്തീയ അതിജീവനത്തിന്റെ മാർഗ്ഗം ആരായുക നമ്മുടെ കടമയാണ്. നഷ്ടപ്പെട്ട നാണയം തിരികെ കിട്ടുമ്പോഴും,നഷ്ടപ്പെട്ട മകനെ തിരികെ ലഭിക്കുമ്പോഴും സന്തോഷത്തിന്റെ സായൂജ്യം പിതാവിനുണ്ടാകുന്നുണ്ട്. യേശുവിന്റെ യെരുശലേമിനെ കുറിച്ചുള്ള വിലാപം 'കോഴി തന്റെ കുഞ്ഞുങ്ങളെ തന്റെ ചിറകിൻ കീഴിൽ മറയ്ക്കുന്നതുപോലെ എനിക്ക് നിങ്ങളെ ചേർത്തുകൊള്ളുവാൻ മനസ്സായിരുന്നു. എന്നാൽ നിങ്ങൾക്കോ മനസ്സായില്ല'- എന്ന വാക്കുകളിൽ അമ്മയുടെ കരവലയത്തിൽ നിന്ന് കുതറി,കാലത്തിന്റെ അഗാധകൂപങ്ങളിലെ നാശത്തിലകപ്പെട്ടവരെ കുറിച്ചാണ് അവന്റെ ദുഖമെന്നും നമുക്ക് തിരിച്ചറിയാം. യൂദാ കർത്താവിനെ തള്ളിപറയുന്നതും,പത്രോസ് കർത്താവിനെ ഉപേക്ഷിച്ചതും വിപൽ സാധ്യതകളിൽ അശാസ്യമല്ലാത്ത സംഖ്യങ്ങൾ തീർക്കുന്നതിനുദാഹരണമാണ്.

നൂറാടുകളിൽ ഒന്നിനെ നഷ്ടപ്പെട്ട ഇടയന്റെ ദുഖമാണ് ഇതെല്ലാം ദൈവസന്നിധിയിൽ ഉണ്ടാക്കുന്നത്. ക്രിസ്തു നിത്യജീവനെ കുറിച്ച് പഠിപ്പിച്ചത് ഓർമ്മിക്കുക. അപ്പോസ്തലന്മാർ തങ്ങൾ അനുഭവിച്ച ആ ജീവന്റെ ആത്മീയ ഉറവയിൽ നിന്നാണ് പകർന്ന് നമുക്ക് നൽകിയത്. പത്രോസ് ശ്ലീഹായുടെ വാക്കുകൾ ഓർക്കുക, 'അവൻ പരിശുദ്ധാത്മാവ് എന്ന വാഗ്ദാനം പിതാവിനോട് വാങ്ങി, നിങ്ങൾ കാണുകയും കേൾക്കുകയും ചെയ്യുന്നത് പകർന്ന് തന്നു' (അപ്പോ.പ്രവൃ 2:33,34) . ജീവിതത്തിന്റെ വിശുദ്ധിയാണ് സഭയാകുന്ന വി.വൃക്ഷത്തിന്റെ ഉചിത ഫലമാകുന്നതിന് നമ്മെ ശക്തീകരിക്കുന്നത്. ഇതിന് ശരീരശുദ്ധി, ചിന്തയുടെ ശുദ്ധി, വികാരങ്ങളുടെ ശുദ്ധി എന്നീ മൂന്ന് കാര്യങ്ങൾ നമുക്ക് ആവശ്യമാണ്. ദാവീദ് തന്റെ അവസാനകാലത്ത് എഴുതിയ സങ്കിർത്തനങ്ങൾ വളരെ മനോഹരമാണ് എന്ന് ഒരു എഴുത്തുകാരൻ. ജീവിതത്തിന്റെ പരിപൂർത്തിയിൽ പ്രാപിച്ച വിശുദ്ധിയായിരിക്കാം അദ്ദേഹം ഉദ്ദേശിക്കുന്നത്. വൈഷമ്യമേറിയ കരയുടെ വിഭിന്നമായ മേഖലകളെ അതിലംഘിച്ച് നദി സാഗരത്തിലെത്തുന്നത് പോലെ ദൈവീക സ്നേഹത്തിന്റെ സാഗരത്തിലലിയുന്ന ആ സായൂജ്യം നമുക്കും ഉണ്ടാകട്ടെ.

**2016 *ഓഗസ്റ്റ് 28***

## വാങ്ങിപ്പിന് ശേഷം രണ്ടാം ഞായർ

**വി: ലൂക്കോ. 11:9 – 20**

*ഹൃദയമിടിപ്പുകൾ പോലും പ്രാർത്ഥനയാകണമെന്ന്, ശ്വാസനിശ്വാസങ്ങൾ പോലെ ആത്മീയജീവിതത്തിൽ അതുണ്ടാകണമെന്ന്* സെമിനാരി കാലത്ത് പറഞ്ഞ് തന്നത് മാത്യൂസ് മാർ ഈവാനീയോസ് തിരുമേനിയാണ്. നിരന്തരം വേദപുസ്തകത്തിന്റെ ഓർമ്മപ്പെടുത്തൽ കൂടിയായിരുന്നു അത്. പ്രാർത്ഥനയുടെ സിദ്ധി ഉറപ്പിച്ച് പ്രഖ്യാപിക്കുന്ന വിധം 'നിങ്ങൾക്ക് കിട്ടും, നിങ്ങൾക്ക് തുറക്കും' എന്ന കർമ്മണി ഭാഷാപ്രയോഗം വി.ലൂക്കോസ് ഉപയോഗിക്കുന്നുണ്ട്. യാഥാർത്ഥ്യത്തിന്റെ ദൃഢത പ്രഖ്യാപിക്കുന്ന ഒര ഭാഷാ ശൈലിയാണിത്.

**1. ഉചിതമായത് നൽകുന്ന ഉടയവൻ(വ.11-13)**

അപ്പം, കല്ല് എന്നിവയും, മത്സ്യം പാമ്പ് ഇവ തമ്മിലും സാദൃശ്യമുണ്ട്. വി.ലൂക്കോസ് ഈ വേദഭാഗത്ത് ഉപയോഗിക്കുന്ന മുട്ടയും തേളും എന്നിവയും സാദൃശ്യമുള്ളവയാണ്. മദ്ധ്യ-പൂർവ്വ ദേശങ്ങളിലെ ശീതരാജ്യങ്ങളിൽ തേളുകൾ മുട്ടയോട് വളരെ സാദൃശ്യമുള്ളവയാണ് എന്ന് പറയപ്പെടുന്നു. ചിലപ്പോഴൊക്കെ നാം മരുന്നുകൾ മെഡിക്കൽ ഷോപ്പുകളിൽ നിന്ന് വാങ്ങുമ്പോൾ ഡോക്ടർ കുറിച്ചിട്ടുള്ളവ സ്റ്റോക്ക് ഇല്ല എന്ന കാരണത്താൽ മറ്റ് ചില കമ്പനികളുടെ മരുന്നുകൾ അവർ നൽകാറുണ്ടല്ലോ. എന്നാൽ ഇത് പോലെ സാദൃശ്യമുള്ളതോ തത്തുല്ല്യമോ ഒക്കെ ആയ നിരവധി വസ്തുക്കൾ ഈ ലോകത്തിലുണ്ട്. എന്നാൽ ദൈവം നമുക്ക് എറ്റവും ഉചിതവും, അനുയോജ്യവുമായവ മാത്രമെ നൽകുന്നുള്ളൂ. എന്തെന്നാൽ പിതാക്കന്മാർ സ്വതവെ മക്കൾക്ക് ഉചിതമായത് നൽകുവാൻ ശ്രദ്ധിക്കുന്നുങ്കിൽ ദൈവം എത്രമാത്രം ഈ കാര്യങ്ങൾ പരിഗണിക്കുന്നുണ്ട് എന്ന് ചിന്തിക്കുക.

ഉചിതമായത് തെരഞ്ഞെടുക്കുന്നതിൽ നിന്ന് ആളുകളെ വഴിതെറ്റിക്കുന്ന ഒരു ഭ്രമാത്കത നിലനിൽക്കുന്ന ഒരു ലോകമാണിത്. Hyper Reality, Hyper Market എന്നീ വാക്കുകൾ ഒക്കെ സൂചിപ്പിക്കുന്നത് സത്യമെന്ന് തോന്നിപ്പിക്കുന്ന ,അയഥാർത്ഥമായ ഒരു ലോകത്തെയോ,മേഖലയെയോ ആണ്. എന്നാൽ മനുഷ്യനെ മനുഷ്യനായി തിരിച്ചറിയാൻ കഴിയണം എന്ന് പറയുന്നത് പോലെ ഉചിതമായ നിലപാടുകൾ സ്വീകരിക്കുവാൻ ഈ വേദഭാഗം നമ്മെ നിർബന്ധിക്കുന്നു.

**2) മനുഷ്യനെ മൗനമാക്കുന്ന ഭൂതങ്ങൾ(വ.14)**

'നിശബ്ദരായിരിക്കാൻ നിങ്ങൾക്കെന്തവകാശം ? എന്ന ഒരൊറ്റ ചോദ്യത്തിലൂടെ കേരളീയരെ ഉലച്ച ബിഷപ്പായിരുന്നു പൗലോസ് മാർ പൗലോസ്. ഈ വേദഭാഗം മനുഷ്യനെ മൂകനാക്കുന്ന ഭൂതബാധ എന്തെന്ന് സൂചിപ്പിക്കുന്നു. മനുഷ്യരെ മൗനത്തിന്റെ തടവറകളിലടക്കുന്ന ശക്തികളെല്ലാം ബഹിഷ്കൃതരാവേണ്ടത് തന്നെയാണ്. അതിന് കാരണമാകുന്ന ശക്തികളെല്ലാം ഈ ഭൂതങ്ങളുടെ ഗണത്തിൽ വരുന്നുവെന്ന് വിശാലമായ അർത്ഥതലം സൂചിപ്പിക്കുന്നു. ഉത്തരാധുനീകർക്ക് പൂർവ്വകാലത്തെ ഭൂതബാധകൾ മുത്തശ്ശി കഥകൾ പോലെ തോന്നുന്ന ഒരു കാലമാണിത്. എന്നാൽ ഇവിടെ അടയാളപ്പെടുത്തുന്ന ഭൂതബാധ ഇന്നും നമ്മുടെയിടയിൽ തുടരുന്ന സത്യത്തിലേക്ക് വിരൽ ചൂണ്ടുന്നു. കർത്താവ് സൗഖ്യമാക്കുന്ന ഭൂതബാധിതനെ കുറിച്ചുള്ള ചില നിരീക്ഷണങ്ങൾ ഇങ്ങിനെ.

1. *ആ മനുഷ്യൻ ഊമനായിരുന്നു:* മനുഷ്യൻ സംസാരലോകത്ത് വ്യാപരിക്കുന്നവനാണ്. തൊഴിലിടങ്ങളും, ഏകാന്തകളും ഒറ്റപ്പെടുത്തുന്ന,മിണ്ടടക്കിയ ഒരു സമൂഹത്തിന്റെ പ്രതിനിധിയാണയാൾ.

2. *ആ മനുഷ്യൻ ഒറ്റപ്പെട്ടവനായിരുന്നു:* സമൂഹം അയാളെ വളരെ ഏകാന്തതയിലേക്ക് തള്ളിവിട്ടു. അയാളോട് ആരും ഇടപെടുവാൻ ആഗ്രഹിക്കുകയില്ല. സ്വഭാവീക സമൂഹങ്ങൾ അയാൾക്ക് ഒരു മാർജിന്റെ ഇടദൂരമുള്ള സ്വന്താന്ത്ര്യമാണ് നൽകുക. ഈ പാർശ്വവത്ക്കരണത്തിന്റെ പാടുകൾ മായിച്ച് കളയുന്ന കർത്താവിനെ ആണവിടെ പരിചയപ്പെടുന്നത്.

## BRIDE & BRIDE GROOM WANTED

Orthodox parents from Kottayam, invite proposals for their children, from God fearing Orthodox families.
**Daughter:** 23 yrs 162 cm, B.Tech (EEE). Training at Cochin Shipyard. Professionally qualified god fearing boys in India or abroad. (M4ID: 4252593)
**Son:** 26 yrs 172 cm, B.Com with MBA Finance. working at Dubai. Professionally qualified girls india or abroad (preferably Dubai). (M4ID: 4223549)

Contact : 9495750686, 9061050686

## BRIDE GROOM WANTED

Orthodox girl M.Tech (26 yrs, 166 cm) working with L&T Chennai, invites proposals from professionally qualified, employed Orthodox or Jacobite boys.

Contact: 9961229698, 0481-2575477

M4ID: 4042502

## BRIDE GROOM WANTED

Orthodox parents invite proposal for their daughter 26/162 working in Delhi, BCA, Diploma in Graphic Animation, requires professional boys qualified and well employed from marthomite/Orthodox/Jacobite Catholic etc.

Contact: 09829924590/01478240403

M4ID: 4075816

simmythomas67eyahoo.in

## BRIDEGROOM WANTED

Orthodox Christian Girl, Doctor 32 years 5'3" height fair and beautiful from an ancient aristocratic family from Central Travancore presently doing Doctorate in Medicine (D.M.) (Rhumotogolgy) at University of Columbia in New York; she did her M.B.B.S. from Trivandrum Medical College; M.D. in (General Medicine) from University of Buffalo in NY. Seeking suitable alliance from any equally qualified Christian boys. And also her sisiter M.B.B.S., 25 years 5'6" fair and beautiful presently prepairing for P.G. entrance in Kerala preferably Doctors.

Contact: 9447122541, 04682350277

## രണ്ടാം റാങ്ക്



കേരളാ യൂണിവേഴ്സിറ്റിയിൽ നിന്നും എം.റ്റെക് ടെലികമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗിൽ രണ്ടാം റാങ്ക് നേടിയ തിരുവനന്തപുരം സെ. ജോർജ് കത്തീഡ്രലിൽ ഇടവകാംഗം പാപ്പനംകോട് കിഴക്കേടത്ത് ജോസഫ് വർഗ്ഗീസിന്റെ മകൾ മിനു മറിയ ജോസഫ്.






## വിജയികൾ




അഖില മലങ്കര മർത്തമറിയം സമാജം കേന്ദ്ര പരീക്ഷയിൽ ജൂണിയർ വിഭാഗം മൂന്നാം സ്ഥാനം നേടിയ റിയാ ജോൺസൺ. ഡൽഹി ഭദ്രാസനത്തിലെ കാൺപൂർ സെന്റ് മേരീസ് ഇടവകാംഗം.



അഖില മലങ്കര സൺഡേ സ്ക്കൂൾ 10-ാം ക്ലാസ്സ് മത്സര പ്പരീക്ഷയിൽ (OKR) ചെന്നൈ റീജിയനിൽ രണ്ടാം സ്ഥാനം നേടിയ ഷെറിൽ മറിയം ജോയി. ചെന്നൈ പാടി സെന്റ് ജോർജ് ഇടവകാംഗമായ പി. കെ. ജോയിയുടേയും സോണി ജോയിയുടേയും മകൾ.




അഖില മലങ്കര സൺഡേ സ്ക്കൂൾ 12-ാം ക്ലാസ്സ് മത്സര പ്പരീക്ഷയിൽ (OKR) ചെന്നൈ റീജിയനിൽ മൂന്നാം സ്ഥാനം നേടിയ ടോം വെറൊസിലോവി. ചെന്നൈ പാടി സെന്റ് ജോർജ് ഇടവകാംഗമായ കെ. എം. വെറൊസിലോവിന്റേയും സൂസമ്മയുടെയും മകൻ.



# സമ്യഗ് ദർശനം

ഫാ. ഷാലു ലൂക്കോസ്, തിരുമംഗലം




ഒരാൾ തെരുവിലൂടെ നടക്കുകയായിരുന്നു. മുടന്തി മുടന്തി വേദനകൊണ്ട് പുളഞ്ഞ് പരവേശപ്പെട്ടാണ് അയാൾ നടന്നിരുന്നത്. അയാൾ ഒരുപാട് വൈദ്യൻമാരുടെ ചെപ്പടി വിദ്യകൾക്ക് വിധേയമായെങ്കിലും അയാളുടെ വേദനയ്ക്കോ മുടന്തിനോ പരവേശത്തിനോ പരിഹാരമുണ്ടായില്ല. ഒരുനാൾ അയാൾ തെരുവിലൂടെ നടക്കുമ്പോൾ ഒരു ഡോക്ടർ അയാളെ തടഞ്ഞു നിർത്തി പറഞ്ഞു. "നിങ്ങളുടെ സ്ഥാനത്ത് ഞാനായിരുന്നെങ്കിൽ ഒരു വിദഗ്ധനായ ഡോക്ടറെ കാണിക്കുമായിരുന്നു. എനിക്ക് തോന്നുന്നു നിങ്ങൽക്ക് അപ്പൻഡിക്സിന്റെ പ്രശ്നമാണ് അത് എടുത്ത് കളയണം" യഥാർത്ഥത്തിൽ അയാളുടെ വേദനയും പരവേശവും മുടന്തുമെല്ലാം അയാളുടെ മാത്രം പ്രശ്നമായിരുന്നില്ല സമൂഹം അയാളെ പ്പറ്റി ചർച്ച ചെയ്യുകയും അയാൾ പ്രസിദ്ധനാകുകയും ചെയ്തിരുന്നു. ആ ഡോക്ടറുടെ മേൽനോട്ടത്തിൽ ചികിത്സ നിർവ്വഹിച്ച് അയാളുടെ അപ്പൻഡിക്സ് എടുത്തു മാറ്റി. പക്ഷെ എന്നിട്ടും അയാളുടെ പ്രശ്നങ്ങൾ മാറിയില്ല. തുടർന്നും അയാൾ അങ്ങനെ തന്നെയായിരുന്നു നടന്നത്. അയാളുടെ മുടന്തും പരവേശവും വേദനയും കൂടി വന്നു.

അയാൾ മറ്റൊരു ഡോക്ടറെ കണ്ടു. ഡോക്ടർ പറഞ്ഞു. "അപ്പൻഡിക്സിന്റെ പ്രശ്നം മാറിയിട്ടില്ല." ഡോക്ടർ പരിഹാരമായി ഉറക്ക മരുന്നുകൾ കൊടുത്തു. അതുകൊണ്ടും അസുഖം മാറിയില്ല. പിന്നെ അയാൾ ഒരാശുപത്രിയിൽ പോയി അവിടുത്തെ ചികിത്സ ആഹാര ക്രമീകരണവും വ്യായാമവുമായിരുന്നു. അയാളുടെ പ്രയാസങ്ങളും അസ്വസ്ഥതയും വേദനയും കൂടി വരുന്നതല്ലാതെ അൽപ്പംപോലും കുറയുന്നതായി അനുഭവപ്പെട്ടില്ല. കുറെ ആഴ്ചകൾക്കുശേഷം അയാൾക്ക് മറ്റൊരു സർജനെ കാണേണ്ടിവന്നു. അയാൾ മരുന്നുകളോ ചികിത്സാവിധികളോ ഒന്നും അയാൾക്ക് ഫലപ്പെട്ടില്ല. പുതിയ സർജൻ അയാളോട് പറഞ്ഞു "നിങ്ങളുടെ ടോൺസിലുകളാണ് നിങ്ങൾക്ക് ഈ ബുദ്ധിമുട്ടുകൾ ഒക്കെ സൃഷ്ടിക്കുന്നത് അത് എടുത്ത് കളഞ്ഞാൽ നിങ്ങളുടെ പ്രശ്നങ്ങൾ പൂർണ്ണമായി മാറും ഈ ടോൺസിലുകളാണ് നിങ്ങളുടെ ജീവിതത്തെ മൊത്തത്തിൽ വേദനാജനകമായി സ്വാധീനിച്ചിരിക്കുന്നത്" അങ്ങനെ ആ സർജന്റെ നിർദ്ദേശ പ്രകാരം അയാൾ ശസ്ത്രക്രീയയ്ക്ക് വിധേയനായി അയാളുടെ മേൽനോട്ടത്തിൽ ടോൺസിലുകൾ എടുത്തുകളഞ്ഞു. അയാളുടെ പ്രശ്നങ്ങൾ കൂടിവരുന്നതല്ലാതെ കുറഞ്ഞ് വരുന്നില്ലായിരുന്നു. അങ്ങനെ പ്രശ്നങ്ങൾ കൂടി വരുന്നതിനനുസരിച്ച് അയാൾ പുതിയ ഡോക്ടർമാരെത്തേടിപ്പോയി ചിലർ ശരീരഭാഗങ്ങൾ എടുത്തുമാറ്റി ചിലർ പുതിയ ചികിത്സാ വിധികൾ പരീക്ഷിച്ചു. അങ്ങനെ അയാൾ ആരിൽ നിന്നും സൗഖ്യം ലഭിക്കാതെ സംഘർഷഭരിതനായി പുതിയ പരീക്ഷണങ്ങളും നിരീക്ഷണങ്ങളും ചികിത്സാ വിധികളുമൊക്കെയായി മുന്നോട്ടു പോയി.

ഒരുനാൾ അയാൾ തെരുവിൽ നടക്കുകയായിരുന്നു. ആദ്യം അയാളെ ചികിത്സിച്ച ഡോക്ടർ അയാളെ കണ്ടു. ഡോക്ടർ നോക്കിയപ്പോൾ അയാളുടെ രോഗം മാറിയിരിക്കുന്നു. ഡോക്ടർ പറഞ്ഞു. "നിങ്ങളെ കണ്ടത് നന്നായി, രോഗം മാറിയിരിക്കുന്നല്ലോ, പൂർണ്ണ ആരോഗ്യവാനായിരിക്കുന്നു, നിങ്ങളുടെ രോഗം എങ്ങനെയാണ് സുഖപ്പെട്ടത്? ആര് ചികിത്സിച്ചു? ഞങ്ങളൊക്കെ പരാജയപ്പെട്ട കേസായിരുന്നല്ലോ. അതല്ല എന്റെ ചികിത്സയാണോ ഫലിച്ചത്?

അയാൾ മറുപടി പറഞ്ഞു "അല്ല സാർ എന്റെ കണ്ണ്. എന്റെ കാലിലെ വേദനയും മുടന്തും പോയത് എന്റെ ഷൂസിൽ തറച്ച ആണി ഞാൻ കാണുകയും അത് എടുത്ത് കളയുകയും ചെയ്തത് കൊണ്ടാണ്"

പണ്ഡിതൻ മാർ കൂടിയതാണ് നാം ഇന്നനുഭവിക്കുന്ന വലിയ പ്രതിസന്ധി. നിസ്സാരമായതിനെ അവർ അവരുടെ പാണ്ഡിത്യം കൊണ്ട് വികലമാക്കിക്കൊണ്ടിരിക്കുകയാണ്. പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതിലാണ് അവരുടെ സാമാർത്ഥ്യമെന്ന് തോന്നും പ്രശ്നങ്ങൾ സൃഷ്ടിക്കപ്പെട്ടെങ്കിലല്ലെ പരിഹരിക്കാൻ കഴിയുകയുള്ളൂ. അവർ പുതിയ മാനങ്ങൾ സൃഷ്ടിക്കുന്നു എന്നാണ് വിചാരം. ഈ പുതിയ മാനങ്ങൾ സൃഷ്ടിക്കുന്നത് തെരുവോരങ്ങളിൽ ഒരു പീഠം പോലും ഇല്ലാതെ "ആമേൻ ആമേൻ ഞാൻ നിങ്ങളോട് പറയുന്നു" എന്ന് സംശുദ്ധമായി സംലളിതമായി സംസാരിച്ചവനെപ്പറ്റിയാണ് എന്ന് ഓർക്കുമ്പോഴാണ് സങ്കടം. "അവൻ തൊട്ടു" എന്നതൊക്കെ എത്ര ആഴത്തിലുള്ള അനുഭവതലമായിരുന്നു എന്നതാണ്. അവിടെയാണ് നാം എത്ര സ്പർശിച്ചിട്ടും കീറിമുറിച്ചിട്ടും വേദനയെന്നത് ഒരു സമസ്യയായി അവനും നമുക്കുമിടയിൽ അവശേഷിക്കുന്നത്. പൊറുക്കാത്ത മുറിവുകളുടെ നിലവിളി നമ്മെ നൊമ്പരപ്പെടുത്താത്തതെന്തേ? അവനെ ആഴത്തിൽ മുറിവേൽപ്പിച്ച് കൊണ്ടിരിക്കുന്ന ആ നാലാമത്തെ ആണി നമ്മുടെ കാഴ്ചയ്ക്കെന്തേ മറഞ്ഞിരിക്കുന്നു? പാദം കഴുകിയവന്റെ ശുശ്രൂഷാ പിൻമുറക്കാരെന്ന് അഭിമാനിച്ച് മേനി നടിക്കുന്ന നമുക്കെന്താണ് അവന്റെ പാദചലനങ്ങൾക്ക് സംഘർഷമൊരുക്കുന്ന പാപവഴികൾക്ക് ആശ്വാസമാകാനാകാത്തത്? ഒരു മുടന്തന് മരുന്നായി മുടന്തനായ നാം മതി എന്നാരാണ് നമ്മെ മന്ത്രവാദം ചെയ്ത് മയക്കിയത്?

> ‘വെള്ളിയും പൊന്നും എനിക്കില്ല എനിക്കുള്ളത് നിനക്കു തരുന്നു നസ്രായനായ യേശുവിന്റെ നാമത്തിൽ നടക്കുക അവന്റെ കൈയ്ക്ക് പിടിച്ച് എഴുന്നേൽപ്പിച്ചു. അവൻ നടന്നും തുള്ളിയും ദൈവത്തെ മഹത്വപ്പെടുത്തിയും കൊണ്ട് ദേവാലയത്തിലേക്ക് പോയി. ദൈവമേ എന്റെ കൈകൾ എന്നാണ് ഇങ്ങനെയൊരു വീര്യ പ്രവൃത്തി ചെയ്യുക? അപരന്റെ പാദശുദ്ധി വരുത്തി അവന്റെ വഴികൾക്ക് ആശ്വാസവും വിളക്കു മാവാനാകുക?’

E-mail: fr.thirumangalam@gmail.com



## കാലികപ്പൊരുൾ

# ഒരിക്കൽ മാത്രം പള്ളിയിൽ എത്തുന്നവർക്ക് സെമിത്തേരിയിൽ സ്ഥാനമില്ല

– കെ.വി. മാമ്മൻ കോട്ടയ്ക്കൽ

**നാ**മധേയ ക്രിസ്ത്യാനികളും മറ്റു ക്രിസ്ത്യാനികളും മൂന്നു തവണ മാത്രം പള്ളയിൽ എത്തുന്നു (പോകുകയല്ല), എന്ന് ഒരു ചൊല്ലുണ്ടല്ലോ. മാമോദീസായ്ക്കു മാതാപിതാക്കൾ കുഞ്ഞിനെ എടുത്തുകൊണ്ടു പോകുന്നു. കുഞ്ഞു വളർന്നു വിവാഹ പ്രായമാകുമ്പോൾ ഉത്സാഹഭരിതനായി പള്ളിയിൽ പോകുന്നു. ഒരു ഭാര്യയെ കിട്ടുന്നു എന്നതാണ് ആ ഉത്സാഹത്തിന്റെ ഉറവിടം. മരിക്കുമ്പോൾ മറ്റുള്ളവർ എടുത്തുകൊണ്ടുംപോകുന്നു.

ഒരിക്കൽ മാത്രം പള്ളിയിൽ പോകുകയും, വിവാഹം ഇഷ്ടാനുസരണം ഇതര മതങ്ങളിൽപ്പെട്ട ഒരാളുമായി രജിസ്റ്റർ കച്ചേരിയിൽ വച്ചോ ഏതെങ്കിലും അമ്പലനടയിൽ വച്ചോ നടത്തുകയും പിന്നീടു പള്ളിയിൽ കയറാതെ ജീവിക്കുകയും ചെയ്യുന്ന ഒരു വ്യക്തിക്കു സാധാരണ ഗതിയിൽ ഇടവകയുടെ അംഗത്വം ഉണ്ടായിരിക്കുകയില്ല. പള്ളി വരുമാനങ്ങൾ ഒന്നും കൊടുക്കുകയും ചെയ്യുന്നില്ലല്ലോ. അങ്ങനെ വരുമ്പോൾ ആ വ്യക്തി പള്ളിയുടെ മെമ്പറല്ലെന്നു പറയുന്നതിൽ ഒട്ടും തെറ്റില്ല. ഇതിനിടയിൽ വല്ലപ്പോഴും പള്ളിയിൽ വന്ന് ഏതെങ്കിലും കൂദാശ സ്വീകരിച്ചാലും അയാൾ ഇടവകയിലെ അംഗമാകുന്നില്ല.

പള്ളിയുടെ അംഗമായിരിക്കുകയും പള്ളിവരുമാനങ്ങൾ യഥാസമയം നൽകുകയും ആരാധനയിൽ സംബന്ധിക്കുകയും കൗദാശിക ജീവിതം നയിക്കുകയും ചെയ്യുന്ന വ്യക്തിയും അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾക്കുമാണ് സെമിത്തേരിയിൽ അന്ത്യവിശ്രമത്തിന് അവകാശമുള്ളത്. മാമോദീസാ മുങ്ങിയ ശേഷം മരണം വരെ പള്ളിയിൽ കയറാതെ മുങ്ങി നടക്കുന്ന വ്യക്തി എത്ര മഹാനാണെങ്കിലും അയാൾക്കു സെമിത്തേരിയിൽ കിടക്കാൻ അർഹതയില്ല.

അതുപോലെ തന്നെ ആത്മഹത്യ ചെയ്യുന്നവർക്കും ദൈവനിഷേധികൾക്കും സമ്പൂർണ്ണ ശവസംസ്ക്കാര ശുശ്രൂഷയോടു കൂടിയ സംസ്ക്കാരം ലഭ്യമല്ല. യേശുക്രിസ്തുവിനെ ഒറ്റിക്കൊടുത്ത യൂദാ കെട്ടി ഞാന്നു മരിച്ച ശേഷം മുപ്പതു വെള്ളിക്കാശു കൊണ്ടു വാങ്ങിയ കുശവന്റെ നിലത്തിലാണല്ലോ (*അക്കൽദാമ* എന്ന രക്തനിലം) കുഴിച്ചിട്ടപ്പെട്ടത്. ദൈവം ദാനമായി നൽകിയ ജീവൻ ആ വ്യക്തിക്കു നശിപ്പിക്കാൻ അവകാശമില്ല. രക്ഷ ദൈവത്തിന്റെ ദാനമാണെങ്കിലും ആത്മഹത്യ ചെയ്യുന്നവർക്കു നിത്യരക്ഷയ്ക്കു അവകാശമില്ലെന്നാണു സഭകളുടെ നിലപാട്. തന്നിമിത്തം അവർക്കു തെമ്മാടിക്കുഴികളിൽ കിടക്കേണ്ടിവന്നു. സത്യവിശ്വാസികളായി മരിച്ചവർക്കു ലഭിക്കുന്ന ശവസംസ്ക്കാര ശുശ്രൂഷയൊന്നും അവർക്കു പൂർണ്ണമായി നല്കാനാവില്ല. കാലം പുരോഗമിച്ചതോടുകൂടി ആത്മഹത്യചെയ്തവർക്കു വേണ്ടി ഒരു ലഘുപ്രാർത്ഥന ചൊല്ലി ചൊല്ലി അവരെ സെമിത്തേരിയുടെ ഒരു മൂലയിൽ അടക്കുന്നതു ബന്ധുക്കളുടെ മനസ്സമാധാനത്തിനുവേണ്ടിയാണ്.

ശവസംസ്ക്കാരം, ഒരു കൂദാശയല്ലെങ്കിലും ക്രൈസ്തവരും അക്രൈസ്തവരും മരിച്ചവരോടുമുള്ള ബഹുമാനത്തോടുകൂടിയാണു മൃതദേഹം ദഹിപ്പിക്കുന്നതും കബറടക്കുന്നതും. ഓർത്തഡോക്സുസഭയുടെ കുർബാനയിൽ *നല്ല അവസാനത്തിനു ഞങ്ങളെ യോഗ്യരാക്കണമേ* എന്ന ഒരു പ്രാർത്ഥനയുണ്ട്. ക്രിസ്തീയ പ്രത്യാശയും മരണവും ശവസംസ്ക്കാരവും എല്ലാം ബന്ധപ്പെട്ടു കിടക്കുന്നവയാണ്. സ്ത്രീകൾക്കും പുരുഷന്മാർക്കും കുട്ടികൾക്കും മേല്പട്ടക്കാർക്കും എല്ലാം പ്രത്യേക പ്രാർത്ഥനാക്രമങ്ങളോടുകൂടിയ ശവസംസ്ക്കാരം ഒരു പുതിയ കാര്യമൊന്നുമല്ല. പട്ടക്കാർ ഇല്ലെങ്കിൽ വിശ്വാസികൾക്കു ശവസംസ്ക്കാര ശുശ്രൂഷ നടത്താം. അന്യ വിശ്വാസികളുടെ മൃതദേഹം പ്രാർത്ഥനാപൂർവ്വം സംസ്ക്കരിക്കുവാൻ ഹൂദായ കാനോനിൽ നിർദ്ദേശമുണ്ട്.

നാലു ദശാബ്ദങ്ങൾക്കു മുമ്പ് നടന്ന ഒരു സംഭവം ഞാനും എന്റെ സഹപ്രവർത്തകനായ കുറിച്ചി കരുനാട്ടു കെ. മാത്തനും മലയാള മനോരമയുടെ ലേറ്റ് ന്യൂസ് ചുമതല വഹിക്കുന്നു. (രാത്രി 8 മുതൽ ഒന്നരവരെയാണു ഡ്യൂട്ടി സമയം). അന്നേദിവസം പ്രമുഖ കമ്മ്യൂണിസ്റ്റ് പാർട്ടി നേതാവായിരുന്ന പി. റ്റി. പുന്നൂസ് അന്തരിച്ചു. അദ്ദേഹത്തെ തിരുവല്ലാ സെന്റ് തോമസ് പള്ളിയിൽ സംസ്ക്കരിക്കുന്നതാണെന്നു കാണിച്ചു ബന്ധുക്കൾ നൽകിയ വാർത്ത തിരുവല്ല ലേഖകൻ അയച്ചു തന്നു. ഞങ്ങൾ വാർത്ത കമ്പോസു ചെയ്തു പേജിൽ വയ്ക്കാൻ ആരംഭിച്ചപ്പോൾ തിരുവല്ലാ ലേഖകന്റെ ഫോൺ വിളി. *പുന്നൂസിനെ സെ. തോമസ് പള്ളിയിൽ സംസ്ക്കരിക്കുന്നു* എന്ന ഭാഗം ചരമ വാർത്തയിൽ നിന്ന് ഒഴിവാക്കണം എന്നാണു പുതിയ നിർദ്ദേശം. പത്രം അടിതുടങ്ങാൻ രണ്ടു മണിക്കൂർ മാത്രം. പറഞ്ഞ ഭാഗം മാറ്റി.


എന്താണു കാരണം എന്നാരാഞ്ഞപ്പോൾ, ജീവിതകാലം മുഴുവൻ പള്ളിയിൽ കടക്കാതിരിക്കുകയും സഭയേയും ദൈവത്തേയും പരസ്യമായി നിഷേധിച്ചുകൊണ്ടു പ്രസംഗങ്ങൾ നടത്തുകയും ചെയ്ത അംഗമല്ലാത്ത ഒരു വ്യക്തിയെ എന്തിനാണു പള്ളി സെമിത്തേരിയിൽ അടക്കണമെന്നു നിർബന്ധിക്കുന്നതെന്നു ശവസംസ്ക്കാരാനുവാദം സംബന്ധിച്ചു തന്നെ കണ്ട പുന്നൂസിന്റെ ബന്ധുക്കളോട് സഭാദ്ധ്യക്ഷനായിരുന്ന ഡോ. യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്താ ചോദിച്ചു. ഈ ചോദ്യത്തിന് ഉത്തരം നല്കാൻ കഴിയാതെ ബന്ധുക്കൾ പിന്മാറി. പുന്നൂസിന്റെ മൃതദേഹം വൈകാതെ കമ്യൂണിസ്റ്റു പാർട്ടി നേതാക്കൾ പുന്നപ്ര വയലാറിലെ ചുടുകാട്ടിൽ അടക്കി.

### പിൻമൊഴി

ഒരിക്കൽ മാത്രം പള്ളിയിൽ എത്തുന്നവരും സ്ഥിരമായി പള്ളിയിൽ വരാത്തവരുമായ അനേകർ ഉണ്ട്. ഇടവക ശുശ്രൂഷകളിൽ പുതിയ കാഴ്ചപ്പാടുകൾ വളർത്തണം.

■





# St. Joseph Orthodox Chapel

Horamavu-Agara, Bangalore



an initiative of

## St. Thomas Orthodox Maha Edavaka


Bangalore East - Phone: 080-2547 1147



H.H. Baselios Mar Thoma Paulose II

Catholicos of the East and Malankara Metropolitan





**H.G. Kuriakose Mar Clemis**

Metropolitan of Thumpamon Diocese



**H.G. Dr. Abraham Mar Seraphim**

Metropolitan of Bangalore Diocese



**H.G. Dr. Zacharias Mar Aprem**

Metropolitan of Adoor-Kadampanad Diocese



Holy Consecration of St. Joseph Orthodox Chapel
Malankara Orthodox Syrian Church's first chapel dedicated to
SAINT JOSEPH

## 22nd and 23rd of July 2016

The Service will be led by Metropolitans

**H.G. Kuriakose Mar Clemis**

**H.G. Dr. Zacharias Mar Aprem**

**H.G. Dr. Abraham Mar Seraphim**



**Fr. K.M. Jacob**

(Vicar)

Solicit your prayers and participation for the Consecration and the feast thereafter

Deepashikha | Blessing of Cross Tower | Benediction
Public Meeting | Snehavirunnu

*with best wishes:* SJOC Youth - email: sjoc.youth@gmail.com

THE MALANKARA SABHA,
CATHOLICATE ARAMANA, KOTTAYAM-686 004
Published on 10/July/2016

RNI No. 3076/57, Reg. No. KL/KTM/39/2015-17
License No. KL/CR/KTM/WPP-36/2015-17
Licensed to Post Without Pre-Payment




PRINTED AND PUBLISHED BY FR. DEEPU PHILIP, CATHOLICATE ARAMANA, DEVALOKAM ON BEHALF OF ORTHODOX VISWASA PARIPALANA SAMITHY, DEVALOKAM, KOTTAYAM. AND PRINTED AT CATHOLICATE PRESS, DEVALOKAM KOTTAYAM AND PUBLISHED AT CATHOLICATE ARAMANA, DEVALOKAM P.O., VIA MUTTAMBALAM, KOTTAYAM, KERALA-686004, CHIEF EDITOR FR. DR. JOHN THOMAS KARINGATTIL

Rs. 15/-